# കേരളത്തിലെ കൊറഗർ, മലവേട്ടുവൻ സമുദായങ്ങളുടെ സാമൂഹിക സാമ്പത്തിക തൊഴിൽ സാഹചര്യങ്ങൾ – ഒരു പഠനം

## ഗവേഷണ റിപ്പോർട്ട്

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലേ)**
**തിരുവനന്തപുരം, കേരളം**
**ജൂൺ 2023**

# രത്നച്ചുരുക്കം

## പഠന സാഹചര്യം

കേരളത്തിലെ വികസനത്തിൽ പാർശ്വവത്കരിക്കപ്പെട്ട ആദിവാസി ഗോത്രങ്ങളെ സാമൂഹികമായും സാമ്പത്തികമായും ശാക്തീകരിക്കേണ്ടത് അനിവാര്യമാണ്. പ്രാക്തന വിഭാഗത്തിൽപ്പെട്ട കൊറഗർ, സാമൂഹികമായും സാമ്പത്തികമായും ആദിവാസികളിൽ പിന്നാക്കം നിൽക്കുന്ന മലവേട്ടുവൻ സമുദായങ്ങളുടെ തൊഴിൽ ജീവിത സാഹചര്യങ്ങളുടെയും മാനവ വികസനത്തിന്റെയും പഠനം ഇതിനുവേണ്ടിയുള്ള ചുവടുവെപ്പാണ്. മാനവ വികസനത്തിന്റെ പശ്ചാത്തലത്തിൽ ഗോത്രവിഭാഗങ്ങളുടെ നിലവിലെ തൊഴിൽ, ജീവിത സാഹചര്യങ്ങൾ പഠിക്കുകയും നിലവിലെ പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരം കണ്ടെത്തേണ്ടതുണ്ട്. കേരളത്തിലെ പൊതുസമൂഹത്തിന്റെ വികസനമുഖ്യധാരയിലേയ്ക്ക് എത്രയും വേഗത്തിൽ ഗോത്രസമൂഹങ്ങളെ എത്തിക്കേണ്ടത് സംസ്ഥാനത്തിന്റെ സമ്പൂർണ്ണമായ വികസനത്തിന് അനിവാര്യമാണ്. അതിനാവിശ്യമായ നയരൂപികരണങ്ങൾക്ക് വേണ്ടിയുള്ളതാണ് ഈ പഠനം.

## ഗവേഷണ ഉദ്ദേശ്യം

ഈ ഗവേഷണ പഠനത്തിന് പ്രധാനമായും താഴെ പറയുന്ന രണ്ടു ഉദ്ദേശമാണ് ഉള്ളത്.

1. കൊറഗർ, മലവേട്ടുവൻ സമുദായങ്ങളുടെ തൊഴിൽ ജീവിത സാഹചര്യങ്ങൾ മാനവ വികസനത്തിന്റെ കാഴ്ചപ്പാടിൽ വിലയിരുത്തുക.
2. കൊറഗർ, മലവേട്ടുവൻ സമുദായങ്ങളുടെ തൊഴിൽ, ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ശാസ്ത്രീയമായി കണ്ടെത്തുക.

## ഗവേഷണ ചോദ്യങ്ങൾ

ഈ പഠനത്തിലെ പ്രധാനപ്പെട്ട ഗവേഷണ ചോദ്യങ്ങൾ ഇവയാണ്.

1. കൊറഗർ, മലവേട്ടുവൻ ഗോത്രവിഭാഗങ്ങളുടെ സാമൂഹികവും, ജനസംഖ്യപരവും ആരോഗ്യപരവും തൊഴിൽപരവുമായ വിശദാംശങ്ങൾ എന്തെല്ലാമാണ്
2. കൊറഗർ, മലവേട്ടുവൻ ഗോത്രവിഭാഗങ്ങളുടെ ഇപ്പോഴത്തെ പ്രധാനപ്പെട്ട തൊഴിൽ മേഖലകൾ എന്തെല്ലാമാണ്.
3. കൊറഗർ, മലവേട്ടുവൻ ഗോത്രവിഭാഗങ്ങളുടെ പരമ്പരാഗത തൊഴിലുകളെയും മാറുന്ന തൊഴിൽ മേഖലയെ കുറിച്ചുമുള്ള കാഴ്പ്പാടുകൾ എന്താണ്
4. സുസ്ഥിര വികസനത്തിനും തൊഴിൽ ലഭ്യതയ്ക്കും വേണ്ടി കൊറഗർ, മലവേട്ടുവൻ ഗോത്രവിഭാഗങ്ങളുടെ അവശ്യങ്ങളും നിർദ്ദേശങ്ങളും എന്തെല്ലാമാണ്.

## ഗവേഷണ രീതി

പഠനത്തിനായി വ്യക്തിഗത സർവ്വേ, ആഭിമുഖം, കൂട്ടായ ചർച്ച, ദൃഷ്ടാന്ത പഠനം എന്നിവ ഉപയോഗിച്ചു. വിവരശേഖരണത്തിനായി ആദിവാസികളിലെ ആഭ്യസ്തവിദ്യരെ ഉൾപ്പെടുത്തി. നവംബർ 1 മുതൽ ജനവരി 15 വരെയുള്ള കാലയളവിലാണ് വ്യക്തിഗത സർവ്വേ നടത്തിയത്. ഇതിൽ ശാസ്ത്രീയമായി തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളിലെ 18 വയസ്സുകഴിഞ്ഞ വ്യക്തികളെയാണ് ഇന്റർവ്യൂ ചെയ്തത്. കൊറഗർ വിഭാഗത്തിൽ 250 പേരും മലവേട്ടുവൻ വിഭാഗത്തിൽ 1032 പേരും സർവ്വേയിൽ പങ്കെടുത്തു. ഇവ കൂടാതെ, ഗുണപരഗവേഷണത്തിൽ നിരവധി ആദിവാസികളും, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ഉദ്യോഗസ്ഥരും ഈ പഠനത്തിൽ പങ്കെടുത്തു. പഠനത്തിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ ഏപ്രിൽ 16-19, 2023 തീയതികളിൽ പഠനസ്ഥലത്തെ ആദിവാസികൾ, വിവരശേഖരണം നടത്തിയവർ, പഞ്ചായത്ത് പ്രതിനിധികൾ, ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ, തുടങ്ങിയവരുമായി പങ്കുവയ്ക്കുകയും അവരുടെ അഭിപ്രായങ്ങൾ തേടുകയുമുണ്ടായി.

## പ്രധാന കണ്ടെത്തലുകൾ

1. ജനസംഖ്യപരമായി പഠനവിധേയരായ ഗോത്രവിഭാഗങ്ങൾക്ക് കേരളത്തിലെ പൊതുസമൂഹ വുമായി ഏറെ സാമ്യമുണ്ട്. കുറഞ്ഞ ജനന നിരക്ക്, കുറഞ്ഞ മരണ നിരക്ക്, ഉയർന്ന ആയൂർദൈർഘ്യം എന്നിവ ഗോത്രവിഭാഗങ്ങൾക്ക് ഉണ്ട്.

2. പഠനവിധേയരായ രണ്ടു ഗോത്രങ്ങളും ഏതാനും ഗ്രാമപഞ്ചായത്തുകളിലെ സങ്കേതങ്ങളിലാണ് താമസിക്കുന്നത്. കാസർകോഡ് ജില്ലയിൽ കൊറഗർ 13 ഗ്രാമപഞ്ചായത്തുകളിലും മലവേട്ടുവൻ 20 ഗ്രാമപഞ്ചായത്തുകളിലുമാണ് മുഖ്യമായും താമസിക്കുന്നത്. ഇവരുടെ സങ്കേതങ്ങളിൽ ഗതാഗതം, മറ്റ് അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, റോഡ് തുടങ്ങിയവ യുടെ ലഭ്യതയിലും അന്തരമുണ്ട്. അടുത്ത കാലത്ത്, തൊഴിലിനും വിദ്യാഭ്യാസത്തിനുമായി നിരവധി ആദിവാസികൾ മറ്റ് സ്ഥലങ്ങളിലേക്കു താത്കാലികമായി കുടിയേറിയിട്ടുണ്ട്.

3. കുടുംബങ്ങളിൽ രോഗവസ്ഥ പൊതുവിൽ കൂടുതലാണ്. ജീവിത ശൈലി രോഗങ്ങൾ അധികരിച്ചു കാണുന്നു. മദ്യം ലഹരി വസ്തുക്കളുടെ ഉപയോഗം കൂടുതലാണ്. അസുഖമുള്ളവർ കൂടുതലും അലോപ്പതി ചികിത്സയാണ് കൂടുതലായി ആശ്രയിക്കുന്നത്.

4. ചികിത്സക്കായി സർക്കാർ ആശുപത്രികളെയാണ് ഗോത്രവിഭാഗങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത്. ഇൻഷ്വറൻസ് പരിരക്ഷ ലഭിച്ച ആദിവാസികൾ വളരെ കുറവാണ്. കൊറഗരിൽ 7.6 ശതമാനത്തിനും മലവേട്ടുവരിൽ 53.3 ശതമാനത്തിനും ആരോഗ്യ ചികിത്സാ കാർഡുകൾ ലഭിച്ചിട്ടുണ്ട്.

5. വിദ്യാഭ്യാസ രംഗത്ത് ഗോത്രവിഭാഗങ്ങൾ ഇനിയും മുന്നേറേണ്ടതുണ്ട്. ഒരു ദശകത്തിനു മുമ്പ് കുട്ടികളുടെ സ്കൂളിൽ നിന്നുമുള്ള കൊഴിഞ്ഞു പോകൽ (drop out rate) വളരെ കൂടുതലായിരുന്നു. ദാരിദ്ര പ്രശ്നങ്ങളും സാമ്പത്തികപ്രശ്നങ്ങളും, കുടുംബപ്രശ്നങ്ങളും അന്യവൽക്കരണവും കുട്ടികളുടെ കൊഴിഞ്ഞു പോകലിന് കാരണമായിരുന്നു. സർക്കാർ ഇതു ഒഴിവാക്കുന്നതിന് ഗോത്രസാരഥി പദ്ധതി, പഠനമുറി തുടങ്ങിയ അനേകം പദ്ധതികൾ ആവിഷ്കരിച്ചു. ഇപ്പോൾ സ്കൂൾ കുട്ടികൾ

തോൽക്കുന്നത് അപൂർവ്വമാണ്. സർക്കാരിന്റെ സമൂഹ പഠനമുറി കുട്ടികളിൽ പഠനത്തിനോട് കൂടുതൽ ആഭിമുഖ്യമുണ്ടാക്കുന്നുണ്ട്.

6. ഗോത്ര സമൂഹങ്ങളിൽ കോളേജ് വിദ്യാഭ്യാസം ലഭിച്ചവർ വളരെ കുറവാണ് (6 ശതമാനത്തിന് താഴെ). കോളേജ് വിദ്യാഭ്യാസം ലഭിച്ചവരിൽ പലരും തൊഴിൽ അന്വേഷകരായി തുടരുന്നു. സർക്കാർ സംവരണങ്ങൾ വികസനത്തിൽ മുന്നിട്ട് നിൽക്കുന്ന മറ്റ് ഗോത്രവിഭാഗങ്ങൾക്കാണ് ലഭിക്കുന്നതെന്നാണ് അവരുടെ പരാതി.

7. കൊറഗരിൽ 39.6 ശതമാനവും മലവേട്ടുവരിൽ 9.8 ശതമാനവും ഭൂരഹിതരാണ്. പലർക്കും വർഷങ്ങളായി വീട് വച്ച് താമസിക്കുന്ന ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

8. ഗോത്രവിഭാഗങ്ങളിൽ നിക്ഷേപം ഉള്ളവർ കുറവാണ്. കൊറഗരിൽ 33.2 ശതമാനത്തിനും മലവേട്ടുവരിൽ 42.7 ശതമാനത്തിനും മാത്രമാണ് നിക്ഷേപങ്ങൾ ഉള്ളത്.

9. കൊറഗരിൽ 38.4 ശതമാനത്തിനും മലവേട്ടുവരിൽ 58.1 ശതമാനത്തിനും ലോൺ ഉണ്ട്.

10. കൊറഗ കുടുംബങ്ങളിൽ 67.2 ശതമാനവും മലവേട്ടുവൻ കുടുംബങ്ങളിൽ 78 ശതമാനത്തിനും മൊബൈൽ ഫോൺ ഉണ്ട്. പല കുടുംബങ്ങളിലും ഒന്നിലേറെ അംഗങ്ങൾക്ക് മൊബൈൽ ഫോൺ ഉണ്ട്.

11. വൈദ്യുതി ഇല്ലാത്ത വീടുകൾ കൊറഗരിൽ 12.4 ശതമാനവും മലവേട്ടുവൻ സമുദായങ്ങളിൽ 19.5 ശതമാനവുമാണ്. ആദിവാസികളിൽ പണം അടക്കാത്തതുകാരണം വൈദ്യുതി കണക്ഷൻ റദ്ദ് ചെയ്ത ഏതാനും വീടുകളുണ്ട്.

12. പുരുഷന്മാരിലെ തൊഴിൽ നിരക്ക് (കൊറഗർ 65.7 ശതമാനം, മലവേട്ടുവൻ 67.9 ശതമാനം) പൊതുവിൽ കൂടുതലാണ്. സ്ത്രീകളുടെ തൊഴിൽ നിരക്ക് കൊറഗരിൽ 30.9 ശതമാനവും മലവേട്ടുവരിൽ 36.5 ശതമാനവുമാണ്.

13. ഗോത്രവിഭാഗങ്ങൾ പാരമ്പര്യതൊഴിലുകളായ കുട്ട, വട്ടി തുടങ്ങിയവയുടെ നിർമ്മാണത്തിൽ നിന്നും മറ്റ് തൊഴിൽ മേഖലകളിലേക്ക് കുടിയേറുന്നു. കൊറഗരിൽ 9.7 ശതമാനവും മലവേട്ടുവരിൽ 0.9 ശതമാനവും മാത്രമാണ് കുട്ടനിർമ്മാണത്തിലിന്നുള്ളത്.

14. കോഴി, ആട് എന്നിവയാണ് ഗോത്രവിഭാഗങ്ങൾ പൊതുവിൽ വളർത്തുന്നത്. പഞ്ചായത്തുകൾ കുടുംബശ്രീ വഴി കോഴി, ആട് വളർത്തൽ പോത്സാഹിപ്പിക്കുന്നുണ്ട്. പശു വളർത്തൽ ആദിവാസികൾക്കിടയിൽ കുറവാണ്. ഭൂമിയില്ലാത്തതും ലഭ്യമായ ഭൂമി പരിമിതമായതുമാണ് പല ആദിവാസികളും പശു വളർത്താതിനുള്ള കാരണം.

15. ആദിവാസികളുടെ തനതു ചികിത്സാരീതിയായ വംശീയ വൈദ്യത്തിനു പൊതു സമൂഹത്തിൽ പ്രചാരം ലഭിച്ച് വരുന്നു. ആദിവാസികളിൽ വംശീയ വൈദ്യം കൈകാര്യം ചെയ്തുവരുന്നവർ കുറഞ്ഞു വരുന്നു. സർക്കാർ ഇവർക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

16. ആദിവാസികൾക്ക് സർക്കാരിന്റെ ഗോത്ര ജീവിക പദ്ധതിയിൽ പലവിധ തൊഴിൽ പരിശീലനങ്ങളും നൽകി വരുന്നുണ്ട്. ഇവ കൂടാതെ, കുടുംബശ്രീ വഴി തയ്യൽ, മറ്റ് തൊഴിൽ പരിശീലനങ്ങളും നൽകിവരുന്നുണ്ട്. തൊഴിൽ പരിശീലനം കിട്ടിയവർക്ക് സ്വന്തമായി

സംരംഭങ്ങൾ തുടങ്ങുന്നതിന് ആവിശ്യമായ വായ്പ ലഭ്യമാക്കേണ്ടതുണ്ട്.

17. തൊഴിൽ രംഗത്ത് കൂടുതൽ ഇടപെടലുകൾ നടത്തുന്നത് കുടുംബശ്രീയാണ്. കൊറഗരിൽ 52.4 ശതമാനവും മലവേട്ടുവൻ സമുദായത്തിൽ 80.2 ശതമാനവും കുടുംബശ്രീയിൽ അംഗമാണ്. തൊഴിൽ പരിശീലനം കൂടാതെ, ഭാഷ നൈപുണ്യവികസനത്തിനും കുടുംബശ്രീ പരിശീലനം നൽകുന്നുണ്ട്.

18. തൊഴിലുറപ്പ് പദ്ധതിയിൽ ഗോത്രവിഭാഗങ്ങളുടെ പങ്കാളിത്തം കുറവാണ്. കൊറഗരിൽ 42.8 ശതമാനവും മലവേട്ടുവരിൽ 59.5 ശതമാനവും കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ അംഗമാണ്. ദിവസവും കൂലി കിട്ടാത്തതും ശമ്പളക്കുറവുമാണ് പലരും ഇതിൽ പങ്കാളികളാകാതിരിക്കുന്നതിന് കാരണം. പക്ഷേ, നിരാലംബരായ സ്ത്രീകൾക്കും വൃദ്ധർക്കും തൊഴിലുറപ്പ് പദ്ധതി വളരെ അനുഗ്രഹമാണ്.

19. ആദിവാസി യുവജനത കൂടുതലും സർക്കാർ ജോലി ചെയ്യാനാണ് ഇഷ്ടപ്പെടുന്നത്. ചെറിയ തോതിൽ (കൊറഗർ 15.7 ശതമാനവും മലവേട്ടുവൻ 22.8 ശതമാനവും) സ്വയം തൊഴിൽ ചെയ്യാൻ ആഗ്രഹിക്കുന്ന യുവാക്കളുമുണ്ട്.

20. പാരമ്പര്യ അനുഷ്ഠാനങ്ങളായ മംഗലംകളി, ഗോത്രസംഗീതം, തുടങ്ങിയവയിൽ താത്പര്യമുള്ള അനേകം ചെറുപ്പക്കാരുണ്ട്. പലരും കലാകായിക രംഗത്ത് തൊഴിൽ ചെയ്യുവാൻ താത്പര്യപ്പെടുന്നു. തങ്ങളുടെ നൈപുണ്യങ്ങൾ ടൂറിസം രംഗത്ത് പ്രയോജനപ്പെടുമെന്നവർ കരുതുന്നു.

## സംഗ്രഹം

മാനവ വികസനത്തിന്റെ പശ്ചാത്തലത്തിൽ നിന്നു വേണം ഗോത്രവിഭാഗങ്ങൾക്കായുള്ള വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത്. ഓരോ ഗോത്രവിഭാഗങ്ങളും വികസനത്തിൽ തികച്ചു വ്യത്യസ്തമായ തലങ്ങളിലാണ് നിലകൊള്ളുന്നത്.

പദ്ധതി നിർവ്വഹണങ്ങളിൽ ടെക്നോളജിയുടെ പൂർണ്ണ ഉപയോഗം, ആദിവാസി ഗോത്രങ്ങളുടെ കുടുംബ വിവര സ്രോതസ്സ് നിർമ്മാണം, സോഷ്യൽ ഓഡിറ്റിംഗ്, പ്രശ്നപരിഹാര സെൽ, തുടങ്ങിയവയുമായി ബന്ധപ്പെട്ട ചില ആശയങ്ങൾ ഈ പഠനം മുന്നോട്ടു വയ്ക്കുന്നു. കൂടാതെ, നയരൂപികരണത്തിനു സഹായകരമായ ചില കർമ്മ പദ്ധതികൾ (ട്രൈബൽ ക്ലിനിക്ക്, ഗവേഷണ സ്ഥാപനം, സ്പോർസ് കലാസ്ഥാപനങ്ങൾ, വിപണനകേന്ദ്രം, വായ്പസൗകര്യങ്ങൾ, കുടുംബശ്രീയുടെ ഇടപെടലുകൾ, വികസനസൂചിക, ലേബർ റിപ്പോർട്ട്) വസ്തുതകളുടെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങളായി മുന്നോട്ട് വയ്ക്കുന്നു.

# ഉള്ളടക്കം


കൃതജ്ഞത.......................................................................................................................

പട്ടികകളുടെ സൂചന .........................................................................................................

ചിത്രസൂചിക .....................................................................................................................

1. ആദിവാസി തൊഴിൽപഠനം: സാഹചര്യവും പരിപ്രേക്ഷ്യവും

1.1 ആമുഖം ................................................................................................................ 15

1.2 പഠന സാഹചര്യം ..................................................................................................... 17

1.3 ഗവേഷണ ഉദ്ദേശ്യം.................................................................................................... 18

1.4 ഗവേഷണ ചോദ്യങ്ങൾ .............................................................................................. 18

1.5 ഗവേഷണരീതി ....................................................................................................... 19

1.5.1 വ്യക്തിഗത സർവ്വേ.......................................................................................... 19

1.5.2 ഗുണപര ഗവേഷണ രീതികൾ ........................................................................... 22

1.6 വിശകലനരീതി ....................................................................................................... 22

1.7 പഠനത്തിന്റെ പരിമിതി............................................................................................... 23

1.8 റിപ്പോർട്ടിന്റെ ഘടനാരീതി .......................................................................................... 23

1.9 സംഗ്രഹം ............................................................................................................... 24

2. മാനവ വികസന പശ്ചാത്തലം

2.1 ആമുഖം ................................................................................................................ 25

2.2 ജനസംഖ്യപരമായ വിവരങ്ങൾ ................................................................................... 26

2.3 ആരോഗ്യം ............................................................................................................ 30

2.3.1 കുടുംബങ്ങളിലെ രോഗാവസ്ഥ ........................................................................ 31

2.3.2 ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ ..................................................................... 33

2.3.3 ചികിത്സാ ചിലവുകൾ ..................................................................................... 35

2.4 വിദ്യാഭ്യാസം .......................................................................................................... 35

2.4.1 സ്കൂൾ വിദ്യാഭ്യാസം........................................................................................ 38

24.2 കോളേജ് വിദ്യാഭ്യാസം ..................................................................................... 39

2.5 സാമ്പത്തിക സ്ഥിതി .................................................................................................. 40

2.5.1 ഭൂമിയും വീടും ............................................................................................... 40

2.5.2 നിക്ഷേപം ... 45

2.5.3 വായ്പ ... 45

2.5.4 വാഹനവും ജംഗമവസ്തുക്കളും ... 46

2.5.5 സർക്കാർ സഹായങ്ങൾ ... 49

2.6 സംഗ്രഹം ... 50

3. തൊഴിൽ മേഖലയും അതിജീവനവും

3.1 ആമുഖം ... 53

3.2 തൊഴിൽ മേഖല ... 54

3.2.1 തൊഴിൽ നിരക്ക് ... 55

3.2.2 വിവിധതരം തൊഴിലുകൾ ... 56

3.3 പാരമ്പര്യതൊഴിലുകൾ ... 57

3.3.1 കുട്ട നിർമ്മാണം ... 57

3.3.2 മൃഗസംരക്ഷണം ... 61

3.3.3 വംശീയ വൈദ്യം ... 63

3.3.4 കൂലിവേല ... 69

3.3.5 കരകൗശലം ... 69

3.4 പുതിയ തൊഴിൽ മേഖലകൾ ... 70

3.5 സാമൂഹിക മൂലധനവും തൊഴിലും ... 70

3.5.1 കുടുംബശ്രീ ... 71

3.5.2 തൊഴിലുറപ്പ് പദ്ധതി ... 72

3.6 വെല്ലുവിളികളും പ്രതിസന്ധികളും ... 74

3.6.1 കൂലി കുറവ് ... 74

3.6.2 പണിയില്ല ... 74

3.6.3 സാങ്കേതിക വിദ്യയിലെ നൈപുണ്യമില്ലായ്മ ... 75

3.6.4 ഭാഷ നൈപുണ്യമില്ലായ്മ ... 76

3.7 സംഗ്രഹം ... 76

4 തൊഴിൽ കാഴ്ചപ്പാടുകൾ

4.1 ആമുഖം ... 77

4.2 ഇഷ്ടപ്പെട്ട തൊഴിൽ മേഖല ........ 78

4.2.1 പരമ്പരാഗത തൊഴിൽ ........ 79

4.2.2 കാർഷിക മേഖല ........ 81

4.2.3 സർക്കാർ തൊഴിൽ ........ 81

4.2.4 ഗാർഹിക തൊഴിൽ ........ 82

4.2.5 വനവിഭവങ്ങളുമായി ബന്ധപ്പെട്ട തൊഴിൽ ........ 82

4.2.6 ഗിഗ് ജോലികൾ ........ 83

4.3 പുതിയ തൊഴിൽ മേഖലകൾ ........ 83

4.3.1 പതി ക്രിയേഷൻസ് യൂട്യൂബ് ചാനൽ ........ 84

4.4 ആവശ്യങ്ങൾ ........ 84

4.5 സംഗ്രഹം ........ 85

5. നിർദ്ദേശങ്ങളും നയരൂപീകരണവും

5.1 ആമുഖം ........ 86

5.2 പ്രധാന കണ്ടെത്തലുകൾ ........ 90

5.3 നിർദ്ദേശങ്ങളും നയരൂപീകരണങ്ങളും ........ 90

5.3.1 നിർദ്ദേശങ്ങൾ ........ 91

5.3.2 നയരൂപീകരണം ........ 92

5.4 സംഗ്രഹം ........ 94

ശബ്ദ സംഗ്രഹം ........ 95

ഗ്രന്ഥസൂചി ........ 97

ചോദ്യാവലി ........ 99

പഠന ചിത്രങ്ങൾ ........ 107

# പട്ടികകളുടെ സൂചിക


1.1 വിവരശേഖരണത്തിനായി രൂപീകരിച്ച നാല് സർവ്വേ ഗ്രൂപ്പുകൾ, 2022-23 ........ 21

2.1 കുടുംബങ്ങളുടെ എണ്ണം, ജനസംഖ്യ, പെൺ-ആൺ അനുപാതം. ........ 27

2.2 പഞ്ചായത്ത് അടിസ്ഥാനമാക്കിയ കൊറഗരുടെ ജനസാഖ്യ, 2016-17. ........ 28

2.3 മലവേട്ടുവൻ ഗോത്രവിഭാഗത്തിന്റെ പഞ്ചായത്ത് മുനിസിപ്പാലിറ്റി തലത്തിലുള്ള ജനസംഖ്യ . 29

2.4 ആരോഗ്യത്തെക്കുറിച്ച് ആദിവാസികളുടെ കാഴ്ചപ്പാട്, 2023... 19 ........ 31

2.5 ഗോത്ര അടിസ്ഥാനത്തിൽ അസുഖമുള്ള കുടുംബങ്ങളുടെ വിവരങ്ങൾ, 2023 ........ 32

2.6 ചികിത്സ തേടാനുള്ള ആശുപത്രി സൗകര്യത്തിന്റെ ലഭ്യത, 2023. ........ 34

2.7 സേവനങ്ങളും പ്രതിരോധ കുത്തിവയ്പ്പുകളും, 2023 ........ 34

2.8 പഠനം നിർത്തിയ ആദിവാസി കുട്ടികളുടെ എണ്ണം ........ 36

2.9 കുട്ടികൾ പഠനം നിർത്തിയതിനുള്ള കാരണങ്ങൾ ........ 37

2.10 കുടുംബാഗങ്ങളുടെ വിദ്യാഭ്യാസം, 2023 ........ 41

2.11 ഗോത്രവിഭാഗങ്ങളിലെ ശരാശരി ഭൂമി, 2023 ........ 41

2.12 വീടിനെക്കുറിച്ചുള്ള വിവരങ്ങൾ, 2023 ........ 43

2.13 നിക്ഷേപങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, 2023 ........ 46

2.14 ആദിവാസികളുടെ വായ്പ വിവരങ്ങൾ, 2023 ........ 46

2.15 ആദിവാസികളുടെ വീട്ടിലെ ജംഗമ വസ്തുക്കൾ, 2013 ........ 48

2.16 വൈദ്യുതിയും കുടിവെള്ളവും, 2023 ........ 49

2.17 സർക്കാർ നൽകിയ ആനുകൂല്യങ്ങൾ, 2023 ........ 51

3.1 തൊഴിൽ നിരക്ക്, 2023 ........ 55

3.2 ഗോത്ര വിഭാഗ അടിസ്ഥാനത്തിൽ മുഖ്യതൊഴിൽ, 2023 ........ 56

3.3 വീട്ടിലെ പ്രധാനപ്പെട്ട വളർത്തു മൃഗങ്ങൾ, 2023. ........ 62

3.4 കൊറഗർ ഗോത്രത്തിലെ പാരമ്പര്യ ചികിത്സകർ ........ 64

3.5 മലവേട്ടുവൻ ഗോത്രത്തിലെ പാരമ്പര്യ ചികിത്സകർ ........ 68

3.6 ഉൽപ്പന്ന നിർമ്മാണത്തിലും കൃഷിയിലും സ്വയം തൊഴിൽ, 2023 ........ 75

3.7 വേതന നിരക്ക് (രൂപയിൽ), 2023 ........ 76

4.1 ഇഷ്ടപ്പെട്ട തൊഴിൽ മേഖല, 2023 (<= 30 വയസ്സ് ) ........ 79

4.2 ഇഷ്ടപ്പെട്ട തൊഴിൽ, 2023. ........ 79

# ചിത്രസൂചിക


1.1 കാസർകോർഡ് ജില്ലയുടെ സ്ഥലചിത്രം (Location Map), 2023 ..... 20

2.1 ഗോത്രവിഭാഗങ്ങളുടെ പ്രായഘടന (Age Pyramid), 2013 ..... 30

2.2 ആദിവാസി കുട്ടികളും സ്കൂളും, 2023 ..... 40

2.3 ഗോത്രവിഭാഗങ്ങൾ പറയപ്പെട്ട കുടുംബത്തിലെ ഭൂമിയുടെ അളവ്, 2023. ..... 42

2.4 ബേഡകം പഞ്ചായത്തിലെ ഗോത്രവിഭാഗങ്ങളുടെ വീടിന്റെ അവസ്ഥ 2023 ..... 44

2.5 മലവേട്ടുവൻ സമുദായത്തിലെ വീടില്ലാത്ത ഒരു കുടുംബം 2023 ..... 45

3.1 കൊറഗർ സമുദായംഗങ്ങളുടെ കുട്ട നിർമാണ പ്രവർത്തനം, 2023. ..... 58

3.2 മലവേട്ടുവൻ ഗോത്രത്തിന്റെ കന്നുകാലി വളർത്തൽ, 2023 ..... 61

3.3 മലവേട്ടുവൻ ഗോത്രത്തിലെ ഒരു പാരമ്പര്യചികിത്സൻ, 2023 ..... 65

3.4 കൊഗരുടെ കരകൗശല ഉൽപ്പന്നങ്ങൾ 2023 ..... 69

3.5 കൊറഗർ സമുദായംഗങ്ങളുടെ കുടുംബശ്രീ പ്രവർത്തനം, 2023 ..... 71

3.6 കൊറഗർക്കായി കുടുംബശ്രീയുടെ തൊഴിൽ പരിശീലനം, 2023 ..... 72

3.7 മലവേട്ടുവൻ സമൂദായങ്ങളുടെ കുടിവെള്ളത്തിനായി കുഴിച്ച കുളം, 2023..... 73

3.8 കൊറഗർ സമുദായംഗങ്ങളുടെ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം, 2023 ..... 74

4.1 രമ്യബാലകൃഷ്ണൻ കുടുംബത്തോടൊപ്പം, 2023..... 83

# അദ്ധ്യായം 1

# ആദിവാസി തൊഴിൽപഠനം: സാഹചര്യവും പരിപ്രേക്ഷവും

രത്നചുരുക്കം : കേരളത്തിലെ കാസർഗോഡ് ജില്ലയിൽ അധിവസിക്കുന്ന കൊറഗ, മലവേട്ടുവൻ ഗോത്രവിഭാഗങ്ങളുടെ തൊഴിൽ, ജീവിത സാഹചര്യങ്ങൾ എന്നിവയെക്കുറിച്ച് പഠിക്കാനുള്ള സാഹചര്യം, ഗവേഷണ പഠനത്തിന്റെ ലക്ഷ്യങ്ങൾ, ഗവേഷണ ചോദ്യങ്ങൾ, പഠന രീതി, വിവര വിശകലനരീതി, എന്നിവ ഇതിൽ വിവരിക്കുന്നു. കൂടാതെ, പഠനത്തിന്റെ പരിമിതിയും റിപ്പോർട്ടിന്റെ ഘടനാരീതിയും ഇതിൽ നൽകിയിരിക്കുന്നു.

## 1.1 ആമുഖം

ആധുനിക വികസനത്തിൽ സാമൂഹികമായും സാമ്പത്തികമായും പാർശ്വവത്കരിക്കപ്പെട്ട ജനസമൂഹമാണ് കൊറഗർ, മലവേട്ടുവൻ ഗോത്ര വിഭാഗത്തിലുള്ള ആദിവാസികൾ. സമ്പൂർണ്ണവും സമ്പന്നവുമായ തനതു സാംസ്ക്കാരിക പാരമ്പര്യമായുള്ളവരും ആ തനിമ കാത്തുസൂക്ഷിക്കാൻ ഇഷ്ടപ്പെടുന്നവരുമാണിവർ. ഇവരുടെ മാനവ വികസനത്തിനായി പല പദ്ധതികൾ സർക്കാരും വിവിധ ഏജൻസികളും പ്രദേശിക തലത്തിലും സംസ്ഥാന തലത്തിലും ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം പദ്ധതികൾ ഇവരെ പൊതുസമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനോടൊപ്പം സാമൂഹിക സാമ്പത്തികമായ നില മെച്ചെപ്പെടുത്തുന്നതിനും വേണ്ടിയുള്ളതാണ്.

കേരളത്തിലെ ഓരോ ആദിവാസി ഗോത്ര വിഭാഗവും തികച്ചും വ്യത്യസ്തമാണ്. അതിനാൽ വികസനപദ്ധതികൾ ആവിഷ്ടരിക്കുമ്പോഴും നടപ്പിലാക്കുമ്പോഴും ഈ വ്യത്യസ്തതകളെ ഉൾക്കൊണ്ടു വേണംആസൂത്രണംചെയ്യേണ്ടത്.ഒരുആദിവാസിഗോത്രവിഭാഗത്തിൽവിജയകരമായിനടപ്പിലാക്കിയ

ഒരു വികസന പദ്ധതി മറ്റൊരു ആദിവാസി ഗോത്രവിഭാഗത്തിനു ഗുണകരമാകണമെന്നില്ല. മാത്രവുമല്ല, പലപ്പോഴും ആ പദ്ധതി ഗുണത്തെക്കാൾ കൂടുതൽ ദോഷകരമായി ഭവിച്ചേക്കാം. അതിനാലാണ് ദേശീയ തലത്തിൽ വേണ്ടത്ര ശാസ്ത്രീയ പഠനങ്ങളോടുകൂടി ആവിഷ്കരിച്ച പല ആദിവാസി പദ്ധതികളും കേരളത്തിൽ പരാജയങ്ങളാകുന്നതും ഗോത്രസമൂഹത്തിന്റെ സംസ്കാരത്തിനും സ്വത്വത്തിനും മങ്ങലേപ്പിക്കുകയും ചെയ്യുന്നുവെന്ന അക്ഷേപം ഉയരുന്നതിനും കാരണം.

തൊഴിലിലും സംസ്കാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും അറിവിന്റെ നിർമ്മാണത്തിലും കൈമാറ്റത്തിലും ഓരോ ആദിവാസി ഗോത്ര സമൂഹത്തിനും അവരുടേതായ തനതു ശൈലിയും ജ്ഞാനസിദ്ധാന്തരീതിയുമുണ്ട്. അതു അധുനിക പൊതു വിദ്യാഭ്യാസരീതിയുമായും വികസന നയരൂപികരണവുമായും സമരസപ്പെടാതെ പോകുമ്പോൾ അവരിൽ മാനസിക സങ്കർഷവും പ്രവർത്തന വിമുഖതയും ഉണ്ടാക്കുന്നു. അതിനാൽ വികസനപദ്ധതികളുടേ ആസൂത്രണത്തിലും നയരൂപികരണങ്ങളിലും വളരെ ജാഗ്രത പുലർത്തേണ്ടതുണ്ട്.

വൈവിദ്ധ്യമാർന്നതും തനതു സംസ്കാരമുള്ള എല്ലാ ആദിവാസി ഗോത്ര സമൂഹങ്ങളും കോളനിവത്കരണ വിദ്യാഭ്യാസ തൊഴിൽ സമ്പ്രദായങ്ങളിൽ നിന്നും പൂർണ്ണമായും മുക്തരാകേണ്ടതുണ്ട്. അവരുടെ പാരമ്പര്യ തൊഴിലുകളിലെ കഴിവുകളെയും അറിവുകളെയും സർഗ്ഗാത്മകമായി പുനക്രമീകരിക്കുകയും അതിനെ ആധുനിക വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തി മാനവവികസനം സാധ്യമാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കു അവരെ കൊണ്ടുവരേണ്ടതുണ്ട്. കേരള സർക്കാർ പരിക്ഷണ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇത്തരത്തിൽ പല വികസന പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. ഉദാഹരണമായി, വയനാട്ടിൽ സർക്കാരിന്റെ K-DISC (The Kerala Development and Innovation Strategic Council) ന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഒരു പരീക്ഷണ വിദ്യാഭ്യാസ സംരംഭമായ ആദിവാസി വിദ്യാഭ്യാസ പഠനരീതി അഥവാ Tribal Education Methodology (TEM) ഇത്തരത്തിലുള്ള ഒരു ചുവടുവയ്പ്പാണ്.

അതുപോലെ, വയനാട്ടിലെ കേരള മഹിളാ സമാഖ്യയുടെ കീഴിലുള്ള മഹിള ശിക്ഷൻ കേന്ദ്രം കേരളത്തിലെ സർക്കാർ കോളേജുകളിലെ സാമൂഹിക അദ്ധ്യാപകരുടെ ശിക്ഷണത്തിൽ 17 മുതൽ 22 വയസ്സ് പ്രായമുള്ള പെൺകുട്ടികളെ ശാസ്ത്രീയമായി ഗുണപരഗവേഷണരീതികൾ പരിശിലിപ്പിച്ച് അവരുടെതന്നെ വായ്മൊഴി ചരിത്ര രചന (ഓറൽ ഹിസ്റ്ററി ട്രഡിഷൻ) നിർമ്മിച്ചു കൊണ്ടിരിക്കുകയാണ്. അതിലൂടെ പൊതുസമൂഹത്തിനായി ആദിവാസികൾ തങ്ങളുടെ പൂർവ്വകാല സാമൂഹികം, സാമ്പത്തിക തൊഴിൽ സാഹചര്യങ്ങളെയും നാട്ടറിവുകളേയും അവരുടേതായ തനതു കാഴ്ചപ്പാടിൽ രേഖപ്പെടുത്തുകയാണ്. ഇത് അവരുടെ പല തൊഴിൽ പരമായ കഴിവുകളും അറിവുകളേയും സംരക്ഷിക്കുന്നതിനും അവരുടെ നൈപുണ്യവികസനത്തിനും സഹായകരമാകും.

ആഗോളവൽക്കരണക്കാലത്ത് രാജ്യത്തുടനീളം തൊഴിൽ മേഖലയിൽ സമൂലമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ വികസനഫലമായി അറിവിലും കാഴ്ചപ്പാടിലും ആഭിമൂഖ്യത്തിലുമെല്ലാം വളരെയധികം മാറ്റങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ആദിവാസികളിൽ പലരും തങ്ങളുടെ തൊഴിൽ മേഖല ഉപേക്ഷിച്ചു പുതിയ തൊഴിൽ സാധ്യതകൾ തേടിപോകുവാൻ നിർബന്ധിതരാകുന്നു. മെച്ചപ്പെട്ട ജീവിത നിലവാരം സാധ്യമാക്കുന്നതിനും കുടുംബത്തിന്റെ ഉപജീവനത്തിനായുള്ള അതിജീവന തന്ത്രമായും ആദിവാസികളുടെ ഈ തൊഴിൽ തേടലിനെ കാണാവുന്നതാണ്.

മാറുന്ന തൊഴിൽ സാഹചര്യങ്ങളും ജീവിതചര്യകളും കൊറഗർ, മലവേട്ടുവൻ ഗോത്ര വിഭാഗങ്ങളുടെ ഉപജീവനത്തെ എങ്ങനെ ബാധിക്കുന്നുവെന്നത് വളരെയേറെ പ്രാധാന്യമർഹിക്കുന്നു. നിരന്തരം മാറ്റത്തിനു വിധേയമാകുന്ന തൊഴിൽ സാഹചര്യങ്ങളിൽ മാറ്റങ്ങളോട് ഈ ആദിവാസി ഗോത്രങ്ങൾ എപ്രകാരമാണ് പ്രതികരിക്കുന്നത്. സാമൂഹികമായതും തൊഴിൽപരമായ മാറ്റങ്ങൾ ആദിവാസി ഗോത്രങ്ങളെ അനുലോപമായിട്ടാണോ പ്രതിലോപമായിട്ടാണോ ബാധിക്കുന്നത്. ആദിവാസികളുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളും പരിപാടികളും അവർക്ക് എത്രത്തോളം ഗുണകരമാകുന്നു. തുടങ്ങിയ ചോദ്യങ്ങൾ വികസന ആസൂത്രണങ്ങളിലും നിർവ്വഹണവേളയിലും അവലോഹനവേളയിലും വളരെ പ്രസക്തമാണ്. ഇത്തരം സാഹചര്യങ്ങളിൽ ഓരോ ആദിവാസി ഗോത്ര വിഭാഗത്തിന്റെയും കാലികമായ തൊഴിൽ ജീവിത സാഹചര്യങ്ങളെക്കുറിച്ച് അറിയേണ്ടത് അനിവാര്യമാണ്.

## 1.2 പഠന സാഹചര്യം

കേരളത്തിലെ ആദിവാസി ഗോത്ര സമൂഹങ്ങളിൽ വികസനത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന വിഭാഗമാണ് കാസർഗോഡ് ജില്ലയിലെ കോറഗർ, മലവേട്ടുവൻ സമുദായങ്ങൾ. ഇവർ കൂടുതലും പരമ്പരാഗതമായ കായിക തോഴിലുകളാൽ ഉപജീവനം നടത്തുന്നവരാണ്. കേരള ജനസംഖ്യയിൽ ഇവർ കുറവാണെങ്കിലും സാമൂഹികമായും സാമ്പത്തികമായുമുള്ള പിന്നാക്കവസ്ഥ സർക്കാരിന്റെ ആദിവാസി വികസന പ്രക്രിയകളിൽ പ്രഥമ പരിഗണനയ്ക്ക് അർഹരാക്കുന്നു. 2011-ലെ കാനേഷ്ടമാരി പ്രകാരം കൊറഗ സമുദായത്തിന്റെ ജനസംഖ്യ 14,098 ഉം മലവെട്ടുവരുടെ ജനസംഖ്യ 17,869 ഉം ആണെന്ന് കണക്കാക്കിയിരിക്കുന്നു. ഇതിൽ കേരളത്തിലെ കാസർഗോഡ് ജില്ലയിൽ അധിവസിക്കുന്ന കൊറഗർ 1582 ആണ് (778 ആണും 804 സ്ത്രീകളും). ഇവരുടെ തൊഴിൽ, ജീവിത സഹചര്യങ്ങളെ കുറിച്ച് വേണ്ടത്ര ശാസ്ത്രീയ ഗവേഷണ പഠനങ്ങൾ ഉണ്ടായിട്ടില്ല.

പാരമ്പര്യ ചികിത്സ, കൃഷി, മൃഗസംരക്ഷണം. കൂലിവേല തുടങ്ങിയ തൊഴിലുകളെയാണ് ഈ ആദിവാസി ഗോത്ര വിഭാഗങ്ങൾ ഉപജ്ജീവനത്തിനായി പ്രധാനമായും ആശ്രയിക്കുന്നത്. അടുത്ത കാലത്ത്, പലരും അവരുടെ പാരമ്പര്യതൊഴിലുകൾ ഉപേക്ഷിച്ച് മറ്റ തൊഴിൽ മേഖല തേടിപോകുവാൻ ശ്രമിക്കുന്നുണ്ട്. അത് എന്തു കൊണ്ടാണ് എന്ന് പഠന വിധേയമാക്കേണ്ടതുണ്ട്. തൊഴിൽ മേഖലയിലെ ഈ മാറ്റം സാമൂഹിക തലത്തിൽ അവരുടെ തൊഴിലിനോടുള്ള കാഴ്ചപ്പാടിലുണ്ടായ മാറ്റത്തിന്റെ ഫലമാണോ? അതോ അവരുടെ ദുരിത പൂർണ്ണമായ ഉപജീവനത്തിന്റെ ഭാഗമായ അതിജീവന തന്ത്രമാണോ (distress survival strategy) എന്നതും പരിശോധിക്കപ്പെടേണ്ടതുണ്ട്.

ഉപജീവന മാർഗ്ഗമായ തൊഴിലും മാനവവികസനവും തമ്മിൽ അഭേദമായി ബന്ധപ്പെട്ടു കിടക്കുന്നു. ബഹുഭൂരിപക്ഷം ആദിവാസികളെ സംബന്ധിച്ചടത്തോളം അവരുടെ തൊഴിലാണ് ഏക സാമ്പത്തിക ശ്രോതസ്സ്. ദൈനംദിന ചിലവുകൾക്കായി ശാരീരികമായ തൊഴിൽ ചെയ്യുന്നവരാണിവർ. അവരുടെ നിലവിലെ തൊഴിലവസരങ്ങളെ മാനവ വികസനത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തേണ്ടത് നയരൂപികരണങ്ങൾക്ക് അനിവാര്യമാണ്.

ആദിവാസികളുടെ ജീവിത സാഹചര്യങ്ങൾ പ്രത്യേകിച്ചും സാമൂഹിക, സാമ്പത്തിക, ആരോഗ്യ, സാഹചര്യങ്ങൾ അവരുടെ തൊഴിലിനെയും തൊഴിലിനെ കുറിച്ചുള്ള കാഴ്ചപ്പാടിനെയും സ്വാധീനിക്കുന്നു. ആദിവാസികൾ ഏതു തരം തൊഴിലുകൾ ചെയ്യാനാണ് ഇപ്പോൾ കൂടുതൽ ഇഷ്ടപ്പെടുന്നത്. അത് എന്തു

കൊണ്ടാണ്. ആദിവാസികളിൽ തൊഴിൽ സംരംഭം ചെയ്യാൻ ഇഷ്ടപ്പെടുന്നവർ എത്രത്തോളമുണ്ട്. പാരമ്പര്യതൊഴിലുകളിൽ തുടരാൻ താത്പര്യപ്പെടുന്നവർ ആരാണ്. തൊഴിൽ മേഖലയിൽ അവർ നേരിടുന്ന പ്രതിസന്ധികൾ എതെല്ലാമാണ് തുടങ്ങിയവ സർക്കാരിന്റെ തൊഴിൽ ആസൂത്രണത്തിനും അതിന്റെ നടത്തിപ്പിനും അനിവാര്യമാണ്.

പാർശ്വവത്കരിക്കപ്പെട്ട ആദിവാസി സമൂഹങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനം പൊതുസമൂഹത്തിൽ നിന്നും വളരെ പിന്നോട്ട് നിൽക്കുവോളം കേരളവികസനം വേണ്ടത്ര അർത്ഥവത്താകുകയില്ല. അതിനാൽ, അരുടെ തൊഴിൽ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുകയും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തേണ്ടതുമുണ്ട്. അതിനാൽ അവരുടെ തൊഴിൽ സഹചര്യങ്ങളെ കുറിച്ച് പഠിക്കുകയും തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും അടിയന്തര പരിഹാരങ്ങൾ കണ്ടെത്തേണ്ടതും അനിവാര്യമാണ്.

മുൻകാല പഠനങ്ങൾ ഇവരുടെ ആരോഗ്യത്തെ കുറിച്ചും (Rohisha et al., 2019) പിന്നാക്ക അവസ്ഥയെ കുറിച്ചും (Shihab and Patli 2019, Vijaya Kumar, 2018)) അന്വേഷിക്കുകയുണ്ടായി. Vijaya Kumari (2018) യുടെ പഠനം ഇവരുടെ ചരിത്ര പശ്ചാത്തലവും പരിശോധിക്കുകയുണ്ടായി. പക്ഷേ, അവരുടെ തൊഴിൽ സാഹചര്യങ്ങളെക്കുറിച്ചും അവയിലെ പ്രശ്നങ്ങളെക്കുറിച്ചും മാനവ വികസനത്തിന്റെ കാഴ്ചപ്പാടിൽ പരിശോധിക്കുകയുണ്ടായില്ല. ആ സാഹചര്യത്തിലാണ് ഈ ഗവേഷണ പഠനം നടത്തുന്നത്.

## 1.3 ഗവേഷണ ഉദ്ദേശ്യം

ഈ ഗവേഷണ പഠനത്തിന് പ്രധാനമായും താഴെ പറയുന്ന രണ്ടു ഉദ്ദേശമാണ് ഉള്ളത്.

1. കൊറഗർ, മലവേട്ടുവൻ സമുദായങ്ങളുടെ തൊഴിൽ ജീവിത സാഹചര്യങ്ങൾ മാനവ വികസനത്തിന്റെ കാഴ്ചപ്പാടിൽ വിലയിരുത്തുക.

2. കൊറഗർ, മലവേട്ടുവൻ സമുദായങ്ങളുടെ തൊഴിൽ, ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ശാസ്ത്രീയമായി കണ്ടെത്തുക.

## 1.4 ഗവേഷണ ചോദ്യങ്ങൾ

ഈ പഠനത്തിലെ പ്രധാനപ്പെട്ട ഗവേഷണ ചോദ്യങ്ങൾ ഇവയാണ്.

1. കൊറഗർ, മലവേട്ടുവൻ ഗോത്രവിഭാഗങ്ങളുടെ സാമൂഹികവും, ജനസംഖ്യപരവും ആരോഗ്യപരവും തൊഴിൽപരവുമായ വിശദാംശങ്ങൾ എന്തെല്ലാമാണ്

2. കൊറഗർ, മലവേട്ടുവൻ ഗോത്രവിഭാഗങ്ങളുടെ ഇപ്പോഴത്തെ പ്രധാനപ്പെട്ട തൊഴിൽ മേഖലകൾ എന്തെല്ലാമാണ്.

3. കൊറഗർ, മലവേട്ടുവൻ ഗോത്രവിഭാഗങ്ങളുടെ പരമ്പരാഗത തൊഴിലുകളെയും മാറുന്ന തൊഴിൽ മേഖലയെ കുറിച്ചുമുള്ള കാഴ്പ്പാടുകൾ എന്താണ്.

4. സുസ്ഥിര വികസനത്തിനും തൊഴിൽ ലഭ്യതയ്ക്കും വേണ്ടി കൊറഗർ, മലവേട്ടുവൻ ഗോത്രവിഭാഗങ്ങളുടെ അവശ്യങ്ങളും നിർദ്ദേശങ്ങളും എന്തെല്ലാമാണ്.

## 1.5 ഗവേഷണരീതി

പഠനത്തിനു വേണ്ടി പരിമാണ ഗവേഷണ രീതികളും (Quantitative research methods) ഗുണപരഗവേഷണ രീതികളും (Qualitative research methods) ഉപയോഗിക്കുകയുണ്ടായി. ഗവേഷണ രീതികളിൽ ഏറ്റവും പ്രധാനപ്പെട്ടവ വ്യക്തിഗത സർവ്വേയും (Individual Survey) അഭിമുഖങ്ങളും (Interviews) കൂട്ടായ ചർച്ചകളുമാണ് (Focus Group Discussions).

കേരളത്തിലെ കൊറഗർ ഗോത്രവിഭാഗം കൂടുതലും കേരളത്തിന്റെ വടക്കേ അറ്റത്തു സ്ഥിതി ചെയ്യുന്ന കാസർഗോഡ് ജില്ലയിലാണ് (ചിത്രം 1.1 ) അധിവസിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് പുറത്തിറക്കുന്ന കാനേഷുമാരി പ്രകാരം ഇവയിൽ കുറച്ച് പേർ മറ്റ് ജില്ലകളിലേയ്ക്ക് തൊഴിൽ പരമായി കുടിയേറിയിട്ടുണ്ട്. പക്ഷേ, അവരുടെ എണ്ണം വളരെ പരിമിതമാണ്.


കാസർഗോഡുള്ള ആദിവാസി വികസന വകുപ്പ് (Tribal Development Department) ഇവരുടെ ജനസംഖ്യ, പഞ്ചായത്ത് അടിസ്ഥാനത്തിൽ വിവിധ കാലങ്ങളിൽ ശേഖരിക്കുന്നുണ്ട്. ആദിവാസി വികസന വകുപ്പ് 2016-17 കാലഘട്ടത്തിൽ ശേഖരിച്ച വിവരപ്രകാരം കാസർഗോഡിൽ 530 കൊറഗ കുടുംബങ്ങളാണ് ജില്ലയിലെ പതിമൂന്ന് ഗ്രാമപഞ്ചായത്തുകളിലായി താമസിക്കുന്നത് (KIRT ADS, 2020). ഇവരുടെ ജില്ലയിലെ ആകെ ജനസംഖ്യ 1803 ആണ്. ഇതിൽ 879 പുരുഷൻമാരും 924 സ്ത്രീകളുമാണ് (വിശദവിവരങ്ങൾക്ക് പട്ടിക 2.2 കാണുക.)

മലവേട്ടുവൻ ഗോത്ര സമുദായം കേരളത്തിലെ കാസർഗോഡ്, കണ്ണൂർ ജില്ലകളിലാണ് അധിവസിക്കുന്നത്. പട്ടിക വർഗ്ഗവിഭാഗ വകുപ്പിന്റെ കണക്കുപ്രകാരം 2022-ൽ 19717 ആൾക്കാരാണ് സംസ്ഥാനത്ത് മലവേട്ടുവൻ വിഭാഗത്തിൽ ഉള്ളത്. കാസർകോഡ് ജില്ലയിൽ 13 ഗ്രാമപഞ്ചായത്തുകളിൽ ആണ് ഇവർ കൂടുതലും അധിവസിക്കുന്നത്. കൂടാതെ, കാസർഗോഡ് ജില്ലയുടെ സമീപ ജില്ലയായ കണ്ണൂരിലും ഇവർ താമസമുണ്ട്. കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ ഇവരുടെ അധിവാസം കൂടുതലാണ്. ഈ പതിനാലു ഗ്രാമപഞ്ചായത്തുകളെയും പഠനത്തിൽ ഉൾപ്പെടുത്തി.

### 1.5.1 വ്യക്തിഗത സർവ്വേ

കൊറഗർ, മലവേട്ടുവൻ ഗോത്രവിഭാഗങ്ങളുടെ നിലവിലെ സാമൂഹിക, സാമ്പത്തിക, തൊഴിൽ സാഹചര്യങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ ഒരു വ്യക്തിഗത സർവ്വേ (Individual Survey) നടത്തുകയുണ്ടായി. പഠനത്തിനായി 18 വയസ്സിനു മുകളിലുള്ള ആളുകളെയാണ് സർവ്വേയിൽ ഉൾപ്പെടുത്തിയത്. നവംബർ 1 മുതൽ ജനുവരി 15 വരെയുള്ള കാലങ്ങളിലാണ് വ്യക്തിഗത സർവ്വേ നടത്തിയത്. വിവരശേഖരണത്തിനായി നിയോഗിച്ച 21 ഫീൽഡ് ഇൻവെസ്റ്റിഗേറ്റേഴ്സിനും ആദിവാസികളുമായി സംവദിക്കുന്നതിന് ഭാഷ, സംസ്കാരം തുടങ്ങിയവയിൽ വേണ്ടത്ര പരിജ്ഞാനം ഉള്ള തദ്ദേശിയരായിരുന്നു.

പഠനവിധേയമായ രണ്ടു ഗോത്രവിഭാഗത്തിലും ഉൾപ്പെട്ട ഏതാനും ആൾക്കാർ ഗവേഷക സംഘത്തിൽ ഉള്ളതുമൂലം ഈ ഗോത്രവിഭാഗങ്ങളുമായി കൂടുതൽ സംവദിക്കാനും ഗുണനിലവാരമുള്ള വിവരങ്ങൾ ശേഖരിക്കുവാനും പഠന സംഘത്തിനു കഴിഞ്ഞു.




(a) കേരളവും കാസർഗോഡ് ജില്ലയും (b) കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകൾ

**ചിത്രം 1.1: കാസർകോർഡ് ജില്ലയുടെ സ്ഥലചിത്രം (Location map), 2023**

സർവ്വേ ചോദ്യവലിയിൽ വ്യക്തിയുടെ തൊഴിൽ, തൊഴിൽ താത്പര്യം, തൊഴിൽ സംരംഭകത്വം, തൊഴിൽ അവശ്യങ്ങൾ എന്നിവ കൂടാതെ, വ്യക്തിയുടെ കുടുംബാംഗങ്ങളുടെ വിവരങ്ങൾ, സാമ്പത്തിക സ്ഥിതി, നിക്ഷേപം, കടം, താമസ സൌകര്യങ്ങൾ, വളർത്തു മൃഗങ്ങൾ, ആരോഗ്യം, ചികിത്സാരീതികൾ, ചികിത്സ ചിലവുകൾ, കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധ നടപടികൾ, കാർഷികവിപണനം, സാമൂഹിക സംഘടനകളിലെ അംഗത്വം, സർക്കാരിന്റെ ആനുകൂല്യങ്ങൾ, കുലതൊഴിൽ, ഭക്ഷണം, ലഹരിവസ്തുക്കളുടെ ഉപയോഗം തുടങ്ങിയവയെക്കുറിച്ചുമുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയിരുന്നു. വിദ്യാഭ്യാസ, തൊഴിൽ, സാമ്പത്തിക ഉന്നമനത്തിനായി എതെല്ലാം കാര്യങ്ങൾ അടിയന്തരമായി അവശ്യമായിട്ടുണ്ടെന്ന അദിവാസികളുടെ അഭിപ്രായങ്ങളും അന്വേഷിക്കുകയുണ്ടായി.

ചോദ്യാവലി നിർമ്മാണത്തിന് മുമ്പ് ആദിവാസി മേഖലയുമായി ബന്ധപ്പെട്ട സാമൂഹിക ഗവേഷകർ, ആദിവാസി ട്രൈബൽ പ്രൊമോട്ടർമാർ, ആദിവാസികളുമായി ബന്ധപ്പെട്ട ജനപ്രതിനിധികൾ എന്നിവരുമായി സംവദിച്ചു. കൂടാതെ, ഈ ഗോത്ര വിഭാഗത്തിൽ നടത്തപ്പെട്ട മുൻകാല പഠനങ്ങൾ,

റിപ്പോർട്ടുകൾ, എന്നിവ പരിശോധിക്കുകയുണ്ടായി. ഇവയുടെയെല്ലാം അടിസ്ഥാനത്തിൽ ഗവേഷണ സംഘം നിർമ്മിച്ച ഒരു ചോദ്യാവലി 2022 ലെ ഒക്ടോബർ 7-8 തിയതികളിൽ പഠനസ്ഥത്തു വ്യത്യസ്ത സാഹചര്യങ്ങളിൽ ഒരു പൈലറ്റ് സർവ്വേയിലൂടെ പരിശോധിക്കുകയുണ്ടായി. ഈ പൈലറ്റ് സർവ്വേയിൽ നിന്നും പഠനസംഘത്തിന് ലഭിച്ച അനുഭവ സമ്പത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യാവലി വേണ്ടരീതിയിൽ പുനക്രമീകരിച്ച മെച്ചെപ്പെടുത്തുകയുണ്ടായി.

പഠനവിധേയരായ രണ്ടു ഗോത്രവിഭാഗങ്ങളും വ്യത്യസ്തമായ ഭാഷകളാണ് ആശയവിനിമയത്തിനായി ഉപയോഗിക്കുന്നത്. മലവേട്ടുവൻ ഗോത്രവിഭാഗത്തിന് മലയാളഭാഷയിൽ നന്നായി ആശയവിനിമയം ചെയ്യാനാകും. പക്ഷേ, കൊറഗർ വിഭാഗത്തിലുള്ളവർക്ക് മലയാളഭാഷ ശരിയായി അറിയില്ല. അവർ കൂടുതലും തുളു, കന്നട ഭാഷകളിലാണ് ഗവേഷകരോട് ആശയവിനിമയം നടത്തുന്നത്. അതുകൊണ്ട് തന്നെ, കൊറഗർ സമുദായത്തിനുവേണ്ടി കന്നട ഭാഷയിലേക്ക് ചോദ്യാവലി പരിഭാഷപ്പെടുത്തി. പ്രദേശിക ഭാഷാവ്യതിയാനങ്ങൾ ആശയവിനിമയത്തിന് തടസ്സമാകാതിരിക്കാൻ കൊറഗ ഗോത്രങ്ങൾക്കിടിൽ അവരുടെ ഭാഷ നല്ലപോലെ കൈകാര്യം ചെയ്യാനാകുന്ന മലയാളവും കന്നടയും അറിയാവുന്ന ഗവേഷകരെയാണ് വിവരശേഖരണത്തിനായി നിയോഗിച്ചത്.

കിലെയുടെ മുഖ്യ ഗവേഷണസംഘം കാസർകോഡ് ജില്ലയിലെ കാഞ്ഞങ്ങാട് വച്ച സെപ്റ്റംബർ 12, 2022ൽ ഫീൽഡ് ഇൻവസ്റ്ററിഗേറ്റേഴ്റിനായി പരിശീലന പരിപാടി സംഘടിപ്പിച്ചു. ഇതിൽ ഗവേഷണ ഉദ്ദേശങ്ങളെയും പഠനരീതികളെയും കുറിച്ച് വിശദീകരിച്ചു. വിവരങ്ങൾ ശേഖരിക്കുന്നവർക്ക് അഭിമുഖത്തിനും നിരിക്ഷണരീതിയിലും പ്രത്യേക പരിശീലനം നൽകി. ചോദ്യാവലികൾ എല്ലാ ഇൻവെസ്റ്റിഗേറ്ററും ഒരു പോലെയാണ് മനസ്സിലാക്കുന്നതെന്നും ചോദിക്കുന്നതെന്നും ഉറപ്പ വരുത്തി.

സർവ്വേക്കായി ആദ്യം ഫീൽഡ് ഇൻവെസ്റ്റിഗേറ്റേഴ്സിനെ നാല് ഗ്രൂപ്പുകളായി തിരിച്ചു പ്രട്ടിക 1.1). ഓരോ ഗ്രൂപ്പിനും ഒരു നിശ്ചിത പഞ്ചായത്തുകൾ വിവരശേഖരണത്തിനായി നിശ്ചയിച്ച നൽകി. ഓരോ ഗ്രൂപ്പിലും ഒരു ടിം ലീഡർ ആ ഗ്രൂപ്പിലെ ഓരോ അംഗങ്ങളുടേയും വിവരശേഖരണത്തിലുള്ള പുരോഗതി, പ്രശ്നങ്ങൾ എന്നിവ ദിനപ്രതി ശേഖരിക്കുകയും അത് ഗവേഷണ ഓഫീസറെ അറിയിക്കുകയും ചെയ്തു. അതിലൂടെ ഫീൽഡിലുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾക്ക് ഉടനടി പരിഹാരം കണ്ടെത്തുവാനും നല്ല ഗുണനിലവാരമുള്ള വിവരങ്ങൾ ശേഖരിക്കുവാനും ഗവേഷണ സംഘത്തിനു സാധിച്ചു.

**പട്ടിക 1.1: വിവരശേഖരണത്തിനായി രൂപികരിച്ച നാല് സർവ്വേ ഗ്രൂപ്പുകൾ, 2022-23**

| ഗ്രൂപ്പ് | ഫീൽഡ് ഇൻവെസ്റ്റിഗേറ്റേഴ്സ് | ഗ്രാമപഞ്ചായത്തുകൾ |
|---|---|---|
| 1 | രമ്യ ബാലകൃഷ്ണൻ*, അജിത, കാർത്തിക, സിന്ധു, രമണി, മണി | കോടമ്പള്ളൂർ, കള്ളാർ, പനത്തടി, ചെറുപുഴ |
| 2 | പി ഉണ്ണി എൻ.വി*., അനീഷ്, പ്രദീപ്, ശങ്കരൻ, മധു | വെസ്റ്റളറി, കയ്യൂർ ചിമേനി, ബളാൽ, കിനാനൂർ, കരിന്തളം |
| 3 | രാജൻ*, ശശികുമാർ, കൃഷ്ണൻ, രാജേഷ്, ഉണ്ണി എസ്. | ദേനമ്പാടി, ബദിയടുക്ക, പുല്ലൂർ പെരിയ, മൂളിയ, കുറ്റിക്കോൽ |
| 4 | ഗോപാല*, അയിത്തപ്പൻ, വിനല, രേഷ്മ, ഭഗീരതി | മൂർ, ബദിയടുക്ക, എൻമകജെ, പുത്തിഗെയ്, പയ്യോളിഗെയ്, മംഗൽപാടി, മീഞ്ച, കുമ്പള, മഞ്ചേശ്വരം, വർക്കാടി, വെള്ളൂർ, കാറടുക്ക |

*ഗ്രൂപ്പ് ലീഡർ

### സാപ്ലിംഗ് രീതി

വ്യക്തിഗത സർവ്വേയ്ക്ക് പങ്കാളികളെ കണ്ടെത്തുന്നതിനായി സിസ്റ്റമാറ്റിക്ക് റാൻഡം സാപ്ലിംഗ് രീതിയാണ് സ്വീകരിച്ചത്. കാസർകോഡ് ജില്ലയിലെ 13 ഗ്രാമപഞ്ചായത്തുകളിലായി 530 കൊറഗർ കുടുംബങ്ങൾ ഉണ്ട്. 2017-18 കാലഘട്ടങ്ങളിൽ കാസർഗോഡുള്ള ആദിവാസി വികസന ഓഫീസ് ഒരോ പഞ്ചായത്തിലേയും ഇവരുടെ സെറ്റിൽമെന്റ് കോളനികളെ അടിസ്ഥാനമാക്കി ജനസംഖ്യയും കുടുംബങ്ങളുടേയും എണ്ണം ശേഖരിച്ചിട്ടുണ്ട്.

ഈ സെറ്റിൽമെന്റ് കോളനികളെയാണ് പഠനത്തിന്റെ സാപ്ലീംഗിന്റെ ആദ്യഭാഗമായ സ്ട്രാറ്റയായി തീരുമാനിച്ചത്. അതിനുശേഷം ഈ സ്ട്രാറ്റയിൽ നിന്നും 10 ശതമാനം ആളുകളെ പഠനത്തിനായി തിരഞ്ഞെടുക്കാൻ തീരുമാനിച്ചു. പഠനത്തിൽ ചില വ്യക്തികളെങ്കിലും സഹകരിക്കാതെ ഇരിക്കുകയോ പൂർണ്ണമല്ലാത്ത വിവരങ്ങൾ തരാതിരിക്കാനുള്ള സാധ്യതയുണ്ടെന്ന നിഗമനത്തിൽ ഓരോ കോളനികളിൽ നിന്നും എടുക്കേണ്ട സാമ്പിളുകളിൽ ഒരു നിശ്ചിത എണ്ണം കൂടുതൽ എടുക്കാവാനും തീരുമാനിച്ചു. ഉദാഹരണമായി ഒരു കോളനിയിൽ നിന്നും ശാസ്ത്രീയമായി 10 പേരെയാണ് എടുക്കേണ്ടതെന്ന് കണക്കാക്കിയെങ്കിൽ, അവിടെ 12 അല്ലെങ്കിൽ 13 പേരെ സർവ്വേ സമയത്ത് എടുക്കുക. ഇങ്ങനെ രണ്ടോ മൂന്നോ പേരെ അധികം എടുക്കുന്നതു കൊണ്ട് ആ കോളനിയിൽ ആരെങ്കിലും അപൂർണ്ണമായതോ പരസ്പരവിരുദ്ധമായ വിവരങ്ങൾ നൽകിയാലും വിവരവിശകലന സമയത്ത് ആ ചോദ്യവലി ഒഴിവാക്കാനാകും.

ഇപ്രകാരം കൊറഗർ ഗോത്രവിഭാഗത്തിൽ നിന്നും 250 പേരെ സർവ്വേക്ക് ഉൾപ്പെടുത്തി. ഇത് കേരളത്തിലെ കൊറഗരുടെ ഏകദേശം 14 ശതമാനത്തോളം വരും.

പട്ടിക വർഗ്ഗ വകുപ്പിന്റെ കണക്കുപ്രകാരം മലവേട്ടുവൻ ഗോത്രത്തിൽ 19728 ആൾക്കാരാണ് ഉള്ളത്. ഇവരിൽ 1032 (5 ശതമാനം) പേരെ പഠനത്തിനായി തെരഞ്ഞെടുത്തു.

### 1.5.2 ഗുണപര ഗവേഷണ രീതികൾ

ഗുണപരമായ ഗവേഷണത്തിന്റെ ഭാഗമായി അഭിമുഖം, കൂട്ടായ ചർച്ചകൾ, നിരീക്ഷണം തുടങ്ങിയവയും ഉപയോഗപ്പെടുത്തുകയുണ്ടായി. ഇത് പ്രധാനമായും നടത്തിയത് തൊഴിൽ ജീവിതസാഹചര്യങ്ങളിലെ പ്രശ്നങ്ങൾ മനസ്സിലാക്കാനും ഗോത്രവിഭാഗങ്ങളുടെ കാഴ്ചപ്പാടുകൾ മനസ്സിലാക്കുവാനുമാണ്. ഇവ കൂടാതെ, ഏതാനും ദൃഷ്യാന്തപഠനങ്ങളും (Case Studies) പഠനത്തിന്റെ ഭാഗമായി നടത്തുകയുണ്ടായി.

## 1.6 വിശകലനരീതി

സർവ്വേ വിവരങ്ങൾ മൈക്രോസോഫ്റ്റ് എക്സൽ (Microsoft Excel) ലാണ് ആദ്യം രേഖപ്പെടുത്തിയത്. തുടർന്ന്, എസ് പി എസ് എസ് (SPSS), ആർ സോഫ്റ്റ് വെയർ (R Software) എന്നിവയുടെ സഹായത്തോടെ ഈ വിവരങ്ങൾ വിശകലനം ചെയ്തു.

ഈ പഠനത്തിനായി ചില ആശയ സമീപന രീതികളും (Conceptual Framework) സ്വീകരിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടത് മാനവ വികസന ചർച്ചകളിൽ അമർത്യാസെന്നിന്റെ ക്യാപബിലിറ്റി അപ്രോച്ച്

(Capability Approach) ആണ്. ഈ പഠനത്തിൽ തൊഴിലിനെയും തൊഴിൽ സാഹചര്യങ്ങളെയും മാനവ വികസനത്തിന്റെ പശ്ചാത്തലത്തിലാണ് പരിശോധിച്ചത്. മാനവ വികസനം എന്നത് ഒരു വ്യക്തിയുടെ ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തിക നിലവാരം തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് നിർണ്ണയിക്കപ്പെടുന്നത്. ഇവിടെ വ്യക്തികൾക്ക് ലഭ്യമായ വിവിധ കഴിവുകളുടെ അടിസ്ഥാനത്തിൽ അവരുടെ തൊഴിൽ സ്വാതന്ത്ര്യവും സൗഖ്യവും (Well being) വിലയിരുത്തപ്പെടുന്നു.

ആന്താരാഷ്ട്ര ലേബർ ഓർഗനൈസൈഷൻ (International Labour Organisation) മുന്നോട്ടു വച്ച "മാന്യമായ തൊഴിൽ കാര്യസൂചി" (Decent Work Agenda) യും ഈ പഠനത്തിൽ പ്രാധാന്യമർഹിക്കുന്നുണ്ട്. ഗോത്രവിഭാഗത്തിന്റെ തൊഴിൽപരമായ സ്വാതന്ത്ര്യം, ജോലിയിലെ അവകാശങ്ങൾ, സാമൂഹിക സുരക്ഷ, മറ്റ് സാമൂഹികമായ ഇടപെടലുകൾ എന്നിവയും ഈ തൊഴിൽ പഠനത്തിൽ ഉൾപ്പെടുന്നു.

## 1.7 പഠനത്തിന്റെ പരിമിതി

ഈ പഠനം പ്രധാനമായും രണ്ട് ആദിവാസി ഗോത്ര വിഭാഗങ്ങളിൽ മാത്രം ഒതുങ്ങുന്നു. കൊറഗരിൽ ഒരു വിഭാഗം കർണാടകത്തിലാണ് അധിവസിക്കുന്നത്. അവരെ ഈ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

കൊറഗരെ പോലെതന്നെ നാല് പ്രക്തന വിഭാഗങ്ങൾ കേരളത്തിൽ അധിവസിക്കുന്നുണ്ട്. അവരെ ഈ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇതിലെ കണ്ടെത്തലുകൾ പഠനവിധേയമായ രണ്ടു ഗോത്രവിഭാഗങ്ങളുടേതുമാത്രമായി കാണേണ്ടതുണ്ട്. കണ്ടെത്തലുകളെ കേരളത്തിലെ ആദിവാസികളുടെ മൊത്തത്തിലുള്ള അവസ്ഥയായി കരുതുവാൻ സാധ്യമല്ല.

## 1.8 റിപ്പോർട്ടിന്റെ ഘടനാരീതി

ഈ ഗവേഷണ റിപ്പോർട്ട് അഞ്ച് അദ്ധ്യായങ്ങളിൽ ക്രമീകരിക്കപ്പെട്ടിരിക്കുന്നു.

ആദിവാസി സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന കൊറഗർ, മലവേട്ടുവൻ വിഭാഗങ്ങളുടെതൊഴിൽ ജീവിത സാഹചര്യങ്ങളെ കുറിച്ച് പഠിക്കാനുണ്ടായ സാഹചര്യം, ഈ പഠനത്തിന്റെ ലക്ഷ്യം, പഠനത്തിന് സ്വീകരിച്ച രീതിശാസ്ത്രം തുടങ്ങിയവയെ കുറിച്ചായിരുന്നു അദ്ധ്യായം 1 -ൽ ചർച്ച ചെയ്യപ്പെട്ടത്.

അദ്ധ്യായം 2-ൽ ആദിവാസികളുടെ സാമൂഹിക, സാമ്പത്തിക, ആരോഗ്യ രംഗത്തുള്ള നിജസ്ഥിതി രേഖപ്പെടുത്തുകയാണ്. അത് മാനവ വികസനത്തിന്റെ കാഴ്ചപ്പാടിൽ വിശകലനം ചെയ്യപ്പെടുന്നു. അദ്ധ്യായം 3-ൽ തൊഴിൽ മേഖലയിലെ പ്രശ്നങ്ങളും പ്രതിസന്ധികളും അന്വേഷിക്കുകയാണ്. കൂടാതെ, തൊഴിൽ മേഖലയിലെ ഭാവി സാധ്യതകളെക്കുറിച്ചും ഇതിൽ ചർച്ച ചെയ്യുന്നു.

അദ്ധ്യായം 4-ൽ ആദിവാസികളുടെ മാറുന്ന തൊഴിൽ കാഴ്ചപ്പാടുകളെ കുറിച്ച് ചർച്ച ചെയ്യുന്നു. എന്തു കൊണ്ടാണ് ചിലർ പാരമ്പര തൊഴിലുകളിലും മറ്റു ചിലർ പുതിയ തൊഴിൽ മേഖലകളിലും തുടരുവാൻ താൽപര്യപ്പെടുന്നത് എന്നിതും ഇതിൽ വിവരിക്കുന്നു. അദ്ധ്യായം 5-ൽ പഠനത്തിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളും നയരൂപികരണങ്ങളെയും കുറിച്ച് വിവരിക്കുന്നു. കൂടാതെ, ഭാവിയിൽ നടത്താവുന്ന ചില കർമ്മ പദ്ധതികളെക്കുറിച്ചും ഇതിൽ സൂചിപ്പിക്കുന്നു.

## 1.9 സംഗ്രഹം

വികസനത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ആദിവാസി ഗോത്രങ്ങളായ കൊറഗർ, മലവേട്ടുവൻ എന്നീ വിഭാഗങ്ങളുടെ തൊഴിൽ, ജീവിത സാഹചര്യങ്ങളെക്കുറിച്ച് പഠിക്കാനുണ്ടായ സാഹചര്യമാണ് ഈ അദ്ധ്യായത്തിൽ ആദ്യമായി വിശദമായി വിവരിച്ചത്. ഈ ഗവേഷണ പഠനത്തിന് രണ്ട് ലക്ഷ്യങ്ങളാണ് ഉള്ളത്. ഈ ലക്ഷ്യ സാക്ഷാത്കാരത്തിന് പരിമാണ ഗവേഷണരീതികളായ സർവ്വേയും ഗുണപര ഗവേഷണ രീതികളായ അഭിമുഖം, കൂട്ടായ ചർച്ചകൾ, നിരീക്ഷണം, ദൃഷ്ടാന്ത പഠനം എന്നിവ അവലംബിക്കുകയുണ്ടായി. പഠന രീതിയുടെ വിവിധ ഘട്ടങ്ങളിലെ ചോദ്യാവലി നിർമ്മാണം, സാംപ്ലിംഗ്, വിവരശേഖരണം നടത്തുന്നവരുടെ പരിശീലനം, തുടങ്ങിയവയും പഠനത്തിന് ഉപയോഗിച്ച വിശകലന രീതികളെയും കുറിച്ച് ഇതിൽ ചർച്ച ചെയ്യപ്പെട്ടു.

ഈ അദ്ധ്യായത്തിലെ പഠനത്തെക്കുറിച്ചുള്ള സമഗ്ര വിവരണത്തിനു ശേഷം തുടർന്നുള്ള അദ്ധ്യായങ്ങളിൽ ഈ ഗവേഷണ പഠനത്തിലെ പ്രധാനപ്പെട്ട കണ്ടെത്തലുകളെക്കുറിച്ച് മനസ്സിലാക്കാം. പഠനവിധേയമായ രണ്ട് ഗോത്രവിഭാഗങ്ങളുടെയും മാനവവികസനത്തിന്റെ പശ്ചാത്തലത്തിലാണ് അവരുടെ തൊഴിലിനെയും തൊഴിൽ കാഴ്ച്ചപ്പാടുകളെയും ഈ പഠനത്തിൽ വിശദമായി പരിശോധിക്കുന്നത്. അടുത്ത അദ്ധ്യായത്തിൽ ഈ മാനവ വികസന പശ്ചാത്തലത്തിന്റെ ഒരു വിശകലനമാണ് നടത്തുന്നത്.

# അദ്ധ്യായം 2

# മാനവ വികസന പശ്ചാത്തലം

മാനവ വികസനത്തിൽ കൊറഗർ, മലവേട്ടുവൻ സമുദായങ്ങൾ എവിടെയാണ് നിലകൊള്ളുന്നത്. മാനവ വികസനത്തിന്റെ പ്രഥമ സൂചകങ്ങളായ ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികം, എന്നിവ ഇതിൽ പരിശോധിക്കുന്നു. പഠന വിധേയമായ ഗോത്രവിഭാഗങ്ങളിൽ മാനവ വികസനം പൊതു സമൂഹവുമായി താരതമ്യേനം ചെയ്യുമ്പോൾ വളരെയേറെ പിന്നാക്കം നിൽക്കുന്നു. ജീവിതശൈലി രോഗങ്ങൾ ഗോത്രവിഭാഗങ്ങളിൽ വർദ്ധിച്ചുവരുന്നു. സാമ്പത്തിക പരാധീനത മൂലം പല കുട്ടികളും പഠനം ഉപേക്ഷിച്ചു പോകുന്നു. ആദിവാസി ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ തലത്തിൽ അനേകം പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കുന്നത്. പക്ഷേ, ഈ പദ്ധതികളിൽ പഠനവിധേയമായ ഗോത്രവിഭാഗങ്ങളുടെ പങ്കാളിത്തം വളരെ കുറവാണ്. ഇത് അർത്ഥമാക്കുന്നത് വികസനത്തിൽ പ്രത്യേകിച്ച് ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും മെച്ചപ്പെട്ട നയപരമായ ഇടപെടലുകൾ അനിവാര്യമാണെന്നതാണ്.

## 2.1 ആമുഖം

ആദിവാസി ഗോത്ര വർഗ്ഗങ്ങളുടെ വികസനത്തിൽ അവരുടെ തൊഴിലിനു വളരെ പ്രാധാന്യമുണ്ട്. അവരുടെ നിലവിലെ തൊഴിൽ സാഹചര്യങ്ങളെ മാനവ വികസനത്തിന്റെ പശ്ചാത്തലത്തിലാവണം വിലയിരുത്തേണ്ടത്. എന്തുകൊണ്ടെന്നാൽ വ്യക്തിയുടെ തൊഴിലിലെ പ്രകടനങ്ങൾ അയാളുടെ ആരോഗ്യവും വിദ്യാഭ്യാസവുമായും ജീവിത സാഹചര്യങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ചും, ഓപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസത്തിന് വ്യക്തിയുടെ നൈപുണ്യ വികസനത്തിലുള്ള സ്ഥാനം വളരെ വലുതാണ്.

വ്യക്തിയുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം ഒരു തൊഴിൽ ഇഷ്ടപ്പെടുന്നതിനോ, അതിനോട് വിമുഖതയുണ്ടാക്കുന്നതിനോ കാരണമായേക്കാം. ഒരു തൊഴിലിൽ വളരെ നൈപുണ്യം ഉണ്ടെങ്കിലും സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളാൽ നൈപുണ്യമില്ലാതെ മറ്റൊരു തൊഴിൽ തേടിപ്പോകാൻ വ്യക്തി നിർബന്ധിതമായേക്കാം. അതു കൊണ്ട് തന്നെയാണ് തൊഴിൽ മേഖലയെക്കുറിച്ച പഠിക്കുമ്പോൾ മാനവ വികസനത്തിന്റെ മുഖ്യഘടകങ്ങളായ ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികം എന്നവ പ്രസക്തമാകുന്നത്.

ഈ അദ്ധ്യായം ക്രമീകരിച്ചിരിക്കുന്നത് ഇപ്രകാരമാണ്. ജനസംഖ്യപരമായ വിവരങ്ങളുടെ വിശകലനത്തിനു ശേഷം (ഭാഗം 2.2) മാനവ വികസനത്തിന്റെ മുഖ്യഘടകങ്ങളായ ആരോഗ്യസ്ഥിതിയെക്കുറിച്ച് (ഭാഗം 2.3) വിശകലനം ചെയുന്നു. ആരോഗ്യത്തിന്റെ കാര്യത്തിൽ പ്രധാനമായും മൂന്ന് കാര്യങ്ങളാണ് പഠന വിധേയമാക്കിയത്. ആദിവാസി കുടുംബങ്ങളിലെ രോഗാവസ്ഥ (ഭാഗം 2.3.1), ആരോഗ്യ പരിപാലന സ്ഥാപനങ്ങളുടെ ലഭ്യത (രാഗം 2.3.2), ചികിത്സാ ചിലവുകൾ (ഭാഗം 2.3.3) എന്നിവയാണവ.

തുടർന്ന് ആദിവാസികളുടെ വിദ്യാഭ്യാസ സ്ഥിതിയെക്കുറിച്ച് ഭാഗം 2.4-ൽ വിലയിരുത്തുന്നു. സ്കൂൾ വിദ്യാഭ്യാസത്തെയും (ഭാഗം 2.4.1) കോളേജ് വിദ്യാഭ്യാസത്തെയും (ഭാഗം 2.4.2) കുറിച്ചാണ് ഇതിൽ പ്രധാനമായും ചർച്ച ചെയ്യുന്നത്. ഗോത്രവിഭാഗങ്ങളുടെ തൊഴിൽ സംബന്ധമായ അറിവുകളെയും പാരമ്പര്യ അറിവുകളെക്കുറിച്ചും അദ്ധ്യായം 3-ൽ വിശദമായി നൽകിയിട്ടുണ്ട്.

ആദിവാസികളുടെ നിലവിലെ സാമ്പത്തിക അവസ്ഥ മനസ്സിലാക്കുന്നതിന് സഹായകരമായ ഏതാനും വസ്തുതകളെക്കുറിച്ചാണ് ഭാഗം 2.5-ൽ ചർച്ച ചെയ്യുന്നത്. പ്രധാനമായും എത്രത്തോളം ഭൂമി ആദിവാസികൾക്കുണ്ട്(ഭാഗം 2.5.1). കുടുംബ നിക്ഷേപം (ഭാഗം 2.5.2), വായ്പകൾ (ഭാഗം 2.5.3), വാഹനവും ജംഗമവസ്തുക്കളും (രാഗം 2.5.4), സർക്കാർ സഹായങ്ങൾ (ഭാഗം 2.5.5) മുതലായവരെക്കുറിച്ചുള്ള വിവരങ്ങൾ നിലവിലെ അവരുടെ സാമ്പത്തിക അവസ്ഥയെക്കുറിച്ചുള്ള ചില സൂചകങ്ങളാണ്.

അവസാനമായി, ഈ വിശകലനങ്ങളിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ സംഗ്രഹിച്ച ഭാഗം 2.6-ൽ നൽകിയിരിക്കുന്നു. ചില നയപരമായ കാര്യങ്ങളും ഇതിൽ പരാമർശിക്കുന്നുണ്ട്.

## 2.2 ജനസംഖ്യപരമായ വിവരങ്ങൾ

പഠന വിധേയമായ കൊറഗർ, മലവേട്ടുവൻ ഗോത്ര വിഭാഗങ്ങൾ പട്ടികവർഗ്ഗ വിഭാഗത്തിലാണ് സർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യയുടെ 2011 ലെ കാനേഷുമാരി പ്രകാരം കേരളത്തിന്റെ ജനസംഖ്യ 3,34,06,061 അകുന്നു. ഇതിൽ 4,84,839 ആൾക്കാർ പട്ടിക വർഗ്ഗക്കാരാണ്. ഇതു കേരള ജനസംഖ്യയുടെ 1.5 ശതമാനമാണ്. മറ്റൊരുതരത്തിൽ പറയുകയാണെങ്കിൽ ഇന്ത്യയിലെ പട്ടിക വർഗ്ഗക്കാരിൽ 0.5 ശതമാനം കേരളത്തിലാണ് അധിവസിക്കുന്നത്.

കേരളത്തിലെ പട്ടിക വർഗ്ഗവിഭാഗത്തിൽ സ്ത്രീ പുരുഷഅനുപാതം (Sex ratio) പൊതു സമൂഹത്തിലേതു പോലെ സ്ത്രീകൾക്ക് അനുകൂലമാണ്. കാനേഷുമാരി 2011ലെ കണക്കുപ്രകാരം ആയിരം പുരുഷൻമാർക്ക് 1035 സ്ത്രീകൾ പട്ടിക വർഗ്ഗവിഭാഗത്തിൽ ലഭ്യമാണ്. സാക്ഷരത നിരക്ക് (Literacy rate) 75.8

ശതമാനമാണ്. ഇതു പൊതു നിരക്കിനെക്കാൾ (94 ശതമാനം) ഏകദേശം 18.2 പോയിന്റ് കുറവാണ്. പുരുഷൻമാരെക്കാൾ (80.8 ശതമാനം) സ്ത്രീകളിൽ [71.1 ശതമാനം) സാക്ഷരത നിരക്ക് കുറവാണ് (കേന്ദ്രസർക്കാർ, 2023).

## 2.2.1 ജനസംഖ്യപരമായ വിവരങ്ങൾ

രാജ്യത്ത് 75 പ്രത്യേക ദുർബല ആദിവാസി വിഭാഗങ്ങളുണ്ടെന്ന് (Primitive Tribal Groups അഥവാ PTGS) കേന്ദ്ര സർക്കാർ കണക്കാക്കിയിട്ടുണ്ട്. ഈ പ്രത്യേക ദുർബല വിഭാഗത്തിൽ അഞ്ചെണ്ണം കേരളത്തിലുണ്ട്. പഠനവിധേയരായ കൊറഗർ ഇതിലൊന്നാണ്. മറ്റുള്ളവർ ചോലനായകൻ, കാട്ടുനായകൻ, കുറുമ്പർ, കാടർ എന്നിവരാണ് . കേരളത്തിലെ പ്രത്യേക ദുർബല ആദിവാസികളുടെ ജനസംഖ്യ 26273 ആകുന്നു. ഇതു കേരളത്തിലെ ആദിവാസി സമൂഹത്തിന്റെ 6.17 ശതമാനമാണ്. (കേരളസർക്കാർ, 202).

പഠന വിധേയരായ കൊറഗർ, മലവേട്ടുവൻ ഗോത്രസമൂഹങ്ങളുടെ ജനസംഖ്യപരമായ വിവരങ്ങൾ പട്ടിക 2.1 യിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. സംസ്ഥാന സർക്കാരിന്റെ കണക്കുകൾ പ്രകാരം കേരളത്തിൽ 530 കുടുംബങ്ങളിലായി 1803 കൊറഗരുണ്ട്. 2013 ൽ സംസ്ഥാന സർക്കാർ പ്രസിദ്ധികരിച്ച റിപ്പോർട്ട് പ്രകാരം ഇവരുടെ ജനസാഖ്യ 1,644 ആയിരുന്നു. ഇതേകാലയളവിൽ മലവേട്ടുവൻമാരുടെ ജനസംഖ്യ 19,728 ആയിരുന്നു (പട്ടിക 2.1).

**പട്ടിക 2.1: കുടുംബങ്ങളുടെ എണ്ണം, ജനസംഖ്യ, പെൺ–ആൺ അനുപാതം**

| ഗോത്രം | കുടുംബം | ജനസംഖ്യ | | | പെൺ–ആൺ– അനുപാതം |
|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | |
| കൊറഗർ | 445 | 802 | 842 | 1644 | 1050 |
| മലവേട്ടുവൻ | 4586 | 9744 | 9984 | 19728 | 1025 |
| ആദിവാസികൾ | 107965 | 209819 | 216389 | 426208 | 1031 |

സ്രോതസ്സ്: കേരളസർക്കാർ (2013)

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അടിസ്ഥാനമാക്കിയുള്ള കൊറഗരുടെയും (പട്ടിക 2.2) മലവേട്ടുവരുടേയും ജനസംഖ്യ പ്രട്ടിക 2.3) ലഭ്യമാണ്. കൊറഗർ പ്രധാനമായും 12 ഗ്രാമപഞ്ചായത്തുകളിലായാണ് അധിവസിക്കുന്നത്. മലവേട്ടുവർ 20 ഗ്രാമപഞ്ചായത്തുകളിലും കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലും അധിവസിക്കുന്നു.

**പട്ടിക 2.2: പഞ്ചായത്ത് അടിസ്ഥാനമാക്കിയ കൊറഗരുടെ ജനസംഖ്യ, 2016-17**

| നം. | പഞ്ചായത്ത് | കോളനികൾ | താമസസ്ഥലം | കുടുംബം | ജനസംഖ്യ | ആൺ | പെൺ |
|---|---|---|---|---|---|---|---|
| 1 | എന്മകജെ (Enmakaje) | 6 | Enmakaje, Nadubail, Bengapadavu, Kare, Sheni, Periyathadka | 24 | 83 | 38 | 45 |
| 2 | ബദിയടുക്ക (Badiadka) | 6 | Kariyad, Kadamane, Madathadka, Periyadka, Peradala, Darbethadka | 89 | 270 | 131 | 139 |
| 3 | പൈവളികെ (Paivalike) | 11 | Kurudapadavu, Sonaje, Manithadka, Kayyar, paramba, Kayyar Nellikad, Kayyar, Bharehithilu, Dalikukku, Thalthaje, Beernakodi, Ottethilu | 59 | 179 | 86 | 93 |
| 4 | ബെള്ളൂർ (Bellur) | 1 | Nakkur | 5 | 20 | 7 | 13 |
| 5 | പുതിഗെ (Puthige) | 4 | Channikodi, Puthige palla, Angadimogar, Seethangoli | 13 | 39 | 21 | 18 |
| 6 | കുംബള (Kumbale) | 4 | Bambrana, Pelthadka, Kuntangaradka, Mavinakatte | 58 | 175 | 94 | 81 |
| 7 | മഞ്ചേശ്വരം (Manjeshwaram) | 2 | Gerukatte, Trdm | 154 | 610 | 300 | 310 |
| 8 | വൊർക്കാടി (Vorkady) | 6 | Timmanguru, Boddodi, Pavoor, Borkala, Bakrabaile, Konibail | 46 | 150 | 76 | 74 |
| 9 | മീഞ്ച (Meenja) | 6 | Kuloor Hosagade, Kaithodi, Adkathaguri, Bejja, Baliyooru, Gowrimoole Mundila | 34 | 86 | 38 | 48 |
| 10 | മംഗല്പാടി (Mangalpady) | 4 | Sonkal, Bekoor, Shiriya, Kubanooru | 11 | 35 | 15 | 20 |
| 11 | കാറഡുക്ക (Karadka) | 1 | Mulleriya | 1 | 6 | 1 | 5 |
| 12 | മധൂർ (Madhur) | 2 | Pulikoor, Nelakala | 34 | 144 | 69 | 75 |
| 13 | ചെങ്കള (Chengala) | 2 | Kallakatta, K.k puram | 2 | 6 | 3 | 3 |
| | ആകെ | 55 | | 530 | 1803 | 879 | 924 |

സ്രോതസ്സ്: Tribal Development Office Kasaragod, Cited by KIRTADS (2020)


**പട്ടിക 2.3: മലവേട്ടുവൻ ഗോത്രവിഭാഗത്തിന്റെ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലത്തിലുള്ള ജനസംഖ്യ**

| നം | പഞ്ചായത്ത്/മുനിസിപ്പാലിറ്റി | ജനസംഖ്യ |
|---|---|---|
| കണ്ണൂർ ജില്ല | | |
| 1 | എരമം കുട്ടൂർ (Eramam Kuttur) | 306 |
| 2 | പെരിങ്ങോം വയക്കര (Peringome Vayakkara) | 330 |
| 3 | ചെറുപുഴ (Cherupuzha) | 553 |
| 4 | ഉദയഗിരി (Udayagiri) | 86 |
| 5 | ആലക്കോട് (Alakode ) | 79 |
| 6 | എടക്കാട് (Edakkad) | 6 |
| 7 | ആറളം (Aralam) | 4 |
| കാസർകോഡ് ജില്ല | | |
| 8 | പുല്ലൂർപെരിയ (Pullurperiya) | 142 |
| 9 | കയ്യൂർ ചീമേനി (Kayyur Cheemeni) | 10 |
| 10 | കാറഡുക്ക (Karadka) | 155 |
| 11 | കുറ്റിക്കോൽ (Kuttikkol) | 2547 |
| 12 | ദേലംപാടി (Delampady) | 806 |
| 13 | ബേഡടുക്ക (Bedaduka) | 892 |
| 14 | ബളാൽ (Balal) | 3445 |
| 15 | കള്ളാർ (Kallar) | 1227 |
| 16 | കോടോം-ബേളൂർ (Kodombellur) | 2091 |
| 17 | പനത്തടി (Panathady) | 649 |
| 18 | ഈസ്റ്റ് എളേരി (East Eleri) | 2076 |
| 19 | വെസ്റ്റ് എളേരി (West Eleri) | 2585 |
| 20 | കിനാനൂർ കരിന്തളം (Kinanoor Karinthalam) | 1731 |
| 21 | കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി (Kanjhangad Municipality) | |
| | ആകെ | 19728 |

സ്രോതസ്സ് : പട്ടിക വർഗ്ഗ വികസന വകുപ്പ്, കേരള സർക്കാർ 2023

പഠനവിധേയമായ ഗോത്ര വിഭാഗങ്ങളിൽ ഏകാംഗ കുടുംബങ്ങളുണ്ട്. കൊറഗ ഗോത്രത്തിൽ ഏകാംഗ കുടുംബങ്ങളുടെ തോത് 9.7 ശതമാനമാണ്. ആകെയുള്ള 43 ഏകാംഗ കുടുംബങ്ങളിൽ 14 പുരുഷനും 29 സ്ത്രീയും മാത്രമുള്ളതാണ്. അതുപോലെ മലവേട്ടുവൻ കുടുംബത്തിൽ 3.1 ശതമാനം കുടുംബങ്ങൾ ഏകാംഗമാണ്. ആകെയുള്ള 142 മലവേട്ടുവൻ ഏകാംഗകുടുംബത്തിൽ 20 എണ്ണം പുരുഷനും 116 കുടുംബം സ്ത്രീയും മാത്രമാണുള്ളത്.

കൊറഗരുടേയും മലവേട്ടുവരുടേയും പ്രായഘടന ചിത്രം 2.1-ൽ നിന്നും മനസ്സിലാക്കാവുന്നതാണ്. കേരളത്തിലെ പൊതു സമൂഹത്തിന്റേതു പോലെ മിക്ക പ്രായങ്ങളിലും സ്ത്രീകളുടെ എണ്ണം പുരുഷൻമാരെക്കാൾ കൂടുതലാണ്. പൊതുവിൽ കൂടുതൽ ആൾക്കാരും തൊഴിൽ ചെയ്യാവുന്ന പ്രായക്കാരാണ് (working age group). കുറഞ്ഞ ജനന നിരക്കും കുറഞ്ഞ മരണ നിരക്കും മെച്ചപ്പെട്ട ജീവിത ദൈർഘ്യവും ഈ പ്രായഘടനയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.



(a) കൊറഗരുടെ പ്രായഘടന (b) മലവേട്ടുവൻമാരുടെ പ്രായഘടന

ചിത്രം 2.1: ഗോത്രവിഭാഗങ്ങളുടെ പ്രായഘടന (Age Pyramid), 2013

പഠന വിധേയരായ രണ്ടു ഗോത്രവിഭാഗങ്ങളും ഭാഷ വൈവിധ്യമുള്ളവരാണ് ഇന്ത്യ സർക്കാരിന്റെ 1991 ലെ കാനേഷുമാരി കണക്കനുസരിച്ച് കേരളത്തിലെ കൊറഗർ എറ്റവും കൂടുതൽ സംസാരിക്കുന്നത് തുളു ഭാഷയും(76%) മലയാള ഭാഷയുമാണ് (16%). മറ്റുള്ളവർ കന്നട, തെലുങ്ക്, കൊങ്കണി, മറാത്തി, തമിഴ് തുടങ്ങിയവയും സംസാരിക്കുന്നവരുണ്ട്. ബഹുഭൂരിപക്ഷവും ഹിന്ദുമതവിശ്വാസികളാണ് (72%). വിവിധ കാലങ്ങളിൽ കുറച്ചു പേർ ക്രിസ്തുമതം (27%) സ്വീകരിച്ചിട്ടുണ്ട്. മറ്റ് മതവിശ്വാസങ്ങൾ സ്വീകരിച്ചവരിലും അവരുടെ അതിപ്രാചീന ഗോത്ര ആചാരാനുഷ്ഠാനങ്ങളിൽ ചിലത് ഇപ്പോഴും പിൻതുടരുന്നുണ്ട് (Mohanty 2004).

## 2.3 ആരോഗ്യം

മാനവവികസനത്തിൽ ആരോഗ്യത്തിന് പ്രഥമ സ്ഥാനമാണ് ഉള്ളത്. ആരോഗ്യമുള്ള വ്യക്തിക്ക് നല്ലരീതിയിൽ തൊഴിൽ ചെയ്യാനും ജീവിത നിലവാരം മെച്ചപ്പെടുത്താനുമാകും. ആദിവാസി ഗോത്രങ്ങളുടെ ആരോഗ്യസ്ഥിതിയെക്കുറിച്ചറിയുവാനായി പ്രധാനമായും രണ്ടു മാർഗ്ഗങ്ങളാണ് സ്വീകരിച്ചത്. വ്യക്തിഗത സർവ്വേയിൽ രണ്ട് ആഴ്ചക്കുള്ളിൽ അവരുടെ കുടുംബത്തിൽ ആർക്കെങ്കിലും അസുഖമുണ്ടായിരുന്നോവെന്ന് അന്വേഷിക്കുകയുണ്ടായി. അസുഖമുണ്ടെങ്കിൽ അതിനു ചികിത്സ തേടുന്നുണ്ടോ, ഏത് തരം ചികിത്സയാണ് സ്വീകരിക്കുന്നത്, ചികിത്സയ്ക്ക് എത്ര രൂപ മാസം ചിലവാകും തുടങ്ങിയ വിവരങ്ങൾ ആരായുകയുണ്ടായി.

ഇവ കൂടാതെ, വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ആരോഗ്യവുമായി ബന്ധപ്പെട്ട ലഭ്യമായ വിവരങ്ങളും ശേഖരിക്കുകയുണ്ടായി. കൂടാതെ, ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന വംശീയ വൈദ്യൻമാരോട് ആരോഗ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കുകയുണ്ടായി.

ആരോഗ്യ വിചിന്തനത്തിൽ ആരോഗ്യത്തെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടിന് വളരെ പ്രസക്തിയുണ്ട്. ആരോഗ്യത്തെ എപ്രകാരമാണ് ആദിവാസികൾ കാണുന്നത്. സ്വയം ചികിത്സയുണ്ടോ, ഏത് അവസ്ഥയിലാണ് അവർ ചികിത്സ തേടി പോകുന്നത്. ചികിത്സ തേടിപോകുന്നതിൽ എതെല്ലാം കാര്യങ്ങളാണ് അവരെ സ്വാധീനിക്കുന്നത് തുടങ്ങിയവ ഇവിടെ പ്രസക്തമാണ്.

**ആരോഗ്യം**

അന്താരാഷ്ട്ര ആരോഗ്യ സംഘടന (4/0 1164ന 0ഉബ്ടദ്ധിു, 1994ൽ ആരോഗ്യത്തെ നിർവ്വചിച്ചത് ഇപ്രകാരമാണ്.

“ആരോഗ്യമെന്നതു ശാരീരികവും മാനസികവും സാമൂഹികവുമായ സഖ്യമാണ്. അല്ലാതെ രോഗം മാത്രം ഇല്ലാത്ത അവസ്ഥയല്ല "

അതായത്, ആരോഗ്യത്തിന്റെ അർത്ഥ തലങ്ങൾ വളരെ വിശാലമാണ്. ഭാരതത്തിന്റെ പൈതൃക വൈദ്യശാസ്ത്രമായ ആയുർവേദത്തിലും ശാരീരിക, മാനസിക തലങ്ങൾക്ക് അതീതമായി ആരോഗ്യത്തെ വിവക്ഷിക്കുന്നുണ്ട്. ആയുർവേദ ഗ്രന്ഥമായ അഷ്ടാംഗ ഹൃദയത്തിലെ പ്രഥമ പാദമായ സ്വസ്ഥിവൃത്തത്തിൽ വളരെ വിപുലമായ തലത്തിലാണ് ആരോഗ്യത്തെ വീക്ഷിക്കുന്നത്. മാനസിക തലവും സാമൂഹിക ബന്ധങ്ങളുടെ തലവും പരിസരശുചിത്വതലങ്ങളും സ്വസ്ഥിവൃത്തത്തിലെ അരോഗ്യ ചിന്തനത്തിൽ ആയൂർവേദം ഉൾപ്പെടുത്തുന്നു.

ഗോത്ര സമൂഹങ്ങൾ ആരോഗ്യത്തിന് വളരെ പ്രാധാനം നൽകുന്നുണ്ട്. ആരോഗ്യമുണ്ടെങ്കിലേ തൊഴിൽ ചെയ്യാനും അവരുടെ കുടുംബത്തെ പോറ്റാനുമാകുകയുള്ളൂ. ആദിവാസികൾ ആരോഗ്യത്തെ എപ്രകാരമാണ് നിർവ്വചിക്കുന്നുവെന്ന് അന്വേഷിക്കുമ്പോൾ അരോഗ്യത്തിലെ അവരുടെ തൊഴിൽ ചിന്തനകളുടെ ബന്ധം വ്യക്തമാകുന്നതാണ് (പട്ടിക 2.4).

**പട്ടിക 2.4: ആരോഗ്യത്തെക്കുറിച്ച് ആദിവാസികളുടെ കാഴ്ചപ്പാട്, 2023**

| | കാഴ്ചപ്പാട് |
|---|---|
| പുരുഷൻ | ആരോഗ്യമെന്നതു തൊഴിൽ ചെയ്യാൻ പറ്റുന്ന അവസ്ഥയാണ്. അവനവന്റെ കാര്യങ്ങൾ അവനവന് ചെയ്യാൻ പറ്റണം. ശാരിരികമായ ബുദ്ധിമുട്ട് ഉണ്ടാകാത്ത അവസ്ഥ |
| സ്ത്രീ | ആരുടേയും സഹായമില്ലാതെ ജീവിക്കാൻ കഴിയണം. തൊഴിൽ ചെയ്യാൻ കഴിയണം. |

സ്രോതസ്സ് : കൂട്ടായ ചർച്ച, കിലെ 2023

## 2.3.1 കുടുംബങ്ങളിലെ രോഗാവസ്ഥ

പഠനത്തിൽ പങ്കെടുത്ത ആദിവാസി ഗോത്ര കുടുംബങ്ങളിൽ കഴിഞ്ഞ രണ്ടാഴ്ചക്കുളിൽ എതെങ്കിലും തരത്തിലുള്ള രോഗം ഉണ്ടായിരുന്നുവോ എന്ന് അന്വേഷിക്കുകയുണ്ടായി. പട്ടിക 2.5 ൽ ആദിവാസി കുടുംബങ്ങളുടെ അസുഖ വിവരവും ചികിത്സയുമായി ബന്ധപ്പെട്ട ഏതാനും വിവരങ്ങളും നൽകിയിരിക്കുന്നു. രണ്ടു ഗോത്രവിഭാഗങ്ങളിലും 45.2 ശതമാനം കുടുംബങ്ങളിലും എതെങ്കിലും തരത്തിലുള്ള അസുഖമുണ്ട്. മലവേട്ടുവൻ ഗോത്രകുടുംബങ്ങളിലാണ് കൂടുതലായി അസുഖമുള്ളത്. പഠനത്തിൽ പങ്കെടുത്ത പകുതിയോളം മലവേട്ടുവൻ കുടുംബങ്ങൾക്ക് (50.1 ശതമാനം) ഏതെങ്കിലും തരത്തിലുള്ള അസുഖമുണ്ട്. കൊറഗർ വിഭാഗത്തിനിടയിൽ അസുഖമുള്ള കുടുംബങ്ങൾ 25.2 ശതമാനമാണ്.

**പട്ടിക 2.5: ഗോത്ര അടിസ്ഥാനത്തിൽ അസുഖമുള്ള കുടുംബങ്ങളുടെ വിവരങ്ങൾ, 2023**

| വിവരങ്ങൾ | കൊറഗർ | | മലവേട്ടുവൻ | | ആകെ | |
|---|---|---|---|---|---|---|
| | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം |
| അസുഖമുള്ളവ | 25.2 | 63 | 50.1 | 517 | 45.2 | 580 |
| ചികിത്സ തേടിയവ | 85.7 | 48 | 94.6 | 487 | 93.7 | 535 |
| ചികിത്സ രീതി | | | | | | |
| അലോപ്പതി | 57.1 | 28 | 90.9 | 440 | 87.8 | 468 |
| ആയുർവേദം | 38.8 | 19 | 5.6 | 27 | 8.6 | 46 |
| ഹോമിയോപ്പതി | 4.1 | 2 | 2.1 | 10 | 2.3 | 12 |
| പ്രകൃതി ചികിത്സ | 0.0 | 0 | 0.4 | 2 | 0.4 | 2 |
| അലോപ്പതി-ആയുർവ്വേദം | 0.0 | 0 | 1.0 | 5 | 0.9 | 5 |
| മാസ ചികിത്സ ചിലവ് | | | | | | |
| ശരാശരി (രൂപ) | 800 | | 3705 | | 3426 | |
| സ്റ്റാറ്റേർഡ് ഡിവിഷേഷൻ | 1022 | | 4218 | | 4112 | |
| ചിലവ് പറഞ്ഞ കുടുംബങ്ങൾ | 50 | | 471 | | 521 | |

സ്രോതസ്സ് : കിലെ സർവ്വേ 2023

കൊറഗർ കുടുംബങ്ങളിലെ പ്രധാന രോഗങ്ങൾ അനീമിയ, ആസ്ത്മ, വൃക്കാരോഗം, മാനസിക രോഗം, ചുമ, തലവേദന, തൊക്ക് രോഗം, പ്രമേഹം, ക്ഷയരോഗം, വാതരോഗം എന്നിവയാണ്.

മലവേട്ടുവൻ കുടുംബങ്ങളിലെ പ്രധാനരോഗങ്ങൾ പ്രമേഹം, ക്യാൻസർ, തൈറോയിഡ്, വൃക്കാരോഗം, ഹൃദ്രോഹം, അപസ്മാരം, കൊളസ്ധസോൾ, കാഴ്ചക്കുറവ്, രക്തസമ്മർദ്ദം എന്നിവയാണ്. ഇവ കൂടാതെ, കുറച്ചു എൻഡോസൾഫാൻ ദുരിതബാധിതരും ഉണ്ട്.

അസുഖമുള്ള ആകെ കുടുംബങ്ങളിൽ 93.7 ശതമാനം കുടുംബങ്ങളും ചികിത്സ തേടിയിരുന്നു. പക്ഷേ, കൊറഗർ സമുദായത്തിൽ അസുഖങ്ങൾക്ക് ചികിത്സ തേടിയത് 85.7 ശതമാനം കുടുംബങ്ങൾ മാത്രമാണ്. മലവേട്ടുവൻ ഗോത്രത്തിൽ 94.6 ശതമാനം കുടുംബങ്ങളും ചികിത്സ തേടിയിട്ടുണ്ട്.

അലോപ്പതിയേയാണ് ഭൂരിപക്ഷം കുടുംബങ്ങളും ചികിത്സക്കായി ആശ്രയിക്കുന്നത്. പ്രത്യേകിച്ചും മലവേട്ടുവൻ ഗോത്രവിഭാഗത്തിൽ 87.8 ശതമാനം കുടുംബങ്ങളും അലോപ്പതി ചികിത്സ ചെയ്തു. ആയുർവേദ ചികിത്സ വെറും 8.6 ശതമാനം കുടുംബങ്ങൾ മാത്രമാണ് ചെയ്തത്. മലവേട്ടുവൻ ഗോത്ര സമുദായത്തിൽ അനേകം വംശീയ വൈദ്യൻമാരുണ്ടായിട്ടും കുടുംബങ്ങൾ അലോപ്പതി ചികിത്സാരീതിയെ കൂടുതൽ ആശ്രയിക്കുന്നതെന്ന് പഠന വിധേയമാക്കേണ്ടതാണ്.

കൊറഗർ വിഭാഗങ്ങൾക്കിടയിൽ ആയുർവേദത്തിന് താരതമ്യേന കൂടുതൽ സ്വാധീനം കാണുന്നു. അസുഖമുള്ള കുടുംബങ്ങളിൽ 38.8 ശതമാനം കുടുംബങ്ങളും ആയുർവേദ ചികിത്സ ചെയ്തു. രണ്ടു കുടുംബങ്ങൾ ഹോമിയോപതി ഉപയോഗിച്ചിട്ടുണ്ട്.

ചികിത്സാരംഗത്ത് ആദിവാസികൾക്കിടയിൽ വർദ്ധിച്ചുവരുന്ന അലോപ്പതിയുടെ സ്വാധീനം ശ്രദ്ധേയമാണ്. മുൻകാലങ്ങളിൽ ഗോത്രവിഭാഗങ്ങൾ വംശീയ വൈദ്യം മാത്രമാണ് രോഗ ചികിത്സക്കായി ഉപയോഗിച്ചിരുന്നത്. മറ്റ് ചികിത്സാരീതികളുടെ കൂടുതൽ ലഭ്യത അവരുടെ ചികിത്സ സംസ്കാരത്തിൽ മാറ്റം ഉണ്ടാക്കിയിരിക്കുന്നു. സർക്കാരിന്റെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ആദിവാസി ഊരുകളിൽക്കും പ്രാപ്യമാണ്. സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സ പൂർണ്ണമായും സൗജന്യമാണ്. ഒരു പക്ഷേ, അലോപ്പതി ചികിത്സയുടെ കൂടുതൽ സ്വീകാര്യതയ്ക്കു സർക്കാരിന്റെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ കൂടുതൽ ലഭ്യത സഹായിച്ചിട്ടുണ്ടാകാം.

ചുരുക്കത്തിൽ, പഠനവിധേയരായ ആദിവാസി ഗോത്ര വിഭാഗങ്ങൾക്കിടയിൽ പലതരം അസുഖങ്ങളുണ്ട്. പ്രത്യേകിച്ചും ജീവിത ശൈലി രോഗങ്ങൾ ഏറെയാണ്. അവർക്കിടയിലെ ഉയർന്ന രീതിയിലുള്ള മദ്യപാനം, പുകവലി എന്നിവയും മാറിവരുന്ന ഭക്ഷണ സംസ്കാരവും അവരുടെ അസുഖങ്ങൾ കൂടാൻ കാരണമാകുന്നുണ്ട്. പഠനത്തിൽ പങ്കെടുത്ത കൊറഗരിൽ 48.8 ശതമാനവും മലവേട്ടുവൻ അംഗങ്ങളിൽ 90.0 ശതമാനവും തങ്ങളുടെ ഊരിൽ മയക്കുമരുന്ന്, മദ്യപാനം, പുകവലി തുടങ്ങിയ ശീലങ്ങൾ ഗോത്ര വിഭാഗങ്ങൾക്കിടയിലുണ്ടെന്ന് പറഞ്ഞു. അടുത്ത കാലത്ത്, മയക്കുമരുന്നുകളുടെ ഉപയോഗം കുറഞ്ഞു വരുന്നുണ്ട്.

## 2.3.2 ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ

ചികിത്സക്കായി ആശുപത്രി സാകര്യമുണ്ടെന്ന് ബഹുഭൂരിപക്ഷം ആദിവാസികളും ആഭിപ്രായപ്പെട്ടു. ആദിവാസികൾ കൂടുതലും സർക്കാർ ആശുപത്രികളെയാണ് ചികിത്സക്കായി ആശ്രയിക്കുന്നത്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ സേവനം ഇവർക്കു ലഭിക്കുന്നുണ്ട്. പക്ഷേ, ആശുപത്രിയിലേക്കുള്ള ദൂരം പലർക്കും ഒരു പ്രശ്നം തന്നെയാണ് (പട്ടിക 2.6).

പഠനത്തിൽ പങ്കെടുത്ത് നാലിലൊന്ന് ആദിവാസികളും ആശ വർക്കർമാർ തങ്ങളെ സന്ദർശിക്കാറുണ്ടെന്ന് പറഞ്ഞു. പാലിയേറ്റീവ് കെയറിന്റെ സേവനം ചെറിയ തോതിലുണ്ട് (പട്ടിക 2.7) പ്രതിരോധ കുത്തിവയ്പ്പുകൾ ഗോത്രവിഭാഗങ്ങൾ സമയാസമയങ്ങളിൽ എടുക്കുന്നുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഗർഭിണികളായ സ്ത്രീകളോട് എല്ലാ വിധ പ്രതിരോധകുത്തിവയ്പ്പുകൾ എടുത്തിരുന്നുവോ എന്ന് ചോദിച്ചു. കൊറഗർ സമുദായത്തിൽ ഏകദേശം 85 ശതമാനം സ്ത്രീകളും എല്ലാ പ്രതിരോധകുത്തിവയ്പ്പുകളും എടുത്തിട്ടുണ്ട്. മലവേട്ടുവൻ സമുദായത്തിൽ പ്രതിരോധ കുത്തിവയ്പ്പുകൾ എടുത്തവർ 57.7 ശതമാനമാണ്.

**പട്ടിക 2.6: ചികിത്സ തേടാനുള്ള ആശുപത്രി സൗകര്യത്തിന്റെ ലഭ്യത, 2023**

| വസ്തുതകൾ | കൊറഗർ | | മലവേട്ടുവൻ | |
|---|---|---|---|---|
| | ശതമാനം | കുടുംബം | ശതമാനം | കുടുംബം |
| ആശുപത്രി സൗകര്യമുണ്ട് | 92.8 | 231 | 96.5 | 992 |
| ഏതു തരം ആശുപത്രി | | | | |
| പ്രാഥമിക ആരോഗ്യകേന്ദ്രം | 66.3 | 122 | 45.2 | 446 |
| താലൂക്ക് ആശുപത്രി | 17.9 | 33 | 39.2 | 387 |
| മെഡിക്കൽ കോളേജ് | 14.1 | 26 | 0.2 | 2 |
| സ്വകാര്യ ആശുപത്രി | 1.2 | 2 | 7.9 | 78 |
| മറ്റേതെങ്കിലും | 0.5 | 1 | 7.5 | 73 |
| ആകെ | 100.0 | 18.4 | 100.0 | 986 |
| ആശുപത്രിയിലേക്കുള്ള ദൂരം | | | | |
| 1 കിലോമീറ്റർ താഴെ | 1.2 | 2 | 2.0 | 19 |
| 1-5 കിലോമീറ്റർ വരെ | 76.3 | 132 | 51.6 | 482 |
| 5 കിലോമീറ്ററിലും കൂടുതൽ | 22.5 | 39 | 46.4 | 433 |
| ആകെ | 100.0 | 17.3 | 100.0 | 934 |

സ്രോതസ്സ് : കിലെ സർവ്വേ 2023

**പട്ടിക 2.7: സേവനങ്ങളും പ്രതിരോധ കുത്തിവയ്പ്പുകളും, 2023**

| വസ്തുതകൾ | കൊറഗർ | | മലവേട്ടുവൻ | |
|---|---|---|---|---|
| | ശതമാനം | കുടുംബം | ശതമാനം | കുടുംബം |
| ആശാ വർക്കറുടെ സേവനം | 74.0 | 185 | 74.3 | 767 |
| അംഗൻവാടി വർക്കേഴ്സ് | 74.4 | 186 | 54.7 | 565 |
| പാലിയേറ്റീവ് കെയർ | 14.4 | 36 | 27.7 | 286 |
| പ്രതിരോധക്കുത്തിവയ്പ്പുകൾ | | | | |
| കുട്ടികൾക്ക് (15 വയസ്സുവരെ) | 87.4 | 83 | 89.6 | 438 |
| ഗർഭിണികൾക്ക് | 84.6 | 33 | 7.7 | 116 |

സ്രോതസ്സ് : കിലെ സർവ്വേ 2023

മലവേട്ടുവൻ സമുദായങ്ങൾക്കിടയിൽ ഫലപ്രദമായ ചികിത്സരീതികൾ ഉണ്ട് (Thomas V.P. and Thomas, 2017). പല മലവേട്ടുവൻ വംശീയ ചികിത്സകരും കേരളത്തിന് പുറത്തുപോയി മാറാരോഗങ്ങൾ ചികിത്സിക്കുന്നുണ്ട്. പക്ഷേ, എന്തു കൊണ്ട് ഗോത്രവർഗ്ഗക്കാർ ഇത് വേണ്ടത്ര രീതിയിൽ ഉപയോഗിക്കുന്നില്ല എന്നതു ചിന്തനീയമാണ്. സർക്കാരിന്റെ സൗജന്യ മെഡിക്കൽ ക്യാമ്പുകളും ആശാ വർക്കർമാരുടെ പ്രവർത്തനങ്ങളും ആദിവാസികളെ കൂടുതൽ അലോപ്പതി ചികിത്സയോടു ആഭിമുഖ്യം ഉണ്ടാക്കുന്നു. കൂടാതെ, ആരോഗ്യ പരിപാലന രംഗത്ത് സ്വയം സേവക സംഘടനകളും പൊതുവിൽ അലോപ്പതി ചികിത്സാരീതിയെയാണ് കൂടുതൽ പിൻതുണക്കുന്നത്.

### 2.3.3 ചികിത്സാ ചിലവുകൾ

ആദിവാസികൾക്ക് സർക്കാരിന്റെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ചികിത്സ സൗജന്യമായി ലഭിക്കുന്നുണ്ട്. എന്നാൽ കൂടിയും മരുന്നുകൾക്കും യാത്രകൾക്കുമായി തങ്ങളുടെ വരവിന്റെ നല്ലൊരു ഭാഗം ചികിത്സക്കായി ചിലവഴിക്കുന്നുണ്ട്. രോഗമുള്ള കുടുംബങ്ങളിൽ ശരാശരി 3426 രൂപ മാസം ചെലവഴിക്കുന്നുണ്ട്. ചികിത്സാ ചിലവ് കൊറഗരെക്കാൾ മലവേട്ടുവൻ സമുദായങ്ങൾക്ക് കൂടുതലാണ്. കൊറഗ കുടുംബം ശരാശരി 800 രൂപ ഒരു മാസം ചികിത്സക്കായി ചെലവിട്ടപ്പോൾ മലവേട്ടുവർക്ക് ഇതു 3705 രൂപയാണ്.

സർക്കാരിന്റെ ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പല കുടുംബങ്ങൾക്കും ലഭിച്ചിട്ടില്ല. കൊറഗർ വിഭാഗത്തിൽ 7.6 ശതമാനം കുടുംബങ്ങൾക്ക് മാത്രമാണ് ആരോഗ്യ ഇൻഷ്വറൻസ് കാർഡ് ലഭിച്ചിട്ടുള്ളത്. മലവേട്ടുവൻ ഗോത്രസമുദായത്തിൽ 53.3 ശതമാനം കുടുംബങ്ങൾക്ക് ചികിത്സാകാർഡ് ലഭിച്ചിട്ടുണ്ട്.

ആകസ്മികമായ ചിലവുകൾക്ക് ഭൂരിഭാഗം ആൾക്കാരും കടം വാങ്ങും. പിന്നീട് കൂലിപ്പണി ചെയ്തു ആ കടം വീട്ടും. വളരെ കുറച്ച് കുടുംബങ്ങൾ തങ്ങളുടെ നിക്ഷേപങ്ങളെ അടിയന്തരമായ ചിലവുകൾക്ക് ഉപയോഗിച്ചിട്ടുണ്ടെന്ന് പറഞ്ഞു.

## 2.4 വിദ്യാഭ്യാസം

പാർശ്വവൽകൃതമായ സമൂഹത്തിന്റെ ശാക്തീകരണത്തിന് ഏറ്റവും ശക്തമായ ഉപാധി വിദ്യാഭ്യാസമാണ്. ആദിവാസികളുടെ വിദ്യാഭ്യാസത്തിനായി ഒട്ടേറെ സ്കൂളുകൾ സർക്കാർ വിവിധ കാലങ്ങളിൽ തുടങ്ങിയിട്ടുണ്ട്. പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കിഴിൽ വരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഏകലവ്യ മോഡൽ റസിഡൻഷൽ സ്കൂളുകൾ, ആശ്രമം സ്കൂളുകൾ, ആദിവാസി സ്കൂളുകൾ എന്നിവയിൽ പഠനവിധേയരായ ഗോത്രവിഭാഗങ്ങൾ പഠിക്കുന്നുണ്ട്.

ഇവകൂടാതെ, സർക്കാരിന്റെയും സർക്കാരിതര സ്ഥാപനങ്ങളുടേയും നിരവധി സ്കൂളുകൾ, കാസർകോഡുണ്ട്. സർക്കാർ സ്കൂളുകളിൽ വിദ്യാഭ്യാസം സൗജന്യമാണ്. പല സ്കൂളുകളിലും ബസ്സ് സൗകര്യമുണ്ട്. പല സർക്കാർ ധനസഹായ സ്കൂളുകളിലും (aided schools) സർക്കാർ ധനസഹായമില്ലാത്ത സ്കൂളുകൾ,കളിലും (unaided school) ആദിവാസികുട്ടികൾക്ക് സൗജന്യമോ ഫീസ് ഇളവുകളോ നൽകുന്നുണ്ട്. എന്നിട്ടും പല ആദിവാസി കുട്ടികളും പല കാരണങ്ങളാൽ സ്കൂളുകളിൽ സ്ഥിരം പോകുവാൻ മടിക്കുന്നു.

പഠനം നിർത്തി പോകുന്ന ആദിവാസി കുട്ടികളുടെ കണക്കുകൾ സർക്കാർ കാലകാലങ്ങളിൽ ശേഖരിക്കുന്നുണ്ട്. സർക്കാർ 2013ൽ പ്രസിദ്ധീകരിച്ച വിവരങ്ങൾ പ്രകാരം കൊറഗർ, മലവേട്ടുവൻ സമുദായങ്ങളിലെ പഠനം നിർത്തിയവരുടെ എണ്ണം വളരെ കൂടുതലാണ് (പട്ടിക 2.8). പല കുട്ടികളും സ്കൂൾ തലത്തിൽ പഠന വിമുഖത കാണിക്കുന്നു.

**പട്ടിക 2.8: പഠനം നിർത്തിയ ആദിവാസി കുട്ടികളുടെ എണ്ണം**

| | പഠനം നിർത്തിയ ക്ലാസ് | കൊറഗർ | മലവേട്ടുവൻ |
|---|---|---|---|
| 1 | പ്രൈമറി | 19 | 506 |
| 2 | സെക്കണ്ടറി | 50 | 784 |
| 3 | ഹയർ സെക്കണ്ടറി | 10 | 122 |
| 4 | ഗ്രാജ്ജ്വേഷൻ | 5 | 133 |
| 5 | പോസ്റ്റ് ഗ്രാജ്ജ്വേഷൻ | 9 | 95 |
| 6 | സർട്ടിഫിക്കറ്റ് കോഴ്സ് | 15 | 155 |

സ്രോതസ്സ് : കേരളസർക്കാർ (2013)

എന്തു കൊണ്ടാണ് ആദിവാസി കുട്ടികൾക്ക് പഠനത്തിനോട് വിമുഖതയുണ്ടാകുന്നത്, അവർ എന്തു കൊണ്ട് പഠനം പൂർത്തിയാക്കുന്നില്ല. എന്നിവ അന്വേഷണ വിധേയമാക്കിയിട്ടുണ്ട്. പ്രത്യേകിച്ചും, മലവേട്ടുവൻ സമുദായത്തിൽ സെക്കണ്ടറി, ബിരുദതലത്തിൽ വൻപിച്ച രീതിയിൽ പഠനത്തിൽ നിന്നും കൊഴിഞ്ഞു പോകലാണ് സംഭവിക്കുന്നത്. കൊറഗരെ സംബന്ധിച്ചടത്തോളം എല്ലാ ക്ലാസ്സുകളിലും ഈ കൊഴിഞ്ഞുപോക്കുന്നത് വളരെ സ്പഷ്ടമാണ്. സർക്കാരിന്റെ അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ പ്രകാരം ദാരിദ്ര്യവും സാമ്പത്തിക പ്രശ്നങ്ങളുമാണ് കോറഗരും മലവേട്ടുവരും പഠനം നിർത്തുന്നത് (പട്ടിക 2.9). ആദിവാസി കുട്ടികൾക്കുണ്ടാകുന്ന അന്യവൽക്കരണം ഒരു വലിയ പ്രശ്നം തന്നെയാണ്. പല കുട്ടികളും ഒരു ക്ലാസ്സിൽ തോറ്റുപോയാൽ പിന്നെ തുടർന്നു പഠിക്കില്ല (കേരളസർക്കാർ, 2013).

അടുത്ത കാലത്ത് സ്കൂളുകളിൽ തോൽക്കുന്ന കുട്ടികൾ വളരെ അപൂർവ്വമാണ്. പക്ഷേ, പല കുട്ടികളും സർക്കാർ സ്കൂളിൽ പോകുന്ന ദിനങ്ങൾ കുറവാണ്. പക്ഷേ, മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ കാര്യത്തിൽ കുട്ടികൾ അവിടെ താമസിക്കുന്നതു കൊണ്ട് ക്ലാസ്സുകൾ നഷ്ടപ്പെടുന്നില്ല. കൊറഗർ സമുദായത്തിലുള്ളവർ കുട്ടികളെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിപ്പിക്കാൻ താത്പര്യം കുറവാണ്. അതിനു പ്രധാന കാരണം അമ്മമാർക്ക് കുട്ടികളുമായുള്ള ബന്ധം നഷ്ടപ്പെടുമെന്ന ഭയമാണ്. അവർ കുട്ടികളുടെ വിദ്യാഭ്യാസത്തെക്കാൾ ബന്ധങ്ങൾക്ക് കൂടുതൽ വില കൽപ്പിക്കുന്നു. സർക്കാർ കുട്ടികളെ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ സൗജന്യമായി പഠിപ്പിക്കുന്നതിനു പകരം വിടിനടുത്തുള്ള സ്വകാര്യ സ്കൂളിൽ പഠിപ്പിക്കുന്നതിന് ഫീസ് സർക്കാർ നൽകണമെന്നാണ് പലരുടേയും അവശ്യം. അങ്ങനെ ചെയ്യുകയാണെങ്കിൽ കുട്ടികൾക്ക് സമീപ സ്കൂളുകളിൽ വാഹനത്തിൽ പോയി പഠിക്കാനാകുകയും വീട്ടിലെ മറ്റ് അംഗങ്ങളുമായി ദിവസവും സംബർഗ്ഗമുണ്ടാവുകയും ചെയ്യും. മറ്റൊന്ന്, ഗോത്രവിഭാഗത്തിലല്ലാത്ത കുട്ടികളുമായും ഇടപഴകുവാൻ ഇതു സാഹചര്യമുണ്ടാക്കുന്നു.

അതേ സമയം, കുട്ടികളെ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പഠിപ്പിക്കുന്നതാണ് കുടുതൽ ഉചിതമെന്ന് വാദിക്കുന്ന ചില സാമൂഹിക പ്രവർത്തകരുമുണ്ട്. കോളനികളിലെ ലഹരി വസ്തുക്കളൂടേ ഉപയോഗവും മറ്റു സാഹചര്യങ്ങളും അടിസ്ഥാനമാക്കിയാണ് ഇവർ ഈ വാദമുഖങ്ങളുയർത്തുന്നത്.

**പട്ടിക 2.9: കുട്ടികൾ പഠനം നിർത്തിയതിനുള്ള കാരണങ്ങൾ**

| നം. | പഠനം നിർത്തിയതിനുള്ള കാരണം | കൊറഗർ | മലവേട്ടുവൻ |
|---|---|---|---|
| 1 | ദാരിദ്ര്യവും സാമ്പത്തിക പ്രശ്നങ്ങളും | 97 | 1060 |
| 2 | തോറ്റുപോയി | 26 | 373 |
| 3 | സ്ഥാപനം വളരെ അകലെയാണ് | 0 | 48 |
| 4 | സ്ഥാപനത്തിലേക്കുള്ള യാത്ര ദുർഘടം | 0 | 15 |
| 5 | കുടുംബ പ്രശ്നം | 5 | 295 |
| 6 | അന്യവൽക്കരണം (Sense of allienation) | 0 | 154 |
| 7 | കല്യാണം | 1 | 44 |
| 8 | ഗോത്രാചാര രീതിമൂലം | 1 | 2 |
| 9 | മറ്റുള്ളവ | 7 | 96 |
| | ആകെ | 137 | 2087 |

സ്രോതസ്സ് : കേരളസർക്കാർ (2013)

**സമൂഹ പഠനമുറി**

സർക്കാർ 2017-18 കാലഘട്ടത്തിൽ തുടങ്ങിയ നവീന പദ്ധതിയാണ് സമൂഹ പഠനമുറി. കേരളത്തിൽ ആദ്യഘട്ടത്തിൽ 250 സെന്ററുകളാണ് തുടങ്ങിയത്. ഓരോ സമൂഹ പഠന കേന്ദ്രത്തിലും കമ്പ്യൂട്ടർ, ഇൻറർനെറ്റ് സൗകര്യം, ഇരുന്നു വായിക്കാനുള്ള സൗകര്യം, തുടങ്ങിയവ തയ്യാറാക്കിയിട്ടുണ്ട്. ഓരോ ആദിവാസി ഊരിലും അതാതു സമുദായത്തിൽപ്പെട്ട ആദിവാസിയേയാണ് അദ്ധ്യാപകനായി നിയമിക്കുന്നത്. അതുകൊണ്ടു തന്നെ കുട്ടികളുമായി സംവദിക്കുന്നതിനും അവരുടെ വിദ്യാഭ്യാസം ഉറപ്പിക്കുന്നതിനും ഇതു സഹായകരമാകുന്നു. കൂടാതെ, സ്കൂളുകളിലെ പഠനത്തിൽ നിന്നുള്ള കൊഴിഞ്ഞുപോക്കൽ (School drop outs) തടയുന്നതിനും ഇതു സഹായിക്കുന്നു.

സർവ്വേയിൽ പഠനമുറികൾ നല്ലരീതിയിൽ പ്രവർത്തിക്കുന്നതായി ഗോത്രക്കാർ പറയുന്നു. വിവരശേഖരണത്തിനായി പോയപ്പോൾ സമൂഹ പഠനമുറികളിൽ ചിലതു പ്രവർത്തനരഹിതമാണ്. ഫണ്ടിന്റെ അപര്യാപ്ത ഒരു പ്രശ്നം തന്നെയാണ്. ഇതു നടത്തുവാൻ സ്വയം പ്രേരിതരായ ഗോത്രവിഭാഗത്തിലുള്ള യുവതി യുവാക്കാൾ മുന്നോട്ടു വരേണ്ടതുണ്ട്. എങ്കിൽ മാത്രമേ കുട്ടികൾ സമൂഹ പഠനമുറികളിൽ എത്തുകയുള്ളൂ.

ആദിവാസി ഉരുകളിൽ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി സമൂഹ പഠനമുറികളുണ്ട്. സമൂഹ പഠന മുറികളിൽ പോകുന്ന കുട്ടികളിൽ വിദ്യാഭ്യാസത്തിനോട് താത്പര്യം കൂടുതലായി കണ്ടുവരുന്നു. പഠന മുറികളിൽ കുട്ടികൾക്ക് ലഘുഭക്ഷണം നൽകുന്നുണ്ട്. പഠനമുറികൾ നടത്തുന്നത് ആതാതു ഗോത്രവിഭാഗങ്ങളിലെ അംഗങ്ങൾ തന്നെയായതു കൊണ്ട് കുട്ടികളുമായുള്ള ആശയവിനിമയം സുഗമമാകുന്നു.

സർവ്വേയിൽ പങ്കെടുത്ത കൊറഗരിൽ 10.7 ശതമാനം തങ്ങളുടെ കോളനിയിൽ പഠനമുറിയുണ്ടെന്ന് അറിയിച്ചു. പഠനമുറിയുണ്ടെന്ന് പറഞ്ഞവരിൽ 88.4 ശതമാനവും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന അഭിപ്രായക്കാരാണ്. മലവേട്ടുവൻ സമുദായക്കാരിൽ 28 ശതമാനം ചേർ തങ്ങളുടെ കോളനിയിൽ സാമൂഹിക പഠനമുറിയുണ്ടെന്ന് പറഞ്ഞു. അവരിൽ 92.1 ശതമാനവും പഠനമുറികൾ നല്ലരീതിയിൽ പ്രവർത്തിക്കുന്നതായി പറഞ്ഞു.

**ഗോത്ര വാത്സല്യ നിധി**

സർക്കാർ പെൺകുട്ടികൾക്കായി 2017-18 കാലഘട്ടത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ സംസ്ഥാനത്ത് 2088 പെൺകുട്ടികൾ ചേർന്നിട്ടുണ്ട്. പെൺകുട്ടികളുടെ ജനനം മുതൽ ഉന്നതവിദ്യാഭ്യാസ കാലഘട്ടം വരെ ഇതിന്റെ ഗുണഫലം ലഭിക്കും. പത്താം ക്ലാസ്സ് ജയിച്ച 18 വയസ്സ് തികഞ്ഞ പെൺകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനായി ഇൻഷ്വറൻസ് തുക ഉപയോഗിക്കാം. ഏതെങ്കിലും സാഹചര്യത്തിൽ മരണമോ സ്ഥിരമായ വൈകല്യമോ കുട്ടിക്ക് ഉണ്ടാവുകയാണെങ്കിൽ കുടുംബത്തിനും ഇൻഷ്വറൻസ് പരിരക്ഷ നൽകും.

### 2.4.1 സ്കൂൾ വിദ്യാഭ്യാസം

കേരളത്തിൽ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ രണ്ട് സ്കൂളുകൾ കാസർകോഡ് ജില്ലയിലാണ്. അതിലൊന്ന് കൊറഗർ ഗോത്രത്തിലെ കുട്ടികളുടെ പഠനത്തിനുവേണ്ടി പ്രത്യേകം സ്ഥാപിച്ചതാണ്. അടുത്തക്കാലത്ത് സംസ്ഥാന ആസൂത്രണ ബോഡിനുവേണ്ടി നടത്തപ്പെട്ട ഒരു പഠനം ഈ സ്കൂളിന്റെ വളരെ പരിതാപകരമായ അവസ്ഥയെക്കുറിച്ച് വസ്തുതകളുടെ അടിസ്ഥാനത്തിൽ വിവരിക്കുകയുണ്ടായി (IRTC 2020).

**മോഡൽ റസിഡൻഷ്യൽ സ്കൂൾ കൊറഗർ**

കൊറഗർ ഗോത്രത്തിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ആരംഭിച്ച ഈ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ക്ലാസ് 1 മുതൽക്ക് പ്രവേശനം നൽകിവരുന്നുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഇവിടെ പ്രവേശനമുണ്ട്. ആകെ 35 കുട്ടികൾക്ക് പഠിക്കാനുള്ള സൌകര്യം ഇവിടെ ഒരുക്കിയിട്ടുണ്ട്.

സ്കൂളിലേയ്ക്ക് ഒരോ അക്കാദമിക് വർഷത്തെയും അപേക്ഷ സ്വീകരിക്കുന്നത് ജൂൺ മാസത്തിലാണ്. അപേക്ഷ നേരിട്ടോ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മുഖേനയോ സമർപ്പിക്കാവുന്നതാണ്. ജാതി സർട്ടിഫിക്കറ്റും വരുമാന പരിധി ഒരു ലക്ഷത്തിൽ കുറവാണെന്നതിനുമുള്ള രേഖ നൽകണം. പ്രക്തന വിഭാഗങ്ങൾക്ക് പ്രവേശന പരീക്ഷയിൽ നിന്നും വരുമാന പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

കൊറഗർക്ക് വേണ്ടി സ്ഥാപിച്ച മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഒട്ടേറെ കുട്ടികൾ പഠിക്കുന്നുണ്ട്. പക്ഷേ, ഇപ്പോൾ മറ്റ് ഗോത്രവിഭാഗങ്ങളിലുള്ള കുട്ടികൾക്കും ഇവിടെ പ്രവേശനം നൽകുന്നുണ്ട്. കുട്ടികൾ

ഇവിടെ നിന്നു പഠിക്കുന്നതു കൊണ്ട് അവർക്ക് ക്ലാസ്സുകൾ യാതൊന്നും നഷ്ടമാകുന്നില്ല. മാത്രവുമല്ല, അവരുടെ ഗോത്രഭാഷയിൽ ആശയവിനിമയം നടത്താനാവുന്ന അദ്ധ്യാപകരും സ്കൂളിലുണ്ട്.

ഈ സ്കൂളുകളിൽ പഠിച്ച കുട്ടികൾക്ക് മറ്റ് സ്കൂളികളിലെ കുട്ടികളേക്കാൾ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കാനാകുന്നുണ്ട്. പല കുട്ടികൾക്കും കോളേജു വിദ്യാഭ്യാസം നേടാനും സ്ഥിരവരുമാനമുള്ള തൊഴിലുകൾ നേടാനുമായിട്ടുണ്ട്.

| മോഡൽ റസിഡൻഷ്യൽ സ്കൂൾ പരവനടുക്ക |
|---|
| ആദിവാസി പെൺകുട്ടികൾക്കായി കാസർകോഡ് ആരംഭിച്ച മോഡൽ റസിഡൻഷ്യൽ സ്കൂളാണിത്. അഞ്ചാം ക്ലാസ്സുമുതൽ കുട്ടികൾക്ക് പ്രവേശനം നൽകുന്നുണ്ട്. ആകെ ലഭ്യമായ സീറ്റ് 35 എണ്ണമാണ്. മലവേട്ടുവൻ സമുദായത്തിലെ ഒട്ടേറെ പെൺകുട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നുണ്ട്. |

സ്കൂൾ വിദ്യാഭ്യാസത്തിനായി മറ്റ് ജില്ലകളിൽ പോയി പഠിക്കുന്ന ഒട്ടേറെ ആദിവാസികൾ കാസർകോഡ് ജില്ലയിലുണ്ട്. സ്കൂൾ പഠനത്തിനായി ആദിവാസികളെ ക്യാൻവാസ് ചെയുന്ന സ്വകാര്യ സർക്കാർ എയ്ഡഡ് സ്കൂളുകളുണ്ട്. ഈ സ്കൂളുകൾ അദ്ധ്യാപകരുടെ ജോലി ഉറപ്പാക്കുന്നതിനുവേണ്ടിയാണ് കുട്ടികളെ കൂടുതലും ക്യാൻവാസ് ചെയുന്നത്. കുട്ടികളുടെ താമസ സൗകര്യം, ചിലവുകൾ എന്നിവ അവർ സ്വയം വഹിക്കും. കൂടാതെ, പലപ്പോഴും കുട്ടികളുടെ കുടുംബങ്ങളേയും സഹായിക്കാറുണ്ട്. മതാതിഷ്ഠിത സ്വയം സേവ സംഘടനകളാണ് ഈ സേവനങ്ങളിൽ കൂടുതലും പ്രവർത്തിക്കുന്നത്.

| മോഡൽ റസിഡൻഷ്യൽ സ്കൂൾ കൊറഗർ |
|---|
| യാത്രാ സൗകര്യമില്ലാത്തതിനാൽ പല ഊരുകളിലും ആദിവാസികുട്ടികൾ പഠനം ഇടക്കുവച്ച് മതിയാക്കുന്നു. പതിനാല് വയസ്സുവരെയുള്ള ആദിവാസി കുട്ടികളുടെ പഠനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഒരു പദ്ധതിയാണ് ഗോത്ര സാരഥി. വാഹന സൗകര്യമില്ലാത്ത ഉറ്റപ്പെട്ട ഉൾപ്രദേശത്തിലെ കുട്ടികൾക്ക് സ്കൂളിൽ പോകാൻ വാഹന സൌകര്യം അനുവദിച്ചു നൽകുന്ന പദ്ധതിയാണിത്. വീട്ടിൽ നിന്നും സ്കൂളിൽ എത്താനുള്ള വാഹന വാടക (ഓട്ടോ/ജീപ്പ്//വാൻ തുടങ്ങിയവയ്ക്കു) ഈ പദ്ധതിയിലൂടെ സർക്കാർ അനുവദിച്ചു നൽകുന്നു. ത്രിതല പഞ്ചായത്തുകളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

## 2.4.2 കോളേജ് വിദ്യാഭ്യാസം

കോളേജ് വിദ്യാഭ്യാസം ഉള്ളവർ ഗോത്രവിഭാഗക്കാർക്കിടയിൽ പൊതുവിൽ കുറവാണ് (പട്ടിക 2.10). അടുത്തകാലത്തായി കുറച്ചു പേർ കോളേജുകളിൽ പോകുന്നുണ്ട്. പഠനത്തിൽ പങ്കെടുത്ത കുടുംബങ്ങളിൽ 44 കൊറഗരും 183 മലവേട്ടുവൻമാരും കോളേജ് വിദ്യാഭ്യാസം നേടിയിട്ടുണ്ട്. രണ്ടു ഗോത്രവിഭാഗങ്ങളിലും പെൺകുട്ടികളാണ് കോളേജ് പഠനത്തിൽ മുന്നിട്ട് നിൽക്കുന്നത്.



(a) ആദിവാസി കുട്ടികൾ (b) സ്കൂളിലെ പഠനം

**ചിത്രം 2.2: ആദിവാസി കുട്ടികളും സ്കൂളും, 2023**

## 2.5 സാമ്പത്തിക സ്ഥിതി

പഠനവിധേയരായ ഗോത്രവിഭാഗങ്ങളിലെ ബഹുഭൂരിപക്ഷം ആളുകളുടേയും നിലവിലെ സാമ്പത്തിക സ്ഥിതി വളരെ പരിതാപകരമാണ്. വളരെ കുറച്ച് പേർക്ക് ഒരേക്കറിൽ കൂടുതൽ ഭൂമിയുണ്ടെങ്കിലും അവയിൽ നിന്ന് വരുമാനം ഒന്നുമില്ല. വീടുകൾ ബഹുഭൂരി പക്ഷവും മോശമാണ്. നിക്ഷേപങ്ങൾ ഉള്ള കുടുംബങ്ങൾ കുറവാണ്. ഇവരിൽ പലർക്കും വായ്പകൾ ഉണ്ട്. കുറച്ച് കുടുംബങ്ങൾക്ക് വാഹന സാകര്യവും അത്യാവിശ്യ ജംഗമ വസ്തുക്കളുമുണ്ട്. ഇവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങളാണ് ഈ ഭാഗത്തിൽ പ്രധാനമായും ചർച്ച ചെയ്യപ്പെടുന്നത്.

### 2.5.1 ഭൂമിയും വീടും

പഠനത്തിൽ പങ്കെടുത്ത കൊറഗർ വിഭാഗത്തിൽ 60.4 ശതമാനം പേർക്ക് ഭൂമിയുണ്ട്. ഭൂമിയുള്ളവരിൽ (151 കുടുംബം) 55.0 ശതമാനം ആൾക്കാർക്കും 10 സെൻറ് ഭൂമിയോ അതിൽ കുറവോ ഭൂമിയുള്ളവരാണ്. ഭൂമിയുള്ളവരിൽ 21 ശതമാനം കുടുംബങ്ങൾക്ക് 50 സെൻറോ അതിൽ കൂടുതലോ ഭൂമിയുണ്ട്. ഒരേക്കർ ഭൂമിയുള്ള 8 കുടുംബങ്ങൾ ഉണ്ട്.

മലവേട്ടുവൻ സമുദായത്തെ സംബന്ധിച്ചടത്തോളം 9.8 ശതമാനം കുടുംബങ്ങൾക്ക് ഭൂമിയില്ല. ഭൂമിയുള്ളവരിൽ 63.6 ശതമാനവും 10 സെൻറോ അതിൽ കുറവോ ഭൂമിയുള്ളവരാണ്. ഭൂമിയുള്ളവരിൽ 50 സെൻറോ അതിൽ കൂടുതലോ ഭൂമിയുള്ളവർ 8 ശതമാനമാണ്. ഒരേക്കർ ഭൂമിയുള്ള 26 കുടുംബങ്ങൾ ഉണ്ട്.

ഗോത്രവിഭാഗങ്ങൾ പറഞ്ഞ ഭൂമിയുടെ അളവിനെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ ചിത്രം 2.3-ൽ നിന്നും മനസ്സിലാക്കാവുന്നതാണ്. കൊറഗർ വിഭാഗത്തിലെ ഭൂമിയുള്ളവരുടെ ശരാശരി ഭൂമി 23.5 സെൻ്റാണ്. അതേസമയം മലവേട്ടുവൻ സമുദായത്തിൽ ഭൂമിയുള്ളവരിൽ ശരാശരി ഭൂമി 17.6 സെൻ്റാണ് (പട്ടിക 2.11).

**പട്ടിക 2.10: കുടുംബാഗങ്ങളുടെ വിദ്യാഭ്യാസം, 2023**

| വിദ്യാഭ്യാസം | ഗോത്രവിഭാഗം | | | | ആകെ | |
|---|---|---|---|---|---|---|
| | കൊറഗർ | | മലവേട്ടുവൻ | | | |
| | ശതമാനം | ആൾ | ശതമാനം | ആൾ | ശതമാനം | ആൾ |
| നിരക്ഷരർ | 0.3 | 2 | 14 | 518 | 11.8 | 520 |
| എഴുതാനറിയാം | 1.1 | 8 | 5.3 | 197 | 4.7 | 205 |
| ക്ലാസ് 1 മുതൽ 4 വരെ | 16.5 | 117 | 16.6 | 64 | 16.6 | 73 |
| ക്ലാസ് 5 മുതൽ 7 വരെ | 40.8 | 289 | 173 | 640 | 21.1 | 929 |
| ഹൈസ്കൂൾ | 14.3 | 101 | 15.8 | 585 | 15.6 | 686 |
| ക്ലാസ് 10 മുതൽ 12 വരെ | 20.8 | 147 | 26 | 960 | 25.2 | 1107 |
| ഡിഗ്രി | 4.7 | 33 | 2.6 | 95 | 2.9 | 128 |
| പി.ജി. | 0.4 | 3 | 0.4 | 16 | 0.4 | 19 |
| ഡിപ്ലോമ കോഴ്സ് | 1.1 | 8 | 0.8 | 28 | 0.8 | 36 |
| മറ്റുള്ളവ | 0.0 | 0 | 1.1 | 40 | 0.9 | 40 |
| ആകെ | 100 | 708 | 100 | 3693 | 100 | 4401 |


കറിപ്പ്: 7 വയസ്സ് പ്രായം തികഞ്ഞവർ മാത്രം

സ്രോതസ്സ് : കിലെ സർവ്വേ 2023

**പട്ടിക 2.11: ഗോത്രവിഭാഗങ്ങളിലെ ശരാശരി ഭൂമി, 2023**

| വസ്തുതകൾ | ഗോത്രവിഭാഗം | | ആകെ |
|---|---|---|---|
| | കൊറഗർ | മലവേട്ടുവൻ | |
| ഭൂരഹിത കുടുംബങ്ങൾ | | | |
| എണ്ണം | 99 | 101 | 200 |
| ശതമാനം | 39.6 | 9.8 | 15.6 |
| ഭൂമിയുള്ള കുടുംബങ്ങൾ | | | |
| എണ്ണം | 151 | 931 | 1082 |
| ശതമാനം | 60.4 | 90.2 | 84.4 |
| ശരാശരി ഭൂമി (Mean) | 23.5 | 17.6 | 18.4 |
| വ്യതിയാനം (Std. Deviation) | 24.9 | 23.3 | 23.6 |
| കുടുംബത്തിന്റെ കുറഞ്ഞ ഭൂമി (Minimum) | 3 | 1 | 1 |
| കുടുംബത്തിന്റെ കൂടിയ ഭൂമി (Maximum) | 100 | 300 | 300 |
| മീഡിയൻ (Median) | 10 | 10 | 10 |

സ്രോതസ്സ് : കിലെ സർവ്വേ 2023




**ചിത്രം 2.3: ഗോത്രവിഭാഗങ്ങൾ പറയപ്പെട്ട കുടുംബത്തിലെ ഭൂമിയുടെ അളവ്, 2023**

വീടുകളെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക 2.12 യിൽ നൽകിയിരിക്കുന്നു. കൂടുതൽ കുടുംബങ്ങളും ചെറിയ വീടുകളിലാണ് താമസിക്കുന്നത്. സർക്കാർ വച്ചു നൽകിയ വീടുകളിൽ നാല് മുറികൾ ഉണ്ട്. മലവേട്ടുവൻ സമുദായത്തിൽ ഷെഡ്ഡുകളിൽ കഴിയുന്ന 28 കുടുംബങ്ങൾ സർവ്വേയിൽ പങ്കെടുത്തിട്ടുണ്ട്. പഠനത്തിൽ പങ്കെടുത്ത 142 കുടുംബങ്ങളിൽ ഒരു മുറിയുള്ളതാണ്. കൊറഗർ കുടുംബത്തിൽ ഒരു മുറിയുള്ള വീടുകൾ 39 എണ്ണമാണ്. പല കൊറഗരുടെയും വീടുകളുടെ സ്ഥിതി വളരെ ശോചനീയമാണ് (ചിത്രം 2.4).

വസ്തുവിന് പട്ടയം ഇല്ലാത്തതുകാരണം സർക്കാരിൽ നിന്നും വീട് ലഭിക്കാത്ത ആദിവാസികളുണ്ട്. കോടോംബേളൂർ ഗ്രാമപഞ്ചായത്തിലെ കുണ്ടിലടക്ക് എന്ന സ്ഥലത്തെ താമസക്കാരിയാണ് 35 വയസ്സ പ്രായം ഉള്ള മലവേട്ടുവൻ സമുദായത്തിലെ നിഷ. മലയാളത്തിൽ ബിരുദവും ടി.ടി.സി ബിരുദവും നേടിയശേഷം പാണ്ടേക്കാടിലുള്ള ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളിൽ യു.പി വിഭാഗത്തിൽ വളരെ തുച്ഛമായ ശബളത്തിൽ ജോലി ചെയ്യുകയാണവർ. ഭർത്താവും രണ്ടു കുട്ടികളും അമ്മയും ഉൾപ്പെടെ അഞ്ച് പേർ അടങ്ങുന്നതാണ് ഇവരുടെ കുടുംബം. ഭർത്താവ് ഡ്രൈവർ ആണ്. മകൻ തിരുവനന്തപുരത്തെ അയ്യങ്കാളി സ്പോർട്ട്സ് സ്കൂളിലും മകൾ കാസർകോഡുള്ള പെൺകുട്ടികൾക്കുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിലും പഠിക്കുന്നു.

**പട്ടിക 2.12: വീടിനെക്കുറിച്ചുള്ള വിവരങ്ങൾ, 2023**

| വസ്തുതകൾ | കൊറഗർ | | മലവേട്ടുവൻ | |
|---|---|---|---|---|
| | ശതമാനം | എണ്ണം | ശതമാനം | എണ്ണം |
| താമസം | | | | |
| സ്വന്തം വീട് | 73.2 | 183 | 83.1 | 858 |
| കുടുംബവീട് | 24.0 | 0 | 13.1 | 135 |
| വാടക വീട് | 1.6 | 4 | 1.1 | 11 |
| മറ്റുള്ളവ | 1.2 | 3 | 2.7 | 28 |
| ആകെ | 100.0 | 250 | 100.0 | 1032 |
| വീട്ടിലെ മുറികളുടെ എണ്ണം | | | | |
| ഇല്ല, | 0.0 | 0 | 2.7 | 28 |
| 1 | 16.0 | 39 | 13.9 | 142 |
| 2 | 9.8 | 24 | 51.7 | 528 |
| 3 | 49.2 | 120 | 28.8 | 294 |
| 4 | 20.9 | 51 | 2.7 | 28 |
| 5 | 2.5 | 6 | 0.2 | 2 |
| 6 | 1.6 | 4 | 0.0 | 0 |
| ആകെ | 100.0 | 244 | 100.0 | 1022 |

സ്രോതസ്സ് : കിലെ സർവ്വേ 2023

കഴിഞ്ഞ അഞ്ചു വർഷമായി ഓലയും ഷീറ്റുമിട്ട കുടിലിലാണ് നിഷയുടെ കുടുംബം താമസിക്കുന്നത് (ചിത്രം 2.5). വസ്തുവിന്റെ പട്ടയത്തിനായി പഞ്ചായത്തിലും മറ്റ് സർക്കാർ സ്ഥാപനങ്ങളിലും കഴിഞ്ഞ ഏതാനും വർഷങ്ങളായി നിഷയും കുടുംബവും കയറിയിറങ്ങുകയാണ്. കഴിഞ്ഞ വർഷം താലൂക്ക് ഓഫീസിൽ നിന്നും ആളെത്തി വസ്തു അളന്നു തിട്ടപ്പെടുത്തിയെങ്കിലും പിന്നീട് തുടർ നടപടികൾ ഉണ്ടായില്ല.

കോവിഡ് കാലത്ത് പഞ്ചായത്ത് അധികാരികളുടെ ഇടപെടൽ മൂലം നിഷയുടെ വീടിന് വൈദ്യുതിയും കുടുംബത്തിന് ബി.പി.എൽ റേഷൻ കാർഡും ലഭിച്ചു. പക്ഷേ, കുടിവെള്ളം കാശ് കൊടുത്ത് വാങ്ങുകയാണ്. പഞ്ചായത്തിൽ നിന്നും കൊണ്ടുവരുന്ന കുടിവെള്ളം തങ്ങൾക്ക് ലഭിക്കാറില്ലെന്ന് പറയുന്നു. ഉപജീവനത്തിനായി ചെറിയ തോതിൽ പച്ചക്കറി കൃഷിയും ആടുവളർത്തലുണ്ട്. വസ്തുവിന് പട്ടയം കിട്ടിയെങ്കിൽ കുടിവെള്ളത്തിനായി കിണർ കുഴിക്കാനാവുമായിരുന്നുവെന്നവർ വിചാരിക്കുന്നു.

നിഷയെപോലെ താമസിക്കുന്ന സ്ഥലത്തിന് പട്ടയം കിട്ടാത്ത കുറച്ച് ആദിവാസികൾ ജില്ലയിലുണ്ട്. ഇവ കൂടാതെ, ഭൂമി ഇല്ലാത്ത കുറച്ചു കുടുംബങ്ങളുമുണ്ട്. എന്തു കൊണ്ടാണ് സർക്കാർ ഭൂമിയും വീടും ആദിവാസികൾക്ക് നൽകുന്നുണ്ടെങ്കിലും ഇപ്പോഴും ഇവർ ഭൂരഹിതരായി മാറുന്നതെന്ന ചോദ്യം പ്രസക്തമാണ്. ഇതിനു കാരണമായി ചൂണ്ടിക്കാണിക്കുന്നതു മുൻകാലങ്ങളിൽ പലർക്കും ഭൂമി ലഭിച്ചിട്ടുണ്ടെങ്കിലും അവരുടെ അടുത്ത തലമുറയിൽപ്പെട്ടവർക്ക് ഈ ഭൂമി കൈമാറുന്നില്ല. കുട്ടികൾ

കല്യാണം കഴിക്കുമ്പോൾ അവർ ഒരു പുതിയ കുടുംബമായി രേഖപ്പെടുത്തുന്നു. അതുപോലെ, കല്യാണം കഴിക്കാത്തവർ 35 വയസ്സുകഴിഞ്ഞാൽ ചില സ്ഥലങ്ങളിൽ പുതിയ കുടുംബമായി രേഖപ്പെടുത്തുന്നു. അങ്ങനെയാണ് ചില സ്ഥലങ്ങളിൽ ഏകാംഗകുടുംബങ്ങൾ അധികരിച്ചു കാണുന്നത്.



(a) ചെമ്പക്കാട് ഊര് സങ്കേതം



(b) സർക്കാർ നിർമ്മിത ഗൃഹങ്ങൾ

**ചിത്രം 2.4: ബേഡകം പഞ്ചായത്തിലെ ഗോത്രവിഭാഗങ്ങളുടെ വീടിന്റെ അവസ്ഥ 2023**

സർക്കാർ ഭൂമിയാണ് ആദിവാസികൾക്ക് പതിച്ചു നൽകുന്നത്. അതിൽ പലതും കൃഷിയോഗ്യമല്ല. കുടിവെള്ളക്ഷാമമുള്ള കുന്നിൻപുറമാണ്. നല്ല പോലെ അധ്വാനിച്ചാൽ മാത്രമേ അവയെ കൃഷിയോഗ്യമാക്കാനാവുകയുള്ളൂ. ലഭ്യമായ ഭൂമിയിൽ വീടുവച്ചു വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചും ആദിവാസികൾ അവയെ വാസയോഗ്യമാക്കി മാറ്റിയെടുക്കുന്നുണ്ട്. ആദിവാസികളുമായുള്ള കൂട്ടായ ചർച്ചകളിൽ ഭൂമിയുമായും വീടുമായും ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങൾ അന്വേഷിക്കുകയുണ്ടായി.

സർക്കാർ ആദിവാസികൾക്ക് ഭൂമി നൽകുമ്പോൾ അവർ അധിവസിക്കുന്ന ഗ്രാമപഞ്ചായത്തിൽ തന്നെ നൽകണമെന്നാണ് ഭൂരിഭാഗം ആദിവാസികളും ആഗ്രഹിക്കുന്നത്. അതിനു പ്രധാനമായ കാരണം, ദൂരദേശങ്ങളിലായാൽ ബന്ധുജനങ്ങളുമായുള്ള സമ്പർക്കം കുറയുമെന്നതും കുട്ടികളേ വളർത്തുന്നതിലും മറ്റ് കൂട്ടായ സാമൂഹിക ബന്ധങ്ങളിലും ബുദ്ധിമുട്ട് ഉണ്ടാകുമെന്നതാണ്. കൊറോണ ദുരിത കാലത്ത് ദൂരദേശത്ത് വസിക്കുന്ന തങ്ങളുടെ സഹോദരിമാർക്കും വൃദ്ധരായ ബന്ധുക്കൾക്കും ഉണ്ടായ ദുരിതങ്ങളും അവ പരിഹരിക്കുവാൻ തങ്ങൾക്ക് ഉണ്ടായ കഷ്ടപ്പാടുകളും ചിലർ വിവരിക്കുകയുണ്ടായി.

സാമൂഹിക ബന്ധങ്ങൾക്കും പരസ്പര സഹായത്തിലും വളരെ പ്രാധാന്യം കൽപ്പിക്കുന്ന ആദിവാസികൾക്ക് തങ്ങൾക്ക് ലഭിക്കുന്ന ഭൂമി തങ്ങളുടെ ബന്ധുജനങ്ങളുടെ ഊരിനോട് എത്രയും അടുത്തായിരിക്കണമെന്ന് ആഗ്രഹിക്കുന്നു. അതിലൂടെ അവരുടെ ഗോത്രസംസ്കാരം നിലനിർത്താനും ആചാരഅനുഷ്ഠാനങ്ങൾ തുടരാനും സാധിക്കുമെന്ന് അവർ വിശ്വസിക്കുന്നു.

അതേ സമയം, വിദ്യാഭ്യാസം ലഭിച്ച വളരെ ചെറിയ ഒരു വിഭാഗം തങ്ങൾക്ക് ലഭിക്കുന്ന ഭൂമി മറ്റ് സമുദായങ്ങൾക്കിടയിലാകണമെന്ന് അഗ്രഹിക്കുന്നു. ഇങ്ങനെ ഭൂമി ലഭിച്ചാൽ അവർക്ക് മറ്റ് സമൂദായങ്ങളിൽ നിന്നും വിദ്യാഭ്യാസത്തിനും മെച്ചപ്പെട്ട സാമ്പത്തിക വികസനത്തിനും പ്രേരണ ലഭിക്കുവാനത് സഹായിക്കും. കോളനികളിൽ താമസിക്കുന്നതിനെക്കാൾ മറ്റ് വിഭാഗങ്ങളുമായി

കൂടികലർന്ന താമസിക്കുന്നവർക്കാണ് സാമൂഹികമായും സാമ്പത്തികമായും ഉന്നമനം എളുപ്പത്തിൽ കൈവരിക്കാനായതെന്നവർ വീക്ഷിക്കുന്നു. കോളനികൾ ആദിവാസികൾക്ക് വിദ്യാഭ്യാസപരമായോ സാമൂഹികപരമായോ ഉള്ള ഉന്നമനത്തിന് ഗുണകരമല്ലെന്ന വാദമാണിവർക്കുള്ളത്.



**ചിത്രം 2.5: മലവേട്ടുവൻ സമുദായത്തിലെ വീടില്ലാത്ത ഒരു കുടുംബം 2023**

## 2.5.2 നിക്ഷേപം

കൊറഗർ സമുദായത്തിൽ 33.2 ശതമാനം കുടുംബങ്ങൾക്കും എന്തെങ്കിലും തരത്തിലുള്ള നിക്ഷേപമുണ്ട്. മലവേട്ടുവൻ കുടുംബത്തിൽ നിക്ഷേപമുള്ള കുടുംബങ്ങൾ 42.7 ശതമാനമാണ്. (പട്ടിക 2.13).

നിക്ഷേമുണ്ടെന്ന് പറഞ്ഞ കൊറഗരിൽ കൂടുതൽ പേരും ബാങ്കുകളേയും ചിട്ടിയേയുമാണ് പണ നിക്ഷേപിക്കാനായി ഉപയോഗിക്കുന്നത്. അതേസമയം, മലവേട്ടുവൻമാരിൽ ചിട്ടിയിലെ നിക്ഷേപം കുറവാണ്. അവർ കൂടുതലും കുടുംബശ്രീയിലാണ് തങ്ങളുടെ നിക്ഷേപം ഇടുന്നത്.

## 2.5.3 വായ്പ

കോറഗരിൽ 38.4 ശതമാനവും മലവേട്ടുവരിൽ 58.1 ശതമാനവും വായ്പ എടുത്തിട്ടുണ്ട്. സ്വകാര്യവ്യക്തികളിൽ നിന്നോ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നോ ആണ് കൊറഗർ കൂടുതലും വായ്പ എടുത്തിട്ടുള്ളത്. മലവേട്ടുവൻ സമൂദായക്കാർ ബാങ്കിൽ നിന്നാണ് കൂടുതലും വായ്പ എടുക്കുന്നത്. (പട്ടിക 2.14).

**പട്ടിക 2.13: നിക്ഷേപങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, 2023**

| വസ്തുതകൾ | കൊറഗർ | | മലവേട്ടുവൻ | |
|---|---|---|---|---|
| | ശതമാനം | കുടുംബം | ശതമാനം | കുടുംബം |
| നിക്ഷേപമുള്ളവർ | 33.2 | 82 | 42.7 | 441 |
| നിക്ഷേപ സ്ഥലം | | | | |
| ബാങ്ക് | 34.1 28 | 21.5 94 | | |
| പോസ്റ്റ് ഓഫീസ് | 3.7 | 3 | 2.1 | 9 |
| ചിട്ടി | 34.1 | 28 | 5.5 | 24 |
| മറ്റുള്ളവ | 28.0 | 23 | 7.0 | 311 |
| ആകെ | 100.0 | 82 | 100.0 | 438 |

സ്രോതസ്സ്: കിലെ സർവ്വേ 2023

**പട്ടിക 2.14: ആദിവാസികളുടെ വായ്പ വിവരങ്ങൾ, 2023**

| വസ്തുതകൾ | കൊറഗർ | | മലവേട്ടുവൻ | |
|---|---|---|---|---|
| | ശതമാനം | കുടുംബം | ശതമാനം | കുടുംബം |
| ലോൺ ഉള്ളവർ | 38.4 | 96 | 58.1 | 600 |
| ലോൺ എടുത്ത സ്ഥലം | | | | |
| ബാങ്ക് | 31.3 | 30 | 39.4 | 235 |
| സ്വകാര്യം | 40.6 | 39 | 28.4 | 169 |
| പണയം | 10.4 | 10 | 10.4 | 62 |
| മറ്റുള്ളവ | 17.7 | 17 | 2.8 | 130 |
| ആകെ | 100.0 | 96 | 100.0 | 596 |

സ്രോതസ്സ്: കിലെ സർവ്വേ 2023

ഭൂമിയില്ലാത്തവരും ഭൂമിയുണ്ടെങ്കിലും പട്ടയം ഇല്ലാത്തവരും കൂടുതലും സ്വകാര്യ വ്യക്തികളെയാണ് വായ്പക്കായി സമീപിക്കുന്നത്. അവർ അമിതമായ പലിശ ആദിവാസികളോട് ഇടാക്കുന്നു. കുടുംബശ്രീയുടെ വരവോടുകൂടി വായ്പ്കായി സ്വകാര്യ വ്യക്തികളെ ആശ്രയിക്കുന്നതു കുറഞ്ഞിട്ടുണ്ട്. കുടുംബശ്രീ വഴി എടുക്കുന്ന വായ്പകൾ അവർ കൃത്യമായി അടച്ച് തീർക്കാറുണ്ട്. പക്ഷേ, വ്യവസായ സംരംഭങ്ങൾക്കല്ല, മറിച്ച് അത്യാവശ്യമായ വീട്ടാവിശ്യങ്ങൾക്കാണ് ബഹുഭൂരിപക്ഷവും ലോൺ എടുക്കുന്നത്.

## 2.5.4 വാഹനവും ജംഗമവസ്തുക്കളും

കൊറഗർ വിഭാഗത്തിൽ 17.6 ശതമാനം (42 കുടുംബങ്ങൾ) കുടുംബങ്ങൾക്ക് വാഹനമുണ്ട്. വാഹനമുള്ളവരിൽ 81 ശതമാനവും ബൈക്കാണ്. മറ്റുള്ളവർക്ക് സൈക്കിൾ, ഓട്ടോറിക്ഷ എന്നിവയാണ് ഉള്ളത്. ഒരാൾക്ക് കാറുണ്ട്.

മലവേട്ടുവൻ സമുദായത്തിൽ 11.6 ശതമാനം (120 കുടുംബങ്ങൾ) കുടുംബങ്ങൾക്ക് വാഹനമുണ്ട്. വാഹനമുള്ളവരിൽ 69.7 ശതമാനവും ബൈക്ക് സ്കൂട്ടർ ആണ്. ഓട്ടോ റിക്ഷ ഉള്ള കുടുംബങ്ങൾ 22.7 ശതമാനമാണ്. രണ്ടു പേർക്ക് കാറുണ്ട്.

പഠനവിധേയമായ കുടുംബങ്ങളിലെ ജംഗമ വസ്തുക്കളെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക 2.15 യിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. കൊറഗർ സമുദായത്തിലെ ഏകദേശം 20 ശതമാനം കുടുംബത്തിലും ഒരു കസേര പോലുമില്ല. മലവേട്ടുവൻ സമുദായത്തിൽ കസേരയില്ലാത്ത കുടുംബങ്ങൾ ഏകദേശം 8 ശതമാനമാണ്. കട്ടിൽ ഉള്ള കുടുംബങ്ങൾ വളരെകുറവാണ്. കൊറഗരിൽ 47.6 ശതമാനവും മലവെട്ടുവനിൽ 20.6 ശതമാനത്തിനും കട്ടിലുണ്ട്.

മൊബൈൽ ഫോണിന്റെ ഉപയോഗം ആദിവാസികൾക്കിടയിൽ കൂടിവരുന്നുണ്ട്. കൊറഗർ വിഭാഗത്തിൽ 67.2 ശതമാനം കുടുംബങ്ങൾക്കും മൊബൈൽ ഫോൺ ഉണ്ട്. മലവേട്ടുവൻ കുടുംബങ്ങളിൽ മൊബൈൽ ഫോണഞ്ഞുള്ളവർ 78.0 ശതമാനമാണ്. അതുപോലെ ടെലിവിഷന്റെ ഉപയോഗവും ഇപ്പോൾ വർദ്ധിച്ചു വരുന്നുണ്ട്. ഏകദേശം 44 ശതമാനം കൊറഗർ കുടുംബത്തിനും സ്വന്തമായി ടെലിവിഷൻ ഉണ്ട്. മലവേട്ടുവൻ സമുദായത്തിൽ 37.7 ശതമാനം വീടുകൾക്ക് ടെലിവിഷൻ ഉണ്ട്. അതേ സമയം പത്രങ്ങൾ വാങ്ങിക്കുന്ന വീടുകൾ കുറവാണ്.

ആധുനിക ജീവിതത്തിന്റെ ഭാഗമായ ഫ്രിഡ്ജ്, വാഷിംഗ് മിഷിൻ എന്നിവയുടെ ഉപയോഗവും ആദിവാസികളുടെ ഇടയിൽ ചെറിയതോതിൽ ഉണ്ട്. കൊറഗരുടെ 40 ശതമാനം വീടുകളിലും ഫാൻ ഉണ്ട്. മലവേട്ടുവരെ സംബന്ധിച്ചടത്തോളം 48.9 ശതമാനം വീടുകളിലും ഫാൻ ഉണ്ട്. ചിലരെങ്കിലും വീട്ടിൽ കട്ടിലിനെക്കാൾ ഫാനിന് പ്രാധാന്യം നൽകുന്നു.

കൊറഗരുടെ 12.4 ശതമാനം വീടുകളിലും വൈദ്യുതിയില്ല. മലവേട്ടുവൻ ഗോത്രങ്ങളുടെ 19.5 ശതമാനം വീടുകളിൽ വൈദ്യുതി ഇല്ല. എന്തു കൊണ്ടാണ് ഇവർക്ക് വൈദ്യുതി കണക്ഷൻ കിട്ടാത്തതെന്ന് അന്വേഷിക്കുകയുണ്ടായി. പ്രധാനപ്പെട്ട കാരണമായി ആദിവാസികൾ ചൂണ്ടി കാണിച്ചത് വൈദ്യുതി എടുക്കാനുള്ള പണം തങ്ങളുടെ കയ്യിലില്ല എന്നതാണ്. പണം അടക്കാത്തതു മൂലം വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെട്ട ചില വീടുകളുണ്ട്. താമസിക്കുന്ന ഭൂമി സ്വന്തമല്ലാത്തതു കൊണ്ട് ചിലർക്ക് വൈദ്യുതി കണക്ഷൻ എടുക്കാനായില്ല. രണ്ട് വ്യക്തികൾ തങ്ങൾക്ക് ഐഡികാർഡ് ലഭിക്കാത്തതിനാൽ എടുക്കാനായില്ലെന്ന് പറയുകയുണ്ടായി.

**പട്ടിക 2.15: ആദിവാസികളുടെ വീട്ടിലെ ജംഗമ വസ്തുക്കൾ, 2013**

| വീട്ടുസാധനങ്ങൾ | കൊറഗർ | | മലവേട്ടുവർ | |
|---|---|---|---|---|
| | ശതമാനം | കുടുംബം | ശതമാനം | കുടുംബം |
| കസേര | 80.4 | 201 | 92.1 | 950 |
| കട്ടിൽ | 47.6 | 119 | 20.6 | 213 |
| ഫാൻ | 40.0 | 100 | 48.9 | 505 |
| ഊൺ മേശ | 4.4. | 11 | 70.0 | 722 |
| ടെലിവിഷൻ | 44.0 | 110 | 37.7 | 389 |
| മൊബൈൽ | 672 | 168 | 78.0 | 805 |
| ലാഡ് ഫോൺ | 0.8 | 2 | 34.3 | 354 |
| ഫ്രിഡ്ജ് | 13.2 | 33 | 3.8 | 39 |
| കമ്പ്യൂട്ടർ | 0.4 | 1 | 2.4 | 25 |
| ക്ലോക്ക് | 43.6 | 109 | 28.6 | 295 |
| അലമാര | 24.8 | 62 | 41.5 | 428 |
| വാഷിംഗ് മിഷിൻ | 4.4 | 1 | 17.4 | 180 |
| പത്രം | 15.2 | 38 | 1.0 | 10 |
| ആകെ കുടുംബം | 250 | | 1032 | |

സ്രോതസ്സ് : കിലെ സർവ്വേ 2023

കുടിവെള്ളം പല ആദിവാസി ഉരുകളിലും ഒരു പ്രശ്നം തന്നെയാണ്. സർക്കാർ പല ഉനരുകളിലും ഇപ്പോൾ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. കൊറഗരിൽ 63.2 ശതമാനവും ഈ പൈപ്പ് കണക്ഷനാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. ചില സ്ഥലങ്ങളിൽ കിണർ വെള്ളം ലഭ്യമാണ്. ഏകദേശം 24.4 ശതമാനം കൊറഗരുടെ വീടുകളിൽ കിണറുണ്ട്. ചില ഊരുകളിൽ കുഴൽ കിണറും (9.2 ശതമാനം) കൊറഗർ ഉപയോഗിക്കുന്നുണ്ട്.

മലവേട്ടുവൻ ഗോത്രസ്സമൂഹങ്ങളിലും കുടിവെള്ളത്തിനായി സർക്കാരിന്റെ പൈപ്പ് ലൈൻ ആണ് കൂടുതലായും (34.2 ശതമാനം) ആശ്രയിക്കുന്നത്. മലവേട്ടുവൻ കുടുംബങ്ങളിൽ ഏകദേശം 32.3 ശതമാനം വീടുകളിലും കിണർ ഉണ്ട്.

കൊറഗരുടെ അഞ്ചു വീടുകളിൽ ശുചിമുറിയില്ല. മലവേട്ടുവൻ വീടുകളിൽ 46 എണ്ണത്തിൽ ശുചിമുറിയില്ല. ചിലരുടേ ശുചിമുറികൾ കാലപഴക്കത്താൽ കേടായിപോയതാണ്. ശുചിമുറികളില്ലാത്തവർ കൂടുതലും സമീപവിടുകളിലെ ശുചിമുറി ഉപയോഗിക്കുന്നു. താമസ സ്ഥലത്തിന് പട്ടയമില്ലാത്തതാണ് മിക്കവർക്കും സർക്കാരിൽ നിന്ന് ശുചിമുറികൾ നിർമ്മിക്കാൻ ധനസഹായം കിട്ടാതിരിക്കുന്നതിന് കാരണം. ശുചിമുറിയില്ലാത്തവർ പലരും ട്രൈബൽ പ്രമോട്ടർമാരോടോ പഞ്ചായത്ത് മെമ്പർമാരോടോ സർക്കാർ സഹായത്തിനായി അവശ്യപ്പെടുന്നത്. സ്വന്തമായി ശുചിമുറി നിർമ്മിക്കാൻ കഴിവുള്ള ആദിവാസികൾ പോലും സർക്കാരിന്റെ ധനസഹായത്തിനായി മാത്രം കാത്തുനിൽക്കുന്ന അവസ്ഥയുണ്ട്. പഞ്ചായത്തിൽ നിന്നും ലഭിച്ച ശുചിമുറികൾ കാലാകാലങ്ങളിൽ മെയിന്റനൻസ് ചെയ്യുന്നതിൽ പോലും

ശ്രദ്ധിക്കാത്തവരുണ്ട്. കെട്ടിട നിർമ്മാണ മേഖലകളിലേക്കും മറ്റ് തൊഴിൽ മേഖലകളിലേക്കും മാറാൻ കഴിയുന്ന അധുനികകാലത്തെ ആദിവാസികളുടെ ഇത്തരം കാഴ്ചപ്പാടുകൾ മാറേണ്ടതുണ്ട്.

**പട്ടിക 2.16: വൈദ്യുതിയും കുടിവെള്ളവും, 2023**

| വസ്തുതകൾ | കൊറഗർ | | മലവേട്ടുവർ | |
|---|---|---|---|---|
| | ശതമാനം | കുടുംബം | ശതമാനം | കുടുംബം |
| വൈദ്യുതിയില്ലാത്ത വീടുകൾ | 12.4 | 31 | 19.5 | 201 |
| കക്കൂസ് ഇല്ലാത്ത വീടുകൾ | 2.0 | 5 | 4.5 | 46 |
| കുടിവെള്ളം | | | | |
| കിണർ | 24.4 | 61 | 32.3 | 333 |
| കുഴർ കിണർ | 9.2. | 23 | 5.1 | 3 |
| പൈപ്പ് ലൈൻ | 63.2 | 158 | 34.2 | 353 |
| ടാങ്കർ ലോറി | 0.0 | 0 | 0.4 | 4 |
| അരുവി | 0.0 | 0 | 6.8 | 70 |
| മറ്റുള്ളവ* | 3.2 | 8 | 21.2 | 219 |

* കുളം, പഞ്ചായത്ത് കിണർ, മറ്റുള്ളവരുടെ വീട്ടിൽ നിന്നും, സ്വകാര്യ വ്യക്തികളുടെ പുരയിടത്തുനിന്നും.
സ്രോതസ്സ് : കിലെ സർവ്വേ, 2023

## 2.5.5 സർക്കാർ സഹായങ്ങൾ

ആദിവാസി ഗോത്രങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ പലതരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടത് ഭവന പദ്ധതികളാണ്. ഭവനരഹിതരായ ആദിവാസികൾക്ക് ഭവന നിർമ്മാണത്തിനായി ധനം നൽകുന്ന പദ്ധതിയാണ്. ഭവന നിർമ്മാണത്തിനുള്ള തുക 5 ഗഡുക്കളായാണ് നൽകിവരുന്നത്. സംസ്ഥാന സർക്കാർ 2018-19 കാലഘട്ടം മുതൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഭവന നിർമ്മാണത്തിനുള്ള പണം നൽകുന്നത്. സങ്കേതങ്ങളിൽ (colony) താമസിക്കുന്നവർക്ക് 6 ലക്ഷം രൂപയും സങ്കേതങ്ങൾക്ക് പുറത്ത് താമസിക്കുന്നവരിൽ 4 ലക്ഷം രൂപയാണ് ധനസഹായമായി നൽകി വരുന്നത്. എന്നാൽ അതീവ ദുർഘടമായ ഊരുകളിൽ വീടുകൾ വയ്ക്കുമ്പോൾ ആദിവാസികൾക്ക് ചിലവ് കൂടാറുണ്ട്. അത്തരം സാഹചര്യങ്ങളിൽ 20 ശതമാനം വരെ അധികമായി ധനസഹായം സർക്കാർ അനുവദിക്കാറുണ്ട്.

വീടുകളുടെ അറ്റകുറ്റപണികൾക്കായി 1.5 ലക്ഷം വരെ നൽകുന്ന സർക്കാരിന്റെ ഒരു പദ്ധതിയുണ്ട്. വീടുകളുടെ പുനരുദ്ധാരണവും, അധിക മുറികളുടെ നിർമ്മാണവും തകർന്ന ഭവനങ്ങളുടെ പുനർനിർമ്മാണവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സർക്കാരിന്റെ മറ്റൊരു നവീന പദ്ധതിയാണ് ലാന്റ് ബാങ്ക് പദ്ധതി. കൃഷിയോഗ്യവും വാസയോഗ്യവുമായ ഭൂമി കളക്ടർ മുഖേന വിലക്ക് വാങ്ങി ഭൂരഹിതരായ ആദിവാസികൾക്ക് നൽകുന്ന പദ്ധതിയാണിത്. ഭൂമിയുടെ ലഭ്യത അനുസരിച്ച് ഒരേക്കർ ഭൂമി വരെ ആദിവാസിമേഖലകളിൽ ലാന്റ് ബാങ്കിംഗ് പദ്ധതി മുഖേന നടപ്പിലാക്കി വരുകയാണ്.

അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി സങ്കേതങ്ങളുടെ അടിസ്ഥാന വികസനത്തിന് ഓരോ ഊരിനും പരമാവധി 1 കോടി രൂപ ചിലവഴിച്ച് വരുന്നുണ്ട്. ഇതു കൂടാതെ, വൈദ്യുതി, കുടിവെള്ളം, കൃഷി എന്നീ വകുപ്പുകളുടെ പ്രോജക്ടുകൾക്ക് പൂൾഡ് ഫണ്ട് പദ്ധതിയുമുണ്ട്. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള 4 മാസകാലത്ത് പോഷകാഹാരവും ഭക്ഷണവും ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സഹായ പരിപാടി നടത്തി വരുകയാണ്.

ഇവ കൂടാതെ, ആരോഗ്യ പരിപാലനത്തിനും വിദ്യാഭ്യാസത്തിനും അനേകം പരിപാടികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ആരോഗ്യ രംഗത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളിൽ മുഖ്യമായത് സമഗ്ര ആരോഗ്യ സുരക്ഷ സ്കീം, അരിവാൾ രോഗത്തിനുള്ള ധനസഹായം, ജനനി-ജന്മരക്ഷ പദ്ധതി, പട്ടിക വർഗ്ഗ ദുരിതാശ്വാസ നിധി, മൊബൈൽ മെഡിക്കൽ യൂണിറ്റ് പ്രോഗ്രാം എന്നിവയാണ്. ഇവ കൂടാതെ, പട്ടിക വർഗ്ഗ വകുപ്പിന്റെ കീഴിലുള്ള ആയുർവേദ ഡിസ്പെൻസറികളും കാസർകോഡുണ്ട്.

സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളിൽ പ്രധാനപ്പെട്ടത് പ്രാക്തന വർഗ്ഗങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക പാക്കേജുകൾ, കൈത്താങ്ങ് പദ്ധതി, പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം, പട്ടിക വർഗ്ഗ പ്രോമോട്ടർമാരുടെ പ്രത്യേക സേവനം, ഊരുക്കൂട്ടങ്ങൾ പദ്ധതി, പ്രത്യേക കേന്ദ്ര സഹായ പദ്ധതി, കമ്മ്യൂണിറ്റി കിച്ചൺ, വംശീയ വൈദ്യൻമാർക്ക് ധനസഹായം മുതലായവയാണ്.

തൊഴിൽ പരമായ അനേകം പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അവയെക്കുറിച്ചുള്ള വിവരങ്ങൾ തുടർന്നുള്ള അദ്ധ്യായങ്ങളിൽ ചർച്ച ചെയ്യുന്നുണ്ട്. കൊറഗർ വിഭാഗത്തിൽ 93.2 ശതമാനം കുടുബങ്ങൾക്കും വീട് നിർമ്മിക്കുന്നതിനോ, പുതുക്കിപ്പണിയുന്നതിനോ സർക്കാർ ധന സഹായം നൽകിയിട്ടുണ്ട്. മലവേട്ടുവൻ സമുദായത്തിൽ വീടിനു ധന സഹായം കിട്ടിയവർ 75.7 ശതമാനമാണ്. പല ഏജൻസികൾ വഴിയാണ് ഇവർക്ക് ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നത് (പട്ടിക 2.17). സാമൂഹിക പെൻഷനുകൾ കിട്ടുന്ന കുടുംബങ്ങളുടെ എണ്ണം വളരെ കുറവാണ്.

## 2.6 സംഗ്രഹം

കൊറഗർ, മലവേട്ടുവൻ ഗോത്ര വിഭാഗങ്ങളുടെ മാനവ വികസനത്തിന്റെ മുഖ്യ തലങ്ങളായ ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികം എന്നിവയെ വിശദമായി പരിശോധിക്കുമ്പോൾ കാണാവുന്നത് വികസനത്തിൽ ഇപ്പോഴും ഈ വിഭാഗങ്ങളുടെ പിന്നാക്ക അവസ്ഥയാണ്. ഇത് ഗോത്ര വിഭാഗങ്ങളുടെ വികസന പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വേണ്ട വിധത്തിൽ ഇടപെടലുകൾ അനിവാര്യമാക്കുന്നു.

**പട്ടിക 2.17: സർക്കാർ നൽകിയ ആനുകൂല്യങ്ങൾ, 2023**

| വസ്തുതകൾ | കൊറഗർ | | മലവേട്ടുവൻ | |
|---|---|---|---|---|
| | ശതമാനം | കുടുംബം | ശതമാനം | കുടുംബം |
| വീടിന് ആനുകൂല്യം കിട്ടി | 93.2 | 233 | 75.7 | 781 |
| ആനുകൂല്യം നൽകിയ ഏജൻസി | | | | |
| ഗ്രാമ പഞ്ചായത്ത് | 3.4 | 8 | 46.4 | 362 |
| ബ്ലോക്ക് പഞ്ചായത്ത് | 5.2 | 12 | 23.9 | 187 |
| ജില്ലാ പഞ്ചായത്ത് | 8.6 | 20 | 1.9 | 13 |
| പട്ടിക വർഗ്ഗവകുപ്പ് | 76.0 | 177 | 11.7 | 91 |
| ലൈഫ് മിഷൻ | 0.9 | 2 | 13.7 | 107 |
| മറ്റെന്തെങ്കിലും | 6.0 | 14 | 2.4 | 19 |
| ആകെ | 100.0 | 233 | 100.0 | 781 |
| സാമൂഹിക ക്ഷേമ പെൻഷൻ | 14.8 | 37 | 20.7 | 14 |
| തൊഴിലില്ലായ്മ വേതനം | 6.8 | 17 | 0.1 | 1 |

സ്രോതസ്സ് : കിലെ സർവ്വേ, 2023

പഠനവിധേയരായ ഗോത്രവിഭാഗങ്ങളുടെ മാനവ വികസനത്തിനായി സർക്കാർ അനേകം പദ്ധതികളും സ്കീമുകളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെങ്കിലും പല പദ്ധതികളിലും ഈ ഗോത്രവിഭാഗങ്ങളുടെ പങ്കാളിത്തം നന്നേ കുറവാണ്. ഇതു എന്തു കൊണ്ടാണെന്ന് അന്വേഷിക്കപ്പെടേണ്ടതാണ്.

ഓരോ ഗോത്ര സമൂഹവും തികച്ചും വ്യത്യസ്തമാണ്. പഠന വിധേയമായ കൊറഗരും മലവേട്ടുവൻ സമൂദായങ്ങളും മറ്റ് പല ഗോത്രവിഭാഗങ്ങളെക്കാൾ ചരിത്രപരമായി വളരെ പിന്നിലായിരുന്നു. കൊറഗർ സമുദായത്തെ പ്രക്തന വിഭാഗമായി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കേരളത്തിലെ മറ്റ് പല ആദിവാസി ഗോത്ര സമുദായങ്ങളും വിദ്യാഭ്യാസ രംഗത്തും സാമ്പത്തികരംഗത്തും കൈവരിച്ച നേട്ടങ്ങൾ ഇവരിലും എത്തിക്കാൻ കൂടുതൽ പ്രയത്നം എല്ലാതലത്തിലും അവശ്യമാണ്.

ജനസംഖ്യപരമായ വസ്തുതകളിൽ ഈ രണ്ടു ഗോത്രവിഭാഗങ്ങൾക്കും പൊതു സമൂഹത്തിന്റേതുമായി ഏറെക്കുറെ സമാനതകൾ കാണാം. കുറഞ്ഞ ജനന നിരക്കും, മരണ നിരക്കും, മെച്ചപ്പെട്ട ആയുർദൈർഘ്യവും, സമാനതകളുള്ള പ്രായഘടനയും വളരെ ശ്രദ്ധേയമാണ്. സ്ത്രീ പുരുഷ അനുപാതം പരിശോധിക്കുമ്പോൾ പൊതു സമൂഹത്തിന്റേതുപോലെ ആദിവാസികളിലും സ്ത്രീകൾക്ക് അനുകൂലമാണെന്നു കാണാം.

ആരോഗ്യരംഗത്തും പൊതു സമൂഹവുമായി ഏറെക്കുറെ സാമ്യമുണ്ട്. പല ജീവിത ശൈലിരോഗങ്ങളും ഈ ആദിവാസികൾക്കിടയിലുണ്ട്. പഠനത്തിൽ അസുഖമുള്ള കുടുംബങ്ങൾ കൂടുതലായി കണ്ടു. ചികിത്സക്കായി അലോപ്പതിയെയാണ് ഇവർ കൂടുതലും ആശ്രയിക്കുന്നത്. സർക്കാരിന്റെ

ചികിത്സാകാർഡ് കുറച്ചു പേർക്ക് മാത്രമാണ് ലഭ്യമായിട്ടുള്ളത്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ സൗജന്യമാണെങ്കിലും വരുമാനത്തിന്റെ നല്ലൊരു ഭാഗം ചികിത്സക്കായി ഇവർ ചിലവഴിക്കുന്നുണ്ട്. പാവപ്പെട്ട പലർക്കും ഇതു വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു.

വിദ്യാഭ്യാസപരമായി രണ്ടു ഗോത്രവിഭാഗങ്ങളും വളരെ പിന്നാക്കം നിൽക്കുന്നു. സർക്കാർ പല വിദ്യാഭ്യാസ പദ്ധതികളും ആവിഷ്ടരിച്ചു നടപ്പിലാക്കുന്നെങ്കിലും പഠനത്തിൽ കുട്ടികൾക്ക് താത്പര്യം ഉണ്ടാക്കേണ്ടിയിരിക്കുന്നു. ദാരിദ്രവും സാമ്പത്തിക പ്രശ്നങ്ങളും കുടുംബപ്രശ്നങ്ങളും അന്യവൽക്കരണവും ആണ് പഠനത്തിൽ നിന്ന് കുട്ടികളെ പിൻതിരിപ്പിക്കുന്നതിനുള്ള പ്രധാനകാരണം. കോളേജ് വിദ്യാഭ്യാസം ബഹുഭൂരിപക്ഷം കുട്ടികൾക്കും അപ്രാപ്യമാണ്.

സാമ്പത്തികമായ ഉന്നമനത്തിനായി സർക്കാർ അനേകം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നെങ്കിലും ഇപ്പോഴും അവരുടെ സാമ്പത്തിക ഉന്നമനം ഉണ്ടായിട്ടില്ല. ഇപ്പോഴും ഭൂമിയില്ലാത്ത കുടുംബങ്ങളുണ്ട്. പലരും വളരെ പരിതാപകരമായ അവസ്ഥയിലുള്ള വീടുകളിലാണ് താമസിക്കുന്നത്. നല്ലൊരു ശതമാനം പേർക്കും നിക്ഷേപങ്ങൾ ഇല്ല. അതേ സമയം, പല കുടുംബങ്ങൾക്കും വായ്പയുണ്ട്. വൈദ്യുതി, ശുചിമുറി തുടങ്ങിയ പ്രാഥമികമായ സൗകര്യങ്ങൾ പോലുമില്ലാത്ത കുടുംബങ്ങളിപ്പോഴുമുണ്ട്. പണം അടക്കാനാവാതെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെട്ട വീടുകളുണ്ട്.

വസ്തുതകൾ കാണിക്കുന്നത് ഇവരുടെ മാനവ വികസനത്തിന് നിലവിലുള്ള പദ്ധതികളുടെ നിർവ്വഹണ രീതികളെക്കുറിച്ചും പദ്ധതികളിലെ ഗോത്രവിഭാഗങ്ങളുടെ കുറഞ്ഞ നിലയിലുള്ള പങ്കാളിത്തത്തെക്കുറിച്ചും സമഗ്രമായ വിവരശേഖരണവും വിശകലനവും നയരൂപികരണവും അനിവാര്യമാണെന്നാണ്. ഉദാഹരണമായി കൊറഗർ കുട്ടികൾക്ക് ഭാഷ ഒരു പഠന ഡിസബിലിറ്റിയായി (learning distability) കാണുന്നു. അവർക്ക് അവരുടെ ഭാഷയിൽ പറഞ്ഞുകൊടുക്കാൻ പറ്റുന്ന പഠന രീതിയുണ്ടാകണം. കേരള സർക്കാർ 2017-18 കാലഘട്ടത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കിയ ഗോത്രബന്ധു പദ്ധതിയുടെ വ്യാപനം കാസർകോഡും അനിവാര്യമാണ്. പ്രൈമറി സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് പഠനത്തിനോട് അഭിമുഖ്യം ഉണ്ടാകാൻ ഇത് കാരണമാകും.

ഈ അദ്ധ്യായത്തിൽ ചർച്ച ചെയ്യപ്പെട്ട ആദിവാസികളുടെ നിലവിലെ മാനവ വികസനത്തിന് അവരുടെ തൊഴിലിനെക്കുറിച്ചുള്ള പഠനത്തിൽ വളരെ പ്രാധാന്യമുണ്ട്. ഒരു ജനതയുടെ തൊഴിലിനെയും മാറിവരുന്ന തൊഴിൽ സംസ്കാരത്തെയും മാനവ വികസന പശ്ചാത്തലത്തിൽ നിന്നു നോക്കി കാണുമ്പോൾ നയരൂപികരണത്തിന് കൂടുതൽ ഉൾക്കാഴ്ചകൾ ഉണ്ടാവും. അത് തൊഴിലുമായി ബന്ധപ്പെട്ട നവീന പദ്ധതികൾ ആവിഷ്കരിക്കുമ്പോഴും നയരൂപീകരണങ്ങൾ ഉണ്ടാക്കുമ്പോഴും ഗുണകരമാകും. ഇവിടെ ചർച്ചചെയുപ്പെട്ട വസ്തുതകളുടെ പശ്ചാത്തലത്തിൽ ഗോത്രവിഭാഗങ്ങളുടെ തൊഴിൽ മേഖലയും അതിജീവനവും അടുത്ത അദ്ധ്യായത്തിൽ പരിശോധിക്കപ്പെടുന്നു.

# അദ്ധ്യായം 3

# തൊഴിൽ മേഖലയും അതിജീവനവും

രത്നചുരുക്കം : കൊറഗർ, മലവേട്ടുവൻ ഗോത്രവിഭാഗങ്ങളുടെ തൊഴിൽ, ജീവിത സാഹചര്യങ്ങൾ എന്നിവയുടെ വിശകലനമാണ് ഈ അദ്ധ്യാത്തിൽ നൽകിയിരിക്കുന്നത്. ആദിവാസികളുടെ പാരമ്പര്യതൊഴിലുകളായ കുട്ടനിർമ്മാണം, മൃഗസംരക്ഷണം, വംശീയ വൈദ്യം, കൂലിവേല എന്നിവയുടെ സമകാലിക അവസ്ഥയെ പരിശോധിക്കുന്നതോടൊപ്പം പുതിയ തൊഴിൽ മേഖലകളിലേക്കുള്ള ഗോത്രവിഭാഗങ്ങളുടെ പ്രവേശനത്തെക്കുറിച്ചും അവർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചുമിവിടെ വിശകലനം ചെയ്യപ്പെടുന്നു. തൊഴിൽ മേഖലയിൽ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാനായി സർക്കാരിന്റെയും മറ്റ് ഇതര ഏജൻസികളുടെയും ഇടപെടലുകൾ, ഗോത്രവിഭാഗക്കാരുടെ തൊഴിൽ വികസനത്തിനു വേണ്ട നയരൂപികരണങ്ങൾ എന്നിവ വസ്തുതകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കപ്പെടുന്നു.

## 3.1 ആമുഖം

ഈ അദ്ധ്യായത്തിൽ കൊറഗർ, മലവേട്ടുവൻ ഗോത്രവിഭാഗങ്ങളുടെ തൊഴിലും തൊഴിലുമായി ബന്ധപ്പെട്ട മറ്റ് ജീവിത സാഹചര്യങ്ങളെക്കുറിച്ചും മുൻ അദ്ധ്യായത്തിൽ ചർച്ച ചെയ്യപ്പെട്ട മാനവികസനത്തിന്റെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്നു. ഈ രണ്ടു ഗോത്രവിഭാഗങ്ങളും സാമൂഹിക സാമ്പത്തിക വികസനത്തിൽ വളരെ പിന്നിലാണെന്ന് നാം കാണുകയുണ്ടായി.

ഗോത്ര വിഭാഗങ്ങളുടെ തൊഴിൽ മേഖലയിലെ പങ്കാളിത്തത്തെക്കുറിച്ച് കേന്ദ്രസർക്കാരിന്റെ കാനേഷുമാരിയിൽ നിന്നും ലഭ്യമാണ്. അവയിലെ പ്രധാനപ്പെട്ട ഏതാനും ചില വിവരങ്ങളാണ്

ആദ്യമിവിടെ പരിശോധിക്കപ്പെടുന്നത്. തുടർന്ന്, ഈ ഗവേഷണത്തിന്റെ ഭാഗമായി നടത്തപ്പെട്ട സർവ്വേയിൽ നിന്നും ലഭ്യമായ കുടുംബാഗങ്ങളുടെ തൊഴിൽ വിവരങ്ങളുടെ വിശകലനമാണ്. അതിനുശേഷം, ഗോത്രവിഭാഗങ്ങളുടെ തൊഴിൽ മേഖലയിലെ മാറ്റങ്ങളെയും അവർ നേരിടുന്ന തൊഴിൽ പ്രതിസന്ധികളേയും കുറിച്ച് ഇതിൽ ചർച്ച ചെയ്യുന്നു.

ഈ അദ്ധ്യായം ക്രമീകരിച്ചിരിക്കുന്നത് ഇപ്രകാരമാണ്. ആദ്യഭാഗമായ ആമുഖത്തിനു ശേഷം ഭാഗം 3.2 -ൽ കൊറഗർ, മലവേട്ടുവൻ എന്നീ ഗോത്രവർഗ്ഗവിഭാഗങ്ങളുടെ തൊഴിൽ പങ്കാളിത്തത്തെക്കുറിച്ചുള്ള കാനേഷുമാരിയിൽ നിന്നുള്ള വിവരങ്ങളുടെ വിശകലനമാണ് നടത്തുന്നത്. ഇതോടൊപ്പം, നിലവിൽ ലഭ്യമായ മറ്റ് വിവരങ്ങളും മുൻകാല പഠനങ്ങളും ചർച്ച ചെയ്യപ്പെടുന്നു

തുടർന്നുള്ള ഭാഗങ്ങളെല്ലാം ഈ പഠനത്തിൽ ശേഖരിക്കപ്പെട്ട പ്രധാനപ്പെട്ട വസ്തുതകളുടെ വിശകലനമാണ്. ഇതിൽ ആദ്യമായി ഈ ഗോത്രങ്ങളുടെ പാരമ്പര്യതൊഴിലുകളെക്കുറിച്ചുള്ള ഒരു വിശകലനമാണ് ഭാഗം 3.3-ൽ നൽകിയിരിക്കുന്നത്. പ്രധാനമായും ഗോത്രവിഭാഗങ്ങൾ കുട്ടനിർമ്മാണം (ഭാഗം 3.3.1), മൃഗസംരക്ഷണം (ഭാഗം 3.3.2), വംശീയ വൈദ്യം (ഭാഗം 3.3.3 ), കൂലി വേല(3.3.4), കരകൌശലം (3.3.5) എന്നിവയെക്കുറിച്ചുള്ള അന്വേഷണമാണ്.

അതിനെത്തുടർന്ന്, ഗോത്രവിഭാഗങ്ങളുടെ പുതിയ തൊഴിൽ മേഖലയെക്കുറിച്ചുള്ള ഒരു അന്വേഷണ മാണ് ഭാഗം 4.3-ൽ നൽകിയിരിക്കുന്നത്. ഇതിൽ കെട്ടിട നിർമ്മാണ ജോലി, തോട്ടം തൊഴിലാളി തുടങ്ങിയ മേഖലകളിലേക്കുള്ള യുവാക്കളുടെ തൊഴിൽ മാറ്റത്തെക്കുറിച്ച് ചർച്ച ചെയ്യുന്നു.

ആദിവാസികളുടെ സാമൂഹിക പങ്കാളിത്തത്തെക്കുറിച്ചുള്ള വിവരങ്ങളാണ് ഭാഗം 3.5-ൽ നൽകുന്നത്. അതിൽ പ്രധാനമായും സർക്കാരിന്റെ ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളിൽ മുൻപന്തിയിൽ നിൽക്കുന്ന കുടുംബശ്രീ (ഭാഗം 3.5.1), ദേശീയ തൊഴിലുറപ്പ് പദ്ധതി (ഭാഗം 3.5.2) എന്നിവയിലെ ആദിവാസികളുടെ പങ്കാളിത്തത്തെക്കുറിച്ചുള്ള വിവരങ്ങളാണ് നൽകുന്നത്.

തൊഴിൽ മേഖലയിൽ ഗോത്രവിഭാഗങ്ങൾ നേരിടുന്ന പ്രശ്ങ്ങളെക്കുറിച്ച് ഭാഗം 3.6-ൽ വിവരിക്കുന്നു. ഭാഗം 3.7-ൽ ഈ അദ്ധ്യായത്തെ ഉപസംഹരിക്കുന്നു.

## 3.2 തൊഴിൽ മേഖല

ആദിവാസികളിൽ എത്രത്തോളം പേർ തൊഴിൽ ചെയ്യുന്നുവെന്നത് അവരുടെ കുടുംബത്തിന്റെ ഉപജീവനത്തിൽ വളരെ പ്രധാനമാണ്. ഇതിനെക്കുറിച്ചുള്ള ആധികാരികമായ ചില വിവരങ്ങൾ ഇന്ത്യൻ സർക്കാരിന്റെ കാനേഷുമാരിയിൽ നിന്നും ലഭ്യമാണ്. നിർഭാഗ്യവശാൽ 2021ലെ സെൻസസ് നടക്കാത്തതുമൂലം, 2011 ലെ കാനേഷുമാരിയിലെ വിവരങ്ങളാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്.

കാനേഷുമാരിയെ അടിസ്ഥാനമാക്കിയുള്ള മുൻകാലപഠനങ്ങൾ വ്യക്തമാകുന്നത് കൊറഗർ, മലവേട്ടുവൻ ഗോത്രങ്ങൾക്കിടയിൽ തൊഴിൽ നിരക്ക് പൊതുസമൂഹത്തെക്കാൾ കൂടുതലാണ് (Prashobha 2017). ഇവിടെ സ്ത്രീകൾക്കിടയിലെ ഉയർന്ന നിലയിലുള്ള തൊഴിൽ നിരക്ക് അവർക്കിടയിലെ ദാരിദ്ര്യത്തി ന്റെയും അതേസമയം പൊതുവിലുള്ള സ്ത്രീശാക്തീകരണത്തിന്റെയും തലത്തിൽ വിലയിരുത്താവുന്ന

താണ്. കഴിഞ്ഞ ഏതാനും ദശകങ്ങളിൽ കാർഷിക മേഖലയിലെ അവരുടെ പങ്കാളിത്തക്കുറവുണ്ട്. പ്രത്യേകിച്ച്, 2001 ന ശേഷം അവരുടെ കുടുംബവ്യവസായങ്ങളായ കുട്ടനിർമ്മാണം, വട്ടി നിർമ്മാണം തുടങ്ങിയവയിൽ നിന്നും മറ്റു സേവനമേഖലയിലേയ്ക്കുള്ള പരിവർത്തനം കാനേഷുമാരിയിൽ നിന്നും വളരെ വ്യക്തമാണ്.

## 3.2.1 തൊഴിൽ നിരക്ക്

സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ആദിവാസി ഗോത്രങ്ങൾക്കിടയിൽ തൊഴിലില്ലായ്മ വലിയൊരു പ്രശ്നം തന്നെയാണ് പപരട്ടിക 3.1). പഠനത്തിന്റെ ഭാഗമായി നടത്തപ്പെട്ട സർവ്വേയിൽ കുടുംബാഗങ്ങളുടെ തൊഴിലിനെക്കുറിച്ച് ആരായുകയുണ്ടായി. 15 വയസ്സ് കഴിഞ്ഞ കൊറഗർ വിഭാഗത്തിൽ 48.6 ശതമാനം പേർക്കും, മലവേട്ടുവൻ സമുദായത്തിൽ 51.6 ശതമാനം പേർക്കും മാത്രമാണ് തൊഴിലുള്ളത്. പൊതുസമൂഹത്തിൽ കാണുന്നതു പോലെ തൊഴിലില്ലായ്മ കൂടുതൽ സ്ത്രീകളിലും കുറവ് പുരുഷൻമാരിലുമാണ്.

**പട്ടിക 3.1: തൊഴിൽ നിരക്ക്, 2023**

| വസ്തുതകൾ | ഗോത്രവിഭാഗം | | | | | |
|---|---|---|---|---|---|---|
| | കൊറഗർ | | മലവേട്ടുവൻ | | ആകെ | |
| | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം |
| ജെൻഡർ | | | | | | |
| സ്ത്രീകൾ | 30.9 | 102 | 36.5 | 696 | 35.7 | 798 |
| പുരുഷൻമാർ | 65.7 | 224 | 67.9 | 1190 | 67.5 | 1414 |
| പ്രായം (വയസ്സ് ) | | | | | | |
| 15-30 | 29.4 | 59 | 31.8 | 395 | 31.5 | 454 |
| 30-50 | 65.5 | 180 | 70.1 | 1028 | 69.4 | 1208 |
| >= 50 | 47.5 | 87 | 51.7 | 467 | 51.0 | 554 |
| ആകെ | 48.6 | 326 | 51.6 | 1886 | 51.1 | 2212 |

സ്രോതസ്സ് : കിലെ സർവ്വേ, 2023

കൊറഗർ ഗോത്രത്തിലെ സ്ത്രീകളിൽ 30.9 ശതമാനവും പുരുഷൻമാരിൽ ഏകദേശം 67.9 ശതമാനവും എതെങ്കിലും തൊഴിൽ ചെയ്യുന്നു. മലവേട്ടുവൻ ഗോത്ര സമുദായങ്ങളിൽ സ്ത്രീകളിൽ 36.5 ശതമാനവും പുരുഷൻമാരിൽ 67.9 ശതമാനവും തൊഴിൽ ചെയുന്നു.

പഠനവിധേയമായ ഗോത്രവിഭാഗങ്ങളിൽ പ്രായമായവരുടെ ഇടയിലും തൊഴിൽ നിരക്ക് കൂടുതലാണ്. അമ്പത് വയസ്സ് പ്രായം കഴിഞ്ഞ പകുതിയിലേറെപ്പേരും തൊഴിൽ ചെയ്യുന്നുണ്ട്. കൊറഗരിൽ അൻപതുവയസ്സുകഴിഞ്ഞ ആളുകളിൽ 47.5 ശതമാനവും ഏതെങ്കിലും തൊഴിൽ ചെയ്യുന്നുണ്ട്. അതേസമയം, മലവേട്ടുവൻ സമൂദായത്തിൽ പ്രായമായവരിൽ തൊഴിൽ നിരക്ക് 51.6 ശതമാനമാണ്.

മുപ്പത് വയസ്സിനു താഴെയുള്ള ചെറുപ്പക്കാരിൽ കാണുന്ന കുറഞ്ഞ തൊഴിൽ നിരക്ക് കൂടുതൽ അന്വേഷണമർഹിക്കുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന തൊഴിൽ ചെയ്യുവാൻ താത്പര്യമുള്ള ഗോത്രവിഭാഗത്തിലെ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മക്കു പരിഹാരം കാണേണ്ടത് അനിവാര്യമാണ്.

### 3.2.2 വിവിധതരം തൊഴിലുകൾ

ഗോത്രവിഭാഗങ്ങളുടെ മുഖ്യതൊഴിൽ കൂലിവേലയാണ്. പഠനത്തിൽ പങ്കെടുത്ത 85 ശതമാനം ആൾക്കാരും കൂലിവേലയാണ് ജോലിയായി തെരഞ്ഞെടുത്തിട്ടുള്ളത്. കുട്ട നിർമ്മാണം, ബിഡി നിർമ്മാണം, ഡ്രൈവിംഗ് എന്നിവ പുതിയ തലമുറ തൊഴിലായി സ്വീകരിച്ചു വരുന്നുണ്ട്. ബേക്കറി, കെട്ടിട നിർമ്മാണം, ഡിറ്റിപി, ഇൻറിരിയർ ഡക്കറേഷൻ, ജേണലിസം, നേഴ്സിംഗ്, ക്ലിനിക്കൽ ലാബ്, ലോട്ടറികച്ചവടം, മെക്കാനിക്ക്, സ്വയം തൊഴിൽ, തയ്യൽ ടീച്ചർ തുടങ്ങിയ തൊഴിൽ മേഖലകളിലേയ്ക്കും ഗോത്രവിഭാഗങ്ങൾ പ്രവേശിച്ചു തുടങ്ങിയിട്ടുണ്ട് (പട്ടിക 3.2).

**പട്ടിക 3.2: ഗോത്ര വിഭാഗ അടിസ്ഥാനത്തിൽ മുഖ്യതൊഴിൽ, 2023**

| നം | തൊഴിൽ | ഗോത്രം | | | | | |
|---|---|---|---|---|---|---|---|
| | | കൊറഗർ | | മലവേട്ടുവൻ | | ആകെ | |
| | | എണ്ണം | % | എണ്ണം | % | എണ്ണം | % |
| 1 | ആശ/അംഗനവാടി ജോലി | 0 | 0.0 | 4 | 0.2 | 4 | 0.2 |
| 2 | ഡ്രൈവർ | 3 | 0.8 | 24 | 1.3 | 27 | 1.2 |
| 3 | കുട്ടനിർമ്മാണം | 35 | 9.7 | 17 | 0.9 | 52 | 2.3 |
| 4 | ബിഡി തൊഴിലാളി | 17 | 4.7 | 24 | 1.3 | 41 | 1.8 |
| 5 | കൂലിപ്പണി | 287 | 79.3 | 1638 | 85.8 | 1925 | 84.8 |
| 6 | ഡി.റ്റി.പി വർക്കർ | 0 | 0.0 | 1 | 0.1 | 1 | 0.0 |
| 7 | ഫോറസ്റ്റ് വാച്ചർ | 0 | 0.0 | 2 | 0.1 | 2 | 0.1 |
| 8 | ജേണലിസ്റ്റ് | 2 | 0.6 | 0 | 0.0 | 2 | 0.1 |
| 9 | കൃഷിക്കാരൻ | 0 | 0.0 | 1 | 0.1 | 1 | 0.0 |
| 10 | ലാബ് ടെക്നീഷൻ, നേഴ്സ് | 0 | 0.0 | 12 | 0.6 | 12 | 0.5 |
| 11 | ലോട്ടറി, സെൽസ് വർക്ക് | 1 | 0.3 | 18 | 0.9 | 19 | 0.8 |
| 12 | തൊഴിലുറപ്പ് | 3 | 0.8 | 105 | 5.5 | 108 | 4.8 |
| 13 | എസ്. ടി. പ്രൊമോട്ടർ, മെമ്പർ | 3 | 0.8 | 7 | 0.4 | 10 | 0.4 |
| 14 | സ്വയം തൊഴിൽ, തയ്യൽ | 2 | 0.6 | 12 | 0.6 | 14 | 0.6 |
| 15 | റബ്ബർ ടാപ്പിംഗ് | 0 | 0.0 | 12 | 0.6 | 12 | 0.5 |
| 16 | വൈദ്യം | 0 | 0.0 | 1 | 0.1 | 1 | 0.0 |
| 17 | കെട്ടിട നിർമ്മാണം | 0 | 0.0 | 1 | 0.1 | 1 | 0.0 |
| 18 | മറ്റുള്ളവ* | 9 | 2.5 | 29 | 1.5 | 38 | 1.7 |
| | ആകെ | 362 | 100.0 | 1908 | 100.0 | 2270 | 100.0 |

കുറിപ്പ്: 15 വയസ്സിനുമുകളിലുള്ളവർ മാത്രം

* സർക്കാർ ഉദ്യോഗം, കമ്പനി ജോലി, ഇൻജിനീയർ, അദ്ധ്യാപകൻ, മുതലായവ

സ്രോതസ്സ് : കിലെ സർവ്വേ, 2023

പാരമ്പര്യ തൊഴിലുകളായ കുട്ട, വട്ടി, തുടങ്ങിയവയുടെ നിർമ്മാണം വളരെ കുറച്ച് പേർ മാത്രമാണ് ചെയ്യുന്നത്. കുട്ടനിർമ്മാണം കൊറഗരുടെ ഇടയിലാണ് കൂടുതലായി കാണുന്നത്. കൊറഗരിൽ 9.7 ശതമാനം കുട്ടനിർമ്മാണത്തിൽ ഏർപ്പെടുമ്പോ8 മലവേട്ടുവൻ സമുദായത്തിൽ അത് 1 ശതമാനം മാത്രമാണ്. മലവേട്ടുവൻ സമുദായം കൂടുതലും കൂലിവേലയിലേക്ക മാറിയിട്ടുണ്ട്.

## 3.3 പാരമ്പര്യതൊഴിലുകൾ

കൊറഗർ, മലവേട്ടുവൻ ഗോത്രങ്ങൾക്ക് പാരമ്പര്യതൊഴിലുകളായ കുട്ടനിർമ്മാണം, മൃഗസംരക്ഷണം, വംശീയ വൈദ്യം, കൂലിവേല എന്നിവയിയെക്കുറിച്ചുള്ള അന്വേഷണമാണ് ഈ ഭാഗത്തിൽ ചർച്ചചെയ്യുന്നത്. ഇതിൽ കുട്ട നിർമ്മാണമാണ് മുൻകാലങ്ങളിൽ എറ്റവും പ്രധാനപ്പെട്ട തൊഴിൽ. മൃഗസംരക്ഷണവും, കൂലിവേലയും അവരുടെ ഉപജീവനത്തെ മെച്ചെപ്പെടുത്തുന്നതിനായുള്ള ഉപതൊഴിലുകളായിരുന്നു. പക്ഷേ, വറുതികാലങ്ങളിൽ മൃഗസംരക്ഷണം ഒരു അതിജീവന മാർഗ്ഗമായും ഈ ഗോത്രവിഭാഗങ്ങൾ സ്വികരിക്കാറുണ്ട്. ചെറിയൊരു വിഭാഗം പാരമ്പര്യചികിത്സകരാണ്. ഇത്തരം തൊഴിലുകളിലെ അനുകാലിക പ്രശ്നങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഈ ഭാഗത്തിന്റെ പ്രധാന ഇതിവൃത്തം.

### 3.3.1 കുട്ട നിർമ്മാണം

കൊറഗർ ഗോത്രവിഭാഗത്തിൽ വളരെയേറെ ആൾക്കാർ സ്വീകരിച്ചിരുന്ന പ്രധാന തൊഴിലായിരുന്നു കുട്ട, വട്ടി നിർമ്മാണം. കുറഞ്ഞ വിലയിൽ പ്ലാസ്റ്റിക്ക്, റബ്ബർ മുതലായ വസ്തുക്കളാൽ നിർമ്മിതമായ കുട്ടകളുടെ വരവോടുകൂടി ഇന്ന് പരമ്പരാഗതമായി നിർമ്മിച്ചുവരുന്ന ഇവറ്റ കുട്ടകൾക്ക് പ്രദേശികതലത്തിൽ അവശ്യക്കാർ കുറഞ്ഞതും മറ്റ് സ്ഥലങ്ങളിലേയ്ക്ക് ഇവ കൊണ്ടുപോയി മെച്ചെപ്പെട്ട വിലയ്ക്കു വിൽക്കാനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താത്തതിനാലും കുട്ട നിർമ്മാണം പല ആദിവാസി കുടുംബങ്ങൾക്കും ലാഭകരമല്ല. കുട്ടനിർമ്മാണത്തിന് ആവിശ്യമായ അസംസ്കൃതവസ്തുക്കൾ കാട്ടിൽ നിന്നും ലഭിക്കാനുള്ള ബുദ്ധിമുട്ടും ഒരു പ്രശ്നമാണ്.

മുൻകാലങ്ങളിൽ കൊറഗർ സമുദായത്തിന്റെ മുഖ്യ ഉപജീവനമാർശായിരുന്നു കുട്ടനിർമ്മാണം. ഇന്നു വളരെ കുറച്ച് പേർ മാത്രമാണ് ഈ തൊഴിലിൽ പൂർണ്ണമായും നിലകൊള്ളുന്നത് (ചിത്രം 3.1). മറ്റുള്ളവർ പലരും കുട്ടനിർമ്മാണത്തോടൊപ്പം കൂലിപ്പണി, മൃഗസംരക്ഷണം തുടങ്ങിയവയിലും ശ്രദ്ധ ചെലുത്തുന്നു.

കുട്ടനിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന ആദിവാസികളിലെ പലരെയും ഗവേഷണസംഘം 2022 ഒക്ടോബർ 7, 8 തീയതികളിൽ സന്ദർശിക്കുകയുണ്ടായി. കുട്ടനിർമ്മാണം മുഖ്യതൊഴിലായി സ്വീകരിച്ചവർ തങ്ങളുടെ തൊഴിൽ പ്രതിസന്ധികൾ വെളിപ്പെടുത്തുകയുണ്ടായി. കാടുകളിൽ നിന്നും അസംസ്കൃതവസ്തുക്കൾ കൊണ്ടുവന്ന് അവ വൃത്തിയാക്കി സംസ്കരിച്ചാണ് കുട്ടകൾ നിർമ്മിക്കുന്നത്. ഒരു ദിവസം ഒരാൾക്ക് ഒരു കുട്ടയാണ് നന്നായി മെടയുവാൻ കഴിയുന്നത്. ചന്തയിൽ അവ കൊണ്ടു പോയി വിറ്റാൽ ലഭിക്കുന്നത് വെറും 150 രൂപയോ ചിലപ്പോൾ അതിലും കുറവാണ്. ഇതു ദൈനംദിന ചിലവുകൾക്കുപോലും തികയുകയില്ല.

മലവേട്ടുവൻ ഗോത്രങ്ങൾക്കിടയിലും കുട്ട വട്ടി നിർമ്മാണവും മുറം, പായ, ഇപ്പു നിർമ്മാണവും ചെറിയ തോതിൽ നിലവിലുണ്ട്. പക്ഷേ, അവർക്കും നിർമ്മാണ ഉൽപ്പന്നങ്ങളെ മെച്ചപ്പെട്ട വിലയ്ക്ക് വിൽക്കാൻ കഴിയുന്നില്ല. യാത്ര സൌകര്യക്കുറവും ഒറ്റപ്പെട്ട ജീവിത സാഹചര്യങ്ങളും ചിലരുടേയെങ്കിലും തൊഴിലിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഉദാഹരണമായി മുളയാർ ഗ്രാമപഞ്ചായത്തിൽ രണ്ട് മലവേട്ടുവൻ കുടുംബങ്ങൾ വളരെ ഒറ്റപ്പെട്ടാണ് താമസിക്കുന്നത്.




**ചിത്രം 3.1: കൊറഗർ സമുദായംഗങ്ങളുടെ കുട്ട നിർമാണ പ്രവർത്തനം, 2023**

അവർക്ക് ആധാർ കാർഡോ, റേഷൻ കാർഡോ ഇതുവരെ ലഭ്യമായിട്ടില്ല. കാട്ടിന്റെ നടുവിലാണ് ഇവർ താമസിക്കുന്നത്. റോഡില്ലാത്തതിനാലും വന്യമൃഗങ്ങൾ ഉള്ളതിനാലും ഇവർ പൊതുവിൽ ഒറ്റപ്പെട്ടതന്നെയാണ് ജീവിതം. അവരുടെ താമസസ്ഥലത്ത് കറണ്ടോ, വെള്ളമോ ഇല്ല. കുടിവെള്ളത്തിനായി 300 മീറ്റർ അകലെയുള്ള വാട്ടർ അതോറിറ്റിയുടെ ഒരു പൈപ്പാണ് ആകെ ആശ്രയം. മൂന്ന് കിലോമീറ്റർ നടന്നാൽ മാത്രമേ കുട്ടികൾക്ക് സ്കൂളിൽ പഠിക്കാനാവുകയുള്ളൂ. കുട്ടികൾ പലപ്പോഴും സ്കൂളിൽ പോകാറില്ല. ആ ദിവസങ്ങളിൽ വന്യമൃഗങ്ങളെ പേടിച്ച് മുതിർന്നവർ കുട്ടികളെ സംരക്ഷിച്ച വീട്ടിലിരിക്കുന്നു. ഈ പരിതസ്ഥിതിയിൽ ഇവർക്ക് തങ്ങളുടെ പരിമിതമായ ഉൽപ്പന്നങ്ങളെ കമ്പോളത്തിലെത്തിച്ച് ന്യായമായ വില നേടുന്നതിനു സാധിക്കുന്നില്ല.

കള്ളാർ ഗ്രാമപഞ്ചായത്തിലെ കുടുംബൂരിൽ 31 മലവേട്ടുവൻ വീടുകൾ ഉണ്ട്. അതിൽ രണ്ടു വീടുകളിൽ മാത്രമാണ് കുട്ടനിർമ്മാണം നിലവിലുള്ളത്. ഈറ്റയും പാൽവള്ളി ചെടിയും ഉപയോഗിച്ചാണ് ഇവർ

കുട്ടകൾ നെയ്യുന്നത്. കുട്ടകൾ നിർമ്മിക്കുന്നതിന് ആവശ്യമായ അസംസ്കൃതവസ്തുക്കൾ കാട്ടിൽ നിന്നും പുഴയോരത്തുനിന്നും ശേഖരിക്കുന്നു. അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിൽ കാലം, ദേശം തുടങ്ങിയവയ്ക്കു പ്രാധാന്യം നൽകാറുണ്ട്. ചില പ്രത്യേക ദിവസങ്ങളെയും പ്രത്യേക സാഹചര്യത്തിൽ നിൽക്കുന്ന ഈറ്റയും ഇവർ ഒഴിവാക്കാറുണ്ട്. വെളുത്ത വാവുദിവസം ഈറ്റ വെട്ടിയാൽ അതിന് വേണ്ടത്ര കാലം ഈട് നിൽക്കില്ല. എന്ന ചില പാരമ്പര്യ അറിവുകളുണ്ട്. കറുത്തവാവുമായി ബന്ധപ്പെട്ട ദിനങ്ങളിൽ ഇറ്റവെട്ടുകയാണെങ്കിൽ അവയിൽ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ കൂടുതൽ കാലം കൃമി കീടങ്ങളുടെ ശല്യം ഇല്ലാതെ നിലനിൽക്കും. അവരുടെ പൂർവ്വികർ രണ്ട് മൂന്ന് ദശകങ്ങൾക്ക് മുമ്പ് ഇത്തരം അറിവുകളുടെ അടിസ്ഥാനത്തിൽ നിർമ്മിച്ച കുട്ടകൾ ഇപ്പോഴും കേടുകൂടാതെ പല വീടുകളിലുമുണ്ട്. സമയവും കാലവും നോക്കി അസംസ്കൃതവസ്തരക്കൾ ശേഖരിക്കുകയും അവ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ ഉണ്ടാക്കണമെന്ന് പൂർവ്വികർ നൽകിയ അറിവ് പരമാവധിയവർ പാലിക്കുന്നുണ്ട്. വളരെ ചില സാഹചര്യങ്ങളിൽ മാത്രമാണ് ഇതു തെറ്റിക്കപ്പെടുന്നത്.

അടുത്ത കാലത്ത് കുട്ടകളും വട്ടികളും ഉപയോഗിക്കുന്നവരുടെ എണ്ണം പൊതു സമൂഹത്തിൽ കുറഞ്ഞു വരുന്നു. അതു കൊണ്ട് തന്നെ ഉൽപ്പന്നങ്ങൾ വേണ്ട വിധത്തിൽ ചിലവാകുന്നില്ല. അതേസമയം, കുട്ട നിർമ്മാണത്തിലുള്ള കുടുംബങ്ങൾ പലരും ഈ തൊഴിൽ മേഖല ലാഭകരമല്ലാത്തതിനാൽ മറ്റു തൊഴിൽ മേഖലകളിലേക്ക് ചേക്കേറി. മുൻകാലങ്ങളിലേതു പോലെ ഇപ്പോൾ കുട്ടകൾ ആരും തന്നെ ചന്തകളിൽ കൊണ്ടുപോയി വിൽക്കാറില്ല. അവശ്യക്കാർ വീടുകളിൽ വന്നു ഓഡർ നൽകി വാങ്ങിച്ചു പോവുകയാണ് ചെയുന്നത്. ചില കടയുടമകളും വാങ്ങിക്കാൻ എത്തുന്നുണ്ട്.

പാരമ്പര്യ ക്ഷേത്ര ആചാരാനുഷ്ഠാനങ്ങളിൽ ഇപ്പോഴും ഈറ്റ കുട്ടകൾക്ക് വളരെ ആവശ്യക്കാരുണ്ട്. ഉദാഹരണത്തിന് നാട്ടിലെ ക്ഷേത്രങ്ങളിലെ പാരമ്പര്യാനുഷ്ഠാനമായ തെയ്യം കെട്ടുന്ന വേളയിൽ ഒട്ടേറെ പൂക്കുട്ടകൾ ആവശ്യമായി വരുന്നു. ഈ ചടങ്ങുകൾക്ക് ഇപ്പോഴും പരമ്പരാഗതരീതിയിലുള്ള ഈറ്റയിൽ നിർമ്മിച്ച കുട്ടകൾ വേണമെന്ന് സംഘാടകർക്ക് നിർബന്ധമുണ്ട്. ഉൽസവ സമയങ്ങളിൽ നേർച്ചക്കായി പൂകുട്ടകൾക്ക് കൂടുതൽ അവശ്യക്കാരുണ്ട്.

അതേ സമയം ഗോത്രവിഭാഗക്കാരുടെ കുട്ടനിർമ്മാണം കാണുവാൻ പല സന്ദർശകരും ഊരുകളിൽ എത്താറുണ്ട്. പല സന്ദർശകർക്കും കുട്ടനിർമ്മാണത്തിലെ വിവിധ വശങ്ങളെക്കുറിച്ചറിയുവാൻ അതിയായ ആഗ്രഹമുണ്ട്. അതു പോലെ സ്കൂളുകളിലേയും കോളേജുകളിലെ കുട്ടികളും തങ്ങളുടെ പഠനത്തിന്റെ ഭാഗമായി ഗോത്രവിഭാഗങ്ങളെ സന്ദർശിക്കാറുണ്ട്. ഇവരും പാരമ്പര്യതൊഴിലുകളെ കൂടുതലറിയാനായി താത്പര്യം പ്രകടിപ്പിക്കാറുണ്ട്.

തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ തൊഴിൽ സിമ്പോസിയങ്ങൾ സംഘടിപ്പിക്കുന്നത് ആദിവാസി ട്യൂറിസത്തിന് ഗുണകരമാകും. ഇത്തരം തൊഴിൽ സിമ്പോസിയങ്ങളിൽ തങ്ങളുടെ നൈപുണ്യം പ്രകടമാക്കുന്നതിന് ഗോത്രവിഭാഗങ്ങളും താൽപര്യമുണ്ട്. അന്യം നിന്നു പോകാൻ സാധ്യതയുള്ള ഇത്തരം തൊഴിൽ നൈപുണ്യങ്ങളെ നിലനിർത്തുന്നതിന് വിദ്യാഭ്യാസവും വിനോദവുമായി ബന്ധപ്പെടുത്തി സർക്കാർ തലത്തിൽ കൂടുതൽ പദ്ധതികൾ ആരംഭിക്കേണ്ടതുണ്ട്. ഇതിലൂടെ പരമ്പരാഗത തൊഴിലുകളിൽ നിലനിൽക്കുന്ന എണ്ണപ്പെട്ടവരെ സംരക്ഷിക്കാനും അവരുടെ ഉപജീവനമാർഗ്ഗത്തെ മെച്ചെപ്പെട്ട നിലയിലേക്കു മാറ്റാനും സാധിക്കും.

പൊതുവിൽ ഗോത്രവിഭാഗങ്ങൾക്ക് പാരമ്പര്യ തൊഴിലായ കുട്ട, വട്ടി, തവി തുടങ്ങിയവയുടെ നിർമ്മാണത്തിൽ നിന്നു ലഭിക്കുന്ന വരുമാനം ജീവനത്തിന് വളരെ അപര്യാപ്തമാണ്. തൊഴിൽ വരുമാനം കൊണ്ട് ഭൂമി വാങ്ങാനോ വീട് നിർമ്മിക്കാനോ അവർക്ക് സാധ്യമല്ല. സർക്കാർ സഹായം മൂലമാണ് ഇവർക്ക് വീടുകൾ നിർമ്മിക്കാനാവുന്നത്.

പാരമ്പര്യതൊഴിലാളികൾക്ക് സർക്കാരിന്റെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രധാനമായ മറ്റൊരു വരുമാന മാർഗ്ഗമാണ്. പ്രത്യേകിച്ചും, 55 വയസ്സ് പ്രായം കഴിഞ്ഞവരെ പൊതുവിൽ കൂലിപണിക്ക് സ്വകാര്യ വ്യക്തികൾ വിളിക്കാറില്ല. ഇത്തരം സാഹചര്യത്തിൽ പാരമ്പര്യതൊഴിലിനോടൊപ്പം തൊഴിലുറപ്പ് കുടുംബത്തിന് ഒരു വരുമാനമാർഗ്ഗമാണ്.

വൃദ്ധരായവർക്കും സ്ത്രീകൾക്കും വീട്ടിലിരുന്ന് തൊഴിൽ ചെയ്യാം എന്നതിനപ്പുറം കുട്ടനിർമ്മാണം ഒരു തൊഴിലെന്ന നിലയിൽ ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ ആകർഷണമില്ലാതെയാകുന്നു. കുട്ടനിർമ്മാണത്തിൽ നൈപുണ്യമുണ്ടെങ്കിലും മെച്ചപ്പെട്ട വിലയ്ക്ക് ഉൽപ്പന്നങ്ങൾ വിറ്റ് കാശു ഉണ്ടാക്കുന്നതിനു വേണ്ട അറിവില്ലെന്നത് ഒരു പ്രശ്നം തന്നെയാണ്. ഇത്തരം സാഹചര്യത്തിൽ, സഹകരണ സംഘങ്ങളുടെ അനിവാര്യത ഈ പാരമ്പര്യതൊഴിൽ സംരക്ഷിക്കുന്നതിനും ഗോത്രവിഭാഗങ്ങളുടെ ഉപജീവനം മെച്ചെപ്പെടുത്തുന്നതിനും അത്യാവശ്യമാണ്. കാസർകോഡിലെ ആദിവാസികളുടെ ഉന്നമനത്തിനായി ഒരു കൂട്ടം സാമൂഹിക പ്രവർത്തകർ 2022ൽ ആരംഭിച്ച കാസർകോഡ് എസ്.ടി. യുവജന സഹകരണ സംഘം എന്ന പ്രസ്ഥാനം ഇത്തരത്തിലുള്ള ഒരു ചുവടുവയ്പ്പിന്റെ ഭാഗമാണ്.

ഈ തൊഴിൽ മേഖലയിൽ അനുഭവപ്പെടുന്ന പ്രധാന പ്രശ്നങ്ങൾ അസംസ്കൃതവസ്തുക്കളുടെ ലഭ്യത കുറവ്, വിപണന സാധ്യത കുറവ്, സംഘടിത ശ്രമങ്ങളുടെ അഭാവം തുടങ്ങിയവയാണ്. വേണ്ട വിധത്തിൽ ഉൽപ്പന്നങ്ങൾ വിൽക്കാനായാൽ ഈ കുടിൽ വ്യവസായ രംഗത്ത് തൊഴിൽ സാധ്യതകൾ വർദ്ധിക്കും. ആദിവാസി ഗോത്രങ്ങൾക്ക് അവരുടെ പാരമ്പര്യതൊഴിലുകൾ സംരക്ഷിക്കാനുമാകും.

പുതിയ തൊഴിലുകൾ പരിശീലിപ്പിക്കുന്നതോടൊപ്പം നിലവിൽ നൈപുണ്യമുള്ള പാരമ്പര്യ തൊഴിലുകളിൽ മെച്ചെപ്പെട്ട വരുമാനം ഉണ്ടാക്കുന്നതിന് അനിയോജ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നതിൽ പ്രദേശിക സർക്കാരുകൾക്കും ഗണ്യമായ പങ്ക് വഹിക്കാനാകും. അതിൽ പ്രധാനമായത് അതാതു ദേശത്തെ ഇത്തരം തൊഴിലുകളിൽ മികച്ചു നിൽക്കുന്നവരെ കണ്ടെത്തി ഒരു നൈപുണ്യ വിവരസ്രോതസ്സ് (റി/ഡ്ഥലടം) ഉണ്ടാക്കുകയും അവരുടെ നൈപുണ്യങ്ങളെയും സൃഷ്ടികളെയും മെച്ചെപ്പെട്ട രീതിയിൽ മാർക്കറ്റ് ചെയ്യാനുള്ള സാഹചര്യങ്ങൾ ഒരുക്കുക. ഇതിന് അനിയോജ്യമായ വികസന പദ്ധതികൾ ആവിഷ്കരിക്കുക. ഇത്തരം പദ്ധതികൾ പ്രദേശിക തലത്തിൽ ആവിഷ്കരിക്കാൻ സഹായകരമായ നടപടി ക്രമങ്ങളുടെ പരിശീലനങ്ങൾ സംസ്ഥാന സർക്കാരിന്റെ തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന കില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നുണ്ട്.

### 3.3.2 മൃഗസംരക്ഷണം

കന്നുകാലി വളർത്തൽ ആപൂർവ്വമായെങ്കിലും ഗോത്രവിഭാഗങ്ങൾക്കിടയിൽ നിലവിലുണ്ട്. പക്ഷേ, സ്ഥലപരിമിതി മൂലം കൂടുതൽ ആൾക്കാരും ആട്, കോഴി എന്നിവ വളർത്തുവാനാണ് താത്പര്യപ്പെടുന്നത്. മുൻകാലങ്ങളിൽ പൊതുവിടങ്ങൾ സുലഭമായിട്ടുണ്ടായിരുന്നതും അവിടങ്ങളിൽ പശുക്കളെ മേയുന്നതിനായി കൊണ്ടു പോകുവാൻ സാധിക്കുമായിരുന്നു. ഇപ്പോൾ ഇത്തരം സ്ഥലങ്ങൾ കുറഞ്ഞുവരുന്നതുമൂലം, കന്നുകാലി വളർത്തുന്നവർക്ക് തീറ്റകൾ വാങ്ങിക്കേണ്ടതായി വരുന്നുണ്ട്. പശുക്കൾക്ക് ആവശ്യമായ തീറ്റ വിലയ്ക്കുവാങ്ങി വരുമ്പോൾ പാൽ ഉൽപ്പാദനം ലാഭകരമല്ലാത്ത തൊഴിലായി മാറുന്നു.


(a) പശുവിനു പുല്ല് നൽകുന്നു


(b) പശുവും തൊഴുത്തും

**ചിത്രം 3.2: മലവേട്ടുവൻ ഗോത്രത്തിന്റെ കന്നുകാലി വളർത്തൽ, 2023**

മലവേട്ടുവൻ ഗോത്രവിഭാഗത്തിലുള്ളവരിൽ കന്നുകാലി വളർത്തുന്നതിന് താത്പര്യമുള്ളവർ ഏറെയുണ്ട്. പക്ഷേ, പശു കെട്ടുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമാണ്. ചില ഊരുകളിൽ ഏതാനും വീടുകളിൽ പശുവളർത്തലുണ്ട്. ഉദാഹരണമായി കള്ളാർ ഗ്രാമ പഞ്ചായത്തിലെ ഉടുമ്പൂരിലുള്ള 31 മലവേട്ടുവൻ വീടുകളിൽ മൂന്നെണ്ണത്തിൽ മാത്രമാണ് പശു വളർത്തലുള്ളത്. നാൽപ്പത്തി അഞ്ചു വയസ്സുള്ള ചന്ദ്രൻ കഴിഞ്ഞ മുപ്പത് വർഷമായി കന്നുകാലി വളർത്തലിൽ സജീവമാണ്. ഇപ്പോൾ ഒരു ഗീർ പശുവും സിന്ധി പശുവും വളർത്തുന്നുണ്ട്. നാടൻ പശുക്കൾക്ക് പാൽ കുറവായതുകൊണ്ടാണ് സങ്കരയിനം പശുക്കൾ വളർത്തുന്നത്. കൂലിവേലക്കു പോകുന്നതിനു മുമ്പ് പശുവിനെ മേയാൻ കെട്ടുന്നു. രാവിലെ 9 മണിമുതൽ 2 രണ്ട് മണിവരെയാണ് കൂലിവേല ചെയ്യുന്നത്. ഇതിന് 600 രൂപ ദിവസകൂലിയായി ലഭിക്കുന്നു. ഉച്ചയ്ക്കു ശേഷം പശുവിന് ആവശ്യമായ പുല്ല് മറ്റുള്ളവരുടെ പറമ്പിൽ നിന്നോ മറ്റ് പൊതുവിടങ്ങളിൽ നിന്നോ ശേഖരിക്കുന്നു. കോളനിയിലെ മറ്റ് വീടുകളിൽ നിന്ന് കഞ്ഞിവെള്ളം, കാടിവെള്ളം തുടങ്ങിയവ ശേഖരിക്കുന്നു. ഇവ പശുക്കൾക്ക് നൽകുന്നു. പാൽ കറക്കുന്ന സമയങ്ങളിൽ മാത്രമേ കന്നുകാലിത്തീറ്റ വാങ്ങിച്ചു നൽകുന്നുള്ളൂ. കറവയില്ലാത്ത പശുക്കൾക്ക് പച്ചവെള്ളവും പുല്ലും മാത്രമാണ് തീറ്റയായി നൽകുന്നത്.

ഒരു തൊഴിൽ എന്നതിനെക്കാൾ ഉപരി ചന്ദ്രൻ പശു വളർത്തൽ നന്നായി ആസ്വദിക്കുന്നു. കഴിഞ്ഞ പത്ത് വർഷങ്ങൾക്കുള്ളിൽ രണ്ടു പ്രാവിശ്യമാണ് പശുവളർത്തലുമായി ബന്ധപ്പെട്ട പ്രതിസന്ധി യുണ്ടായത്. ആദ്യമായി ചന്ദ്രനെയും പശുവിനേയും ഒരു പേപ്പട്ടി കടിച്ചതായിരുന്നു. ആയാൾ

ആശുപത്രിയിൽ പോയി കുത്തിവയ്പ്പ് എടുത്തു. പശുവിനെ എന്തു ചെയ്യണമെന്ന് അയാൾക്ക് അറിയില്ലായിരുന്നു. പക്ഷേ, പശുവിനെ സ്വതന്ത്രമായി പുല്ലുകൾ തിന്നാൻ അനുവദിച്ചു. രോഗത്തിനുള്ള മരുന്ന് പശു സ്വയം കണ്ടെത്തുമെന്ന വിശ്വാസത്തിലായിരുന്നു അതിനെ അഴിച്ചു വിട്ടത്. നാൽപ്പത്തി അഞ്ചു ദിവസം യാതൊരു പണിക്കുപോകാതെ പശുവുമായി പൊതുസ്ഥലത്തു ജീവിച്ചു. അക്കാലമത്രയും വളരെ മാനസിക സങ്കർഷത്തിലായിരുന്നു കഴിഞ്ഞത്. ഭാഗ്യവശാൽ പശു പേപ്പട്ടിവിഷത്തെ അതിജീവിച്ചു. മറ്റൊരു പ്രതിസന്ധി തന്റെ ജീവിതത്തിലുണ്ടായതു വളരെ സ്നേഹിച്ചു വളർത്തിയ ഒരു സങ്കരയിനം പശുവിനെ പത്തു പ്രാവിശ്യം കുത്തിവച്ചിട്ടും അതു ഗർഭിണിയാകാത്തതാണ്. ഒടുവിൽ നിവർത്തിയില്ലാതെ കുറഞ്ഞ വിലയ്ക്ക് അതിനെ കച്ചവടക്കാർക്ക് വിൽക്കേണ്ടി വന്നു. പശുവിനെ കുത്തിവക്കാൻ വരുന്ന മൃഗഡോക്ടർ ഏകദേശം 10 കിലോമീറ്ററോളം അകലെയുള്ള ആശുപത്രിയിൽ നിന്നായതുകൊണ്ടുള്ള ചെറിയ ബുദ്ധിമുട്ട് ഉണ്ട്. ഗ്രാമ പഞ്ചായത്തിൽ നിന്നും ചില സാമ്പത്തിക സഹായം പശുവളർത്തലിന് കിട്ടിയിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടത് കാലിതൊഴുത്തിനുള്ള ധനസഹായമാണ്.

പശുവിനെ കെട്ടുന്ന മാലവേട്ടുവൻ ഗോത്രക്കാർ മിൽമ സൊസൈറ്റികളിലാണ് പാൽ വിൽക്കുന്നത്. അവിടെ ലഭിക്കുന്ന പാലിന്റെ വില മാർക്കറ്റ് വിലയേക്കാൾ കുറവാണ്. കാന്നുകാലികളുടെ തീറ്റചിലവും അവക്കുണ്ടാകുന്ന രോഗങ്ങളും കന്നുകാലി വളർത്തുന്നവർക്ക് ഒരു പ്രശ്നമാണ്. പാലിന് ലഭിക്കുന്ന വില പൊതുവിൽ കുറവാണ്. ചന്ദ്രന പാൽ സൊസൈറ്റിയിൽ നല്ല വില ലഭിക്കുന്നുണ്ട്. അതിന് പ്രധാനമായി കരുതുന്നത് പശുവിന് നല്ല പച്ചപ്പുല്ല് തിരഞ്ഞു പറിച്ചു നൽകുന്നതിനാൽ പാലിന് നല്ല, കൊഴിപ്പുണ്ട്. കറവയുടെ ആദ്യകാലങ്ങളിൽ ലിറ്ററിനു 42 രൂപ വരെ മിൽമ സൊസൈറ്റിയിൽ നിന്നും വിലയായി കിട്ടിയിട്ടുണ്ട്.

നാടൻ പശുക്കളിൽ നിന്നും സങ്കരയിനം പശ്തുക്കളിലേയ്ക്കുള്ള ക്ഷീര കർഷകരുടെ മാറ്റം മറ്റൊരു പ്രശ്നമാണ്. സങ്കരയിനം പശുക്കൾക്ക് രോഗപ്രതിരോധ ശേഷി കുറവാണ്. കാസർകോഡ് കുള്ളൻ തുടങ്ങിയ നാടൻ പശുക്കളെക്കാൾ സങ്കരയിനം പശുക്കൾ പാൽ തരുമെങ്കിലും അവയെ വളർത്തുന്നതിന് ചിലവ് കൂടുതലാണ്. പുതിയ സങ്കരയിനം കന്നുകാലികളെ വളർത്തുന്നതിനാവിശ്യമായ പരിശീലനം ഗോത്രവിഭാഗങ്ങൾക്ക് കിട്ടിയിട്ടില്ല. അതുകൊണ്ടു തന്നെ ഒരു തൊഴിലെന്ന നിലയ്ക്കു കന്നുകാലി വളർത്തൽ ഗോത്രമേഖലയിൽ വികസിച്ചിട്ടില്ല. പാരമ്പര്യചികിത്സക്കോ സ്വന്തം കുടുംബത്തിന്റെ പാൽ ആവശ്യത്തിനോ മാത്രമാണ് ഗോത്രവിഭാഗങ്ങൾ പശുക്കളെ വളർത്തുന്നത്. കൊറഗർ വിഭാഗത്തിന്റെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല.

**പട്ടിക 3.3: വീട്ടിലെ പ്രധാനപ്പെട്ട വളർത്തു മൃഗങ്ങൾ, 2023**

| മൃഗം/പക്ഷി | കൊറഗർ | | മലവേട്ടുവർ | |
|---|---|---|---|---|
| | ശതമാനം | കുടുംബം | ശതമാനം | കുടുംബം |
| പശു | 2.4 | 6 | 12.7 | 131 |
| എരുമ | 0.0 | 0 | 0.2 | 2 |
| കോഴി | 7.6 | 19 | 27.7 | 286 |
| ആട് | 12.0 | 30 | 8.4 | 87 |
| താറാവ് | 2.8 | 7 | 1.3 | 13 |
| നായ | 26.0 | 65 | 46.8 | 483 |

സ്രോതസ്സ് : കിലെ സർവ്വേ 2023

വീടുകളിൽ വളർത്തുന്ന പ്രധാനപ്പെട്ട മൃഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക 3.3 യിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. കോഴി, പശു എന്നിവ മലവേട്ടുവൻ സമുദായത്തിൽ വളർത്തുന്നുണ്ട്. കൊറഗർ സമുദായത്തിൽ കൂടുതലും ആട് വളർത്തലാണ് കാണുന്നത്. ആടു വളർത്തൽ സാധ്യമാക്കുന്നതിൽ ഗ്രാമപഞ്ചായത്തുകളിലെ കുടുംബശ്രീ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്.

ആദിവാസികളുടെ ഇടയിൽ പശു വളർത്തൽ കുറവാകുന്നതിനു മുഖ്യകാരണം അവരുടെ വീടുകൾ അധികവും വളരെ ചരിവുള്ള കുന്നുകളിലാണെന്നതാണ്. അത് പശുവളർത്തലിന് അനിയോജ്യമല്ല. പ്രത്യേകിച്ചും ഉയർന്ന പാൽ നൽകുന്ന സങ്കരയിനം പശുക്കളെ കെട്ടിയാൽ അവയെ വീഴ്ചയിൽ നിന്നും സംരക്ഷിക്കുക ബുദ്ധിമുട്ടാണ്. ചില വീടുകളിലെങ്കിലും അടുക്കി വച്ച കല്ല് പടവുകളിലൂടെ വേണം വീടിലേക്ക് എത്തേണ്ടത്. ആ വഴികളിലൂടെ പശുക്കളെ കൊണ്ടു പോകുന്നത് ദുഷ്കരമാണ്. അതുകൊണ്ടു കൂടിയാണ് ഗ്രാമപഞ്ചായത്തുകൾ കുടുംബശ്രീ വഴി കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നത്. അതു ചെറിയ തോതിൽ ആദിവാസികൾക്ക് ഗുണകരമാകുന്നുണ്ട്.

## 3.3.3 വംശീയ വൈദ്യം

ഗോത്രവിഭാഗങ്ങൾക്കിടയിലെ വംശീയ വൈദ്യത്തിനു പൊതുസമൂഹത്തിലും ഇന്നു പ്രചാരം ലഭിച്ചു വരുന്നു. മറ്റ് സമുദായങ്ങളും ഇപ്പോൾ ചില രോഗങ്ങൾക്ക് ഗോത്ര ചികിത്സ ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഒട്ടുമിക്ക ചികിത്സകളിലും ഒറ്റമൂലികകളാണ് ഇവർ കൂടുതലും ഉപയോഗിക്കുന്നത്. കൂടാതെ, തിരുമലും ചില ചികിത്സയുടെ ഭാഗമായിട്ടുണ്ട്.

ധന സമ്പാദന മാർഗ്ഗമെന്ന നിലയിലല്ലാതെ, ചികിത്സ തന്റെ കർത്തവ്യമാണെന്ന നിലയിലാണ് ആദിവാസികളിലെ പാരമ്പര്യ ചികിത്സകർ നിലകൊണ്ടിരുന്നത്. തങ്ങൾക്കറിയാവുന്ന ഒറ്റമൂലികൾ പണം സംബാദിക്കുന്നതിനായി മാർക്കറ്റ് ചെയ്യാൻ ശ്രമിച്ചിരുന്നില്ല. പുതിയ തലമുറയിലെ പലർക്കും തങ്ങളുടെ പാരമ്പര്യ ചികിത്സ പിൻതുടരുന്നതിന് വേണ്ടത്ര താത്പര്യമില്ല. അതിന് പല കാരണങ്ങളുണ്ട്. അലോപ്പതി, ആയുർവേദം, ഹോമിയോപതി തുടങ്ങിയ ചികിത്സ രീതികളുടെ പ്രചാരവും ചികിത്സരുടെ ധന സമ്പാദനത്തിനായുള്ള പരസ്പര മത്സരവും അസംഘടിതരായ പാരമ്പര്യചികിത്സകർക്കു വിനയായി. വംശീയവൈദ്യ ചികിത്സരീതികൾ അശാസ്ത്രീയമാണെന്ന പ്രചാരമുണ്ടായി. പാരമ്പര്യ ചികിത്സകർക്കെതിരെ ചില കേസ്സുകളുണ്ടായി. വംശീയ വൈദ്യത്തിൽ ചില രോഗങ്ങൾക്ക് നൽകുന്ന ചികിത്സകൾക്ക് ഫലപ്രാപ്തിയിലുണ്ടാകാൻ കാലതാമസമുണ്ട്. അതിനാൽ, ചികിത്സക്കിടെ പലരും അതു നിർത്തി മറ്റ് ചികിത്സാരീതികളിലേക്ക് പോകുന്നു. ഇതു ഗോത്രവിഭാഗങ്ങളിലെ പലരേയും പാരമ്പര്യ ചികിത്സ നൽകുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിന് കാരണമായി.

അതേ സമയം സർക്കാർ തലത്തിൽ ഇത്തരം പാരമ്പര്യ വൈദ്യമാരെ സംരക്ഷിക്കുന്നതിന് ചില ശ്രമങ്ങൾ തുടങ്ങിയിരുന്നു. അതിന്റെ ആദ്യപടിയായി വംശീയ വൈദ്യർക്ക് സർക്കാർ ലൈസൻസ് നൽകുകയുണ്ടായി. മറ്റൊന്ന്, ഇത്തരം പാരമ്പര്യ ചികിത്സകരുടെ പേരുവിവരങ്ങൾ സർക്കാർ സ്ഥാപനമായ കിർടാർഡ് പ്രസിദ്ധീകരിക്കുകയും ചെയ്തു.

**പട്ടിക 3.4: കൊറഗർ ഗോത്രത്തിലെ പാരമ്പര്യ ചികിത്സകർ**

| നം | പേര് | വയസ്സ് | സ്ത്രീ/പുരുഷൻ | സ്ഥലം | ചികിത്സ |
|---|---|---|---|---|---|
| 1 | അമർനാഥ് | 62 | പുരുഷൻ | എൻമകജെ | തലവേദന, വയറ് വേദന, മുറിവ്, ശരീരവേദന, ചതവ് |
| 2 | ഉജാറു | 72 | സ്ത്രീ | പുലിക്കൂർ കോളനി | തലവേദന, ശിശുരോഗങ്ങൾ, വാത രോഗങ്ങൾ, സ്ത്രീ രോഗങ്ങൾ, പ്രസവചികിത്സ |
| 3 | ബട്ടിയ | 58 | പുരുഷൻ | കര്യാട് കോളനി | തലവേദന, പനി, ശരീര വേദന, മുറിവ്, ഉദര രോഗങ്ങൾ, ചതവ്, ഒടിവ് |
| 4 | ബാബു കയ്യാർ | 46 | പുരുഷൻ | കയ്യാർ കോളനി | തലവേദന, വയറുവേദന, മുറിവ്, ശരീരവേദന |

സ്രോതസ്സ് : കിർടാർഡ് (2016)

ചികിത്സകർ എതെല്ലാം രോഗങ്ങൾക്ക് ചികിത്സ നൽകുന്നുവെന്ന കാര്യവും സർക്കാർ അതിൽ വ്യക്തമാക്കിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ കേരള പട്ടികജാതി പട്ടിക വർഗ്ഗ ഗവേഷണ പരിശീലന വികസന പഠനവകുപ്പ് (കിർടാഡ്) പ്രസിദ്ധീകരിച്ച 2016ലെ വംശീയ വൈദ്യൻമാരുടെ പേരുവിവര സൂചികയിൽ (കിർടാർഡ്, 2016) കൊറഗർ (പട്ടിക 3.4), മലവേട്ടുവൻ (പട്ടിക 3.5)

സമുദായങ്ങളിലെ പാരമ്പര്യചികിത്സകരുടേ പേരുവിവരങ്ങളോടൊപ്പം ഫോൺ നമ്പരുകളും ലഭ്യമാണ്. പക്ഷേ, ഈ പട്ടികയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ സമ്പൂർണ്ണമാണെന്ന് പറയാനാവില്ല. കാരണം, ചിലർ അടുത്ത കാലങ്ങളിൽ മരിച്ച പോയിട്ടുണ്ട്. അതുപോലെ, പ്രസിദ്ധരായ ചില വംശീയ ചികിത്സകരുടെ പേരുവിവരങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടില്ലന്നത് വിവരശേഖരണ സമയത്തറിയുവാനായി.

അധുനിക കാലത്ത് വംശീയ വൈദ്യത്തിന് അവശ്യക്കാർ ഏറിവരുകയാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും ചികിത്സ ചിലവ് താങ്ങാനാകും. ചികിത്സകളിൽ ഉപയോഗിക്കുന്ന മരുന്നുകൾക്ക് പാർശ്വഫലങ്ങളില്ലാത്തതു മറ്റൊരു ആകർഷണിയതയാണ്. മരുന്നിനായി നാട്ടിൽ ലഭ്യമായ പച്ചിലകളും കാട്ടിൽ നിന്നു ലഭിക്കുന്ന വസ്തുക്കളുമാണ് കൂടുതലും ഉപയോഗിക്കുന്നത്. ഇവയ്ക്ക് ആലോപ്പതി, ആയുർവേദം തുടങ്ങിയ മറ്റ് ചികിത്സരീതികളിലെ മരുന്നുകളുമായി താരതമ്യേനം ചെയ്യുമ്പോൾ വില കുറവാണ്. അവ ശേഖരിക്കുവാനുള്ള ആൾക്കാരും ഇപ്പോൾ ലഭ്യമാണ്. മരുന്നുകൾക്ക് വില കുറവാണെങ്കിലും മരുന്നു വാങ്ങുന്നതിനായി രോഗി ചികിത്സകന്റെ അടുത്ത് എത്തേണ്ടതുണ്ട്. ദൂരദേശങ്ങളിൽ താമസിക്കുന്നവർക്ക് ഇതു ബുദ്ധിമുട്ടാണ്. വംശീയ വൈദ്യൻമാരിൽ കിടത്തി ചികിത്സയില്ല. ഇത്, വംശിയ വൈദ്യ ചികിത്സകളിലെ ഒരു പ്രതിസന്ധിയാണ്.

മലവേട്ടുവൻ സമുദായത്തിലെ ഒരു വംശീയ വൈദ്യനാണ് 55 വയസ്സ പ്രായമുള്ള മാധവൻ വൈദ്യർ. അദ്ദേഹം 25 വർഷമായി ചികിത്സാരംഗത്ത് സജീവമാണ്. തന്റെ രണ്ടു മക്കളും മരുമക്കളും ഉൾപ്പെടെ ഏഴ് അംഗങ്ങൾ ചികിത്സാ സഹായികളായി ഉണ്ട്. അവർ നാട്ടു ചെടികളെ വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്നു. വൈദ്യർ ചികിത്സിക്കുന്ന പ്രധാന രോഗങ്ങൾക്കും മിക്കവാറും രണ്ട് ആഴ്ചയാണ് ചികിത്സ സമയപരിധി. ആ സമയത്തിനുള്ളിൽ രോഗം പൂർണ്ണമായും ഭേദമാകും. അപൂർവ്വം ചില രോഗങ്ങൾക്ക് ദീർഘകാല ചികിത്തയുമുണ്ട്. വീട്ടിൽ കിടത്തി ചികിത്സയില്ല. കോറോണ ഉണ്ടാകുന്നതിനു മുമ്പ് ഒട്ടേറെ ആൾക്കാർ ദൂരെ ദേശത്തു നിന്നുപോലും ചികിത്സക്കായി വരാറുണ്ടായിരുന്നുവെന്ന് വൈദ്യർ പറയുന്നു. ഇപ്പോൾ ആൾക്കാരുടെ എണ്ണത്തിൽ നേരിയ കുറവ് ഉണ്ടായിട്ടുണ്ട്. വൃക്കാരോഗം, ശ്വാസം മുട്ടൽ, മഞ്ഞപിത്തം തുടങ്ങിയ രോഗങ്ങൾക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നു പോലും വൈദ്യ ചികിത്സക്കായി ആൾക്കാരെത്തുന്നുണ്ടെന്ന് വൈദ്യർ പറയുന്നു (ചിത്രം 3.3).



(a) വംശീയ വൈദ്യർ പുരസ്കാരങ്ങളുമായി

(b) വംശീയ വൈദ്യർ സ്വഗൃഹത്തിൽ

**ചിത്രം 3.3: മലവേട്ടുവൻ ഗോത്രത്തിലെ ഒരു പാരമ്പര്യചികിത്സൻ, 2023**

മലവേട്ടുവൻ സമുദായത്തിൽ വംശീയ വൈദ്യം മുഖ്യതൊഴിലാക്കിയവരിൽ പ്രമുഖനാണ് കെ. കുഞ്ഞിരാമൻ വൈദ്യർ. അദേഹം, യശശരീരനായ നെല്ലിക്കാൻ കണ്ണൻമൂപ്പന്റെ ശിഷ്യനാണ്. കുഞ്ഞിരാമൻ വൈദ്യർ കാസർകോട് ജില്ലയിലെ വെള്ളരിക്കുണ്ടിൽ നിന്നും മൂന്ന് കിലോമീറ്റർ അകലെയുള്ള ഏറാൻചിറ്റ ഊരിലാണ് താമസം. ഏട്ട് വയസ്സിസ്സുമുതൽക്ക് തന്നെ തന്റെ അമ്മയുടെ

സഹോദരനായ നെല്ലിക്കാടൻ കണ്ണൻമൂപ്പനിൽ നിന്ന വംശീയ വൈദ്യം അഭ്യസിച്ചു. പത്തുവയസ്സ മുതൽക്ക് ചികിത്സ ആരംഭിച്ചു. കഴിഞ്ഞ 60 വർഷമായി ഈ മേഖലയിൽ ഒരു തൊഴിലെന്ന നിലയിൽ പ്രവർത്തിക്കുകയാണ്. മറ്റ് മലവേട്ടുവൻ വംശീയ വൈദ്യൻമാരെപ്പോലെ തട്ടപ്പരാശി ജ്യോത്സ്യവും ചികിത്സയുടെ ഭാഗമാണ്. അത്യാവിശ്യഘട്ടങ്ങളിൽ കിടപ്പുരോഗികളെ വീട്ടിൽ പോയി ചികിത്സിക്കാറുണ്ട്. ചികിത്സയ്ക്ക് അവശ്യമായ ചില പച്ച മരുന്നുകൾ ഇപ്പോൾ സ്വന്തം സ്ഥലങ്ങളിൽ നട്ടുവളർത്തുന്നുണ്ട്. കൂടാതെ, ചികിത്സയ്ക്ക് അവശ്യമായ മരുന്നുകൾ സ്വയം നിർമ്മിച്ച അവശ്യക്കാർക്ക് നൽകുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ കിർതാട്സ് മുഖേന ഇപ്പോൾ മറ്റു സംസ്ഥാനങ്ങളിലെ രോഗികളെയും ചികിത്സിക്കാറുണ്ടെന്ന് വൈദ്യർ പറഞ്ഞു. തന്റെ രണ്ടു കുട്ടികളേയും വംശീയ വൈദ്യം പഠിപ്പിച്ചിട്ടുണ്ട്. ചികിത്സയ്ക്കു പണം ചോദിക്കാറില്ലെങ്കിലും ഉപജീവനത്തിന് അവശ്യമായ ധനം ചികിത്സയിലൂടെ ലഭിക്കുന്നുണ്ട്.

ഒരു തൊഴിൽ എന്ന നിലയ്ക്ക് വംശീയ വൈദ്യത്തിന് ആധുനിക കാലത്ത് വളരെ സാധ്യതകളുണ്ട്. പക്ഷേ, അവ ഉപയുക്തമാക്കാൻ കൊറഗർ, മലവേട്ടുവൻ ഗോത്രവർഗ്ഗങ്ങൾക്ക് എത്രത്തോളം കഴിയുന്നുവെന്നത് ചിന്തനീയമാണ്. ആധുനിക കാലത്ത് ഒരു തൊഴിൽ എന്ന നിലയിൽ വംശീയ വൈദ്യം വേണ്ടവിധത്തിൽ നടത്തുവാനും അതിലൂടെ മെച്ചപ്പെട്ട ഉപജീവനം സാധ്യമാക്കാനും ആവശ്യമായ പരിശീലനങ്ങൾ ചിലർക്കെങ്കിലും ലഭിക്കേണ്ടതുണ്ട്.

ആദിവാസി ഗോത്രങ്ങളുടെ ചികിത്സാരീതികൾ ശാസ്ത്രീയമല്ലെന്ന വിമർശനം അധുനിക സമൂഹത്തിൽ നിന്നും പലപ്പോഴായി ഉണ്ടാകുന്നതും അധുനിക ചികിത്സാരീതികളിൽ പ്രവർത്തിക്കുന്ന ചില ചികിത്സകരുടെ പ്രേരണയാൽ വംശീയ വൈദ്യൻമാർക്ക് ചില അപവാദങ്ങൾ നേരിടുന്നതും പല വംശീയ ചികിത്സകർക്കും ഈ തൊഴിൽ മേഖലയിൽ നിന്നും പിൻതിരിയാൻ പ്രേരണയേകുന്നു. ഗോത്രസമൂഹങ്ങളിലെ ചികിത്സരീതികളിലെ ശാസ്ത്രീയത അധുനിക ഡോക്ടർമാർ നിരന്തരം ചോദ്യം ചെയ്യപ്പെടുന്നുണ്ട്. ആപൂർവ്വമായി ചില രോഗികൾ ഇവർക്കെതിരെ കേസ്സുകൾ നൽകുന്നുണ്ട്. ആധുനിക കാലത്ത് തൊഴിൽ പരമായി ഉണ്ടാകുന്ന നിയമപ്രശ്നങ്ങൾ നേരിടുന്നതിന് വംശീയ വൈദ്യൻമാർ പ്രാപ്തരല്ല.

വംശീയ വൈദ്യ ചികിത്സകളിലെ ഗുണദോഷങ്ങൾ അറിയുന്നതിനും അതിനെ പൊതുജനങ്ങ ൾക്കിടയിൽ കൂടുതൽ പ്രചാരം നൽകുന്നതിനും അധുനിക രീതിയിലുള്ള ശാസ്ത്രീയ പഠനങ്ങളും ഗവേഷണങ്ങളും ഉപകരിക്കും.

വംശീയ വൈദ്യമാർ തങ്ങളുടെ തൊഴിൽ മേഖലയിൽ മറ്റു ചില പ്രതിസന്ധികളും നേരിടുന്നുണ്ട്. ഇന്ന് വംശീയ വൈദ്യത്തിന്റെ ഖ്യാതി ഗോത്ര ഊരുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. ഗോത്രവിഭാഗത്തിലല്ലാത്ത ആൾക്കാരും ചികിത്സക്കായി ഇവരെ സമീപിക്കാറുണ്ട്. പലരും ചില മുൻവിധികളോടെയാണ് ഇവരെ തേടിയെത്തുന്നത്. അതിലൊന്ന്, വംശീയ വൈദ്യത്തെ പ്രകൃതിചികിത്സയുമായോ, അല്ലെങ്കിൽ ആയൂർവേദചികിത്സയുടേയോ ഭാഗമായി കരുതുന്നതാണ്. എന്നാൽ വംശീയ ചികിത്സാരീതിക്ക് മറ്റ് ചികിത്സാരീതികളുമായി വലിയ ബന്ധമൊന്നുമില്ല. ഇതു

ഗോത്രവിഭാഗങ്ങളുടെ തനതായ ചികിത്സാരീതിയാണ്. അധുനിക ചികിത്സാരീതികൾ കണ്ടെത്തിയ പുതിയ രോഗങ്ങളുടെ പേരുകൾ ഈ ചികിത്സകരിൽ പലർക്കും അറിയില്ല.

### വംശീയ വൈദ്യം

വംശീയ വൈദ്യം എന്നത് ഗോത്രവിഭാഗങ്ങളുടെ ചികിത്സാരീതിയാണ്. ഇതിൽ മരുന്നും മന്ത്രവും ഒരു പോലെ ഉപയോഗിക്കുന്നു. പ്രത്യേക മന്ത്രജപത്തോടെയാണ് ചില മരുന്നുകൾ ശേഖരിക്കുന്നത്. മന്ത്രത്തോടെ ശേഖരിച്ചില്ലെങ്കിൽ അവയ്ക്കു ഗുണമുണ്ടാവുകയില്ലെന്ന് അവർ വിശ്വസിക്കുന്നു. ചില മരുന്നുകൾ ശേഖരിക്കുന്നതിന് കാലം പ്രധാനമാണ്. രാത്രികാലങ്ങളിലും പുലർച്ചയിലുമൊക്കെ മാത്രം ശേഖരിക്കുന്ന ചില ഒറ്റമൂലി മരുന്നുകൾ ഉണ്ട്. മരുന്നുകൾ വൈദ്യൻമാർ രോഗികൾക്ക് എഴുതികൊടുക്കുകയില്ല. പക്ഷേ, വേണമെങ്കിൽ മരുന്ന് കാണിച്ചു കൊടുക്കാം എന്ന വിശ്വാസവുമുണ്ട്. മനസ്സിൽ നിന്നും മനസ്സിലേക്കാണ് വിദ്യപകർന്നു നൽകേണ്ടത്. എന്നാൽ മാത്രമേ ചികിത്സയ്ക്കു ഫലമുണ്ടാകുകയുള്ളൂ. മുൻകാലങ്ങളിൽ എല്ലാതരം രോഗങ്ങൾക്കും ചികിത്സിക്കുന്ന വൈദ്യൻമാരുണ്ടായിരുന്നു. പക്ഷേ, ഇപ്പോൾ പലരും ചില പ്രത്യേകരോഗങ്ങൾക്ക് മാത്രമാണ് ചികിത്സ നൽകുന്നത്.

വംശീയ വൈദ്യത്തിൽ ചികിത്സകരായ മുതിർന്നവരിൽ നിന്ന് (മാതാപിതാക്കൾ അല്ലെങ്കിൽ ബന്ധുക്കൾ) അടുത്ത തലമുറ വിവിധ മരുന്നുകളെക്കുറിച്ച് പഠിക്കുന്നു. നാട്ടു പച്ചിലകൾ ശേഖരിക്കുന്നതിലും മരുന്നുകൾ നിർമ്മിക്കുന്നതിലും മുതിർന്നവരെ സഹായിക്കുന്നതിലൂടെയാണ് പിൻതലമുറക്കാർ ചികിത്സയുടെ ബാലപാഠങ്ങൾ പഠിച്ചെടുക്കുന്നത്. തുടർന്ന്, ചികിത്സ ചെയ്യുമ്പോൾ കൂടെ നിന്ന് വിദ്യ നുകർന്നു സ്വായത്തമാക്കുകയാണ് ചെയ്യുന്നത്. ചികിത്സയുടെ എല്ലാ വശങ്ങൾ പഠിച്ചെടുത്താലും അവർക്ക് ചികിത്സിക്കാനാവില്ല. ചികിത്സിക്കാൻ പരമ്പരാഗത രീതിയിൽ മാതാപിതാക്കളായ ഗുരുക്കൾ അനുവാദം നൽകേണ്ടതുണ്ട്. ഇതിനെ വൈദ്യം കൈമാറൽ എന്നാണ് പറയുന്നത്.

രോഗത്തെ പല തലത്തിൽ നിന്നു കൊണ്ടാണ് ഗോത്ര സമൂഹം ചികിത്സിക്കുന്നത്. ഇതിൽ ജ്യോതിഷത്തിന്റെയും മന്ത്രത്തിന്റെയും വിശ്വാസത്തിന്റെയും ചില ആചാരങ്ങളുടേയും വ്രതാനുഷ്ഠാനങ്ങളുടേയും തലങ്ങൾ ഉണ്ട്. അതു ആധുനിക സമൂഹത്തിൽ പലതും സ്വീകാര്യമാകണമെന്നില്ല. അതുകൊണ്ട് തന്നെ, മരുന്ന് സ്വീകരിക്കുന്നതിനപ്പുറത്ത് ചികിത്സയിൽ രോഗിയുടെ മാനസികമായ പങ്കുചേരൽ ഉണ്ടാകണമെന്നില്ല. പലപ്പോഴും രോഗി ആധുനിക ചികിത്സാരീതികളോട് താരതമ്യേനം ചെയ്തു ആശയക്കുഴപ്പത്തിലാകാറുണ്ട്. ഇത് ചികിത്സ പൂർത്തികരിക്കുന്നതിന് തടസ്സമാകാറുണ്ട്.

വംശീയ വൈദ്യചികിത്സയ്ക്കു പണം ചോദിച്ചു വാങ്ങാൻ പാടില്ലെന്ന വിശ്വാസമുള്ള പാരമ്പര്യ ചികിത്സകരുണ്ട്. രോഗിക്ക് എന്തു തരാനാണ് തോന്നുന്നത് അല്ലെങ്കിൽ കഴിയുന്നത്, അതു സ്വീകരിക്കുക എന്നതിനപ്പുറപ്പം പണത്തെ ആഗ്രഹിക്കരുത്. അതു കൊണ്ട് തന്നെ പല ചികിത്സകരും വളരെ തുച്ഛമായ വരുമാനമാണ് ലഭിക്കുന്നത്. ആലോപ്പതി ചികിത്സികളിലെപ്പോലെ കാലാകാലങ്ങളിൽ രോഗികൾക്ക് ചെക്കിംഗ് ഇല്ല. രോഗം ചികിത്സിച്ചു ഭേദമായവർ വീണ്ടും ചികിത്സകനെ കാണാൻ വരാറില്ല. ചികിത്സകർക്ക് പരസ്യമില്ല. രോഗം ഭേദമായവർ മുഖേന അറിഞ്ഞു വരുന്ന മറ്റ് രോഗികൾ മാത്രമാണ് ചികിത്സയ്ക്കു വരുന്നത്.

## പട്ടിക 3.5: മലവേട്ടുവൻ ഗോത്രത്തിലെ പാരമ്പര്യ ചികിത്സകർ

| നം | പേര് | വയസ്സ് | ജെൻഡർ | സ്ഥലം | ചികിത്സ |
|---|---|---|---|---|---|
| 1 | കണ്ണൻ എം | 40 | പുരുഷൻ | കരിവേടകം | എല്ല് തേയ്മാനം, മൂത്രക്കല്ല്, വെള്ളപോക്ക്, മുടികൊഴിച്ചിൽ, ചർമ്മരോഗം, ചെന്നിക്കുത്ത്, ആസ്മ, ലൈംഗിക പ്രശ്നങ്ങൾ |
| 2 | കുമാരൻ എൻ.ബി | 60 | പുരുഷൻ | പയ്യങ്കാനം | പാമ്പ് വിഷം, ത്വക്ക് രോഗങ്ങൾ |
| 3 | കുഞ്ഞിക്കണ്ണൻ പി | 61 | പുരുഷൻ | കുറ്റിത്താണി | വിഷ ചികിത്സ |
| 4 | കുഞ്ഞിരാമൻ | 55 | പുരുഷൻ | കരിവേടകം | അൾസർ, രക്തംപോക്ക്, ഒഴിച്ചിൽ, ചെന്നിക്കുത്ത്, വയറുവേദന, വാതം, കണ്ണുവേദന, മൂലക്കുരു |
| 5 | കുഞ്ഞിരാമൻ എച്ച്.എം. | 37 | പുരുഷൻ | കുറ്റിക്കോൽ | വാതം, ത്വക്ക് രോഗങ്ങൾ, അലർജി, ചുമ, ആസ്ത്മ, ശരീരവേദന, നീർക്കെട്ട് |
| 6 | കുഞ്ഞിരാമൻ കെ | 51 | പുരുഷൻ | വെള്ളരികണ്ട് | പ്രമേഹം, ത്വക്ക്രോഗങ്ങൾ, ശ്വാസകോശ അസുഖങ്ങൾ, വാതരോഗങ്ങൾ |
| 7 | കുഞ്ഞിരാമൻ സി.വി. | 56 | പുരുഷൻ | തലോലപ്പൊയിൽ | ആസ്ത്മ, വാതസംബന്ധമായ അസുഖങ്ങൾ, പ്രമേഹം, തലവേദന, മൂലക്കുരു, അപസ്മാരം, പിത്തപ്പനി |
| 8 | നെല്ലിക്കാടന കണ്ണൻമൂപ്പൻ | 74 | പുരുഷൻ | നാട്ടക്കൽ | ആസ്ത്മ, ത്വക്ക് രോഗങ്ങൾ, വാത സംബന്ധമായ അസുഖങ്ങൾ, മൂലക്കുരു, മൂത്രക്കല്ല്, പ്രമേഹം, ഉഴിച്ചിൽ, വിഷ ചികിത്സ, തട്ടുപ്പ ജ്യോതിഷം |
| 9 | ബിജു എൻ.പി | 38 | പുരുഷൻ | നാട്ടക്കൽ | പൊതു ചികിത്സ |
| 10 | ഭാസ്കരൻ എം | 53 | പുരുഷൻ | പട്ളം | ആസ്ത്മ, ശ്വാസകോശ തകരാറുകൾ, ത്വക്ക് രോഗം, പ്രമേഹം, വൃക്ക രോഗങ്ങൾ, ശരീര വേദന, മുടികൊഴിച്ചിൽ |
| 11 | മണിക്കുട്ടൻ എം | 30 | പുരുഷൻ | കുഴിങ്ങാട് | വംശീയ വൈദ്യ തിരുമ്മ-മരുന്നാവിക്കുളി ചികിത്സ |
| 12 | മാണിക്കൻ കെ | 52 | പുരുഷൻ | കുഴിങ്ങാട് | ത്വക്ക് രോഗം, വൃക്ക രോഗം, പ്രമേഹം, ശരീര വേദന, വയറ് വേദന, മൂത്രക്കല്ല്, ആസ്ത്മ, വാതരോഗം |
| 13 | രാഘവൻ പി | 52 | പുരുഷൻ | കുറ്റിത്താനി | പാമ്പുവിഷ ചികിത്സ |
| 14 | സന്തോഷ് എൻ.കെ | 38 | പുരുഷൻ | നാട്ടക്കൽ | വംശീയ വൈദ്യ തിരുമ്മു - മരുന്നാവിക്കുളി ചികിത്സ |

സ്രോതസ്സ്: കിർടാർഡ് (2016)

### 3.3.4 കൂലി വേല

ആദിവാസികളിൽ 84.8 ശതമാനവും കൂലിവേലക്കാരാണ്. മുൻകാലങ്ങളിൽ കുട്ടനിർമ്മാണം ചെയ്തുവരായിരുന്ന ഈ കുടുംബാഗങ്ങൾ. ഒരു കുടിൽ വ്യവസായത്തിൽ നിന്നും അസംഘടിതമായ തൊഴിലാളിയിലേക്കുള്ള സാമൂഹികമായ പരിവർത്തനം ഇവിടെ ശ്രദ്ധേയമാണ്.

കൂലിവേലയിൽ നിൽക്കുന്ന ആദിവാസികളിലധികവും മുപ്പതു വയസ്സ് കഴിഞ്ഞവരാണ്. യുവാക്കളുടെ ഇടയിൽ തൊഴിൽ രഹിതർ കൂടുതലാണെങ്കിലും കൂലിവേലക്കു താത്പര്യമുള്ളവർ കുറവാണ്. വിദ്യാഭ്യാസത്തിൽ മുന്നിൽ നിൽക്കുന്നവർക്ക് കൂലിവേലകളിൽ താത്പര്യമില്ല. പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിന് അവർ പരിശ്രമിക്കുന്നു.

### 3.3.5 കരകൗശലം

കരകൗശല വിദ്യയിൽ നിപുണരാണ് ആദിവാസികൾ. ചിരട്ട, മരത്തടി, മുള, എന്നിവ കൊണ്ട് പലതരം കരകൗശല വസ്തുക്കൾ ഇവർ നിർമ്മിക്കുന്നു. മംഗലം കളികളിൽ ഉപയോഗിക്കുന്ന തുടി നിർമ്മാണം ഇവരുടെ കരവിരുതിന്റെ ദൃഷ്ടാന്തമാണ്. പക്ഷേ, ഇപ്പോൾ അവർ കരകൗശല മേഖലയിൽ നിന്നും പൂർണ്ണമായും പിൻതിരിഞ്ഞു നിൽക്കുന്നു. സ്വന്തം അവശ്യങ്ങൾക്ക് മാത്രമാണ് വസ്തുക്കൾ നിർമ്മിക്കുന്നത്. ഒരു തൊഴിൽ എന്ന നിലയിൽ വളരാത്തതിനുള്ള പ്രധാന കാരണം നിർമ്മാണ വസ്തുക്കൾ ആധുനിക കാലത്ത് വിൽക്കാൻ പറ്റാത്തതാണ്. ഉൽപ്പന്നങ്ങൾ മെച്ചപ്പെട്ട വിലയ്ക്കു വളരെ വേഗത്തിൽ വിൽക്കുവാൻ കഴിയുമെങ്കിൽ ഈ മേഖലയിലേക്കു തിരിച്ചു വരാൻ ആദിവാസികളിൽ പലരും തയ്യാറാണ്.



(a) കുടുംബശ്രീ മേളയിൽ (b) പ്രദർശനം നടത്തുന്നു.

**ചിത്രം 3.4: കൊറഗരുടെ കരകൗശല ഉൽപ്പന്നങ്ങൾ 2023**

ഓൺലൈൻ പോലുള്ള നൂതന സംവിധാനങ്ങൾ ഉപയോഗിക്കാനറിയാത്തതിനാൽ മറ്റ് സ്ഥലങ്ങളിലെ ഉപഭോക്താക്കൾക്ക് ഉൽപ്പന്നങ്ങളെ വിൽക്കുവാൻ ഇവർക്ക് കഴിയുന്നില്ല. അടുത്ത കാലത്ത് ആദിവാസികളുടെ ഇടയിൽ മൊബൈൽ ഫോണുകളുടെ ഉപയോഗം വർദ്ധിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ, ആധുനിക സാങ്കേതിക വിദ്യകളുടെ പരിശീലനം വേണ്ട വിധത്തിൽ നൽകിയാൽ ഓൺലൈൻ

മാർക്കറ്റിംഗ് സാധ്യമാക്കാനാകും. അതു ആദിവാസികളിലൂടെ ഈ തൊഴിൽ മേഖലയ്ക്കു പുത്തൻ ഉണർവേകും.

## 3.4 പുതിയ തൊഴിൽ മേഖലകൾ

യുവ തലമുറ പുതിയ തൊഴിൽ അവസരങ്ങൾ തേടിപോകുന്നുണ്ട്. പലരും സെയിൽസ്, തയ്യൽ, റബ്ബർ ടാപ്പിംഗ്, ഡ്രൈവിംഗ്, കെട്ടിട നിർമ്മാണമേഖല, ഗിഗ് മേഖല തുടങ്ങിയവയിലേക്കു മാറിയിട്ടുണ്ട്. പുതിയ തൊഴിൽ മേഖലകളിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിന് ഇത്തരം ആൾക്കാർക്ക് നൈപുണ്യവികസനം ആവശ്യമാണ്.

ഒട്ടേറെ ആദിവാസി യുവാക്കൾ കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലാളികളായി കടന്നുവരുന്നുണ്ട്. അവർ കൂടുതലും സഹായികളായി(helper)ട്ടാണ് ജോലി ചെയ്യുന്നത്. മേസ്തിരി പണി ചെയ്യുന്നവർ വളരെ കുറച്ചു മാത്രമാണ്. സർക്കാർ ആരംഭിച്ച ഗോത്ര ജീവിക പദ്ധതി വേണ്ടവിധത്തിൽ നടപ്പിലാക്കുന്നതിലൂടെ കെട്ടിട നിർമ്മാണ തൊഴിൽ മേഖലയിൽ മെച്ചപ്പെട്ട രീതിയിൽ ആദിവാസികൾക്ക് മുന്നേറാനാകും.

| ഗോത്ര ജീവിക |
| --- |
| നിർമ്മാണ വ്യവസായത്തിൽ കഴിവുള്ള തൊഴിൽ സേനയെ രൂപീകരിക്കുക എന്ന ഉദ്ദേശത്തോടെ സർക്കാർ 2017-18 കാലഘട്ടത്തിൽ തുടങ്ങിയ പദ്ധതിയാണ് ഗോത്രജീവിക. യുവാക്കൾക്ക് മേസ്തിരിപ്പണി, മരപണി, പ്ലംബിംഗ്, വയറിംഗ്, ചുടുകട്ട നിർമ്മാണം, തുടങ്ങിയവയിൽ പരിശീലനം നൽകുന്നു. ഇതിന്റെ ആദ്യഘട്ടത്തിൽ സംസ്ഥാനത്ത് 1170 പേർക്ക് പരിശീലനം നൽകി. നിർമ്മാണരംഗത്ത് 53 സ്വയം സാഹായ സംഘങ്ങൾ രൂപികരിച്ചു. ഇതിൽ കൊറഗർക്ക് പരിശീലനം കിട്ടിയിട്ടുണ്ട്. |

തോട്ടം മേഖലയിലെ പണികൾ ചെയ്യാൻ ആദിവാസികൾക്ക് താത്പര്യമുണ്ട്. വളരെ കുറച്ച് ആദിവാസികൾ മാത്രമാണ് തോട്ടം മേഖലയിൽ ഇപ്പോൾ ജോലി ചെയുന്നത്. കൂലി കുറവായതും ആധുനിക കൃഷി ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള നൈപുണ്യമില്ലായമുയും ഒരു പ്രശ്നമാണ്. എൻഡോസൾഫാൻ ദുരിത ബാധിതർ മലവേട്ടുവാൻ സമുദായങ്ങൾക്കിടയിലുണ്ട്. പുതിയ തലമുറയ്ക്ക് തോട്ടം മേഖലയിൽ തൊഴിൽ ചെയ്യാനുള്ള താത്പര്യം കുറവാണ്.

## 3.5 സാമൂഹിക മൂലധനവും തൊഴിലും

ദാരിദ്ര നിർമ്മാർജ്ജനത്തിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിയ പദ്ധതികളിൽ പ്രമുഖ സ്ഥാനമാണ് കുടുംബശ്രീക്കും ദേശീയ തൊഴിലുറപ്പ് പദ്ധതിക്കുമുള്ളത്. ഇവ രണ്ടും സാമ്പത്തിക ഉന്നമനത്തിന് മാത്രമല്ല, സാമൂഹിക മൂലധനം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ സ്വയം ശാക്തീകരണത്തിനും കുടുംബ ഉന്നമനത്തിനും കാരണമാകുന്നു.

### 3.5.1 കുടുംബശ്രീ

സർവ്വേയിൽ പങ്കെടുത്ത 131 കൊറഗർ കുടുംബങ്ങൾ (52.4 ശതമാനം) കുടുംബശ്രീയിൽ അംഗങ്ങളാണ്. മലവേട്ടുവൻ സമുദായങ്ങളിൽ 828 കുടുംബങ്ങൾ (80.2 ശതമാനം) കുടുംബശ്രീയിലുണ്ട്.

ചില പഞ്ചായത്തുകളിലെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. അനേകം തൊഴിൽ പരിശീലനങ്ങൾ കുടുംബശ്രീ ആദിവാസികൾക്ക് നൽകുന്നുണ്ട്. അടുത്ത കാലത്ത് മൃഗസംരക്ഷണം, കൃഷി എന്നിവ കൂടാതെ അദിവാസികൾക്ക് താത്പര്യമുള്ള തൊഴിൽ മേഖലകളിലും കുടുംബശ്രീ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.



(a) കുട്ടകളുമായി വിൽപ്പനയ്ക്ക്

(b) കുടുംബശ്രീ മീറ്റിംഗ്

**ചിത്രം 3.5: കൊറഗർ സമുദായംഗങ്ങളുടെ കുടുംബശ്രീ പ്രവർത്തനം, 2023**

കൊറഗർ, മലവേട്ടുവൻ സമുദായങ്ങളുടെ പരമ്പരാഗത തൊഴിലായ കുട്ട നിർമ്മാണവും അതുമായി ബന്ധപ്പെട്ട കരകൗശല വസ്തുക്കളുടെ നിർമ്മാണവും കുടുംബശ്രീ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഉൽപ്പന്നങ്ങൾ വിവിധ മേളകളിൽ പ്രദർശിപ്പിക്കുകയും അവ മെച്ചപ്പെട്ട വിലക്കു വിൽക്കുവാൻ അവസരമൊരുക്കുകയും ചെയ്യുന്നു (ചിത്രം 3.5).

ഇവ കൂടാതെ, അനേകം പുതിയ തൊഴിൽ പരിശീലനങ്ങളും സ്ത്രീകൾക്ക് നൽകിവരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് തയ്യൽ പരിശീലനമാണ് (ചിത്രം 3.6). ഇപ്പോൾ പല ആദിവാസി കുടുംബങ്ങളിലും തയ്യൽ മിഷ്യൻ ഉണ്ട്. അവർ അവരുടെ വസ്ത്രങ്ങൾ സ്വയം തുന്നാനും പരിശിലിച്ചിട്ടുണ്ട്. പക്ഷേ, പലരും സ്വന്തമായി തയ്യൽകട തുടങ്ങുവാനോ തയ്യൽ ഒരു മുഖ്യതൊഴിലായി സ്വീകരിക്കാനോ കഴിഞ്ഞിട്ടില്ല. പൊതു സമൂഹം തുണികൾ തയ്ക്കാൻ നൽകുന്നില്ല. പുതിയ ഫാഷൻ അനുസരിച്ച് വസ്ത്രങ്ങൾ ഡിസൈൻ ചെയ്ത് മാർക്കറ്റ് ചെയ്യുന്നതിന് ഇനിയും കൂടുതൽ പരിശീലനങ്ങളും അവസരങ്ങളും ആവശ്യമാണ്. സ്കൂൾ കുട്ടികളുടേയും സർക്കാർ ഉദ്യോഗസ്ഥരുടേയും (പോലീസ്, സെക്യൂരിറ്റി തുടങ്ങിയവർ) യൂണിഫോമുകൾ ആദിവാസികൾക്ക് കുടുംബശ്രീയിലൂടെ നിർമ്മിച്ചു നൽകാവുന്നതാണ്.

ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ ഊരുതല കർമ്മ പദ്ധതി പ്രകാരം കൊറഗരുടെ സുസ്ഥിര വികസനത്തിനു വേണ്ടി നാല് വാർഡുകളിലെ ആറ് ഊരുകളിലായി കുടുംബശ്രീ നടപ്പിലാക്കിയ

ചില പദ്ധതികൾ ഇവയാണ്. ആട് വളർത്തൽ, മുട്ടകോഴി പദ്ധതി, നാടൻ കോഴി പദ്ധതി, ബ്രിഡ്ജ് കോഴ്സ്, ജോർ മലയാളം, ബാല സഭാ കുട്ടികൾക്കുള്ള ടൂർ, പുല്ലൻഹി ഹാൻഡിക്രാഫ്റ്റ് ട്രെയിനിംഗ് തുടങ്ങിയവ കൂടാതെ വിവിധ യൂണിറ്റുകൾക്ക് അവരുടെ പദ്ധതികൾ നടപ്പിലാക്കാനുള്ള ജില്ലാ മിഷന്റെ ഫണ്ടും ലഭ്യമായി. ഇതു പോലെ ആദിവാസി മേഖലകളിലെ ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീ ജില്ലാമിഷന്റെ പൊതു പ്രവർത്തനങ്ങൾ കൂടാതെ, ആദിവാസികളുടെ ഉന്നമനത്തിനായി പലതരം തൊഴിൽ പരിശീലനങ്ങളും വിവിധ വിദ്യാഭ്യാസ ആരോഗ്യ പരിപാടികളും സംഘടിപ്പിച്ചു വരുന്നുണ്ട്.



(a) തയ്യൽ ക്ലാസ്സ് (b) തയ്യൽ പരിശീലനത്തിൽ

**ചിത്രം 3.6: കൊറഗർക്കായി കുടുംബശ്രീയുടെ തൊഴിൽ പരിശീലനം, 2023**

ട്രൈബൽ ഡിപ്പാർട്ടുമെൻഡ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിൽ പരിശീലനങ്ങൾ ആദിവാസികൾക്കായി നൽകുന്നത് കുടുംബശ്രീയാണ്. പക്ഷേ, ഇവരുടെ പരിപാടികൾ കൂടുതലും സ്ത്രീകളിലും കുട്ടികളിലും ഒതുങ്ങുന്നു. പുരുഷൻമാരെക്കൂടെ ഉൾപ്പെടുത്തുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

## 3.5.2 തൊഴിലുറപ്പ് പദ്ധതി

സർവ്വേയിൽ പങ്കെടുത്ത 107 കൊറഗർ കുടുംബങ്ങൾ (42.8 ശതമാനം) തൊഴിലുറപ്പ് പദ്ധതിയിൽ അംഗമായിട്ടുണ്ട്. മലവേട്ടുവൻ സമൂദായത്തിൽ 614 കുടുംബം (59.5 ശതമാനം) തൊഴിലുറപ്പ് പദ്ധതിയിലുണ്ട്.

തൊഴിലുറപ്പു പദ്ധതിയിൽ നടപ്പിലാക്കുന്ന പണികൾ അധികവും തൊഴിലുറപ്പുകാർഡ് ഉള്ള സ്വകാര്യ വ്യക്തികളുടെ പറമ്പുകളിലാണ് നടത്തപ്പെടുന്നത്. പൊതു മുതൽ മെച്ചപ്പെടുത്തുന്നതിനോ റോഡുകൾ നിർമ്മിക്കുന്നതിനോ ആദിവാസികളുടെ വീടുകൾ നിർമ്മിക്കുന്നതിനോ തൊഴിലുറപ്പ് പദ്ധതികൾ വേണ്ടത്ര ഉപയോഗിക്കപ്പെടുന്നില്ല. അതിനു പ്രധാന കാരണമായി കാണുന്നത് റോഡു നിർമ്മാണത്തിനും മറ്റുമുള്ള കരുങ്കല്ല്, സിമന്റ്, തുടങ്ങിയ അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിമിതിയാണ്.

### കേരള ട്രൈബൽ പ്ലസ്സും റിക്കവറി ഫണ്ടും

സംസ്ഥാന സർക്കാർ ആദിവാസികളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഓരോ കുടുംബത്തിനും തൊഴിലുറപ്പ് ദിനം 100 ൽ നിന്ന് 200 ആക്കി ഉയർത്തി. സമയത്തിന് കാശ് വിതരണം ചെയ്യുന്നതിന് ഒരു റിവോൾവിംഗ് ഫണ്ട് ഉണ്ടാക്കി. ആദ്യം പദ്ധതി അട്ടപ്പാടി, ആറളം, വയനാട് എന്നീ ജില്ലകളിൽ തുടങ്ങി. ഇപ്പോൾ അതു കാസർഗോഡിൽ ജില്ലയിലും നടപ്പിലാക്കി വരുന്നു.

ഉദാഹരണമായി കള്ളാർ ഗ്രാമപഞ്ചായത്തിലെ ഒരു മലവേട്ടുവൻ ആദിവാസി ഊരിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ വ്യക്തി സൌജന്യമായി വിട്ടു നൽകിയ ഭൂമിയിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഒരു കുളം കുഴിക്കുകയുണ്ടായി (ചിത്രം 3.7). പക്ഷേ, അതിന്റെ ചുറ്റം കല്ലുകൊണ്ട് കെട്ടുന്നതിനും അതിൽ പനമ്പുസ്റ്റ് വക്കുന്നതിനും ഉള്ള പണം പഞ്ചായത്തിന്റെ കയ്യിൽ ഇല്ല. മഴക്കാലത്ത് മണ്ണൊലിപ്പു മൂലം ഈ കുഴിച്ച കുളം നികരുവാൻ സാധ്യതയുണ്ടെന്ന് ആദിവാസികൾ പറയുന്നു.



**ചിത്രം 3.7: മലവേട്ടുവൻ സമുദായങ്ങളുടെ കുടിവെള്ളത്തിനായി കുഴിച്ച കുളം, 2023**

ഇതു വ്യക്തമാക്കുന്നത് തൊഴിലുറപ്പ് പദ്ധതികൾ അതിന്റെ ലക്ഷ്യം കൈവരിക്കുന്നതോടൊപ്പം അതിന്റെ പങ്കാളികൾക്കും നാടിനും കൂടുതൽ ഗുണകരമാകുന്നതിന് കൂടുതൽ ആസൂത്രണങ്ങളും നടത്തിപ്പുകളിൽ യഥോചിതമായ മാറ്റവും അനിവാര്യമാണെന്നാണ്. അല്ലെങ്കിൽ, തൊഴിൽ ദിനങ്ങൾ നൽകാം എന്നതിലുപരി അതു പൊതു സമൂഹത്തിനോ പൊതുമുതൽ വർദ്ധിപ്പിക്കുന്നതിനോ സഹായകരമാകില്ല.

തൊഴിലുറപ്പ് പദ്ധതികളിൽ പുരുഷൻമ്മാരെക്കാൾ കൂടുതൽ സ്ത്രീകളാണ് പങ്കെടുക്കുന്നത്. പ്രായം ചെന്നവരും ഇതിൽ പങ്കാളികളാകുന്നു. പുരുഷൻമാരുടെ പങ്കാളിത്തം കുറയുന്നതിന് പ്രധാന കാരണം ഇതിന്റെ കൂലി ദിവസവും ലഭിക്കുന്നില്ല എന്നതാണ്. അതിനാൽ, പല കുടുംബങ്ങളും മറ്റ് പണികൾ ചെയ്യാനാണ് കൂടുതൽ താത്പര്യപ്പെടുന്നത്.



(a) പുല്ല് പറിക്കൽ



(b) കുഴിയെടുപ്പ്

**ചിത്രം 3.8: കൊറഗർ സമുദായംഗങ്ങളുടെ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം, 2023**

വയോജനങ്ങൾക്കും സ്ത്രീ ജനങ്ങൾക്കും തൊഴിലുറപ്പ് ഒരു അനുഗ്രഹമാണ്. സ്ത്രീകൾക്ക് പൊതുവേ പുരുഷൻമാരെക്കാൾ കുറഞ്ഞ വേതനമാണ് പൊതുവിൽ ലഭിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ സ്ത്രീ പുരുഷവിവേചനം വേതനത്തിൽ ഇല്ല. അതു പോലെ വയോജനങ്ങളെ ആരും തന്നെ ജോലിക്കായി വിളിക്കാറില്ല. അതു കൊണ്ട്, തൊഴിലുറപ്പ് പദ്ധതികൾ മാത്രമാണ് പലർക്കും ഒരാശ്രയം.

## 3.6 വെല്ലുവിളികളും പ്രതിസന്ധികളും

ആദിവാസികളുടെ തൊഴിൽ മേഖലയിലെ പ്രതിസന്ധികൾ അനേകമാണ്. അവയിൽ പ്രധാനപ്പെട്ടത്, തൊഴിൽ ലഭ്യത കുറവ്, കൂലി കുറവ്, എല്ലാ ദിവസവും പണിയില്ല, ടെക്നോളജിലെ നൈപുണ്യമില്ലായ്യ തുടങ്ങിയവയാണ്.

### 3.6.1 കൂലി കുറവ്

വിവിധ തൊഴിലുകളിൽ ആദിവാസികൾക്ക് ലഭിക്കുന്ന കൂലി 3.7ൽ നൽകിയിരിക്കുന്നു. ഈ വേതന നിരക്കിൽ പ്രദേശികമായ ചില വ്യത്യാസം ഉണ്ട്. നഗരപ്രദേശങ്ങളിൽ വേതനം കൂടുതലും ഗ്രാമപ്രദേശങ്ങളിൽ വേതനം കുറവുമാണ്. പുരുഷൻമാർക്ക് സ്ത്രീകളേക്കാൾ കൂലി കുറവാണ്.

### 3.6.2 പണിയില്ല

ആഴ്ചയിൽ എല്ലാ ദിവസവും പണി കിട്ടാത്തത് ഒരു പ്രശ്നമാണ്. പ്രത്യേകിച്ചും വേനൽകാലത്ത് പണി കുറവാണ്. പലർക്കും ആഴ്ചയിൽ മൂന്നോ നാലോ ദിവസമാണ് പണികിട്ടുന്നത്. വീടുകളിൽ പുരുഷൻമാർ പണിയെടുക്കുന്നെങ്കിലും വേതനത്തിന്റെ നല്ലൊരു ഭാഗവും മദ്യപാനത്തിനായി ഉപയോഗിക്കുന്നു.

ആദിവാസികളുടെ ഇടയിലുള്ള ലഹരി വസ്തുക്കളുടെ അനിയന്ത്രിതമായ ഉപയോഗം കുടുബങ്ങളുടെ ദുരവസ്ഥയ്ക്ക് കാരണമാകുന്നു. സ്ത്രീകളുടെ കൂലി കൊണ്ട് പുലരുന്ന ഒട്ടേറെ കുടുംബങ്ങളുണ്ട്. ചെറുപ്പക്കാരുടെ ഇടയിലാണ് കൂടുതലും ലഹരിവസ്തുക്കളുടെ ഉപയോഗം.

**പട്ടിക 3.6: ഉൽപന്ന നിർമ്മാണത്തിലും കൃഷിയിലും സ്വയം തൊഴിൽ, 2023**

| | കൊറഗർ (N = 250) | മലവേട്ടുവൻ (N = 1032) |
|---|---|---|
| ഉൽപ്പന്ന നിർമ്മാണം/സ്വയം കൃഷി | 29.6 | 8.3 |
| ഉണ്ട് | 29.6 | 8.3 |
| ഇല്ല | 70.4 | 91.7 |
| ആകെ | 100.0 | 100.0 |
| ഉൽപ്പന്നങ്ങൾ വിൽക്കുന്ന സ്ഥലം | | |
| കച്ചവടസ്ഥാപനങ്ങൾ | 23.2 | 19.2 |
| സർക്കാര് വഴി | 46.4 | 1.5 |
| പൊതുമാർക്കറ്റിൽ | 13.0 | 5.1 |
| സ്വയം വിൽപ്പന | 11.6 | 56.4 |
| മറ്റുള്ളവ | 3.8 | 7.7 |
| ആകെ | 100.0 | 100.0 |
| പണം ഉടനെ കിട്ടുന്നുവോ | | |
| അതെ | 87.1 | 78.5 |
| ഇല്ല | 12.9 | 21.5 |
| ആകെ | 100.0 | 100.0 |

സ്രോതസ്സ് : കിലെ സർവ്വേ, 2023

വളരെ ചെറിയ ശതമാനം ആദിവാസികൾ ഇപ്പോൾ സ്വയം തൊഴിൽ മേഖലകളിലേക്കു കടന്നുവന്നിട്ടുണ്ട്. പ്രത്യേകിച്ചും ഉൽപ്പന്ന നിർമ്മാണത്തിലും കൃഷിയിലുമാണ് സ്വയം തൊഴിൽ സംരംഭങ്ങളുണ്ടായിട്ടുള്ളത്. പട്ടിക 3.6 ൽ പഠനവിധേയരായ ആദിവാസികളുടെ സ്വയം തൊഴിലുകളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയാൻ ആകും. ആദിവാസികൾ തങ്ങളുടെ ഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്യുന്നതിലാണ് എറ്റവും കൂടുതൽ പ്രതിസന്ധി നേരിടുന്നത്. സർക്കാർ കുടുംബശ്രീ പോലുള്ള സ്ഥാപനങ്ങൾ വഴി ഈ മേഖലകളിൽ ഇടപെടൽ നടത്തി വരുന്നു.

## 3.6.3 സാങ്കേതിക വിദ്യയിലെ നൈപുണ്യമില്ലായ്മ

കൃഷിപണികളിൽ ഒട്ടേറെ ആദിവാസികൾ പണിയെടുക്കുന്നുണ്ട്. ഇപ്പോൾ കൃഷികൾക്ക് പലതരം മെഷിനുകൾ ഉപയോഗിക്കുന്നുണ്ട്. ഇത്തരം മിഷനുകളുടെ കടന്ന വരവോടുകൂടി പലർക്കും ജോലി നഷ്ടപ്പെടുകയോ തൊഴിൽ ദിനങ്ങൾ കുറയുകയോ ചെയ്തിട്ടുണ്ട്. ഇത്തരം ആൾക്കാർക്ക് പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനുള്ള പരിശീലനം നൽകുന്നതിലൂടെ തൊഴിൽ മേഖലയിൽ നിലനിർത്താനാകും.

പട്ടിക 3.7: വേതന നിരക്ക് (രൂപയിൽ), 2023

| നം | തൊഴിൽ | കൊറഗർ | | മലവേട്ടുവൻ | |
|---|---|---|---|---|---|
| | | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ |
| 1 | ചുമട് എടുക്കൽ | 500 | 800 | 350 | 500 |
| 2 | കല്ലുവെട്ടൽ | NA | 1200 | NA | 1100 |
| 3 | മേസ്ത്തിരിപണി | NA | 1200 | NA | NA |
| 4 | കയ്യാൾ | 0 | 800 | 700 | 900 |
| 5 | തയ്യൽക്കട | 150 | 100 | 200 | NA |
| 6 | തെങ്ങ് കയറ്റം (1 എണ്ണം) | NA | 50 | NA | 30 |
| 7 | കൃഷിപണി | 300 | 400 | 300 | 500 |

സ്രോതസ്സ്: കൂട്ടായ ചർച്ച, കിലെ 2023

### 3.6.4 ഭാഷ നൈപുണ്യയമില്ലായ്മ

മലയാളം നന്നായി അറിയാത്ത ആദിവാസികൾ ഉണ്ട്. കൊറഗർ കന്നട, തുളു ഭാഷയിലും മലവേട്ടുവൻ വിഭാഗത്തിൽ ചിലർ അവരുടെ പ്രദേശിക ഭാഷയിലും മാത്രം സംസാരിക്കുന്നുണ്ട്. മലയാളത്തിലേയും ഇംഗ്ലീഷിലേയും ഭാഷ നൈപുണ്യമില്ലായ്മ മറ്റ് ദേശങ്ങളിൽ തൊഴിൽ നേടാനുള്ള സാധ്യതയെ ബാധിക്കുന്നുണ്ട്. ഇവരുടെ തൊഴിൽപരമായ കുടിയേറ്റത്തെയും ഇതു സാരമായി ബാധിക്കുന്നു.

## 3.7 സംഗ്രഹം

വികസനത്തിൽ പിന്നാക്കം നിൽക്കുന്ന കൊറഗർ, മലവേട്ടുവൻ സമുദായങ്ങളിലെ തൊഴിൽ ജീവിത സാഹചര്യങ്ങൾ കൂടുതൽ മെച്ചെപ്പെടുത്തേണ്ടതുണ്ട്. സർക്കാർ നടപ്പിലാക്കുന്ന തൊഴിൽ പരിശീലനങ്ങളിലും തൊഴിലുറപ്പ്, കുടുംബശ്രീയുടെ തൊഴിൽ സംരംഭങ്ങളിലും ഇവരുടെ പങ്കാളിത്തം തുലോം കുറവാണ്. ഇതിന്റെ കാര്യകാരണങ്ങളെ കാലകാലങ്ങളിൽ അപഗ്രഥിക്കുകയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും ഇതു വരെ സാധ്യമായിട്ടില്ല. അടിയന്തരമായി ഇവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾ വിവിധതലങ്ങളിൽ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

മറ്റൊന്ന് ആദിവാസികളുടെ തൊഴിൽ നൈപുണ്യവികസനമാണ്. പല മേഖലകളിലും അവർക്ക് തൊഴിൽ ലഭിക്കാത്തതിനു കാരണം അവരുടെ തൊഴിൽ നൈപുണ്യത്തിലുള്ള കുറവാണ്. ഇതു സമയബന്ധിതമായ പരിശീലന പരിപാടികളിലൂടെ എത്രയും വേഗം പരിഹരിക്കാനാകുന്നതാണ്. എതു തരം ആൾക്കാർക്ക് എതു തരത്തിലുള്ള പരിശീലനമാണ് അവശ്യമെന്നതു പ്രാദേശിക തലത്തിൽ തന്നെ ചർച്ച ചെയ്തു തീരുമാനിക്കേണ്ടതാണ്. തൊഴിൽ പരിശീലനങ്ങൾ ആസുത്രണം ചെയ്യുമ്പോൾ ആദിവാസികളുടെ തൊഴിൽ കാഴ്ചപ്പാടുകൾക്കും നിലവിലെ സാഹചര്യങ്ങൾക്കും പരിഗണിക്കേണ്ടതുണ്ട്. അടുത്ത അദ്ധ്യായത്തിൽ പഠനവിധേയരായ രണ്ട് ഗോത്രങ്ങളുടേയും തൊഴിൽ കാഴ്ചപ്പാടുകളെ വിശകലനം ചെയ്യുന്നു.

# അദ്ധ്യായം 4

# തൊഴിൽ കാഴ്ചപ്പാടുകൾ

കൊറഗർ, മലവേട്ടുവൻ സമുദായങ്ങളുടെ സമകാലികമായ തൊഴിൽ കാഴ്ചപ്പാടുകൾ എന്താണ്? ഇഷ്ടപ്പെട്ട തൊഴിൽ മേഖലകൾ എതെല്ലാമാണ്? എത് തരം ജോലികൾ ചെയ്യാനാണ് അവർ താത്പര്യപ്പെടുന്നത്? താത്പര്യമുള്ള ജോലികൾ നേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് അവർക്ക് തടസ്സമാകുന്നത്? തൊഴിൽ ജീവിത സാഹചര്യങ്ങൾ മെച്ചെപ്പെടുത്തുന്നതിനായി എന്തെല്ലാം ആവശ്യങ്ങളാണ് ഗോത്രവിഭാഗങ്ങൾക്ക് ഉള്ളത്? തുടങ്ങിയവ ഈ അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നു. പുതിയ തലമുറയിൽ പാരമ്പര്യതൊഴിലിനോട് അഭിമുഖ്യം കുറഞ്ഞു വരുന്നു. അതേസമയം പാരമ്പര്യ ആചാരാനുഷ്ഠാനങ്ങളോട് പ്രത്യേക താത്പര്യവും കൂടിവരുന്നു. ആചാരാനുഷ്ഠാനങ്ങൾ കലയായി വികസിപ്പിച്ച് പൊതു സമൂഹത്തിൽ മാർക്കറ്റ് ചെയ്യാനും അതിലൂടെ ഉപജീവനമാർഗം മെച്ചെപ്പടുത്താനുമുള്ള ശ്രമങ്ങളുണ്ട്.

## 4.1 ആമുഖം

മുൻകാലങ്ങളിൽ ദൈനം ദിന ചിലവുകൾക്ക് മാത്രമായിരുന്നു ആദിവാസികൾ തൊഴിൽ ചെയ്തിരുന്നത്. കാടുകളിൽ നിന്നും ലഭിക്കുന്ന വസ്തുവകകൾ കൊണ്ട് അവർ തൃപ്തരായിരുന്നു. കാട്ടിലെ വസ്തുക്കൾ കൊണ്ടു നിർമ്മിക്കുന്ന നിത്യോപയോഗ സാധനങ്ങൾ മറ്റുള്ളവർക്ക് വിറ്റും അവർ ഉപജീവനം കഴിഞ്ഞു. കാട് അവർക്ക് യഥേഷ്ടം ഉപയോഗിക്കാവുന്നതു കൊണ്ട് ഭൂമി സ്വന്തമാക്കണമെന്നോ അടുത്ത തലമുറയ്ക്കായി സംബാദിക്കണമെന്നോ അവർ പണ്ട് ചിന്തിച്ചിട്ടില്ലായിരുന്നു. മറ്റു ജനവിഭാഗങ്ങളുടെ അനിയന്ത്രിതമായ കാട്ടിലെ ഇടപെടലുകളും വ്യാപകമായ വനനശീകരണവും സർക്കാരിന്റെ വന സംരക്ഷണ നയങ്ങൾ മൂലവും കാട്ടിലെ ഇവരുടെ സർക്കാർ വനഭൂമിയിലെ സ്വതന്ത്രവിഹാരത്തിനു നിയന്ത്രണമുണ്ടായി.

താമസിക്കാൻ സ്വന്തമായി ഭൂമി വേണമെന്നും ഉപജീവനത്തിനു മറ്റ് മാർഗ്ഗങ്ങൾ തേടാനും ഇതു ആദിവാസികളെ നിർബന്ധിതരാക്കി. ഭൂമിയിൽ ഉള്ളതെല്ലാം എല്ലാപേർക്കും അവകാശപ്പെട്ടതാണെന്ന അവരുടെ മുൻകാല ധാരണകളിൽ മാറ്റമുണ്ടായി. അതേ സമയം ഭൂമിയെന്നത് ഒരു വിൽപ്പന ചരക്കാകുകയും ആദിവാസികൾക്ക് അതിൽ അവകാശമില്ലാതാവുകയും ചെയ്തതോടെ അവർ കൂലിപ്പണിക്കാരായി. ആദിവാസികളല്ലാത്തവർ ഭൂഉടമകളും ആദിവാസികൾ അവരുടെ ബന്ധിത തൊഴിലാളികളുമായി.

കേരളത്തിൽ സർക്കാർ നടപ്പിലാക്കിയ ഭൂപരിഷ്കരണം, 1975 ലെ ബന്ധിത തൊഴിൽ (Bounded Labour) നിരോധനം, തുടങ്ങിയവ ജന്മികുടിയാൻ വ്യവസ്ഥകളിലും തൊഴിൽ മേഖലകളിലും കാര്യമായി മാറ്റങ്ങൾ ഉണ്ടാക്കിയെങ്കിലും ആദിവാസികളിൽ മാറ്റത്തിന്റെ തോത് മറ്റ് സമുദായങ്ങളുടേതിനേക്കാൾ തുലോം കുറവായിരുന്നു. അതിനൊരു പ്രധാനകാരണം അവരുടെ അസംഘടിതമായ ജീവിത രീതിയും പാരമ്പര്യമായ ചില കാഴ്ചപ്പാടുകളും ആയിരുന്നു.

കഴിഞ്ഞ എതാനും ദശകങ്ങളിൽ സർക്കാരിന്റെയും സർക്കാരിത സംഘടനകളുടേയും ഇടപെടൽ മൂലവും അവരുടെ ജീവിത സാഹചര്യങ്ങൾ മാറിയിട്ടുണ്ട്. അതോടൊപ്പം, തൊഴിൽപരമായ കാഴ്ചപ്പാടുകളിൽ പ്രകടമായ മാറ്റങ്ങളും സംഭവിച്ചിട്ടുണ്ട്. നിലവിലെ അവരുടെ തൊഴിൽ കാഴ്ചപ്പാടുകളെക്കുറിച്ചുള്ള വിശദമായ അന്വേഷണത്തിലെ കണ്ടെത്തലുകളാണ് ഈ അദ്ധ്യായത്തിൽ നൽകിയിരിക്കുന്നത്.

ആദ്യമായി ആദിവാസികളുടെ ഇഷ്ടപ്പെട്ട തൊഴിൽ മേഖലകളെക്കുറിച്ചുള്ള അന്വേഷണമാണ് നടത്തിയത്. അതിലെ പ്രധാന കണ്ടെത്തലുകൾ ഭാഗം 4.2 ൽ നൽകിയിരിക്കുന്നു. തുടർന്നുള്ള ഭാഗങ്ങളിൽ വിവിധ മേഖലകളിലെ താത്പര്യങ്ങളും അവശ്യങ്ങളും ഭാഗം 4.4 സംക്ഷിപ്തമായി പ്രതിപാദിക്കുന്നു. അതിനുശേഷം ഭാഗം 4.5 ൽ ഈ അദ്ധ്യായത്തെ ഉപസംഹരിക്കുന്നു.

## 4.2 ഇഷ്ടപ്പെട്ട തൊഴിൽ മേഖല

സർവ്വേയിൽ ഏതു മേഖലയിൽ തൊഴിൽ ചെയ്യാനാണ് അവർക്കു താല്പര്യം എന്ന് അന്വേഷിക്കുകയുണ്ടായി. മുപ്പത് വയസ്സ് പ്രായം വരെയുള്ള യുവാക്കൾ നൽകിയ അഭിപ്രായം പട്ടിക 4.1 ൽ നൽകിയിരിക്കുന്നു. കൂടുതൽ യുവാക്കൾക്കും സർക്കാർ ജോലിയാണ് താത്പര്യം. സ്വകാര്യതൊഴിലിനെക്കാൾ സ്വയം തൊഴിൽ ചെയ്യാനാണ് യുവാക്കാൾക്ക് കൂടുതൽ ഇഷ്ടം.

ഇഷ്ടപ്പെട്ട തൊഴിൽ മേഖലയിലേയ്ക്ക് പ്രവേശിക്കാനുള്ള പ്രതിബന്ധമായി ആദിവാസികൾ കാണുന്ന കാര്യങ്ങൾ എന്താണെന്ന് അന്വേഷിക്കുകയുണ്ടായി. കൊറഗർ സമുദായത്തിൽ ദാരിദ്രം, കുടുംബപ്രശ്നം എന്നിവയാണ് മുഖ്യപ്രതിബന്ധമായി യുവാക്കൾ കരുതുന്നത്. മലവേട്ടുവൻ സമുദായത്തിൽ കൂലിപ്പണിയായതു കൊണ്ട് വേണ്ടത്ര സമയം, സാഹചര്യം ഉണ്ടാകുന്നില്ല, വേണ്ടത്ര സമ്പത്തില്ല എന്നിവയാണ് മുഖ്യകാരണമായി കരുതുന്നത്.

പഠനത്തിൽ പങ്കെടുത്തവരുടെ ഇഷ്ടപ്പെട്ട തൊഴിലിനെക്കുറിച്ചുള്ള വിവരങ്ങൾ 4.2 ൽ നിന്നും മനസ്സിലാക്കാവുന്നതാണ്. സർക്കാർ ജോലിയാണ് കൂടുതൽ ശതമാനം ആൾക്കാരും ഇഷ്ടപ്പെടുന്നത്. പാരമ്പര്യ തൊഴിലുകൾ ഇഷ്ടപ്പെടുന്നവർ ട ശതമാനം മാത്രമാണ്. കൊറഗരുടെ ഇടയിൽ പരമ്പരാഗത തൊഴിലുകൾ ഇഷ്ടപ്പെടുന്നവരുടെ ശതമാനം മലവെട്ടുവൻ സമുദായത്തേക്കാൾ വളരെ കൂടുതലാണ്. കൃഷി ചെയ്യാൻ ഇഷ്ടമുള്ള ആളുകളുടെ ശതമാനവും കൂടുതൽ കൊറഗർക്കിടയിലാണ്. കൊറഗരിൽ 12.8 ശതമാനം ആൾക്കാർ കൃഷിചെയ്യാൻ താത്പര്യപ്പെടുന്നു. മലവേട്ടുവൻ സമുദായത്തിൽ കൃഷി ഒരു തൊഴിലായി സ്വീകരിക്കുവാൻ താത്പര്യപ്പെടുന്നവർ 11.6 ശതമാനമാണ്.

**പട്ടിക 4.1: ഇഷ്ടപ്പെട്ട തൊഴിൽ മേഖല, 2023 ( 30 വയസ്സ് )**

| തൊഴിൽ മേഖല | ഗോത്രവിഭാഗം | | ആകെ |
|---|---|---|---|
| | കൊറഗർ | മലവേട്ടുവൻ | |
| സർക്കാർ ജോലി | 43.1 | 37.3 | 38.4 |
| സ്വകാര്യ തൊഴിൽ | 13.7 | 8.8 | 9.7 |
| സ്വയം തൊഴിൽ | 15.7 | 22.8 | 21.5 |
| മറ്റുള്ളവ | 27.5 | 31.1 | 30.5 |
| ആകെ | 100.0 | 100.0 | 100.0 |
| വിവരദാതാക്കൾ | 51 | 228 | 279 |

സ്രോതസ്സ് : കിലെ സർവ്വേ 2023

**പട്ടിക 4.2: ഇഷ്ടപ്പെട്ട തൊഴിൽ, 2023**

| നം | | ഗോത്ര വിഭാഗം | | | | | |
|---|---|---|---|---|---|---|---|
| | | കൊറഗർ | | മലവേട്ടുവൻ | | ആകെ | |
| | | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം |
| 1 | പരമ്പരാഗത തൊഴിൽ | 14.4 | 36 | 2.8 | 29 | 5.1 | 65 |
| 2 | കാർഷിക മേഖല | 5.2 | 13 | 15.8 | 163 | 13.7 | 176 |
| 3 | സർക്കാർ ജോലി | 40.0 | 100 | 34.7 | 358 | 35.7 | 458 |
| 4 | പ്രൈവറ്റ് ജോലി | 7.2 | 18 | 3.0 | 31 | 3.8 | 49 |
| 5 | ഗാർഹിക തൊഴിൽ | 7.6 | 19 | 8.3 | 86 | 8.2 | 105 |
| 6 | ഗിഗ് ജോലി | 0.0 | 0 | 0.1 | 1 | 0.1 | 1 |
| 7 | കൃഷി | 12.8 | 32 | 11.6 | 120 | 11.9 | 152 |
| 8 | വന വിഭവങ്ങൾ | 1.6 | 4 | 1.4 | 14 | 1.4 | 18 |
| 9 | തേൻ ശേഖരണം | 0.4 | 1 | 0.1 | 1 | 0.2 | 2 |
| 10 | മറ്റുള്ളവ* | 10.8 | 27 | 22.2 | 229 | 20.0 | 256 |
| | ആകെ | 100.0 | 250 | 100.0 | 1032 | 100.0 | 1282 |

₹ തയ്യൽ, പശു. ആട് വളർത്തൽ, ഡ്രൈവിംഗ്, കരകയശലം

സ്രോതസ്സ് : കിലെ സർവ്വേ 2023

### 4.2.1 പരമ്പരാഗത തൊഴിൽ

പരമ്പരാഗത തൊഴിലുകൾ ചെയ്യാൻ ഇഷ്ടപ്പെടുന്നവരുടെ എണ്ണം ഗോത്രവിഭാഗങ്ങളിൽ കുറഞ്ഞു വരുകയാണ്. ഇതിന് പ്രധാനമായ കാരണം പരമ്പരാഗത തൊഴിലുകളിൽ നിന്ന് വേണ്ടത്ര വരുമാനം ലഭിക്കുന്നില്ലാത്തതു കൊണ്ടാണ്. പലപ്പോഴും ഉൽപ്പന്നങ്ങൾ വേണ്ട വിധത്തിൽ വിൽക്കുന്നതിന് ആദിവാസികൾക്ക് സാധിക്കുന്നില്ല.

എന്നിരുന്നാൽ കൂടിയും പഠനത്തിൽ പങ്കെടുത്ത കൊറഗർ സമുദായത്തിൽ 14.4 ശതമാനവും മലവേട്ടുവൻ സമുദായത്തിൽ 2.8 ശതമാനവും പാരമ്പര്യതൊഴിലുകളെ ഇഷ്ടപ്പെടുന്നു. സ്ത്രീകളാണ് കൂടുതലായും പാരമ്പര്യതൊഴിലുകളെ ഇഷ്ടപ്പെടുന്നത്. പാരമ്പര്യ തൊഴിലുകൾ ചെയ്യാൻ ഇഷ്ടപ്പെടുന്നവരുടെ സ്വഭാവ വിശേഷങ്ങൾ പരിശോധിക്കുമ്പോൾ 60 ശതമാനം ആൾക്കാരും 45 വയസ്സ് കഴിഞ്ഞവരാണ്. ഇവരിൽ 63.1 ശതമാനം വിവാഹിതരും 18.5 ശതമാനം വിഭാര്യർ/വിധവകളുമാണ്.

അടുത്ത കാലങ്ങളിൽ പാരമ്പര്യ തൊഴിൽ ജീവിതചര്യകളോട് അനുബന്ധിച്ചതും മുൻകാലങ്ങളിൽ ഗോത്രവിഭാഗങ്ങളിൽ പ്രചാരമുള്ളതുമായ ചില ആചാരാനുഷ്ഠാനങ്ങൾ അധുനിക കാലത്തിനനുസരിച്ച് കുറച്ചുകൂടെ നിറപകിട്ടോടെ കാലാനുരൂപമായി അവതരിപ്പിച്ചു വരുന്നതായി കാണാം. ഉദാഹരണമായി വിവാഹവുമായി ബന്ധപ്പെട്ട് ആചരിച്ചു വന്നിരുന്ന മംഗലംകളി എന്ന ആചാരം ഇപ്പോൾ ചിലർ സ്റ്റേജിൽ അവതരിപ്പിച്ചു വരുന്നുണ്ട്. ഇതിന് കാഴ്ചക്കാർ ഏറെയാണ്. പല ഉത്സവങ്ങളുടെ ഭാഗമായും ഇപ്പോൾ ഗോത്രങ്ങളുടെ ഊരിന് പുറത്ത് ഇത് അവതരിപ്പിച്ചു വരുന്നുണ്ട്. പല ടെലിവിഷൻ ചാനലുകളും മംഗലം കളി പ്രദർശിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ കലാകാരൻമാർക്ക് ചെറിയ രീതിയിലുള്ള സാമ്പത്തിക വരുമാനം ഉണ്ടായിട്ടുണ്ട്.

### തടപ്പ രാശി ജ്യോതിഷം

മലവേട്ടുവൻ സമുദായത്തിൽ പ്രചാരമുള്ള ഒരു തനതു ജ്യോതിഷ രീതിയാണ് തടപ്പരാശി ജ്യോതിഷം. രണ്ട് മുറങ്ങൾ പരസ്പരം കമഴ്റി വച്ച് അതിലൊന്നിൽ മുളയരിയും വെറ്റിലയും പാക്കും വച്ചാണ് പ്രവചനങ്ങൾ നടത്തുക. ഉപാസന ദേവിയുടെ മാന്ത്രിക ശക്തിയാൽ വസ്തുതകൾ അറിയാൻ സാധിക്കുമെന്നാണ് ജ്യോതിഷികളുടെ വാദം. ഇതു പരമ്പര്യമായി ഗുരുശിഷ്യ പരമ്പരയായി കൈമാറുന്ന ഗോത്രവിദ്യയാണ്. പലപ്പോഴും മണിക്കൂറുകൾ ചിലവഴിച്ചാണ് പ്രവചനങ്ങൾ നടത്തുന്നത്. അടുത്ത കാലങ്ങളിൽ ചിലരെങ്കിലും ഇതു ഒരു ഭാഗിക വരുമാനം നൽകുന്ന തൊഴിലായി സ്വീകരിച്ചിട്ടുണ്ട്. നവമാധ്യമങ്ങളുടെ വരവോടുകൂടി തദ്ദേശിയരല്ലാത്ത ചിലരെങ്കിലും ഗോത്രവിഭാഗത്തിന്റെ ആചാരരീതികൾ മനസ്സിലാക്കുന്നതിനായുള്ള യാത്രകൾക്കിടയിൽ ഇത്തരം ജ്യോതിഷികളേയും സന്ദർശിക്കുന്നുണ്ട്.

അടുത്ത കാലത്ത് പ്രചാരം ലഭിച്ചു കൊണ്ടിരിക്കുന്ന അദിവാസികളുടെ തനത് അനുഷ്ഠാനങ്ങളുടെ ഭാഗമായിരുന്ന തടപ്പ രാശി ജ്യോതിഷത്തെക്കുറിച്ച് അറിയുന്നതിന് ഗോത്രത്തിന്റെ പുറത്തുള്ളവരിൽ കൂടുതൽ താത്പര്യമുണ്ടായിട്ടുണ്ട്. പല ടൂറിസ്റ്റുകളും വ്യത്യസ്തമായ ഇവരുടെ ജ്യോതിഷ പ്രവചന രീതി കൗതുക പൂർവ്വം ഡോക്കുമെന്റ് ചെയ്യുകയും അത് നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം ആൾക്കാരിലൂടെ ചെറിയ ഒരു വരുമാനം ജ്യോതിഷക്കാർക്ക് ലഭിക്കുന്നുണ്ട്. ഇത്, ഗോത്രവിഭാഗത്തിലെ പുതിയ തലമുറയിലെ ചിലർക്ക് തടപ്പരാശി ജ്യോതിഷം പഠിക്കാനുള്ള പ്രചോദനമായിട്ടുണ്ട്.

ഗോത്ര വിഭാഗങ്ങളുടെ പല ആചാരാനുഷ്ഠാനങ്ങളെയും കുറിച്ച് അറിയുന്നതിനും അവ പഠിക്കുന്നതിനും ഡോക്കുമെൻറ് ചെയുയന്നതിനും പല ഗവേഷകരും കലാകാരൻമാരും ടൂറിസ്റ്റുകളും ഊരുകൾ സന്ദർശിക്കുകയും ഗോത്രവിഭാഗങ്ങളുമായി സംവദിക്കുകയും ചെയ്യുന്നുണ്ട്. ആദിവാസികളുടെ തനതു പാട്ടുകളുടെ താളാത്മകതയിൽ അനേകം നാടൻപാട്ടുകൾ ഇപ്പോൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇത്തരം പാട്ടുകൾക്ക് കൂടുതൽ പ്രചാരം പൊതുസമൂഹത്തിൽ ലഭിക്കുന്നുണ്ട്. ഇതു കൂടുതൽ ഈ ഗോത്രവിഭാഗങ്ങളുടെ ആചാരങ്ങളുടെയും കലകളുടേയും അന്തർധാരകളെ അന്വേഷിച്ചു പോകുന്നതിന് ഗോത്രവിഭാഗത്തിന് പുറത്തുള്ളവരെ പ്രേരിപ്പിക്കുന്നുണ്ട്. ഇതു ഗോത്രവിഭാഗത്തിലെ തനതു കലാകാരൻമാരെ കൂടുതൽ

പ്രചോദിപ്പിക്കുന്നുണ്ട്. പുതിയ തലമുറയിലെ പല കുട്ടികളും ആദിവാസി സംഗീതം പഠിക്കാൻ താത്പര്യം കാണിക്കുന്നുണ്ട്.

**മംഗലം കളി**

മലവേട്ടുവൻ ഗോത്രത്തിന്റെ തനതു കലയാണ് മംഗലം കളി. തുടി കൊട്ടി പാടി ആൺ പെൺ വ്യത്യാസമില്ലാതെ വട്ടത്തിൽ ചുവടുവച്ചാണ് മംഗലം കളി അരങ്ങേറുന്നത്. മംഗലംകളി പണ്ട് വിവാഹവുമായി ബന്ധപ്പെട്ട ഒരു ചടങ്ങായിരുന്നു. ഇന്ന് ചിലർക്ക് ഭാഗിക തൊഴിലായി മാറിയിട്ടുണ്ട്. കേരളത്തിലെ പല സ്ഥലങ്ങളിലേയും സ്റ്റേജ് ഷോ എന്ന രീതിയിൽ ഇന്നു വളർന്നിട്ടുണ്ട്. കലാകാരൻമാർക്ക് ഇതിലൂടെ ചെറിയ രീതിയിൽ വരുമാനം ഉണ്ടാക്കാൻ കഴിയുന്നു. ഒരു മംഗലം കളിയിൽ 22 മുതൽ 24 ആൾക്കാർ വരെ പങ്കെടുക്കാറുണ്ട്. സർക്കാരും വിവിധ സന്നദ്ധ സംഘടനകളും ഇത്തരം കലാകാരൻമാരെ വിവിധ പരിപാടികളിൽ ആദരിക്കാറുണ്ട്. ഇത് പുതിയ തലമുറയിലെ കുട്ടികൾക്ക് വളരെയേറെ പ്രചോദനമാകുന്നുണ്ട്. മംഗലം കളിയേയും ഗോത്രസംഗീതത്തെയും കേരളത്തിന്റെ ടൂറിസത്തിന്റെ ഭാഗമാക്കുന്നതിലൂടെ ഗോത്രവിഭാഗങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട വരുമാനവും ജീവിത നിലവാരവും ഉണ്ടാകാൻ സാധ്യമാണ്.

തെരഞ്ഞെടുക്കപ്പെട്ട ചില കലാരൂപങ്ങളെ കേരള ടൂറിസവുമായി ബന്ധപ്പെടുത്തുന്നതിലൂടെ ഇത്തരം കലാകാരൻമാർക്ക് മെച്ചപ്പെട്ട ഉപജീവനമാർഗം സൃഷ്ടിക്കാനാവും. പല പ്രവാസികളും ഈ കലാകാരൻമാരുടെ കഴിവുകളെ പ്രദർശിപ്പിക്കാനായി സാഹചര്യങ്ങൾ ഒരുക്കുന്നുണ്ട്. മംഗലം കളി ഇപ്പോൾ കണ്ണൂരിലും കോഴിക്കോട്ടും തിരുവനന്തപുരത്തും നടത്തുന്ന ചില ആഘോഷങ്ങളിൽ കലാകാരൻമാർ അവതരിപ്പിച്ചു വരുന്നുണ്ട്.

### 4.2.2 കാർഷിക മേഖല

കാർഷിക തൊഴിലാളിയെന്ന നിലയിൽ അദിവാസികൾ തൊഴിൽ ചെയ്യുന്നുണ്ട്. പഠനത്തിൽ പങ്കെടുത്ത 5.2 ശതമാനം കൊറഗരും 15.8 ശതമാനം മലവേട്ടുവൻ ഗോത്രവിഭാഗങ്ങളും കാർഷിക മേഖല തങ്ങളുടെ ഇഷ്ടപ്പെട്ട തൊഴിൽ മേഖലയാണെന്ന് അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസ പരമായി പിന്നാക്കം നിൽക്കുന്ന പ്രായമായ കൂലിപ്പണിക്കാരാണ് കൂടുതലും കാർഷിക മേഖല ഇഷ്ടപ്പെട്ട തൊഴിൽ മേഖലയായി പറഞ്ഞത്.

### 4.2.3 സർക്കാർ തൊഴിൽ

കൊറഗർ വിഭാഗത്തിൽ 40 ശതമാനമാൾക്കാരും മലവേട്ടുവൻ സമുദായത്തിൽ 34.7 ശതമാനം ആൾക്കാരും സർക്കാർ ജോലി ഇഷ്ടപ്പെടുന്നവരാണ്. എല്ലാ തരത്തിലുള്ള ആൾക്കാരിലും ഈ ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസം ഉള്ളവരും ഇല്ലാത്തവരും പ്രായഭേദമന്യ സർക്കാർ ജോലി താത്പര്യമുള്ളവരാണ്.

കോളേജ് വിദ്യാഭ്യാസം ലഭിച്ച ആദിവാസികൾ സർക്കാർ ജോലിക്കായി പരിശ്രമിക്കുന്നുണ്ട്. അവരിൽ ചിലർ പി.എസ്. സി പരീക്ഷകൾ എഴുതുന്നത് മറ്റു ജില്ലകളിലാണ്. അതിന് പ്രധാനമായ കാരണം ജില്ലയിലെ ഒരു പ്രമുഖ ആദിവാസി വിഭാഗം സാമൂഹികമായും സാമ്പത്തികമായും വളരെ മുന്നിലാണ്. അവരുമായി മത്സരിച്ചുവേണം പട്ടിക വർഗ്ഗ സംവരണ സീറ്റിൽ ജോലി കിട്ടാനെന്ന് പഠനത്തിൽ പങ്കെടുത്ത മിക്ക യുവതി യുവാക്കൾ പറയുന്നു. പട്ടിക വർഗ്ഗങ്ങൾക്ക് സംവരണം നൽകുമ്പോൾ വിവിധ

ഗോത്രവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി കണക്കിലെടുക്കണമെന്നും, സാമ്പത്തികമായി വളരെ പിന്നാക്കം നിൽകുന്നവർക്ക് പ്രത്യേക പരിഗണന നൽകണമെന്നാണ് കൊറഗരുടേയും മലവേട്ടുവൻ സമുദായക്കാരുടേയും ആവശ്യം.

ആദിവാസികളിൽ സാമൂഹികമായും സാമ്പത്തികമായും മുന്നേറിയ ഗോത്രവിഭാഗങ്ങളാണ് സർക്കാർ ജോലികൾ അധികവും ലഭിക്കുന്നത്. അവർക്ക് മെച്ചെപ്പെട്ട രീതിയിൽ വിദ്യാഭ്യാസം ലഭിക്കുവാനും മത്സരപരീക്ഷകളിൽ നല്ല രീതിയിൽ പ്രകടനം കാഴ്ചവക്കാനും സാധിക്കുന്നു. അതേസമയം, വളരെ പിന്നാക്കം നിൽക്കുന്ന ആദിവാസികൾക്ക് പരിക്ഷയിൽ പങ്കെടുക്കുന്നതുപോലും സാമ്പത്തികമായ വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. മത്സര പരീക്ഷകൾക്കുള്ള തയ്യാറെടുപ്പുകൾ അവരുടെ കുടുംബത്തിന്റെ ഉപജീവനത്തെപോലും കാര്യമായി ബാധിക്കുന്നതിനിടയാക്കുന്നു.

പഠനവിധേയരായ ആദിവാസികളിൽ പട്ടിക വർഗ്ഗ സംവരണത്തെക്കുറിച്ച് ഒട്ടേറെ വിമർശനങ്ങൾ നിലനിൽക്കുന്നു. മതപരിവർത്തനം നടത്തപ്പെട്ടവർക്കുള്ള സംവരണം, പുതിയ വിഭാഗങ്ങളെ ആദിവാസി സംവരണത്തിൽ ഉൾപ്പെടുത്തൽ, മറ്റു സംസ്ഥാനങ്ങളിൽ നിന്നും വിവാഹം കഴിച്ചെത്തുന്നവരുടെ സംവരണവുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ തുടങ്ങിയവ ആദിവാസികളുടെ ജോലി സംവരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. സർക്കാരിന്റെ ജോലി സംവരണത്തിൽ വ്യത്യസ്തമായ നിലപാടുകളും കാഴ്ചപ്പാടുകളും ഓരോ ഗോത്രവിഭാഗത്തിനിടയിലും വളരെ ശക്തമായി നിലനിൽക്കുന്നു. പക്ഷേ, ഇതിനു പരിഹാരം കാണുന്നതിനു കൂടുതൽ ശാസ്ത്രീയമായ പഠനങ്ങളും ചർച്ചകളും ആവശ്യമാണ്.

വിദ്യാഭ്യാസം നേടിയ ആദിവാസികളുടെ സർക്കാർ ജോലികളോടുള്ള അതിയായ ആഗ്രഹവും അതേസമയം, പാരമ്പര്യ തൊഴിലുകളോടും സ്വയം തൊഴിലിനോടുമുള്ള താത്പര്യക്കുറവും ഒരു സമസ്യയായി നിലനിൽക്കുന്നു. പഠിച്ച കുട്ടികൾക്ക് സ്ഥിരം തൊഴിൽ ലഭിക്കാത്തത് മറ്റുകുട്ടികൾക്ക് പഠനത്തിനോട് വിമുഖതയുണ്ടാകുവാൻ കാരണമാകുന്നുണ്ട് എന്ന് ചില ആദിവാസികൾ അഭിപ്രായപ്പെടുന്നു. പഠിച്ചവർക്ക് തൊഴിൽ ഇല്ലാതെ നിൽക്കുമ്പോൾ തങ്ങൾ എന്തിനു പഠിക്കണമെന്നാണ് ചില യുവതിയുവാക്കളുടെ ചോദ്യം. വിദ്യാഭ്യാസമെന്നത് തൊഴിൽ തേടാനുള്ള ഒരു ഉപാധി എന്നതിനുപരിയായുള്ള കാഴ്ചപ്പാട് ഉണ്ടാകേണ്ടതു ഇവിടെ അനിവാര്യമാകുന്നു.

### 4.2.4 ഗാർഹിക തൊഴിൽ

വീട്ടു ജോലി വളരെ കുറച്ചു പേർ ചെയ്യുന്നുണ്ട്. കൂടുതലും സ്ത്രീകളാണ് ഗാർഹികമായ തൊഴിലുകൾ കൂടുതലും ഇഷ്ടപ്പെടുന്നത്.

### 4.2.5 വനവിഭവങ്ങളുമായി ബന്ധപ്പെട്ട തൊഴിൽ

വന വിഭവങ്ങളുമായി ബന്ധപ്പെട്ട് ജോലികൾ ചെയ്യാൻ താത്പര്യമുള്ളവർ വളരെ കുറവാണ്. പ്രത്യകിച്ചും പുതിയ തലമുറയിലെ ആർക്കും കാടുമായി ബന്ധപ്പെട്ട തൊഴിലുകൾ ചെയ്യുന്നതിന് പ്രാമുഖ്യം നൽകുന്നില്ല.

### 4.2.5 ഗിഗ് ജോലികൾ

ഗിഗ് തൊഴിലുകളെക്കുറിച്ച് ആദിവാസികൾ വേണ്ടത്ര അറിവില്ല. അതുകൊണ്ട് തന്നെ അതിൽ താത്പര്യമുള്ളവരുടെ എണ്ണവും വിരലിലെണ്ണാവുന്നവർ മാത്രമാണ്. ഗിഗ് ജോലികൾ ചെയ്യുന്നതിനാവിശ്യമായ സാങ്കേതിക പരിജ്ഞാനം ആദിവാസികൾക്കിടയിൽ വളരെ കുറവാണ്.

## 4.3 പുതിയ തൊഴിൽ മേഖലകൾ

യുവതലമുറ പല പുതിയ തൊഴിൽ മേഖലകളിലും കടന്നു ചെല്ലുവാൻ താത്പര്യമുള്ളവരാണ്. പലർക്കും സ്വന്തമായി ബ്ലോഗ്, ഫേയ്സ് ബുക്ക്, യൂട്യൂബ് ചാനൽ തുടങ്ങിയവയിൽ സജീവമാണ്.

### 4.3.1 പതി ക്രിയേഷൻസ് യൂട്യൂബ് ചാനൽ

ആദിവാസികളുടെ ഭാഷ. സംസ്കാരം, സാമൂഹിക പ്രശ്നങ്ങൾ, വിദ്യാഭ്യാസമുന്നേറ്റം ഭക്ഷണരീതി, ചികിത്സ തുടങ്ങിയവയെക്കുറിച്ച് പൊതു സമൂഹത്തിന് അറിവ് നൽകുന്നതിനായി മലവേട്ടുവൻ സമുദായത്തിലെ സാമ്പത്തിക ശാസ്ത്രത്തിൽ ഉന്നത ബിരുദമുള്ള രമ്യ ബാലകൃഷ്ണൻ ജൂലൈ 2020-ൽ തുടങ്ങിയ യൂട്യൂബ് ചാനലാണ് പതി ക്രിയേഷൻസ് (Pathi Creastions).

ആദിവാസികളിലെ മുതിർന്ന കാരണവൻമാർ മരിക്കുമ്പോൾ അവരുടെ ആത്മാക്കളെ കുടിയിരുത്തി പൂജിക്കുന്ന ഒരു സംമ്പ്രദായം നിലവിലുണ്ട്. ഇത്തരം കുടിയിരുത്തുന്ന സ്ഥലമാണ് പതി. ആചാരാനുഷ്ഠാനങ്ങളിൽ പതിക്ക് പ്രത്യേക പ്രാധാന്യമുണ്ട്. അവിടെ പൂജകളും അനുഷ്ഠാനങ്ങളും അർപ്പിക്കാറുണ്ട്. ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചുള്ള ചാനലിന് പതി എന്ന് പേര് കൂടുതൽ അനൗർത്ഥമാകുമെന്ന് രമ്യ കരുതുന്നു.

എന്തു കൊണ്ടാണ് പതി എന്ന ചാനൽ ആരംഭിച്ചതെന്ന് രമ്യ പറയുകയുണ്ടായി. ആദിവാസികളെക്കുറിച്ച് പല തെറ്റായ ധാരണകളും നിലനിൽക്കുന്നുണ്ട്. അതിനു പ്രധാന കാരണം മാധ്യമങ്ങളിലെ അവരെക്കുറിച്ചുള്ള അവതരണരീതിയാണ്. പല മാധ്യമങ്ങളും അവർ വളരെ പ്രാകൃതരാണെന്നും അവരുടെ വസ്ത്രധാരണരീതി, ഭക്ഷണരീതി, തുടങ്ങിയവ പൊതുസമൂഹത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണെന്നും ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുമായി ഇവർക്ക് യാതൊരു ബന്ധമില്ലെന്നും ധരിക്കുന്നവരുണ്ട്. പല മാധ്യമങ്ങളിലൂടെയും ഇവരെക്കുറിച്ചു നൽകുന്ന വാർത്തകൾ യാഥാർത്ഥ്യവുമായി പുലബന്ധം ഇല്ലാത്തതാണ്. ഇത്തരം തെറ്റിദ്ധാരണകൾ മാറ്റാനും യാഥാർത്ഥ്യത്തെ അതുപോലെ തന്നെ പൊതുസമൂഹത്തിൽ എത്തിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാണ് ഈ ഉദ്യമത്തിന് മുതിർന്നത്.



**ചിത്രം 4.1: രമ്യബാലകൃഷ്ണൻ കുടുംബത്തോടൊപ്പം, 2023**

വിഡിയോ നിർമ്മാണത്തിലും അതിന്റെ എഡിറ്റിംഗിലും വേണ്ടത്ര പരിശീലനം കിട്ടിയിട്ടില്ലെങ്കിലും ലഭ്യമായ മൊബൈൽ ഫോൺ ഉപയോഗിച്ചാണ് വിഡിയോകൾ നിർമ്മിക്കുന്നത്. എഡിറ്റിംഗും മൊബൈലിൽ തന്നെയാണ് ചെയ്യാറുള്ളത്. വിഡിയോ നിർമ്മാണത്തിനാവിശ്യമായ വിവരങ്ങൾ യൂട്യൂബിലൂടെയാണ് പഠിച്ചെടുത്തത്. ആദിവാസികളുമായി ബദ്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ഏകദേശം നൂറോളം വിഡിയോകൾ നിർമ്മിച്ചിട്ടുണ്ട്. ചാനൽ ഉദ്യമത്തിൽ സർക്കാർ ജീവനക്കാരനായ ഭർത്താവും മറ്റ് കുടുംബാഗങ്ങളുടെയും വിവിധ ഗോത്രവിഭാഗങ്ങളുടേയും പ്രോത്സാഹനമുണ്ട്.

## 4.4 ആവശ്യങ്ങൾ

ആദിവാസികളുടെ വിവിധ ആവശ്യങ്ങളെക്കുറിച്ച് അന്വേഷിക്കുകയുണ്ടായി. ഈ ആവശ്യങ്ങളെ പ്രധാനമായും മൂന്ന് തരമായി തിരിക്കാവുന്നതാണ്. അവ യഥാക്രമം, കുടുംബ ഉന്നമനത്തെ സംബന്ധിക്കുന്ന ആവശ്യങ്ങൾ, സാമൂഹിക ഉന്നമനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ, തൊഴിൽ ഉന്നമനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ എന്നിവയാണവ. ഗോത്രവിഭാഗങ്ങളുടെ വിവിധ ആവശ്യങ്ങൾ താഴെപറയുന്നു

കൊറഗർ ഉന്നയിച്ച പ്രധാനപ്പെട്ട അവശ്യങ്ങൾ ഭൂമി വേണം, വീട് വേണം, ശുചിമുറി വേണം, കുടിവെള്ളം വേണം, റോഡ് വേണം, കുട്ടികൾക്ക് സ്കൂളിൽ പോകാൻ വണ്ടി വേണം, സർക്കാർ ജോലി വേണം, സൌജന്യ ഭക്ഷണ കിറ്റ് വേണം, മെഡിക്കൽ ക്യാമ്പ് വേണം, വിദ്യാഭ്യാസ ലോൺ വേണം, താമസ സ്ഥലത്തിന് പട്ടയം വേണം തുടങ്ങിയവയാണ്.

മലവേട്ടുവൻ സമുദായങ്ങൾ ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ ഭൂമി വേണം, വീട് വേണം, ശുചിമുറി വേണം, കുടിവെള്ളം വേണം, നല്ല റോഡ് വേണം, സജ്ജന്യ പി.എസ്.സി കോച്ചിംഗ് വേണം, സർക്കാർ ജോലി വേണം, കുട്ടികൾക്ക് ട്യൂഷൻ സെൻറർ വേണം, പാരമ്പര്യതൊഴിൽ സംരക്ഷണം, സമൂഹ പഠനമുറി വേണം, ആശുപത്രി വേണം തുടങ്ങിയവയാണ്.

## 4.5 സംഗ്രഹം

പൊതുസമൂഹത്തിലെന്നതു പോലെ കൊറഗർ, മലവേട്ടുവൻ സമുദായങ്ങൾക്കിടയിലും തൊഴിൽ കാഴ്ചപ്പാടിലും തൊഴിൽ മേഖലയിലെ അവശ്യങ്ങളുടെ കാര്യത്തിലും സമഗ്രമായ മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസപരമായി വളരെയേറെ മുന്നേറുവാൻ ഇവർക്ക് ആയിട്ടില്ലെങ്കിലും പഠനത്തിലും സ്ഥിരവരുമാനം നേടുന്നതിനും യുവതലമുറയിൽ വളരെയേറെ താത്പര്യമുണ്ട്. മാനവ വികസനം മെച്ചെപ്പെടുത്തുന്നതിനായിട്ടുള്ള പല ആവശ്യങ്ങളും ഗോത്രവിഭാഗങ്ങൾ മുന്നോട്ട് വയ്ക്കുന്നുണ്ട്. സമൂഹ പഠനമുറിയും പി.എസ്.സി പരിശീലനവും ട്യൂഷൻ സെന്ററുകളും യുവതലമുറ ആവശ്യപ്പെടുന്നുണ്ട്.

അതോടൊപ്പം, അടിസ്ഥാനവികസനം പൊതുവിലുള്ള അവശ്യമാണ്. പ്രാഥമിക ആവശ്യങ്ങളായ വീട്, ശുചിമുറി, കുടിവെള്ളം, യാത്രാസൌകര്യം എന്നിവ സർക്കാർ തലത്തിൽ എത്രയും വേഗം ലഭ്യമാകണമെന്ന് അവർ ആഗ്രഹിക്കുന്നു. ലഭ്യമായ ഭൂമിക്ക് പട്ടയം ലഭിക്കണമെന്ന് അവശ്യമുള്ള വരുണ്ട്.പട്ടയംലഭിച്ചാൽമാത്രമേഅവർക്ക്വൈദ്യുതിയുംമറ്റ്പ്രാഥമികമായപശ്ചാത്തലസൌകര്യങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളൂ. മെച്ചെപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് മാനവികസന പശ്ചാത്തലം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിന് സർക്കാരിന്റെയും സർക്കാരിത സംഘടനകളുടേയും സഹായ സഹകരണങ്ങൾ കൂടുതൽ അനിവാര്യമാണ്.

# അദ്ധ്യായം 5

# നിർദ്ദേശങ്ങളും നയരൂപികരണവും

## 5.1 ആമുഖം

കേരളത്തിലെ വികസനത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ട ആദിവാസി സമൂഹങ്ങളിൽ വളരെ പിന്നാക്കം നിൽക്കുന്ന കൊറഗർ, മലവേട്ടുവൻ ഗോത്രവിഭാഗങ്ങളുടെ തൊഴിൽ ജീവിത സാഹചര്യങ്ങളെക്കുറിച്ചുള്ള പഠനമാണിത്. ഈ ആദിവാസികളുടെ തൊഴിൽ മേഖലയിലെ പ്രശ്നങ്ങളെയും പ്രതിസന്ധികളെയും അവരുടെ മാനവ വികസനത്തിന്റെ പശ്ചാത്തലത്തിലാണ് ഈ പഠനത്തിൽ വിശകലനം ചെയ്തത്.

ഭാഷാ വൈവിദ്ധ്യം കൊണ്ടും സംസ്ക്കാരിക തനിമ കൊണ്ടും പാരമ്പര്യ അറിവുകൾ കൊണ്ടും സംപുഷ്ടമായവരാണ് ഈ രണ്ടു ഗോത്രവിഭാഗങ്ങളെന്നത് ഈ പഠനത്തിന് കൂടുതൽ അർത്ഥതലങ്ങളേകുന്നു. കൊറഗർ കേരളത്തിലെ അഞ്ച് പ്രാക്തന വിഭാഗങ്ങളിലൊന്നാണ്. മലവേട്ടുവൻ സമുദായം കലാപരമായും സംസ്കാരികമായി മുന്നിട്ടു നിൽക്കുന്നുണ്ടെങ്കിലും വിദ്യാഭ്യാസപരമായും സാമ്പത്തികമായും വളരെ പിന്നാക്കം നിൽക്കുന്ന ആദിവാസി വിഭാഗമാണ്.

ഈ പഠനത്തിന് പ്രധാനമായും രണ്ട് ഉദ്ദേശങ്ങളാണ് ഉള്ളത്. ഒന്ന്, പഠനവിധേയരായ കൊറഗർ, മലവേട്ടുവൻ ഗോത്രസമുദായങ്ങളുടെ തൊഴിൽ ജീവിത സാഹചര്യങ്ങളെ അവരുടെ മാനവ വികസനത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തുക. രണ്ട്, ഈ ഗോത്ര സമുദായങ്ങളുടെ തൊഴിൽ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അവശ്യമായ നിർദ്ദേശങ്ങൾ ശാസ്ത്രീയമായി കണ്ടെത്തുക.

ഈ ഉദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഗവേഷണ ചോദ്യങ്ങൾ രൂപികരിക്കുകയുണ്ടായി. 1) ഗോത്ര സമൂഹത്തിന്റെ സാമൂഹികവും ജനസംഖ്യാപരവും ആരോഗ്യപരവും തൊഴിൽപരവുമായ വിശദാംശങ്ങൾ എന്തെല്ലാമാണ് 2) ആദിവാസികളുടെ ഇപ്പോഴത്തെ പ്രധാനപ്പെട്ട തൊഴിൽ

മേഖലകൾ എതെല്ലാമാണ് 3) ഗോത്രവിഭാഗങ്ങളുടെ പരമ്പരാഗത തൊഴിലുകളേയും മാറുന്ന തൊഴിൽ മേഖലയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ എന്താണ് 4) സുസ്ഥിര വികസനത്തിനും തൊഴിൽ ലഭ്യതയ്ക്കും വേണ്ടി ഗോത്രവിഭാഗങ്ങളുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും എന്തെല്ലാമാണ്.

പഠനത്തിന്റെ ഭാഗമായി സർവ്വേയും, അഭിമുഖങ്ങളും കൂട്ടായ ചർച്ചകളും നടത്തുകയുണ്ടായി. കാസർകോഡ് ജില്ലയിൽ 13 ഗ്രാമപഞ്ചായത്തുകളിലാണ് കൊറഗർ താമസിക്കുന്നത്. ഇവരിൽ ഏകദേശം 14 ശതമാനം (250) പേർ സർവ്വേയിൽ പങ്കെടുക്കുകയുണ്ടായി. മലവേട്ടുവൻ ഗോത്രവിഭാഗം കാസർകോഡ് ജില്ലയിൽ 20 ഗ്രാമപഞ്ചായത്തുകളിലും (13 എണ്ണം) കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലുമാണ് പ്രധാനമായും അധിവസിക്കുന്നത്. ഇവരിൽ ട ശതമാനം പേരെ സർവ്വേയിൽ ഉൾപ്പെടുത്തി. സർവ്വേയിലും മറ്റ് ഗുണപര ഗവേഷണങ്ങളിലും കണ്ടെത്തിയ വിവരങ്ങൾ കോഡികരിക്കുകയും ഗവേഷണ ചോദ്യങ്ങളുടേയും പരികല്പനകളുടേയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയുമുണ്ടായി. അവയിൽ നിന്നുമരിത്തിരിഞ്ഞ ആശയങ്ങൾ പഠനവിധേയരായ ഗോത്രവിഭാഗങ്ങൾക്കിടയിൽ അവതരിപ്പിക്കുകയുമുണ്ടായി. ഇത് പഠന റിപ്പോർട്ട് കൂടുതൽ മെച്ചപ്പെട്ട രീതിയിയിൽ തയ്യാറാക്കുന്നതിന് സഹായകരമായി.

ഈ അദ്ധ്യായത്തിൽ പ്രധാനമായും പഠനത്തിൽ കണ്ടെത്തിയ വിവരങ്ങളാണ് നൽകിയിരിക്കുന്നത്. കണ്ടെത്തലിനെ അടിസ്ഥാനമാക്കിയുള്ള ചില നിർദ്ദേശങ്ങളും നയരൂപികരണ സാധ്യതകളും ഇതിൽ മുന്നോട്ട് വക്കുന്നുണ്ട്.

## 5.2 പ്രധാന കണ്ടെത്തലുകൾ

മുൻകാലങ്ങളിൽ ഗോത്രവിഭാഗങ്ങളുടെ തൊഴിലിനെയും തൊഴിൽ സാഹചര്യങ്ങളെയും മാനവവികസനത്തിന്റെ പശ്ചാത്തലത്തിൽ വേണ്ടത്ര വിലയിരുത്തുകയുണ്ടായില്ല. ഓരോ ആദിവാസി ഗോത്രവും വികസനത്തിൽ തികച്ചും വ്യത്യസ്തമാണ്. അതുകൊണ്ട് തന്നെ തൊഴിൽ വികസന പദ്ധതികളിൽ അതാത് ഗോത്രവിഭാഗങ്ങളുടെ നിലവിലെ മാനവവികസനത്തെ അടിസ്ഥാനപ്പെടുത്തേണ്ടതുണ്ട്. ആദിവാസി ഗോത്രവിഭാഗങ്ങളിൽ മാനവ വികസനത്തിൽ മെച്ചപ്പെട്ടവർക്കാണ് സർക്കാരിന്റെ പദ്ധതികൾ മെച്ചപ്പെട്ട രീതിയിൽ ഉപയോഗിക്കാൻ സാധിക്കുന്നത്.

മാനവ വികസനത്തിൽ കൊറഗരും മലവേട്ടുവരും വളരെ പിന്നാക്കം നിൽക്കുന്നു. കാലാകാലങ്ങളിൽ സർക്കാർ അനേകം തൊഴിൽ പദ്ധതികൾ ആദിവാസികളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. പക്ഷേ, തൊഴിൽ പദ്ധതികളിൽ പഠനവിധേയരായ രണ്ടു ഗോത്രവിഭാഗങ്ങളുടേയും പങ്കാളിത്തം പൊതുവിൽ കുറവാണ്. ഇതു മാനവ വികസനത്തിലുള്ള അവരുടെ പിന്നാക്കവസ്ഥക്കൊരു കാരണമാണ്.

മാനവ വികസനത്തിന്റെ വിശകലനത്തിൽ പ്രധാനമായും ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികം എന്നിവയാണ് അന്വേഷണ വിധേയമാക്കിയത്. ആരോഗ്യരംഗത്ത് പൊതുവിൽ ഉയർന്ന രീതിയിലുള്ള രോഗവസ്ഥ കാണാം. ആധുനിക കാലത്തെ പൊതുസമൂഹത്തിൽ കണ്ടുവരുന്ന ജീവിത ശൈലി രോഗങ്ങളും വിട്ടുമാറാത്ത രോഗങ്ങളും (Chronic diseases) ഇവർക്കിടയിലും അധികരിച്ചുവരുന്നതായി കാണാം. ഗോത്രവിഭാഗങ്ങളുടെ ഭക്ഷണ രീതിയിലും ചികിത്സാരീതിയിലും കാര്യമായ മാറ്റങ്ങൾ അടുത്ത

കാലത്തു സംഭവിച്ചു കൊണ്ടിരിക്കുന്നു. അവർക്കിടയിൽ വംശീയ ചികിത്സാരീതികൾ കുറഞ്ഞുവരുകയും അലോപ്പതി ചികിത്സ കൂടി വരുകയും ചെയ്യുന്നുണ്ട്.

വിദ്യാഭ്യാസ രംഗത്ത് വളരെ പിന്നാക്കമാണ് ഈ ഗോത്രവിഭാഗങ്ങളിൽ കാണാൻ കഴിയുന്നത്. കോളേജ് വിദ്യാഭ്യാസം ബഹു ഭൂരിപക്ഷത്തിനും അപ്രാപ്യമാണ്. ദാരിദ്ര്യവും കുടുംബപ്രശ്നങ്ങളും കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കുന്നു.

സാമ്പത്തിക രംഗത്തും വളരെ പിന്നാക്കവസ്ഥയാണ് ഈ ഗോത്രവിഭാഗങ്ങളിൽ കാണാനാവുന്നത്. കൊറഗരിൽ 40 ശതമാനം പേർക്കും മലവേട്ടുവരിൽ 9.8 ശതമാനം പേർക്കും ഭൂമിയില്ല. കൊറഗരിലും മലവേട്ടുവൻ വിഭാഗത്തിലും ചെറിയൊരു ശതമാനം പേർക്കും വീടില്ല. വീടുള്ളവരിൽ 16 ശതമാനം പേർക്കും ഒരു മുറിയാണ് വീടിനുള്ളത്. ഓല കെട്ടിയതും ടാർപ്പാള വിരിച്ചതുമായ കുടിലുകളിൽ താമസിക്കുന്നവരുണ്ട്. വൈദ്യുതിയും ശുചിമുറികളില്ലാത്ത വിടുകളുടെ ശതമാനം കൂടുതലാണ്. ഇവർക്കിടയിൽ വായ്പ കുടുതലാണ്. കൂടുതലും സ്വകാര്യമേഖലയെയാണ് പണം കടമെടുക്കാൻ സമീപിക്കുന്നത്.

മാനവ വികസനത്തിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതികളിലും സ്കീമുകളിലും ഇവരുടെ പങ്കാളിത്തം മറ്റ് ആദിവാസി മേഖലകളേക്കാൾ പൊതുവിൽ കുറവാണ്. ആരോഗ്യം (ആരോഗ്യ ഇൻഷ്വറൻസ്, മൊബൈൽ ക്ലിനിക്ക്, ജനനി-ജൻമ രക്ഷാ പദ്ധതി മുതലായവ, വിദ്യാഭ്യാസം (ഗോത്ര സാരഥി, സാമൂഹ പഠനമുറി, മോഡൽ റസിഡൻഷ്യൽ സ്കൂൾ മുതലായവ), സാമ്പത്തികം (ലൈഫ് ഭവന പദ്ധതി, പെൻഷൻ പദ്ധതികൾ, മുതലായവ), സാമൂഹിക മൂലധനം (കുടുംബ ശ്രീ, വിവിധ സംഘടനകളിലെ പങ്കാളിത്തം, മുതലായവ) തുടങ്ങിയ മേഖലയിലുള്ള വിവിധ സർക്കാർ പദ്ധതികൾ വിലയിരുത്തുകയുണ്ടായി.

എന്തു കൊണ്ടാണ് സർക്കാരിന്റെ മേൽ സൂചിപ്പിച്ച പ്രധാനപ്പെട്ട മാനവ വികസന പദ്ധതികൾ വേണ്ടത്ര രീതിയിൽ ഉപയോഗിക്കാഞ്ഞത്. പദ്ധതികൾ നടപ്പിലാക്കുന്നവരുടെ കാഴ്ചപ്പാടിലും ആദിവാസികളുടെ കാഴ്ചപ്പാടിലും ഇതിന്റെ കാരണങ്ങളെക്കുറിച്ച് വിശകലനം ചെയ്യുകയുണ്ടായി. ഇതിൽ കണ്ടെത്തിയ വിവരങ്ങളിൽ ചിലതു വളരെ പ്രാധാന്യമർഹിക്കുന്നു.

പദ്ധതികൾ നടപ്പിലാക്കുന്നവരുടെ കാഴ്ചപ്പാടിൽ ആദിവാസികളുടെ പദ്ധതികളിലെ ചില പ്രതിസന്ധികൾ ഇവയാണ്.

1. പദ്ധതികളുടെ നടത്തിപ്പിലുള്ള ചില ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. ഉദാഹരണമായി പ്രദേശിക വാർഡ് മെമ്പർമാരുടെ ആവശ്യപ്രകാരം പലപ്പോഴും ഗുണഭോക്താക്കളെ വാർഡ് തലത്തിൽ വിതം വച്ചു നൽകുന്ന തെറ്റായ നിലവിലെ രീതി പ്രശ്നമാണ്. ഇതു ചില വാർഡിലെ അർഹരായ ആൾക്കാർക്ക് പദ്ധതിയുടെ ഗുണഭോക്താവാകാൻ കഴിയുന്നില്ല. ദാരിദ്ര നിർമാർജ്ജന പദ്ധതികളായ വളർത്തു മൃഗങ്ങളുടെ വിതരണം, പണിയായുധങ്ങളുടെ വിതരണം തുടങ്ങിയവയിൽ ഇതു പ്രകടമാണ്.

2. ഒരേ പദ്ധതിക്ക് പല ഏജൻസികൾ ഉണ്ടാകുന്നതും ഗുണഭോക്താക്കളെ കണ്ടെത്തുവാൻ ഇത്തരം ഏജൻസികൾ വ്യത്യസ്ത മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതും ഒരു പ്രശ്നമാണ്. ഉദാഹരണമായി

ആദിവാസികളുടെ ഭവന നിർമ്മാണത്തിൽ വിവിധ ഏജൻസികളിലൂടെയാണ് നടത്തപ്പെട്ടത്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, പട്ടിക വർഗ്ഗവിഭാഗം വകുപ്പ് എന്നിവർ ഭവന പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഗുണഭോക്താക്കളെ കണ്ടെത്തുന്നതും പദ്ധതി നടപ്പിലാക്കുന്നതും തികച്ചും വ്യത്യസ്തമായ രീതിയിലൂടെയാണ്. ലൈഫ് ഭവന പദ്ധതിയുടെ വരവോടെ ഇപ്പോൾ ഭവന പദ്ധതിയിൽ ഒരു മാറ്റം ഉണ്ടായിട്ടുണ്ട്. പക്ഷേ, പദ്ധതികളിൽ വിവിധ തദ്ദേശ സ്ഥാപനങ്ങളുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്ന രീതി മിക്കവാറും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. പ്രത്യേകിച്ചും, വ്യത്യസ്ത രാഷ്ട്രീയ കക്ഷികൾ വിവിധ തദ്ദേശ സ്ഥാപനങ്ങളുടെ സാരഥ്യം വഹിക്കുമ്പോൾ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ പരസ്പരം അരോപണങ്ങൾ ഉണ്ടാകുന്നു.

3. പദ്ധതികളിലെ അവ്യക്തത പലപ്പോഴും സേവനം നൽകുന്നതിനു കാലതാമസമുണ്ടാക്കുന്നു. ഉദാഹരണമായി, ദുർഘടമായ സ്ഥലങ്ങളിലെ ഭവന നിർമ്മാണത്തിന് വേണ്ടി അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച് പല സർക്കാർ സർക്കുലറുകൾ വന്നിട്ടുണ്ട്. പക്ഷേ, പല തദ്ദേശീയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും ഇതുമായി ബന്ധപ്പെട്ട് പല അവ്യക്തതകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ദുർഘടപ്രദേശത്തെ എങ്ങനെയാണ് നിർവ്വചിക്കുന്നത്, ഏതു സാഹചര്യത്തിലാണ് ഈ ഫണ്ട് നൽകേണ്ടത് തുടങ്ങിയ ചില കാര്യങ്ങളിൽ സംശയങ്ങൾ നിലനിൽക്കുന്നുണ്ട്.

4. വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉള്ള പ്രശ്നങ്ങൾ കാലാകാലങ്ങളിൽ ഉന്നയിക്കാനും അവയ്ക്കു ഉടനടി പരിഹാരം കണ്ടെത്താനുമുള്ള ഒരു രീതി അനിവാര്യമാണ്. പരിഹാര നിർദ്ദേശം നൽകുന്നതിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നത് നടത്തിപ്പിലെ കാലതാമസം ഒഴിവാക്കാൻ സഹായിക്കും.

ആദിവാസികളുടെ കാഴ്ചപ്പാടിൽ സർക്കാർ പദ്ധതികൾ ലഭിക്കുന്നതുമായി ബദ്ധപ്പെട്ട അവർ നേരിടുന്ന പ്രധാന പ്രശ്ങ്ങൾ താഴെ പറയുന്നവയാണ്.

1. നിലവിലെ പല പദ്ധതികളെക്കുറിച്ചുള്ള അജ്ഞത ഒരു പ്രശ്ശമാണ്. പുതിയ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ അറിയുന്നത് മെബർമാർ, പ്രമോട്ടർമാർ മുഖേന മാത്രമാണ്. പക്ഷേ, പലപ്പോഴും മെമ്പർമാർക്കും പ്രമോട്ടർമാർക്കും സർക്കാരിന്റെ എല്ലാ വികസന പദ്ധതികളെക്കുറിച്ചും വേണ്ടത്ര അറിവ് ഉണ്ടാകാറില്ല. ഇതിനു പരിഹാരമായി, നിലവിലെ വിവിധ പദ്ധതികളെക്കുറിച്ച് സർക്കാർ തലത്തിൽ ഒരു ഡോക്കുമെന്റ് ഉണ്ടാക്കുകയും അത് സാമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതും ഗുണം ചെയ്യും. ഭൂരിഭാഗം ആദിവാസികൾക്കും ഇപ്പോൾ ഫോണുണ്ട്. അതു കൊണ്ടു തന്നെ സർക്കാരിന്റെ വിവിധ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ഫോണിലൂടെ ഇവരുമായി നേരിട്ടു പങ്കുവയ്ക്കുന്നത് ഇപ്പോൾ വളരെ എളുപ്പമാണ്.

2. പദ്ധതികളിൽ ചേരാനായി വേണ്ട ഡോക്കുമെന്റുകൾ ശേഖരിക്കുന്നതിലുള്ള ബുദ്ധിമുട്ട് പലർക്കും ഒരു പ്രശ്നമാണ്. ഉദാഹരണമായിട്ട് പല ആദിവാസികൾക്കും സ്വയം തൊഴിൽ ചെയ്യുവാനായിട്ട് താത്പര്യമുണ്ട്. പക്ഷേ, സംരംഭം ആരംഭിക്കാൻ വായ്പ എടുക്കുന്നതിന് വസ്തുവിന്റെ പട്ടയം ബാങ്കുകൾക്ക് നൽകേണ്ടതുണ്ട്. സർക്കാർ ഭൂമിയിൽ വീട് വച്ചിരിക്കുന്ന ചിലർക്കു പട്ടയം ഇതുവരെ

ലഭിച്ചിട്ടില്ല. അതുകൊണ്ടു തന്നെ ബാങ്കുകളിൽ നിന്ന് ഇവർക്ക് ലോൺ ലഭിക്കുകയില്ല. അതുപോലെ തന്നെയാണ് പട്ടയം ലഭിക്കാത്ത ആളുകൾക്ക് റേഷൻ കാർഡും കറണ്ടും ശൂചിമുറിയും ഒക്കെ ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ട് ഉണ്ടാകുന്നത്. കൊറോണ വ്യാപിച്ച സമയത്ത് സംസ്ഥാന സർക്കാർ നേരിട്ട് ഇടപ്പെട്ട് ഇവർക്ക് താത്കാലികമായ റേഷൻ കാർഡും കറണ്ട് കണക്ഷൻ തുടങ്ങിയവ നൽകിയത് വളരെ ഗുണകരമായിട്ടുണ്ട്.

3. ചില ആദിവാസികൾക്ക് ഭരണ ഭാഷയായ മലയാളത്തിൽ ആശയവിനിമയം ചെയ്യുന്നതിത് ബുദ്ധിമുട്ട് ഉണ്ട്. പലർും മലയാളം ശരിയായ രീതിയിൽ എഴുതാനോ വായിക്കാനോ അറിയില്ല. പ്രത്യകിച്ചും, ചില കൊറഗർക്ക് മലയാളത്തിലുള്ള ആശയവിനിമയത്തിന് ബുദ്ധിമുട്ട് ഉണ്ട്. അതു കൊണ്ട് തന്നെ സർക്കാർ സേവനങ്ങൾ നേടുന്നതിൽ എതെങ്കിലും ബുദ്ധിമുട്ട് ഉണ്ടായാൽ ഇവർ തുടർ നടപടിക്കോ പരാതിക്കോ പലപ്പോഴും തുനിയാറില്ല.

4. പദ്ധതികളിൽ പടങ്കാളികളാകാനുള്ള നൈപുണ്യമില്ലായ്യ ചിലർക്ക് പ്രശ്നമാണ്. ആദിവാസികൾക്ക് വേണ്ടി സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളിൽ തൊഴിൽ ലഭിക്കുന്നതിന് നൈപുണ്യമില്ലായ്യ ഒരു പ്രശ്നമാണ്. ഉദാഹരണമായി കൊറഗരുടെ ട്രൈബൽ പ്രമോട്ടർമാരായി ചില സ്ഥലങ്ങളിലെങ്കിലും താത്കാലികമായി വരുന്നത് മറ്റ് ഗോത്രവിഭാഗക്കാരാണ്. ആദിവാസികൾക്ക് കമ്പ്യൂട്ടർ, മൊബൈൽ പരിശീലനം എന്നിവ നൽകുന്നതു അവരുടേ തൊഴിൽ സാധ്യതകളെ വർദ്ധിപ്പിക്കും. അതുപോലെ, കാർ, ജീപ്പ്, ബസ്സ്, ജെ.സി.ബി തുടങ്ങിയവ ഓടിക്കുന്നതിനുള്ള പരിശീലനം അഗ്രഹിക്കുന്ന പല ആദിവാസികളുമുണ്ട്. അതിലൂടെ സർക്കാരിന്റെ പല താത്കാലിക ജോലികളും ലഭിക്കാനുള്ള സാധ്യത കൂടുമെന്നവർ കരുതുന്നു.

തൊഴിൽ മേഖലയിൽ ഗോത്രവിഭാഗങ്ങളുടെ പങ്കാളിത്തം കൂടുതലാണ്. പക്ഷേ, യുവതലമുറയിൽ പ്രത്യേകിച്ചും മുപ്പത് വയസ്സിനു താഴെയുള്ളവരിൽ തൊഴിൽ പങ്കാളിത്തം കുറവാണ്. ഉപജീവനത്തിനായി പലരും പാരമ്പര്യതൊഴിലുകളായ കുട്ട നിർമ്മാണം, വട്ടി നിർമ്മാണം തുടങ്ങിയവയിൽ നിന്നും മറ്റ് തൊഴിൽ മേഖലകളിലേയ്ക്ക് ചേക്കേറുന്നു. ഇപ്പോൾ കൂടുതലാൾക്കാരും കൂലിവേലയാണ് പ്രധാനമായും ഉപജീവനത്തിനായി ആശ്രയിക്കുന്നത്.

പാരമ്പര്യ തൊഴിലിനോട് യുവാക്കൾക്ക് താത്പര്യമില്ലെങ്കിലും അവരുടെ പാരമ്പര്യ ആചാരാനുഷ്ഠാനങ്ങളോട് കൂടുതൽ താത്പര്യവും അവ അധുനിക രീതിയിൽ മാർക്കറ്റ് ചെയ്യാനുള്ള പ്രവണതയും ഇപ്പോൾ കണ്ടുവരുന്നുണ്ട്. ഉദാഹരണമായി, മലവേട്ടുവൻ സമുദായങ്ങളുടെ മംഗലംകളി ഇപ്പോൾ പല സ്ഥലങ്ങളിലും സമുദായാഗങ്ങൾ അവതരിപ്പിച്ചു വരുന്നുണ്ട്. അതുപോലെ, ഗോത്രവർഗ്ഗങ്ങളുടെ തനത് ചികിത്സാരീതിയായ വംശീയ വൈദ്യത്തിനും ജ്യോതിഷത്തിനും പുറം ലോകത്ത് പ്രചാരം ലഭിച്ചുവരുന്നുണ്ട്.

സർക്കാർ തലത്തിൽ പല പദ്ധതികളും തൊഴിൽ രംഗത്ത് ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടത് തൊഴിലുറപ്പ് പദ്ധതിയാണ്. ആദിവാസികൾക്ക് 200 ദിവസം പണി നൽകാനായി പദ്ധതിയുണ്ട്. കൂടാതെ, കൂലി സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതിന് റിവാൾവിംഗ് ഫണ്ടും രൂപികരിച്ചിട്ടുണ്ട്. പക്ഷേ, പഠനവിധേയരായ ഗോത്രവിഭാഗങ്ങളിൽ ഈ പദ്ധതിയുടെ ഉപയോഗം വേണ്ടത്ര രീതിയിൽ കാണുന്നില്ല. മറ്റ് ജോലികൾക്ക് കൂടുതൽ വേതനം ലഭിക്കുന്നതു കൊണ്ടും

തൊഴിലുറപ്പിൽ ദിവസവും കൂലി ലഭിക്കാത്തതും ആദിവാസികളിൽ പലരേയും ഇതിൽ നിന്ന് പിൻതിരിക്കാൻ ഒരു പ്രധാന കാരണമാകുന്നു. പക്ഷേ, സ്ത്രീകൾക്കും വൃദ്ധരായവർക്കും തൊഴിലുറപ്പ് ഇപ്പോഴും ഒരു അനുഗ്രഹമാണ്.

മറ്റൊന്ന്, സർക്കാർ തൊഴിൽ പരിശീലനത്തിനായി നടപ്പിലാക്കുന്ന ഗോത്രജീവിക പദ്ധതിയാണ്. കെട്ടിട നിർമ്മാണത്തിന് വേണ്ട പ്രയോഗിക പരിശീലനം പഠനവിധേയരായ ആളുകളിൽ കുറച്ച് പേർക്ക് ലഭിച്ചിട്ടുണ്ട്. മറ്റ് പല തൊഴിൽ പരിശീലനങ്ങളും ഗോത്രജീവിക പദ്ധതിയിലുണ്ട്. ആ പരിശീലനങ്ങളും പഠനവിധേയരായ ഗോത്രവിഭാഗങ്ങൾക്കും ലഭ്യമാക്കേണ്ടതുണ്ട്.

വംശീയ വൈദ്യം പരിപോക്ഷിപ്പിക്കുന്നതിന് സർക്കാർ ചില പദ്ധതികൾ അവിഷ്കരിച്ചിട്ടുണ്ട്. അതിന് നല്ല പ്രതികരണമാണ് ആദിവാസി സമൂഹത്തിലുള്ളത്. പക്ഷേ, ഇതിന്റെ ഗുണഭോക്താക്കൾ പരിമിതമാണ്. കരകൗശല നിർമ്മാണരംഗത്ത് സർക്കാർ പല സഹായങ്ങളും ആദ്യകാലങ്ങളിൽ നൽകിയിരുന്നു. പക്ഷേ, അവ ഇപ്പോൾ ലഭ്യമല്ല. പലരും തങ്ങളുടെ ഉൽപ്പന്നങ്ങൾ വിൽക്കാനാവാതെ ഈ മേഖല ഉപേക്ഷിച്ച് പോവുകയുണ്ടായി.

## 5.3 നിർദ്ദേശങ്ങളും നയരൂപികരണങ്ങളും

### 5.3.1 നിർദ്ദേശങ്ങൾ

നിലവിലെ സർക്കാർ പദ്ധതികൾ മെച്ചെപ്പെട്ട രീതിയിൽ നടത്തുന്നതിന് സഹായകരമായ ചില നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. ടെക്നോളജിയുടെ പൂർണ്ണതോതിലുള്ള ഉപയോഗം തൊഴിൽ മേഖലയിലും കൊണ്ടു വരുക. (പഠനവിധേയരായ ഭൂരിപക്ഷം കുടുംബങ്ങൾക്കും മൊബൈൽ ഉണ്ട്. അതുകൊണ്ട് തന്നെ ഗോത്രവിഭാഗങ്ങളുടെ നൈപുണ്യ വികസനത്തിനായി ഓൺലൈൻ പ്ലാറ്റ്ഫോമുകളെ ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് ചിന്തിക്കണം).

2. ആദിവാസികൾക്ക് പ്രദേശിക തലത്തിലുള്ള കുടുംബ വിവര ശ്രോതസ്സുകൾ (longitudinal household database) നിർമ്മിക്കുക (ഇത് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും സഹായകരമാകും. വ്യക്തികളുടെ വിവരങ്ങൾ അവരുടെ ആധാർ കാർഡുമായി ലിങ്ക് ചെയ്ത് ചെയ്യണം. പദ്ധതികളുടെ ഗുണഭോക്താക്കൾ അതിന് അർഹരാണെന്ന് ഉറപ്പുവരുത്തുന്നതിന് ഇതു സഹായിക്കും).

3. ആദിവാസികളുടെ പദ്ധതികൾക്ക് സോഷ്യൽ ആഡിറ്റിംഗ് നിർബന്ധമാക്കുക. (ഇത് പദ്ധതികളുടെ സുതാര്യത ഉറപ്പാക്കും. നടത്തിപ്പിലെ അഴിമതിയും സ്വജനപക്ഷപാതവും ഇല്ലാതാകാൻ സഹായിക്കും).

4. ആദിവാസി പദ്ധതികളിലെ പ്രശ്നങ്ങൾ ഉടനടി പരിഹരിക്കാൻ വിദഗ്ധ സമിതി രൂപികരിക്കുക. (പദ്ധതികൾ നടപ്പിലാക്കുന്നവർക്ക് പദ്ധതികളിലെ പോരായ്മകളും പ്രശ്നങ്ങളും നന്നായി അറിയാം. പക്ഷേ, കാലാകാലങ്ങളിൽ അത് ഉന്നയിക്കാനും അതിന്റെ പരിഹാരം ഉടനടി കണ്ടെത്താനും

ഉള്ള ഉപായമില്ല. പ്രത്യേകിച്ചും, സമാനമായ പദ്ധതികൾ പല ഏജൻസികൾ പലരീതിയിൽ നടപ്പിലാക്കുമ്പോൾ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാകുന്നു).

5. ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് അവശ്യമായ നിയമ പരിജ്ഞാനവും പരിശീലനവും സർക്കാർ സ്ഥാപനമായ കില ഉറപ്പാക്കുക (പല പദ്ധതികളെക്കുറിച്ചും സർക്കാർ ഉദ്യോഗസ്ഥരിൽ അവ്യക്തതകൾ ഉണ്ട്. ഉദാഹരണത്തിന് കെട്ടിട നിർമ്മാണത്തിലെ അധിക തുക ചിലവഴിക്കുന്നതുമായി ബന്ധപ്പെട്ടും, പട്ടയം ഇല്ലാത്തവർക്ക് വൈദ്യുതി നൽകുന്നതു സംബന്ധിച്ചുമൊക്കെ വ്യത്യസ്ത അഭിപ്രായങ്ങൾ പ്രാദേശിക അധികാരികളിലുണ്ട്. ഇവ ഒഴിവാക്കേണ്ടത് അനിവാര്യമാണ്).

6. ആദിവാസി തൊഴിൽ മേഖലയിലെയും ജീവിത രീതിയിലേയും മാറ്റങ്ങൾ അറിയുകയും അതിനനുസരിച്ച്നിലവിലെപദ്ധതികൾസാമൂഹികസാമ്പത്തികവിദഗ്ധർസമൂഹവികസനത്തിനും രാജ്യപുരോഗത്തിക്കായും പരിഷ്കരിക്കുക. (ആദിവാസി തൊഴിൽ മേഖലയിൽ സമഗ്രമായ മാറ്റം ആണ് ഉണ്ടായിട്ടുള്ളത്. യുവാക്കൾ പാരമ്പര്യ തൊഴിലുകൾ ഉപേക്ഷിച്ച് പുതിയ തൊഴിൽ മേഖലകളിലേക്കു കുടിയേറുന്നു. അതേസമയം, ചിലർ പാരമ്പര്യ ആചാരങ്ങളും അനുഷ്ഠാനങ്ങളിലും കൂടുതൽ താത്പര്യം കാണിക്കുന്നു. ആദിവാസികളുടെ ആചാര അനുഷ്ഠാനങ്ങളുടെ ഭാഗമായ തടപ്പ രാശി ജ്യോതിഷം, വംശീയ വൈദ്യം, മംഗലംകളി തുടങ്ങിയവയിൽ ചിലർക്കു താത്പര്യമുണ്ട്. അത് ചിലരെങ്കിലും തൊഴിലായി മാർക്കറ്റു ചെയ്യപ്പെടുന്നുണ്ട്. പുതിയ തലമുറ സമഗ്രമായ മാറ്റത്തിന് വിധേയമായികൊണ്ടിരിക്കുന്നു. ചിലർ യൂടൂബ് ചാനലുകളും ബ്ലോഗുകളും ആരംഭിച്ചിട്ടുണ്ട്. അതുപോലെ, ആദിവാസികൾക്കിടയിൽ പലതരത്തിലുള്ള വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ, ഫേയ്സ് ബുക്ക് കൂട്ടായ എന്നിവയിൽ യുവതി യുവാക്കളിൽ സജീവവുമാണ്. മാറുന്ന ലോകത്ത് കാഴ്ചപ്പാടുകളേയും പ്രവർത്തനങ്ങളേയും എപ്രകാരം സമൂഹനന്മക്കും രാജ്യപുരോഗതിക്കും ഉപയുക്തമാക്കേണ്ടതെന്ന് നയരൂപികരണ രംഗത്ത് പ്രവർത്തിക്കുന്നവർ ചിന്തിക്കേണ്ടതാണ്. ഇതിന് കാലാകാലങ്ങളിൽ തൊഴിൽ ജീവിതരീതികളെക്കുറിച്ചുള്ള ശാസ്ത്രീയ പഠനങ്ങൾ ആവശ്യമാണ്.)

## 5.3.2 നയരൂപികരണം

വികസനത്തിൽ എന്താണ് ആദിവാസികൾക്ക് അടിയന്തരമായി വേണ്ടത്. മാനവ വികസനമാണോ അതോ തൊഴിൽ വികസനമാണോ ശ്രദ്ധ കൂടുതൽ ചെലുത്തേണ്ടത്. നയരൂപീകരണ വേളയിൽ പഠനത്തിന്റെ കണ്ടെത്തലുകളിൽ നിന്നും ഉയർന്നേക്കാവുന്ന പ്രസക്തമായ ഒരു ചോദ്യമാണ്. ഇതിനുത്തരം, വളരെ സങ്കീർണ്ണമാണ്. കാരണം, മാനവ വികസനവും തൊഴിൽ വികസനവും പരസ്പര പൂരകങ്ങളാണ്. ഒന്ന് മറ്റൊന്നിനെ മെച്ചപ്പെടുത്തുന്നു.

പക്ഷേ, മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ ആദിവാസികളുടെ മാനവ വികസനത്തിന്റെ പശ്ചാത്തലത്തിൽ തൊഴിൽ വികസനത്തിന് അനുകൂലമായ നൈപുണ്യവികസനമാകണം മുന്തിയ പരിഗണന നൽകേണ്ടത്. ആദിവാസികളുടെ നിലവിലെ അറിവിനും ആരോഗ്യത്തിനും ജീവിത സാഹചര്യത്തിനും അനിയോജ്യമായതും അവരുടെ അഭിരുചിക്ക് അനുഗുണമായ തൊഴിൽ അവസരങ്ങളാണ് സൃഷ്ടിക്കേണ്ടത്. അതോടൊപ്പം നിലവിലെ സർക്കാരിന്റെ വിവിധ പദ്ധതികളിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും വേണം.

## നവ കർമ്മ പദ്ധതികൾ

ആദിവാസികളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും മെച്ചപ്പെട്ട മാനവ വികസനം നേടുന്നതിനും സഹായകരമായ അനവധി സാധ്യതകൾ നിലവിലുണ്ട്. ആദിവാസികളുമായി ചർച്ച ചെയ്തു തയ്യാറാക്കിയ പ്രധാനപ്പെട്ട ഒൻപത് കർമ്മ പദ്ധതികൾ താഴെ പറയുന്നവയാണ്.

1. കേന്ദ്ര സർക്കാരിന്റെ ആയുഷ് വകുപ്പിന്റെ കീഴിൽ ആദിവാസി മേഖലയിൽ ട്രൈബൽ ക്ലിനിക്ക് (Tribal Clinic) സ്ഥാപിക്കുക.

   ആദിവാസികളിൽ പലരും വംശീയ വൈദ്യത്തിൽ നിപുണരാണ്. മുൻകാലങ്ങളിൽ ആദിവാസി വൈദ്യൻമാർ എല്ലാതരം രോഗങ്ങൾക്കും ചികിത്സിച്ചിരുന്നു. ഇപ്പോൾ പലരും എതാനും രോഗങ്ങൾക്ക് മാത്രമാണ് ചികിത്സ നൽകുന്നത്. പലരും വംശീയ വൈദ്യം അടുത്ത തലമുറയ്ക്ക് കൈമാറ്റം ചെയ്യുന്നില്ല. അത്തരം സാഹചര്യത്തിൽ നിലവിലെ വിവിധ വൈദ്യൻമാരെ സർക്കാർ തന്നെ മുൻകൈ എടുത്ത് ഒരുമിപ്പിച്ച് ഒരു ട്രൈബൽ ക്ലിനിക്ക് സ്ഥാപിക്കുകയാണെങ്കിൽ ആദിവാസികൾക്കും പൊതുസമൂഹത്തിനും ഗുണകരമാകും. ചിലവു കുറഞ്ഞ ചികിത്സാരീതി മാരകമായ രോഗങ്ങൾ മൂലം കഷ്ടപ്പെടുന്നവർക്ക് അനുഗ്രഹമാകും. ഇത്തരം ക്ലിനിക്കുകളിൽ ഉണ്ടാകുന്ന വരുമാനം ആദിവാസികളുടെ ഉന്നമനത്തിനായിട്ടും അവരുടെ സംസ്കാരിക തനിമയും പാരമ്പര്യ അറിവും നിലനിർത്തുന്നതിനായിട്ടും ഉപയോഗിക്കാവുന്നതാണ്.

2. ആദിവാസി മേഖലയിൽ വംശീയ ചികിത്സ ഗവേഷണസ്ഥാപനം സ്ഥാപിക്കുക.

   ആദിവാസികളിൽ പാരമ്പര്യ ചികിത്സയോട് താത്പര്യമുള്ള യുവതി യുവാക്കളെ തെരഞ്ഞെടുത്ത് അവരെ ആധുനിക ശാസ്ത്രീയ ഗവേഷണരീതികൾ പരിശീലിപ്പിച്ച് വംശീയ വൈദ്യത്തിലുപയോഗിക്കുന്ന മരുന്നുകളുടെ ശാസ്ത്രീയത പൊതു സമൂഹത്തിന് ബോധ്യപ്പെടുത്താവുന്നതാണ്. ഇത് വംശീയ വൈദ്യത്തിന് കൂടുതൽ പ്രചാരം ലഭിക്കുന്നതിനും പുതിയ അറിവുകൾ സൃഷ്ടിക്കുന്നതിനും കാരണമാകും. ഇത് ആദിവാസികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കും. കൂടാതെ, തങ്ങളുടെ പാരമ്പര്യ അറിവുകളിൽ ആധുനിക തലമുറയ്ക്ക് കുടുതൽ ആത്മവിശ്വാസം ഉണ്ടാക്കുന്നതിനും ഉപകരിക്കും.

3. കലാകായിക മേഖലയെ തൊഴിൽ മേഖലയായി വികസിപ്പിക്കുന്നതിന് ആദിവാസി സ്പോർസ് ആക്കാദമി, ആദിവാസി സാംസ്കാരിക കേന്ദ്രം എന്നിവ സ്ഥാപിക്കുക.

   വിദ്യാഭ്യാസപരമായി പിന്നിലായ പല ആദിവാസി യുവതി യുവാക്കളും കലാപരമായും കായികപരമായും വളരെ നൈപുണ്യമുള്ളവരാണ്. അവരുടെ ഈ കഴിവുകളെ കായിക രംഗത്തും കലാരംഗത്തും വേണ്ടത്ര ഉപയോഗിക്കാനായിട്ടില്ല. ആദിവാസികളുടെ കലാരൂപങ്ങളെ വേണ്ടത്ര വിധത്തിൽ മാർക്കറ്റ് ചെയ്യേണ്ടതുണ്ട്. മംഗലം കളിപോലുള്ള ആദിവാസികലാനൃത്തങ്ങളെ ടൂറിസത്തിന്റെ ഭാഗമാക്കുന്നത് ആദിവാസികളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സാംസ്കാരിക തനിമ നിലനിർത്തുന്നതിനും സഹായകരമാകും.

4. കരകൗശല സാധനങ്ങളുടെ ആധുനിക രീതിയിലുള്ള വിപണനത്തിന് ഇക്കോഫ്രണ്ടിലി ഷോപ്പുകളും ഓൺലൈൻ വിപണനവും സഹകരണ സംഘങ്ങളിലൂടെ നടപ്പിലാക്കുക.

ഓൺലൈൻ മാർക്കറ്റിംഗ്, സ്വയം മാർക്കറ്റിംഗ് എന്നിവയിൽ ആദിവാസികൾക്ക് പരിശീലനം ഉണ്ടെങ്കിൽ അവർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ മെച്ചെപ്പെട്ട വിലയ്ക്ക് വിൽക്കുവാൻ കഴിയും. ഇവർ നിർമ്മിക്കുന്ന വസ്തുക്കൾ എത്രത്തോളം പ്രകൃതി സൗഹൃദമാണെന്നും അതു എപ്രകാരമാണ് നിർമ്മിക്കുന്നതെന്നും ഇവ ഉപയോഗിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന ആരോഗ്യപരമായും പരിസ്ഥിതികമായും ഉള്ള നേട്ടങ്ങളെയും കുറിച്ചുള്ള അവബോധം പൊതു സമൂഹത്തിനു നൽകേണ്ടതായിട്ടുണ്ട്. അതോടൊപ്പം, നഗരങ്ങളിൽ നൂതന സംവിധാനങ്ങളോടു കൂടിയ ആദിവാസികളുടെ ഇക്കോ ഫ്രണ്ടിഷോപ്പുകളുടെ സ്ഥാപനവും ആദിവാസികൾക്ക് കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്നതിന് സഹായകരമാകും. സർക്കാർ ഓഫീസുകളിലും പരിപാടികളിലും ആദിവാസി ഉൽപ്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാവുന്നതാണ്.

5. സ്വയം തൊഴിലുകൾ ചെയ്യുവാനുള്ള വായ്പകൾക്കുള്ള മാനദണ്ഡങ്ങളിൽ ആദിവാസികൾക്ക് ഇളവുകൾ അനുവദിക്കുക.

വ്യക്തമായ കർമ്മ പദ്ധതിയുണ്ടെങ്കിൽ ഉണ്ടെങ്കിൽ ആദിവാസികൾക്ക് ഉപാധി രഹിതവായ്പകൾ നൽകാവുന്നതാണ്.

6. ആദിവാസി മേഖലയിലെ കുടുംബശ്രീ പ്രവർത്തനങ്ങളെ കൂടുതൽ ശാക്തീകരിക്കുക.

കുടുംബ ശ്രീ വളരെയേറെ പദ്ധതികൾ ആദിവാസിമേഖലകളിൽ ചെയ്യുന്നുണ്ട്. അത് കൂടുതൽ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വളരെ ദ്രുതഗതിയിലാണ് കുടുംബത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ സഹായകരമാകുന്നത്.

7. ആദിവാസി ഗോത്രവിഭാഗങ്ങൾക്ക് വികസന സൂചിക (Construction of development index) നിർമ്മിക്കുക.

ഓരോ ഗോത്രവിഭാഗങ്ങളുടെയും വികസനത്തിന്റെ തോത് അറിയുന്നതിന് വികസന സൂചികയുടെ നിർമ്മാണം അവശ്യമാണ്. ഹ്യൂമൻ ഡവലപ്പ്മെന്റ് ഇൻഡക്സ് പോലുള്ള ഒരു വികസന സൂചിക ആദിവാസികളിലെ വിവിധ ഗോത്രവിഭാഗങ്ങൾക്ക് ഉണ്ടാക്കേണ്ടത് വളരെ അനിവാര്യമാണ്. സൂചികളിൽ പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകേണ്ടത് അനിവാര്യമാണ്.

8. ആദിവാസി ഗോത്രവിഭാഗങ്ങളുടെ ലേബർ റിപ്പോർട്ട് രണ്ടു വർഷത്തിലൊരിക്കൽ നിർമ്മിക്കുക.

ആദിവാസികളുടെ തൊഴിൽ മേഖലകളെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കുകയും ആ മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ മനസ്സിലാക്കേണ്ടതും അനിവാര്യമാണ്.

9. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള സംവരണങ്ങളിൽ അവരിൽ വളരെ പിന്നോക്ക അവസ്ഥയിലുള്ള വിഭാഗങ്ങൾക്ക് ലഭിക്കുന്ന തരത്തിൽ സംവരണരീതി പുനക്രമീകരിക്കുക.

വികസനത്തിൽ വളരെ പിന്നാക്കം നിൽക്കുന്ന കൊറഗർ, മലവേട്ടുവൻ തുടങ്ങിയ ആദിവാസി വിഭാഗങ്ങൾക്ക് സർക്കാർ തൊഴിലുകൾ അപൂർവ്വമായേ ലഭിക്കുന്നുള്ളൂ. ആദിവാസി വിഭാഗങ്ങളിൽ സാമൂഹികമായും സാമ്പത്തികമായും വളരെ മുന്നേറിയ ഏതാനും വിഭാഗങ്ങളാണ് ജോലി സംവരണത്തിന്റെ ഭൂരിഭാഗം ഗുണഭോക്താക്കളാകുന്നത്. സർക്കാർ പരീക്ഷകളിൽ സാമൂഹികമായും സാമ്പത്തികമായും മുന്നേറിയ ആദിവാസി വിഭാഗങ്ങളോട് മത്സരിച്ച് ജയിക്കാൻ പഠനവിധേയരായ ആദിവാസി വിഭാഗങ്ങൾ പ്രാപ്തരല്ല.

സർക്കാർ ജോലികളിൽ ആദിവാസികൾക്ക് അനുവദനീയമായ സംവരണ തോത് നിജപ്പെടുത്തിയിട്ടുണ്ട്. ആദിവാസികളിൽ സാമ്പത്തികമായി മുന്നേറിയ വിഭാഗ ങ്ങളെ കാലാകാലങ്ങളിൽ ജോലി സംവരണത്തിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കിയാൽ മാത്രമേ ആദിവാസികളിൽ വളരെ പിന്നാക്കം നിൽക്കുന്ന കൊറഗർ, മലവേട്ടുവൻ തുടങ്ങിയ വിഭാഗങ്ങൾക്ക് സംവരണത്തിലൂടെ സർക്കാർ ജോലികൾ ലഭ്യമാവുകയുള്ളൂ.

അതിനാൽ, ആദിവാസികളിൽ സാമൂഹികമായും സാമ്പത്തികമായും പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് സർക്കാർ ജോലികൾ ലഭിക്കുന്ന തരത്തിൽ പട്ടികവർഗ്ഗ സംവരണരീതി സർക്കാർ പുനക്രമീകരിക്കേണ്ടതുണ്ട്. ഇതിനാവിശ്യമായ ചർച്ചകളും നയരൂപികരണവും നിയമനിർമ്മാണവും കേന്ദ്രസംസ്ഥാന സർക്കാരുകൾ ഏത്രയും വേഗം നടപ്പിലാക്കുന്നത് വളരെ ഉചിതമാകും.

## 5.4 സംഗ്രഹം

മാനവ വികസനത്തിലൂന്നിയ തൊഴിൽ വികസനമാണ് ആദിവാസികളിലെ ഗോത്രവിഭാഗങ്ങൾക്ക് അനിയോജ്യമായിട്ടുള്ളത്. മാനവ വികസനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ വിവിധ തൊഴിൽ പദ്ധതികളെ ശരിയായ രീതിയിൽ പ്രാമുഖ്യം (Priorities) നൽകി ക്രമീകരിക്കുന്നത് നല്ലതാണ്. അതോടൊപ്പം, സർക്കാരിന്റെ പദ്ധതികൾക്കും പരിപാടികൾക്കും ടാർജറ്റ് ആടിസ്ഥാനത്തിലാക്കുന്നത് (tangent based) കൂടുതൽ ഗുണകരമാകും. ഓരോ പദ്ധതിയുടേയും ലക്ഷ്യം എത്ര കാലയളവിനുള്ളിൽ വിജയകരമായി പൂർത്തിയാക്കും എന്നത് ആസൂത്രണവേളയിൽ തന്നെ തീരുമാനിക്കേണ്ടതാണ്.

വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ പഠനം മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങളും കർമ്മ പദ്ധതികളും ആദിവാസികളുടെ തൊഴിൽ വികസനത്തിനും മാനവ വികസനത്തിനും ഒരുപോലെ ഉതകുന്നതാണ്. പഠനവിധേയരായ ഗോത്രവിഭാഗങ്ങൾക്കിടയിൽ ഇവ ചർച്ച ചെയ്യുകയുണ്ടായി. ആദിവാസികളുടെ ഭാവിയെക്കുറിച്ചുമുള്ള ഉൾകാഴ്ചകൾ അറിയുന്നതിനും ഈ റിപ്പോർട്ട് കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഇതു സഹായകരമായി.

## ശബ്ദ സംഗ്രഹം

### ഗുണപര ഗവേഷണം

സ്ഥിതി വിവരക്കണക്കുകൾ അളക്കാൻ കഴിയാത്ത തെളിവുകൾ ശേഖരിക്കാനും വിലയിരുത്താനും ഗവേകഷർ ഉപയോഗിക്കുന്ന ഗവേഷണ രീതിയാണ് ഗുണപര ഗവേഷണം അഥവാ Qualitative Research അഭിമുഖം (Interview), ഉള്ളടക്ക-അപഗ്രഥനം (Content Analysis) മുതലായവ ഉദാഹരണങ്ങളാണ്.

### പരികല്പന

ശാസ്ത്രീയമായ ഗവേഷണത്തിൽ തെളിയിക്കേണ്ടതായ സങ്കൽപ്പത്തെയാണ് പരികല്പന (Hypothesis) എന്നു വിളിക്കുന്നത്. മുൻകാല അറിവുകളുടെ അടിസ്ഥാനത്തിലാണ് ഇവ ഗവേഷകർ നിർമ്മിക്കുന്നത്. ഗവേഷണഫലത്തിന്റെ അടിസ്ഥാനത്തിൽ പരികല്പനകളെ പിന്നീട് സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നു.

### മൂല്യങ്ങൾ, താൽപര്യങ്ങൾ

സ്വന്തം നിലയ്ക്ക്, എതെങ്കിലും ഭൗതിക നേട്ടതിനല്ലാതെ, വിലയുള്ളതുകൊണ്ട് നാം പരിപാലിച്ചു പോരുന്ന വിശ്വാസങ്ങളെയും വികാരങ്ങളെയുമാണ് മൂല്യങ്ങൾ (Values) എന്നു വിളിക്കുന്നത്. വിശ്വാസങ്ങൾക്കുപരിയായി പ്രായോഗിക കാര്യങ്ങളിൽ ഭൗതിക നേട്ടങ്ങളിൽ ഊന്നി നിൽക്കുന്നവയാണ് താൽപര്യങ്ങൾ (Interests).

### സാമൂഹിക മൂലധനം

ധനമോ വസ്തുക്കളോ ഇല്ലാതെ എന്നാൽ സമാന ഗുണഫലങ്ങളും മെച്ചങ്ങളും പ്രദാനം ചെയ്യുന്ന സവിശേഷമായ മറ്റൊരു മൂലധനമാണ് സാമൂഹിക മൂലധനം (Social Capital). ഇത് വ്യക്തികളുടെ സാമൂഹിക ബന്ധങ്ങളിലൂടെയും സൗഹൃദങ്ങളിലൂടെയും പരിചയങ്ങളിലൂടെയും നേടുന്നതാണ്. കേരളത്തിൽ നടപ്പിലാക്കിയ കുടുബശ്രീ, ദേശീയ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവ ജനങ്ങളെ തൊഴിൽ മേഖലയിൽ ഒത്തുകൂടുന്നതിനും സാമൂഹിക ബന്ധങ്ങളെ മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനാൽ അവയെ സാമൂഹിക മൂലധനത്തിന് സഹായകരമായ പദ്ധതികളായി കണക്കാക്കുന്നു.

# ഗ്രന്ഥസൂചി

IRTC (2020). Role of model residential schools in the educational attainment of tribal students: An analysis of performance of tribal residential schools in Kerala. The Integrated Rural Technology Centre, Mundur, Palakkad, Kerala.

KIRTADS (2020). Monograph of PVTGs of Kerala: Koraga. Kerala Institute for Research Training and Development Studies of Scheduled Castes and Scheduled Tribes (KIRTADS), Kozhikode.

Mohanty, P. (2004). Encyclopaedia of primitive tribes in India, volume 2. Kalpaz Publications, Delhi.

Prashoba, P. (2017). A study on labour market among the major tribal communities in kerala. International journal of scientific and engineering research, 8(6).

Rohisha, I., Jose, T. T., and Chakrabarty, J. (2019). Prevalence of anemia among tribal women. Journal of family medicine and primary care, 8(1):145.

Shihab, H. and Patil, R. R. (2019). Struggles for livelihood among particularly vulnerable tribal groups (pvtgs): A study of koraga tribal youth in kerala. Journal of Social Work & Social Development, page 63.

Thomas V. P., J. J. and Thomas, B. T. (2017). An introductory ethnobotanical investigation on zingiberales used by malavettuvan and mavilan tribe's of kasaragod district, kerala. International Journal of Advanced Research (IJAR), 5(6):228–234.

Vijaya Kumari, K. (2018). Koragas of kasaragod; a historical perspective. International Journal of Research, 8(1):64–70.

കിർടാർഡ് (2016), വംശീയ വൈദ്യന്മാർ പേരുവിവര സൂചിക 2016, കേരള പട്ടികജാതി പട്ടിക വർഗ്ഗ ഗവേഷണ പരിശീലന വികസന പഠനവകുപ്പ്, കോഴിക്കോട്

കേന്ദ്ര സർക്കാർ (2023). Ministry of Tribal Affairs Annual Report 2021-22. Ministry of Tribal Affairs, Government of India.

കേരളസർക്കാർ (2013). Scheduled tribes of Kerala: Report on socio-economic status. Scheduled Tribes Development Department, Government of Kerala.

കേരളസർക്കാർ (2021). Kerala development report: initiatives, achievements, and challenges. Kerala State Planning Board, Government of Kerala.

# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻറ് എംപ്ലായ്മെൻറ് (കിലെ)

**തിരുവനന്തപുരം**

**ಕೇರಳ ಇನ್ಸ್ಟಿಟ್ಯೂಟ್ ಆಫ್ ಲೇಬರ್ ಆ್ಯಂಡ್ ಎಂಪ್ಲೋಯ್‌ಮೆಂಟ್ (ಕಿಲ), ತಿರುವನಂತಪುರ**

**കേരളത്തിലെ കൊറഗ/മലവേട്ടുവൻ സമുദായത്തിന്റെ സാമൂഹിക സാമ്പത്തിക തൊഴിൽ സാഹചര്യങ്ങൾ ഒരു പഠനം**

**ಕೇರಳದ ಕೊರಗ/ಮಲವೇಟುವ ಸಮುದಾಯದ ಸಾಮಾಜಿಕ ಆರ್ಥಿಕ ಉದ್ಯೋಗ ಸನ್ನಿವೇಶಗಳ ಬಗ್ಗೆ ಒಂದು ಅಧ್ಯಯನ**

**ചോദ്യാവലി/ಪ್ರಶ್ನಾವಳಿ** ക്രമനമ്പർ/ಕ್ರಮ ನಂಬ್ರ:

സമുദായം : **കൊറഗ/മലവേട്ടുവൻ** ജില്ല :
ಸಮುದಾಯ : ಕೊರಗ/ಮಲವೇಟುವ ಜಿಲ್ಲೆ

താലൂക്ക് : വില്ലേജ് : മണ്ഡലം :
ತಾಲೂಕು ವಿಲ್ಲೇಜ್ ಮಂಡಲ

പഞ്ചായത്ത് : വാർഡ് : ഊരിന്റെ/കോളനിയുടെ പേര്:
ಪಂಚಾಯತ್ ವಾರ್ಡ್ ಊರಿನ/ ಕಾಲನಿಯ ಹೆಸರು

ഊരിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത : കുന്നിൻപ്രദേശം ☐ പാറപ്രദേശം ☐ പരന്ന പ്രദേശം ☐ മറ്റുള്ളവ ☐
ಊರಿನ ಭೂವೈಜ್ಞಾನಿಕವಾದ ಪ್ರತ್ಯೇಕತೆ : ಗುಡ್ಡೆಪ್ರದೇಶ ಪಾರೆ ಪ್ರದೇಶ ಹರಡಿಕೊಂಡ ಪ್ರದೇಶ ಇತರ

1. ഉത്തരദാതാവിന്റെ പേര് :
   ಉತ್ತರದಾತನ ಹೆಸರು
   മേൽവിലാസവും ഫോൺ നമ്പരും :
   ವಿಳಾಸ, ಫೋನ್ ನಂಬ್ರ

2. ആധാർ കാർഡ് നമ്പർ :
   ಆಧಾರ್ ಕಾರ್ಡ್ ನಂಬ್ರ
3. കുടുംബാംഗങ്ങളുടെ വിവരങ്ങൾ :
   ಕುಟುಂಬ ಸದಸ್ಯರು ವಿವರಗಳು

| ക്രമ നമ്പർ ಕ್ರಮ ನಂಬ್ರ<br>I | ഉത്തരദാതാവുമായുള്ള ബന്ധം ಉತ್ತರದಾತನೊಂದಿಗಿನ ಸಂಬಂಧ<br>II | വയസ് ಪ್ರಾಯ<br>III | ലിംഗം ಲಿಂಗ<br>IV | വൈവാഹിക അവസ്ഥ ವೈವಾಹಿಕ ಸ್ಥಿತಿ<br>V | വിദ്യാഭ്യാസം ವಿದ್ಯಾಭ್ಯಾಸ<br>VI | തൊഴിൽ ಉದ್ಯೋಗ<br>VII | ആഴ്ചയിൽ എത്ര ദിവസം ജോലി ഉണ്ട് ವಾರದಲ್ಲಿ ಎಷ್ಟು ದಿನ ಕೆಲಸ<br>VIII | മാസവരുമാനം ತಿಂಗಳ ಆದಾಯ<br>IX |
|---|---|---|---|---|---|---|---|---|
| | | | | | | | | |

II. 1. ഭാര്യ /ഭർത്താവ് (ಪತ್ನಿ/ ಪತಿ) 2. മകൻ/ മകൾ (ಪುತ್ರ/ ಪುತ್ರಿ) 3. സഹോദരൻ/സഹോദരി (ಸಹೋದರ/ ಸಹೋದರಿ) 4. അമ്മ/ അച്ഛൻ (ತಾಯಿ/ ತಂದೆ)

IV. 1. സ്ത്രീ (ಸ್ತ್ರೀ) 2. പുരുഷൻ (ಪುರುಷ) 3. ട്രാൻസ് ജെൻഡർ (ತೃತೀಯ ಲಿಂಗಿ)

V. 1. വിവാഹിത/വിവാഹിതൻ (ವಿವಾಹಿತ/ಅವಿವಾಹಿತ) 2. അവിവാഹിത/അവിവാഹിതൻ (ಅವಿವಾಹಿತೆ/ ಅವಿವಾಹಿತ) 3. വിധവ/വിഭാര്യൻ (ವಿಧವೆ/ವಿಧುರ)
4. ബന്ധം വേർപെടുത്തിയവർ (ವಿಚ್ಛೇಧಿತರು) 5. പിരിഞ്ഞു താമസിക്കുന്നവർ (ಪ್ರತ್ಯೇಕವಾಗಿ ವಾಸಿಸುವವರು)

VII. 1. നിരക്ഷരൻ (ಅನಕ್ಷರಸ್ಥರು) 2. സാക്ഷരൻ (ಸಾಕ್ಷರರು) 3. 1-4 വരെ (1–4ರವರೆಗೆ) 4. 5-7 വരെ (5–7ರವರೆಗೆ) 5. ഹൈസ്കൂൾ (ಹೈಸ್ಕೂಲ್)
6. 10-12വരെ (10–12ವರೆಗೆ) 7. ഡിഗ്രി (ಪದವಿ) 8. പി.ജി (ಪಿ.ಜಿ) 9. ഡിപ്ലോമ (ಡಿಪ್ಲೋಮ) 10. മറ്റുള്ളവ (ಇತರ)

4. താങ്കൾക്കു പഠനം / തുടർ പഠനം നടത്താൻ ആഗ്രഹമുണ്ടായിരുന്നോ? ഉണ്ട് ☐ ഇല്ല ☐
ತಮಗೆ ಕಲಿಕೆ/ ಮುಂದುವರಿಕಾ ಕಲಿಕೆ ನಡೆಸಲು ಆಗ್ರಹ ವಿತ್ತೇ? ಇದೆ ಇಲ್ಲ

ഉണ്ടെങ്കിൽ തുടർ പഠനം സാധ്യമാകാത്തതിന്റെ കാരണങ്ങൾ ?
ಇದ್ದರೆ ಮುಂದುವರಿಕಾ ಕಲಿಕೆ ಸಾಧ್ಯವಾಗದಿರುವುದರ ಕಾರಣಗಳು?

കുടുംബത്തിന്റെ സാമ്പത്തിക /സാമൂഹിക അവസ്ഥ ☐
ಕುಟುಂಬದ ಆರ್ಥಿಕ/ ಸಾಮಾಜಿಕ ಸ್ಥಿತಿ

കുടുംബത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടി വന്നതിനാൽ ☐
ಕುಟುಂಬದ ಹೊಣೆಯನ್ನು ವಹಿಸಬೇಕಾಗಿ ಬಂದುದರಿಂದ

ഗാർഹിക പ്രശ്നങ്ങൾ ☐ ഒന്നിലധികം ☐ മറ്റുള്ളവ ☐
ಗೃಹ ಸಮಸ್ಯೆಗಳು ಒಂದಕ್ಕಿಂತ ಹೆಚ್ಚು ಇತರ

വ്യക്തമാക്കുക :
ಸ್ಪಷ್ಟಪಡಿಸಿರಿ

5. ഏതു മേഖലയിൽ ജോലി ചെയ്യാനാണ് താങ്കൾക്കു താല്പര്യം :
ಯಾವ ವಲಯದಲ್ಲಿ ಕೆಲಸ ಮಾಡಲು ನಿಮಗೆ ಆಸಕ್ತಿ

ഗവൺമെന്റ് ☐ പ്രൈവറ്റ് ☐ സ്വയം തൊഴിൽ ☐ മറ്റുള്ളവ ☐
ಸರಕಾರಿ ಪ್ರೈವೇಟ್ ಸ್ವ–ಉದ್ಯೋಗ ಇತರ

താങ്കൾക്കു താല്പര്യമുള്ള മേഖലയിൽ എത്തിപ്പെടാൻ സാധിച്ചില്ലെങ്കിൽ കാരണം വിവരിക്കാമോ :
ತಮಗೆ ಆಸಕ್ತಿ ಇರುವ ವಲಯಕ್ಕೆ ತಲುಪಲು ಸಾಧ್ಯವಾಗದ ಕಾರಣವನ್ನು ವಿವರಿಸಬಹುದೇ

6. എന്തുമായി ബന്ധപ്പെട്ട തൊഴിൽ ചെയ്യാനാണ് താങ്കൾക്ക്താല്പര്യം?
ಯಾವುದಕ್ಕೆ ಸಂಬಂಧಿಸಿ ಉದ್ಯೋಗ ಮಾಡಲು ನಿಮಗೆ ಆಸಕ್ತಿ?

| | | |
|---|---|---|
| പരമ്പരാഗത തൊഴിൽ ☐<br>ಪರಂಪರಾಗತ ಉದ್ಯೋಗ | കാർഷിക മേഖല ☐<br>ಕೃಷಿ ವಲಯ | സർക്കാർ തൊഴിൽ ☐<br>ಸರಕಾರಿ ಉದ್ಯೋಗ |
| പ്രൈവറ്റ് ജോലി ☐<br>ಖಾಸಗಿ ಕೆಲಸ | ഗാർഹിക തൊഴിൽ ☐<br>ಮನೆ ಕೆಲಸ | ഗിഗ് ☐<br>ಗಿಗ್ |
| കൃഷി ☐<br>ಕೃಷಿ | വനവിഭവങ്ങൾ ☐<br>ಅರಣ್ಯ ಸಂಪನ್ಮೂಲಗಳು | തേൻ ശേഖരണം ☐<br>ಜೇನು ಸಂಗ್ರಹ |
| മറ്റുള്ളവ ☐<br>ಇತರ | | |

7. താങ്കൾ സ്വയം തൊഴിൽ സംരംഭം ചെയുന്ന ആളാണോ? അതെ ☐ ഇല്ല ☐
ತಾವು ಸ್ವ–ಉದ್ಯೋಗ ಉದ್ಯಮ ಮಾಡುವ ವ್ಯಕ್ತಿಯಾಗಿದ್ದಿರಾ? ಹೌದು ಅಲ್ಲ

a. ആണെങ്കിൽ താങ്കൾക്ക് സ്വയം തൊഴിൽ സംരംഭത്തിനായി ഗവൺമെൻറ്/പഞ്ചായത്ത്
ಆಗಿದ್ದರೆ ತಮಗೆ ಸ್ವ–ಉದ್ಯೋಗ ಉದ್ಯಮಕ್ಕಾಗಿ ಸರಕಾರ/ ಪಂಚಾಯತ್

എന്നിവിടങ്ങളിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടുണ്ടോ : ഉണ്ട് ☐ ഇല്ല ☐
ಎಂಬೆಡೆಗಳಿಂದ ಸೌಲಭ್ಯ ಲಭಿಸಿದೆಯೇ? ಇದೆ ಇಲ್ಲ

a.1. ഉണ്ടെങ്കിൽ എന്തിനാണ് ?
ಇದ್ದರೆ ಯಾವುದಕ್ಕೆ?

a.2. ഇല്ലെങ്കിൽ സ്വയം സംരംഭം തുടങ്ങാൻ താല്പര്യം ഉണ്ടോ? ഉണ്ട് ☐ ഇല്ല ☐
90
ಇಲ್ಲದಿದ್ದರೆ ಸ್ವ–ಉದ್ಯೋಗ ಉದ್ಯಮ ಆರಂಭಿಸಲು ಆಸಕ್ತಿ ಇದೆಯೇ? ಇದೆ ಇಲ್ಲ

a.3. സ്വയം തൊഴിലുമായി ബന്ധപ്പെട്ട് സംരംഭം ആരംഭിക്കുന്നതിനായി ശ്രമിച്ചിട്ടുണ്ടോ?
ಸ್ವ–ಉದ್ಯೋಗಕ್ಕೆ ಸಂಬಂಧಿಸಿ ಉದ್ಯಮ ಆರಂಭಿಸುವುದಕ್ಕಾಗಿ ಪ್ರಯತ್ನಿಸಿದ್ದಿರಾ?

ഉണ്ട് ☐ ഇല്ല ☐
ಇದೆ ಇಲ್ಲ

a.4. സ്വയം തൊഴിൽ സംരംഭത്തിനായി ശ്രമിച്ചിട്ടുണ്ടെങ്കിൽ എന്തെങ്കിലും തരത്തിലുള്ള പ്രതിസന്ധികൾ നേരിട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം ?
ಸ್ವ–ಉದ್ಯೋಗ ಉದ್ಯಮಕ್ಕಾಗಿ ಪ್ರಯತ್ನಿಸಿದ್ದರೆ ಯಾವುದಾದರೂ ರೀತಿಯಲ್ಲಿರುವ ಸಂಧಿಗ್ದತೆಗಳು ಎದುರಿಸಬೇಕಾಗಿ ಬಂದಿದೆಯೇ? ಇದ್ದರೆ ಯಾವುದೆಲ್ಲಾ?

8. കുടുംബത്തിന് സ്വന്തമായി സ്ഥലമുണ്ടോ? ಕುಟುಂಬಕ್ಕೆ ಸ್ವಂತವಾಗಿ ಸ್ಥಳವಿದೆಯೇ? — ഉണ്ട് ಇದೆ ☐ ഇല്ല ಇಲ್ಲ ☐

എ. ഉണ്ടെങ്കിൽ എത്ര സെൻറ്സ്ഥലം : ________________
ಎ. ಇದ್ದರೆ ಎಷ್ಟು ಸೆಂಟ್ಸ್ ಸ್ಥಳ

ബി. ഇതിൽ കൈവശരേഖയുണ്ടോ — ഉണ്ട് ಇದೆ ☐ ഇല്ല ಇಲ್ಲ ☐
ಬಿ. ಇದಕ್ಕೆ ಕೈವಶ ದಾಖಲೆ ಇದೆಯೇ?

സി. കൈവശ ഭൂമിക്ക് പട്ടയം കിട്ടാനുണ്ടോ? — ഉണ്ട് ಇದೆ ☐ ഇല്ല ಇಲ್ಲ ☐
ಸಿ. ಕೈವಶ ಭೂಮಿಗೆ ಹಕ್ಕು ಪತ್ರ ಲಭಿಸಲಿದೆಯೇ?

ഡി. കൈവശ ഭൂമി ഏതാണ്?
ಡಿ. ಕೈವಶ ಭೂಮಿ ಯಾವುದು?

- ജൻമിസ്ഥലം ಜಮೀನ್ದಾರಿ ಸ್ಥಳ ☐
- മിച്ചഭൂമി ಮೀಸಲು ಭೂಮಿ ☐
- ദർഘാസ്ദേവസ്വം ದರ್ಖಾಸ್ ಸ್ಥಳ ☐
- ദാനാധാരം ದಾನ ನೀಡಿರುವುದು ☐
- മറ്റെന്തെങ്കിലും ಇತರ ಯಾವುದಾದರೂ ☐

9. താങ്കൾക്കു ബാങ്ക് അക്കൗണ്ട് ഉണ്ടോ? ತಮಗೆ ಬ್ಯಾಂಕ್ ಖಾತೆ ಇದೆಯೇ? — ഉണ്ട് ಇದೆ ☐ ഇല്ല ಇಲ್ಲ ☐

10. താഴെ പറയുന്ന ഏതെങ്കിലും രീതിയിലുള്ള നിക്ഷേപം ഉണ്ടോ?
ಕೆಳಗೆ ತಿಳಿಸಿರುವ ಯಾವುದಾದರೂ ರೀತಿಯಲ್ಲಿರುವ ಠೇವಣಿ ಇದೆಯೇ?

ബാങ്ക് ಬ್ಯಾಂಕ್ ☐ പോസ്റ്റ്ഓഫീസ് ಅಂಚೆ ಕಚೇರಿ ☐ ചിട്ടി ಚಿಟ್ಟಿ ☐ മറ്റുള്ളവ ಇತರ ☐

വ്യകതമാക്കുക
ಸ್ಪಷ್ಟಪಡಿಸಿರಿ

11. താങ്കൾ വായ്പ എടുത്തിട്ടുണ്ടോ? ತಾವು ಸಾಲ ತೆಗೆದಿದ್ದಿರಾ? — ഉണ്ട് ಇದೆ ☐ ഇല്ല ಇಲ್ಲ ☐

a. ഉണ്ടെങ്കിൽ ಇದ್ದರೆ ബാങ്ക് ಬ್ಯಾಂಕ್ ☐ പ്രൈവറ്റ് ಪ್ರೈವೇಟ್ ☐ പണയം ಅಡವು ☐ മറ്റെന്തെങ്കിലും ಇತರ ಯಾವುದಾದರೂ ☐

b. താങ്കളുടെ കട ബാധ്യതയുടെ കാരണം വ്യകത്മാക്കാമോ?
ತಮ್ಮ ಸಾಲದ ಹೊರೆಯ ಕಾರಣ ಸ್ಪಷ್ಟಪಡಿಸಬಹುದಾ?

12. ആകസ്മിക ചിലവുകൾക്കു താങ്കൾ എങ്ങെനയാണ് വരുമാനം കണ്ടെത്തുന്നത് ?
ಆಕಸ್ಮಿಕ ವೆಚ್ಚಗಳಿಗೆ ತಾವು ಯಾವ ರೀತಿಯಲ್ಲಿ ಆದಾಯ ಕಂಡುಕೊಳ್ಳುತ್ತಿರಿ?

13. താങ്കൾക്ക് വീട് ഉണ്ടോ : ತಮಗೆ ಮನೆ ಇದೆಯೇ — ഉണ്ട്91 ಇದೆ ☐ ഇല്ല ಇಲ್ಲ ☐

14. താങ്കൾ ഇപ്പോൾ എവിടെയാണ് താമസിക്കുന്നത്:
ತಾವು ಈಗ ಎಲ್ಲಿ ವಾಸ ಮಾಡುತ್ತಿರುವುದು

സ്വന്തം വീട് ಸ್ವಂತ ಮನೆ ☐ കുടുംബവീട് ಕುಟುಂಬ ಮನೆ ☐ വാടകയ്ക്ക് ಬಾಡಿಗೆ ಮನೆ ☐ മറ്റുള്ളവ ಇತರ ☐

15. വീട് വാസയോഗ്യമാണോ (സർവ്വേ നടത്തുന്നയാളുടെ നിരീക്ഷണത്തിൽ)
ಮನೆ ವಾಸ ಯೋಗ್ಯವಾಗಿದೆಯೇ (ಸಮೀಕ್ಷೆ ನಡೆಸುವವರ ವೀಕ್ಷಣೆಯಲ್ಲಿ)

എ. മുറികളുടെ എണ്ണം :
ಎ. ಕೊಠಡಿಗಳ ಸಂಖ್ಯೆ

ബി. പാചകത്തിന് പ്രത്യേക അടുക്കള ഉണ്ടോ? ഉണ്ട് ☐ ഇല്ല ☐
ಬಿ. ಅಡುಗೆ ಮಾಡಲು ಪ್ರತ್ಯೇಕ ಅಡುಗೆ ಕೋಣೆ ಇದೆಯೇ? ಇದೆ ಇಲ್ಲ

സി. എത്ര വർഷമായി വീട് നിർമ്മിച്ചിട്ട്
ಸಿ. ಮನೆ ನಿರ್ಮಿಸಿ ಎಷ್ಟು ವರ್ಷವಾಯಿತು?

ഡി. വീടിന്റെ അവസ്ഥ :
ಡಿ. ಮನೆಯ ಸ್ಥಿತಿ

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഡി.1. മേൽക്കൂര : ಡಿ 1. ಛಾವಣಿ | ഓല ಮಡಲು | ☐ | ഓട് ಹೆಂಚು | ☐ | ടെറസ് ತಾರಸಿ | ☐ | മറ്റേതെങ്കിലും ಇತರ ಯಾವುದಾದರೂ | ☐ |
| ഡി.2. ചുമര് : ಡಿ 2. ಗೋಡೆ | മണ്ണ് ಮಣ್ಣು | ☐ | ഇഷ്ടിക ಇಟ್ಟಿಗೆ | ☐ | കല്ല് ಕಲ್ಲು | ☐ | മറ്റേതെങ്കിലും ಇತರ ಯಾವುದಾದರೂ | ☐ |
| ഡി.3. തറ : ಡಿ 3. ನೆಲ | മണ്ണ് ಮಣ್ಣು | ☐ | സിമെൻറ് ಸಿಮೆಂಟು | ☐ | മൊസൈക്ക്/മാർബിൾ ಮೊಸಾಯಿಕ್/ ಮಾರ್ಬಲ್ | ☐ | മറ്റേതെങ്കിലും ಇತರ ಯಾವುದಾದರೂ | ☐ |

16. വീടിനുള്ള എന്തെങ്കിലും ആനുകൂല്യം കിട്ടിയിട്ടുണ്ടോ? ഉണ്ട് ☐ ഇല്ല ☐
ಮನೆಗಿರುವ ಯಾವುದಾದರೂ ಸೌಲಭ್ಯ ಲಭಿಸಿದೆಯೇ? ಇದೆ ಇಲ್ಲ

a. ഉണ്ടെങ്കിൽ കിട്ടിയത് ഏത് ഏജൻസി വഴി ?
ಇದ್ದರೆ ಲಭಿಸಿರುವುದು ಯಾವ ಏಜೆನ್ಸಿ ಮೂಲಕ?

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് ಪಂಚಾಯತ್ | ☐ | ബ്ലോക്ക്പഞ്ചായത്ത് ಬ್ಲೋಕ್ ಪಂಚಾಯತ್ | ☐ | ജില്ലാ പഞ്ചായത്ത് ಜಿಲ್ಲಾ ಪಂಚಾಯತ್ | ☐ |
| പട്ടിക വർഗ്ഗ വകുപ്പ് ಪರಿಶಿಷ್ಟ ಪಂಗಡ ಇಲಾಖೆ | ☐ | ലൈഫ് മിഷൻ ಲೈಫ್ ಮಿಶನ್ | ☐ | മറ്റേതെങ്കിലും ಇತರ ಯಾವುದಾದರೂ | ☐ |

17. താങ്കളുടെ വീട്ടിലെ ശുചിമുറിയുടെ ഉപയോഗം?
ತಮ್ಮ ಮನೆಯ ಶೌಚಾಲಯದ ಉಪಯೋಗ?

a. ഉപയോഗിക്കുന്നുണ്ട് / ഉപയോഗിക്കുന്നില്ല
ಉಪಯೋಗಿಸಲಾಗುತ್ತಿದೆ/ ಉಪಯೋಗಿಸುವುದಿಲ್ಲ

b. മറ്റു വീട്ടുകാരുമായി പങ്കിടുന്നു അതെ ☐ ഇല്ല ☐
ಇತರ ಮನೆಯವರೊಂದಿಗೆ ಹಂಚಿಕೊಳ್ಳುತ್ತೇವೆ ಹೌದು ಇಲ್ಲ

c. സ്വന്തമായിട്ടുള്ളത് ഉപയോഗിക്കുന്നു അതെ ☐ ഇല്ല ☐
ಸ್ವಂತವಾಗಿರುವುದನ್ನು ಉಪಯೋಗಿಸುತ್ತೇವೆ ಹೌದು ಇಲ್ಲ

18. താങ്കളുടെ കുടിവെള്ള സ്രോതസ് ഏതാണ് ?
ತಮ್ಮ ಕುಡಿಯುವ ನೀರಿನ ಮೂಲ ಯಾವುದು?

| | | | | | | | |
|---|---|---|---|---|---|---|---|
| കിണർ ಬಾವಿ | ☐ | കുഴൽകിണർ ಕೊಳವೆ ಬಾವಿ | ☐ | പൈപ്പ് ലൈൻ ಪೈಪ್ ಲೈನ್ | ☐ | ടാങ്കർ വെള്ളം ಟ್ಯಾಂಕರ್ ನೀರು | ☐ |
| അരുവി ತೊರೆ | ☐ | പുഴ ಹೊಳೆ | ☐ | മറ്റുള്ളവ ಇತರ | ☐ | | |

19. നിലവിലുള്ള കുടിവെള്ള സ്രോതസ് എവിടെ നിന്ന് ലഭിച്ചു?
ಪ್ರಸ್ತುತ ಇರುವ ಕುಡಿಯುವ ನೀರು ಮೂಲ ಎಲ್ಲಿಂದ ಲಭಿಸಿರುವುದು?

| | | | |
|---|---|---|---|
| സ്വന്തം പഞ്ചായത്ത് ಸ್ವಂತ ಪಂಚಾಯತ್ | ☐ | വാട്ടർ അതോറിറ്റി ಜಲ ಪ್ರಾಧಿಕಾರ | ☐ |
| പട്ടികവർഗ്ഗ വകുപ്പ് ಪರಿಶಿಷ್ಟ ಪಂಗಡ ಇಲಾಖೆ | ☐ | മറ്റുള്ളവ ಇತರ | ☐ |

20. ഈ ജലസ്രോതസ്സിലേക്കുള്ള അകലം എത്രയാണ് ?
ಈ ಜಲಮೂಲಕ್ಕಿರುವ ದೂರು ಎಷ್ಟು?

_______________ കിലോമീറ്റർ / ________ മീറ്റർ
ಕಿಲೋಮೀಟರ್ ಮೀಟರ್

എ. കുടിക്കുന്നതിന് തിളപ്പിച്ചാറിയ വെള്ളമാണോ ഉപയോഗിക്കുന്നത്? അതെ ☐ അല്ല ☐
ಎ. ಕುಡಿಯುವುದಕ್ಕೆ ಕುದಿಸಿ ಆರಿಸಿದ ನೀರನ್ನು ಉಪಯೋಗಿಸುವುದೇ? 92 ಹೌದು ಅಲ್ಲ

21. താങ്കളുടെ വീട് വയറിങ് ചെയ്തിട്ടുണ്ടോ? അതെ ☐ അല്ല ☐
ತಮ್ಮ ಮನೆ ವಯರಿಂಗ್ ಮಾಡಲಾಗಿದೆಯೇ? ಹೌದು ಅಲ್ಲ

എ. താങ്കളുടെ വീട്ടിൽ വൈദ്യുതി കണക്ഷനുണ്ടോ ? ഉണ്ട് ☐ ഇല്ല ☐
ಎ. ತಮ್ಮ ಮನೆಯಲ್ಲಿ ವಿದ್ಯುತ್ ಸಂಪರ್ಕ ಇದೆಯೇ? ಹೌದು ಅಲ್ಲ

ഇല്ലെങ്കിൽ കാരണം വ്യകതമാക്കുക ಇಲ್ಲದಿದ್ದರೆ ಕಾರಣ ಸ್ಪಷ್ಟಪಡಿಸಿರಿ

22. താങ്കളുടെ വീട്ടിൽ വാഹനമുണ്ടോ? ഉണ്ട് ☐ ഇല്ല ☐
ತಮ್ಮ ಮನೆಯಲ್ಲಿ ವಾಹನವಿದೆಯೇ? ಇದೆ ಇಲ್ಲ

എ. ഏത് തരം വാഹനമാണ് ?
ಎ. ಯಾವ ರೀತಿಯ ವಾಹನ?

| | | | | | |
|---|---|---|---|---|---|
| സൈക്കിൾ<br>ಸೈಕಲ್ | ☐ | ഇരുചക്രവാഹനം<br>ದ್ವಿಚಕ್ರ ವಾಹನ | ☐ | ഓട്ടോറിക്ഷ<br>ಆಟೋರಿಕ್ಷಾ | ☐ |
| കാർ<br>ಕಾರು | ☐ | ലോറി<br>ಲಾರಿ | ☐ | മറ്റേതെങ്കിലും<br>ಇತರ ಯಾವುದಾದರೂ | ☐ |

23. താങ്കളുടെ വീട്ടിൽ താഴെപറയുന്നവ ഉണ്ടോ (എണ്ണം രേഖപ്പെടുത്തുക) ?
ತಮ್ಮ ಮನೆಯಲ್ಲಿ ಕೆಳಗೆ ತಿಳಿಸಿರುವುದು ಇದೆಯೇ (ಸಂಖ್ಯೆ ದಾಖಲಿಸಿರಿ)?

| | | | | | |
|---|---|---|---|---|---|
| 1. കസേര<br>ಕುರ್ಚಿ | ☐ | 2. കട്ടിൽ<br>ಮಂಚ | ☐ | 3. ഫാൻ<br>ಫ್ಯಾನ್ | ☐ |
| 4. ഡൈനിങ്ങ് ടേബിൾ<br>ಡೈನಿಂಗ್ ಟೇಬಲ್ | ☐ | 5. ടെലിവിഷൻ<br>ಟೆಲಿವಿಷನ್ | ☐ | 6. മൊബൈൽഫോൺ<br>ಮೊಬೈಲ್ ಫೋನ್ | ☐ |
| 7. ലാൻഡ് ഫോൺ<br>ಲ್ಯಾಂಡ್ ಫೋನ್ | ☐ | 8. ഫ്രിഡ്ജ്<br>ಫ್ರಿಡ್ಜ್ | ☐ | 9. കമ്പ്യൂട്ടർ<br>ಕಂಪ್ಯೂಟರ್ | ☐ |
| 10. ക്ലോക്ക്<br>ಕ್ಲಾಕ್ | ☐ | 11. അലമാര<br>ಕಪಾಟು | ☐ | 12. വാഷിംഗ് മെഷിൻ<br>ವಾಶಿಂಗ್ ಮೆಶೀನ್ | ☐ |
| 13. പത്രം<br>ಪಾತ್ರೆ | ☐ | | | | |

24. പാചകത്തിന് ഉപയോഗിക്കുന്ന ഇന്ധനം ഏതാണ്?
ಅಡುಗೆಗೆ ಉಪಯೋಗಿಸುವ ಇಂಧನ ಯಾವುದು?

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| വിറക്<br>ಸೌದೆ | ☐ | ഗ്യാസ്<br>ಗ್ಯಾಸ್ | ☐ | വൈദ്യുതി<br>ವಿದ್ಯುತ್ | ☐ | മണ്ണെണ്ണ<br>ಸೀಮೆ ಎಣ್ಣೆ | ☐ | മറ്റെന്തെങ്കിലും<br>ಇತರ ಯಾವುದಾದರೂ | ☐ |

25. വീട്ടിൽ വളർത്തുമൃഗങ്ങളുണ്ടോ ? ഉണ്ട് ☐ ഇല്ല ☐
ಮನೆಯಲ್ಲಿ ಸಾಕು ಪ್ರಾಣಿಗಳಿವೆಯೇ? ಇದೆ ಇಲ್ಲ

പക്ഷികൾ / മൃഗങ്ങൾ (എണ്ണം രേഖപ്പെടുത്തുക)
ಪಕ್ಷಿಗಳು/ಮೃಗಗಳು (ಸಂಖ್ಯೆ ದಾಖಲಿಸಿ)

| | | | | | | | |
|---|---|---|---|---|---|---|---|
| നായ<br>ನಾಯಿ | ☐ | പശു<br>ದನ | ☐ | കാള<br>ಎತ್ತು | ☐ | പോത്ത്<br>ಕೋಣ | ☐ |
| എരുമ<br>ಎಮ್ಮೆ | ☐ | കോഴി<br>ಕೋಳಿ | ☐ | ആട്<br>ಆಡು | ☐ | താറാവ്<br>ಪಾರಿವಾಳ | ☐ |
| മറ്റേതെങ്കിലും<br>ಇತರ ಯಾವುದಾದರೂ | ☐ | | | | | | |

26. റേഷൻ കാർഡ് ഏത് തരമാണ് ?
ರೇಶನ್ ಕಾರ್ಡ್ ಯಾವ ವಿಭಾಗದ್ದಾಗಿದೆ?

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| മഞ്ഞ<br>ಹಳದಿ | ☐ | പിങ്ക്<br>ಪಿಂಕ್ | ☐ | നീല<br>ನೀಲಿ | ☐ | വെള്ള<br>ಬಿಳಿ | ☐ | റേഷൻ കാർഡ് ഇല്ല<br>ರೇಶನ್ ಕಾರ್ಡ್ ಇಲ್ಲ | ☐ |

എ. റേഷൻ കാർഡ് നമ്പർ :
ಎ. ರೇಶನ್ ಕಾರ್ಡ್ ನಂಬ್ರ

93

27. താങ്കൾക്കു ചികിത്സ തേടാനുള്ള ആശുപത്രി സൗകര്യം ഉണ്ടോ? ഉണ്ട് ☐ ഇല്ല ☐
ತಮಗೆ ಚಿಕಿತ್ಸೆ ಪಡೆಯಲು ಆಸ್ಪತ್ರೆ ಸೌಕರ್ಯವಿದೆಯೇ? ಇದೆ ಇಲ್ಲ

എ. ഉണ്ടെങ്കിൽ താമസസ്ഥലത്ത് നിന്നും എത്ര ദൂരത്താണ് ?
ಎ. ಇದ್ದರೆ ವಾಸ ಸ್ಥಳದಿಂದ ಎಷ್ಟು ದೂರದಲ್ಲಿದೆ?

ബി. ഏത് തരം ആശുപത്രിയാണുള്ളത് :
ಬಿ. ಯಾವ ರೀತಿಯ ಆಸ್ಪತ್ರೆ ಇರುವುದು

പി എച്ച് സി ☐ താലൂക്ക് ആശുപത്രി ☐ ജില്ലാ ആശുപത്രി ☐
ಪಿ.ಎಚ್.ಸಿ. ತಾಲೂಕು ಆಸ್ಪತ್ರೆ ಜಿಲ್ಲಾ ಆಸ್ಪತ್ರೆ

മെഡിക്കൽ കോളേജ് ☐ പ്രൈവറ്റ് ആശുപത്രി ☐ മറ്റെന്തെങ്കിലും ☐
ಮೆಡಿಕಲ್ ಕಾಲೇಜು ಪ್ರೈವೇಟ್ ಆಸ್ಪತ್ರೆ ಇತರ ಯಾವುದಾದರೂ

28. താങ്കൾക്കോ / കുടുംബാംഗങ്ങൾക്കോ എന്തെങ്കിലും അസുഖമുണ്ടോ? ഉണ്ട് ☐ ഇല്ല ☐
ತಮಗೆ/ ಕುಟುಂಬ ಸದಸ್ಯರಿಗೆ ಯಾವುದಾದರೂ ಅಸೌಖ್ಯ ವಿದೆಯೇ? ಇದೆ ಇಲ್ಲ

ഉണ്ടെങ്കിൽ എന്ത് അസുഖമാണ് ..................................
ಇದ್ದರೆ ಯಾವ ಅಸೌಖ್ಯ

എ. ഈ അസുഖത്തിന് ചികിത്സ തേടുന്നുണ്ടോ? ഉണ്ട് ☐ ഇല്ല ☐
ಎ. ಈ ಅಸೌಖ್ಯಕ್ಕೆ ಚಿಕಿತ್ಸೆ ಪಡೆಯುತ್ತಿದ್ದೀರಾ? ಇದೆ ಇಲ್ಲ

ബി. ഏത് തരം ചികിത്സയാണ് ?
ಬಿ. ಯಾವ ರೀತಿಯ ಚಿಕಿತ್ಸೆಯಾಗಿದೆ?

അലോപ്പതി ☐ ആയുർവേദം ☐ ഹോമിയോ ☐ പ്രകൃതി ചികിൽസ ☐
ಅಲೋಪತಿ ಆಯುರ್ವೇದ ಹೋಮಿಯೋ ಪ್ರಕೃತಿ ಚಿಕಿತ್ಸೆ

മറ്റെന്തകിലും വ്യകതമാക്കുക
ಇತರ ಯಾವುದಾದರೂ ಸ್ಪಷ್ಟಪಡಿಸಿರಿ

സി. ഒരു മാസത്തിൽ എത്ര രൂപ ചികിത്സക്കായി ചെലവാകും ?
ಸಿ. ಒಂದು ತಿಂಗಳಲ್ಲಿ ಎಷ್ಟು ರೂಪಾಯಿ ಚಿಕಿತ್ಸೆಗಾಗಿ ವೆಚ್ಚವಾಗುತ್ತದೆ?

29. കഴിഞ്ഞ രണ്ടു വർഷത്തിൽ താങ്കളുടെ വീട്ടിൽ ആരെങ്കിലും മരണപ്പെട്ടിട്ടുണ്ടോ? ഉണ്ട് ☐ ഇല്ല ☐
ಕಳೆದ ಎರಡು ವರ್ಷದಲ್ಲಿ ತಮ್ಮ ಮನೆಯಲ್ಲಿ ಯಾರಾದರೂ ನಿಧನರಾಗಿದ್ದಾರೆಯೇ? ಇದೆ ಇಲ್ಲ

എ. ഉണ്ടെങ്കിൽ കാരണം വിവരിക്കാമോ :
ಎ. ಇದ್ದರೆ ಕಾರಣ ವಿವರಿಸಿ

30. താങ്കളുടെ ഊരിൽ താഴെപറയുന്നവരുടെ സേവനം ലഭ്യമാണോ ?
ತಮ್ಮ ಊರಿನಲ್ಲಿ ಕೆಳಗೆ ತಿಳಿಸಿದವರ ಸೇವೆ ಲಭ್ಯವಿದೆಯೇ?

ആശ ☐ അംഗൻവാടി വർക്കേഴ്സ് ☐ പാലിയേറ്റീവ് കെയർ ☐
ಆಶಾ ಅಂಗನವಾಡಿ ವರ್ಕರ್ಸ್ ಪಾಲಿಯೇಟಿವ್ ಕೇರ್

31. കുട്ടികൾക്കും ഗർഭണികൾക്കുള്ള പ്രതിരോധ ചികിത്സ കുത്തിവയ്പ്പ് എടുത്തിട്ടുണ്ടോ?
ಮಕ್ಕಳಿಗೆ ಗರ್ಭಿಣಿಯರಿಗಿರುವ ಪ್ರತಿರೋಧ ಚಿಕಿತ್ಸಾ ಚುಚ್ಚುಮದ್ದು ತೆಗೆದಿದ್ದಿರಾ?

കുട്ടികൾക്കുള്ള എല്ലാ പ്രതിരോധ കുത്തിവയ്പുകളും എടുത്തിട്ടുണ്ട് ഉണ്ട് ☐ ഇല്ല ☐
(15 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുണ്ടെങ്കിൽ) ಇದೆ ಇಲ್ಲ
ಮಕ್ಕಳಿಗಿರುವ ಎಲ್ಲಾ ಪ್ರತಿರೋಧ ಚುಚ್ಚುಮದ್ದುಗಳು ತೆಗೆಯಲಾಗಿದೆಯೇ (15 ವರ್ಷಕ್ಕಿಂತ ಕೆಳಗಿನ ಪ್ರಾಯದ ಮಕ್ಕಳಿದ್ದರೆ)

ഗർഭണികൾക്കുള്ള എല്ലാ പ്രതിരോധ കുത്തിവയ്പുകളും എടുത്തിട്ടുണ്ട് ഉണ്ട് ☐ ഇല്ല ☐
(1 വർഷത്തിനുള്ളിൽ ഗർഭിണികളായിട്ടുള്ള സ്ത്രീകളുണ്ടെങ്കിൽ) ಇದೆ ಇಲ್ಲ
ಗರ್ಭಿಣಿಗಳಿಗಿರುವ ಎಲ್ಲಾ ಪ್ರತಿರೋಧ ಚುಚ್ಚುಮದ್ದುಗಳನ್ನು ತೆಗೆಯಲಾಗಿದೆ (1 ವರ್ಷದೊಳಗೆ ಗರ್ಭಿಣಿಯರಾಗಿರುವ ಮಹಿಳೆಯರಿದ್ದರೆ)

32. താങ്കൾ സ്വന്തമായി ജോലി ചെയ്ത് ഉത്പന്നങ്ങൾ നിർമ്മിക്കുകയോ /
കൃഷി ചെയ്യുകയോ ചെയ്യുന്ന വ്യക്തിയാണോ? അതെ ☐ അല്ല ☐
ತಾವು ಸ್ವಂತವಾಗಿ ಕೆಲಸ ಮಾಡಿ ಉತ್ಪನ್ನಗಳನ್ನು ನಿರ್ಮಿಸುವುದು/ ಕೃಷಿ ಮಾಡುವ ವ್ಯಕ್ತಿಯಾಗಿದ್ದಿರಾ? ಹೌದು ಅಲ್ಲ

എ. അതെയെങ്കിൽ ഉൽപ്പന്നങ്ങൾ എവിടെയാണ് വിൽക്കാറുള്ളത്?
ಎ. ಹೌದಾಗಿದ್ದರೆ ಉತ್ಪನ್ನಗಳನ್ನು ಎಲ್ಲಿ ಮಾರಾಟ ಮಾಡುತ್ತಿರುವುದು?

കച്ചവടസ്ഥാപനങ്ങളിൽ ☐ സർക്കാരിന്റെ ☐ പൊതുമാർക്കറ്റിൽ ☐
ವ್ಯಾಪಾರ ಸಂಸ್ಥೆಗಳಲ್ಲಿ ಸರಕಾರದ ಸಾರ್ವಜನಿಕ ಮಾರುಕಟ್ಟೆ

സ്വയംവില്പന ☐ മറ്റെന്തെങ്കിലും ☐
ಸ್ವಯಂ ಮಾರಾಟ ಇತರ ಯಾವುದಾದರೂ

എ. ഉത്പന്നങ്ങൾ നൽകുമ്പോൾ അതിന്റെ പണം ഉടൻ ലഭിക്കാറുണ്ടോ? ഉണ്ട് ☐ ഇല്ല ☐
ಎ. ಉತ್ಪನ್ನಗಳನ್ನು ನೀಡುವಾಗ ಅದರ ಹಣ ಕೂಡಲೇ ಲಭಿಸುತ್ತದೆಯೇ? ಲಭಿಸುತ್ತದೆ ಇಲ್ಲ

ബി. ഇല്ലെങ്കിൽ എന്തുകൊണ്ട്? ಬಿ. ಇಲ್ಲದಿದ್ದರೆ ಯಾಕಾಗಿ?

33. താങ്കളോ/ കുടുംബാംഗങ്ങളിൽ ആരെങ്കിലുമോ താഴെപറയുന്ന പദ്ധതിയിൽ അംഗമാണോ
ತಾವು/ ಕುಟುಂಬದಲ್ಲಿ ಯಾರಾದರೂ ಕೆಳಗೆ ತಿಳಿಸಿದ ಯೋಜನೆಯಲ್ಲಿ ಸದಸ್ಯರೇ?

കുടുംബശ്രീ ☐ തൊഴിലുറപ്പ് ☐
ಕುಟುಂಬಶ್ರೀ ಉದ್ಯೋಗ ಖಾತರಿ

34. സർക്കാരിൽ നിന്നും ഏതെങ്കിലും ആനുകൂല്യങ്ങൾ താങ്കൾക്കോ, കുടുംബാംഗങ്ങൾക്കാ ലഭ്യമാകുന്നുണ്ടോ? ഉണ്ടെങ്കിൽ ആനുകൂല്യങ്ങൾ എന്തെല്ലാം വിശദീകരിക്കുക ?
ಸರಕಾರದಿಂದ ಯಾವುದಾದರೂ ಸೌಲಭ್ಯಗಳು ತಮಗೆ, ಕುಟುಂಬ ಸದಸ್ಯರಿಗೆ ಲಭ್ಯವಾಗುತ್ತಿದೆಯೇ? ಇದ್ದರೆ ಸೌಲಭ್ಯಗಳು ಯಾವುದೆಲ್ಲಾ ವಿವರಿಸಿ?

സാമൂഹ്യ ക്ഷേമ പെൻഷൻ ☐ തൊഴിലില്ലായ്മ വേതനം ☐ മറ്റെന്തെങ്കിലും ☐
ಸಾಮಾಜಿಕ ಕ್ಷೇಮ ಪಿಂಚಣಿ ನಿರುದ್ಯೋಗ ವೇತನ ಇತರ ಯಾವುದಾದರೂ

35. താങ്കളുടെ കുടുംബത്തിന് സർക്കാരിന്റെ വിവിധ കാർഡുകളുണ്ടോ? ഉണ്ട് ☐ ഇല്ല ☐
ತಮ್ಮ ಕುಟುಂಬಕ್ಕೆ ಸರಕಾರದ ವಿವಿಧ ಕಾರ್ಡ್‌ಗಳಿವೆಯೇ? ಇದೆ ಇಲ್ಲ

ഉണ്ടെങ്കിൽ വിവരിക്കുക
ಇದ್ದರೆ ವಿವರಿಸಿ

ആധാർ ☐ വോട്ടർ ഐഡികാർഡ് ☐ e-shram കാർഡ് ☐
ಆಧಾರ್ ಚುನಾವಣೆ ಕಾರ್ಡ್ ಇ–ಶ್ರಮ್ ಕಾರ್ಡ್

ആരോഗ്യഇൻഷുറൻസ്കാർഡ് ☐ മറ്റുള്ളവ ☐
ಆರೋಗ್ಯ ವಿಮೆ ಕಾರ್ಡ್ ಇತರ

36. താങ്കളുടെ വീട്ടിലുള്ള ആരെങ്കിലും സ്കൂൾ/ കോളേജ് വിദ്യാഭ്യാസം ചെയ്യുന്നുണ്ടോ? ഉണ്ട് ☐ ഇല്ല ☐
ತಮ್ಮ ಮನೆಯಲ್ಲಿರುವ ಯಾರಾದರೂ ಶಾಲೆ/ಕಾಲೇಜು ಶಿಕ್ಷಣ ಕೈಗೊಳ್ಳುತ್ತಿದ್ದಾರೆಯೇ? ಇದ್ದಾರೆ ಇಲ್ಲ

എ. ഉണ്ടെങ്കിൽ ഹോസ്റ്റലിൽ താമസിച്ചു വിദ്യാഭാസം ചെയ്യുന്നുണ്ടോ?
ಎ. ಇದ್ದರೆ ಹಾಸ್ಟೆಲ್‌ನಲ್ಲಿ ವಾಸಿಸಿ ಕಲಿಯುತ್ತಿದ್ದಾರೆಯೇ?

ബി. വിദ്യാഭാസവുമായി ബന്ധപ്പെട്ട ആനൂകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അവ എന്തെല്ലാം?
ಬಿ. ವಿದ್ಯಾಭ್ಯಾಸಕ್ಕೆ ಸಂಬಂಧಿಸಿದ ಸೌಲಭ್ಯಗಳು ಲಭಿಸುತ್ತಿದೆಯೇ? ಇದ್ದರೆ ಅವು ಯಾವುದೆಲ್ಲ?

സി. താങ്കളുടെ ഊരിൽ നിന്നും അടുത്ത സ്കൂളിലേക്കുള്ള ദൂരം എത്രയാണ് ?
ಸಿ. ತಮ್ಮ ಊರಿನಿಂದ ಸಮೀಪದ ಶಾಲೆಗಿರುವ ದೂರು ಎಷ್ಟು?

ഡി. താങ്കളുടെ ഊരിൽ നിന്നും അടുത്ത കോളേജിലേക്കുള്ള ദൂരം എത്രയാണ് ?
ಡಿ. ತಮ್ಮ ಊರಿನಿಂದ ಸಮೀಪದ ಕಾಲೇಜಿಗಿರುವ ದೂರ ಎಷ್ಟು?

37. താങ്കളുടെ പാരമ്പര്യ കുലതൊഴിൽ വിശദീകരിക്കുക
ತಮ್ಮ ಪಾರಂಪರ್ಯ ಕುಲ ಕಸುಬು ವಿವರಿಸಿ

95

38. താങ്കളുടെ ഗോത്രത്തിന്റെ പാരമ്പര്യ പച്ചമരുന്ന് ചികിത്സ ഏതെല്ലാം രോഗത്തിന് വേണ്ടിയാണെന്ന് വിശദീകരിക്കുക ?
ತಮ್ಮ ಗೋತ್ರದ ಪಾರಂಪರ್ಯ ನಾಟಿ ಔಷಧ ಚಿಕಿತ್ಸೆ ಯಾವುದೆಲ್ಲಾ ರೋಗಕ್ಕೆ ಉಪಯೋಗಿಸಲಾಗುತ್ತದೆ ಎಂದು ವಿವರಿಸಿರಿ

39. താങ്കൾ ഭക്ഷണമായി ഉപയോഗിച്ച / ഉപയോഗിക്കുന്ന ധാന്യ/ കാട്ട് കിഴങ്ങ് വർഗ്ഗങ്ങളുടെ പേര് വിശദീകരിക്കുക ? അവ ഇപ്പോൾ ലഭ്യമാകുന്നുണ്ടോ ?
ತಾವು ಆಹಾರವಾಗಿ ಉಪಯೋಗಿಸಿದ/ ಉಪಯೋಗಿಸುವ ಧಾನ್ಯ/ ಕಾಡು ಗೆಣಸು ವರ್ಗಗಳ ಹೆಸರು ವಿವರಿಸಿ.
ಅವು ಈಗ ಲಭಿಸುತ್ತಿದೆಯೇ?

40. താങ്കളുടെ ഊരിൽ മദ്യം മറ്റു ലഹരിപദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗത്തെപ്പറ്റി പറയാമോ?
ತಮ್ಮ ಊರಿನಲ್ಲಿ ಮದ್ಯ ಇತರ ಮಾದಕ ಪದಾರ್ಥಗಳು ಎಂಬಿವುಗಳ ಉಪಯೋಗದ ಬಗ್ಗೆ ಹೇಳಬಹುದೇ?

41. താങ്കളുടെ സമുദായത്തിൽപ്പെട്ട കുടുംബങ്ങളുടെ വിദ്യാഭ്യാസ തൊഴിൽ സാമ്പത്തിക ഉന്നമനത്തിന് വേണ്ടി സർക്കാരിന്റെ എന്തെല്ലാം പദ്ധതികൾ വേണമെന്ന് ആഗ്രഹിക്കുന്നു?
ತಮ್ಮ ಸಮುದಾಯಕ್ಕೆ ಸೇರಿದ ಕುಟುಂಬಗಳ ವಿದ್ಯಾಭ್ಯಾಸ ಉದ್ಯೋಗ ಆರ್ಥಿಕ ಉನ್ನತಿಗೆ ಬೇಕಾಗಿ
ಸರಕಾರದ ಯಾವುದೆಲ್ಲಾ ಯೋಜನೆಗಳು ಬೇಕೆಂದು ಆಗ್ರಹಿಸುತ್ತೀರಿ?

42. ഊരിൽ അംഗൻവാടി ഉണ്ടോ? ഉണ്ട് ☐ ഇല്ല ☐
ಊರಿನಲ್ಲಿ ಅಂಗನವಾಡಿ ಇದೆಯೇ? ಇದೆ ಇಲ್ಲ

43. താങ്കളുടെ കോളനിയിൽ സാമൂഹ്യപഠനമുറി ഉണ്ടോ? ഉണ്ട് ☐ ഇല്ല ☐
ತಮ್ಮ ಕಾಲನಿಯಲ್ಲಿ ಸಾಮಾಜಿಕ ಅಧ್ಯಯನ ಕೊಠಡಿ ಇದೆಯೇ? ಇದೆ ಇಲ್ಲ

എ. ഈ പഠനമുറികാര്യക്ഷമമായിനടക്കാറുണ്ടോ? ഉണ്ട് ☐ ഇല്ല ☐
ಎ. ಈ ಅಧ್ಯಯನ ಕೊಠಡಿ ದಕ್ಷತೆಯಿಂದ ಮುಂದುವರಿಯುತ್ತಿದೆಯೇ? ಇದೆ ಇಲ್ಲ

44. താങ്കളുടെ ഊരിൽ വായനശാല / സാംസ്കാരിക കേന്ദ്രം ഉണ്ടോ? ഉണ്ട് ☐ ഇല്ല ☐
ತಮ್ಮ ಊರಿನಲ್ಲಿ ವಾಚನಾಲಯ/ ಸಾಂಸ್ಕೃತಿಕ ಕೇಂದ್ರ ಇದೆಯೇ? ಇದೆ ಇಲ್ಲ

45. താങ്കളുടെ അഭിപ്രായത്തിൽ സമുദായത്തിന്റെ വിദ്യാഭ്യാസ തൊഴിൽ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനായി എന്തൊക്കെ കൂട്ടിച്ചേർക്കേണ്ടതായിട്ടുണ്ട് / ആവശ്യമായിട്ടുണ്ട്?
ತಮ್ಮ ಅಭಿಪ್ರಾಯದಲ್ಲಿ ಸಮುದಾಯದ ಶಿಕ್ಷಣ ಉದ್ಯೋಗ ಆರ್ಥಿಕ ಸಾಮಾಜಿಕ ಉನ್ನತಿಗಾಗಿ
ಯಾವುದೆಲ್ಲಾ ಹೆಚ್ಚುವರಿಯಾಗಿ ಸೇರಿಸಬೇಕಾಗಿದೆ/ ಅಗತ್ಯವಿದೆ?

96

ഉത്തരദാതാവിന്റെ പേര് : ഒപ്പ് :
ಉತ್ತರದಾತನ ಹೆಸರು ಸಹಿ

ഫീൽഡ് ഇൻവെസ്റിഗേറ്ററിന്റെ പേര് : ഒപ്പ് :
ಫೀಲ್ಡ್ ಇನ್‌ವೆಸ್ಟಿಗೇಟರ್‌ನ ಹೆಸರು ಸಹಿ

# പഠന ചിത്രങ്ങൾ

















കേരളകൗമുദി

Kannur 19 Aug 2022

# കൊറഗ -മലവേട്ടുവ സമുദായങ്ങളെ കുറിച്ച് പഠനം നടത്താൻ കിലെ

കാഞ്ഞങ്ങാട്: കേരളത്തിലെ കൊറഗ മലവേട്ടുവ സമുദായത്തിന്റെ സാമൂഹിക സാമ്പത്തിക തൊഴിൽ സാഹചര്യങ്ങളെ കുറിച്ച് കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കിലെ) സമഗ്രപഠനം നടത്തുന്നു. സർക്കാർ ഈ ഗോത്രവർഗ്ഗത്തിന്റെ ഉന്നമനത്തിനായി നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടും ഇവരെ മുഖ്യധാരയിൽ എത്തിക്കാനായിട്ടില്ല. സുസ്ഥിരമായ ഒരു വികസനം ലക്ഷ്യം വെച്ചുള്ള പഠനത്തിലൂടെ ഇരു സമുദായത്തിനും പ്രയോജനപ്പെടുന്ന വിധം തൊഴിൽ വകുപ്പ് ശാസ്ത്രീയമായ പഠനം നടത്തി മാന്യമായ ജീവിതം നയിക്കാനുള്ള സാഹചര്യം സർക്കാർ തലത്തിൽ തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോടെയാണ് സർവ്വേ നടത്തുന്നതെന്ന് കിലെ അധികൃതർ അറിയിച്ചു.

രണ്ടു സമുദായങ്ങളിലും നിന്ന് തിരഞ്ഞെടുക്കപ്പെട്ട യുവതീയുവാക്കളെ ഉപയോഗപ്പെടുത്തിയായിരിക്കും സർവ്വേ പൂർത്തിയാക്കുക. വികസനം സംബന്ധിച്ച സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ, ഭൂമി, വീട്, കുടിവെള്ളം, വിദ്യാഭ്യാസം, തൊഴിൽ, നിലവിലെ ജീവിത സാഹചര്യം, ചികിത്സാ സൗകര്യങ്ങൾ, ഈ സമുദായത്തിന് നിലവിൽ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്നിവ കണ്ടെത്തി സമുദായങ്ങളുടെ സാമൂഹ്യ സാംസ്കാരിക വിവരങ്ങൾ സർവേയിലൂടെ വിശകലനം ചെയ്യും. സർവേക്കായി തിരഞ്ഞെടുക്കപ്പെട്ടവർക്കുള്ള പരിശീലനം സെപ്റ്റംബർ 9ന് കാഞ്ഞങ്ങാട് നടക്കും.

## കൊറഗ -മലവേട്ടുവ സമുദായത്തെക്കുറിച്ച് പഠനം

മാതൃഭൂമി

## കൊറഗ-മലവേട്ടുവ വിഭാഗങ്ങളുടെ സുസ്ഥിര വികസനം: പഠനവുമായി കിലെ

## കൊറഗ - മലവേട്ടുവ സമുദായത്തിന്റെ സാമൂഹിക സാമ്പത്തിക തൊഴിൽ സാഹചര്യങ്ങളെ കുറിച്ച് സമഗ്ര പഠനം നടത്തുന്നു








































akuten





























## പഠന റിപ്പോർട്ട്

കേരള വികസനത്തിൽ പാർശ്വവത്കരിക്കപ്പെട്ട രണ്ട് ആദിവാസി ഗോത്രങ്ങളുടെ തൊഴിൽ, ജീവിത സാഹചര്യങ്ങളെക്കുറിച്ച് സമഗ്രമായി പ്രതിപാദിക്കുന്ന ഒരു ഗവേഷണ ഗ്രന്ഥമാണിത്. പ്രക്തന വിഭാഗത്തിൽപ്പെട്ട കൊറഗരുടേയും, സാമ്പത്തികമായും സാമൂഹികമായും പിന്നോക്കാവസ്ഥയിലുള്ള മലവേട്ടുവൻ സമുദായത്തിന്റെയും ഇടയിൽ നടത്തപ്പെട്ട ഈ തൊഴിൽ പഠനത്തിൽ മാനവ വികസനവും നിലവിലെ സർക്കാർ പദ്ധതികളുടെ പ്രവർത്തനങ്ങളും വിലയിരുത്തുന്നു.

ഗോത്രസമൂഹങ്ങളിൽ തൊഴിൽ വികസനം മാനവ വികസനത്തിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിക്കപ്പെടേണ്ടതുണ്ട്. ഓരോ ഗോത്ര സമൂഹവും തികച്ചും വ്യത്യസ്തമാണ്. ഓരോ ഗോത്രവിഭാഗങ്ങളുടേയും സമ്പുഷ്ടമായ തനതു സംസ്കാരങ്ങളേയും ആചാരങ്ങളേയും പരി പോഷിപ്പിക്കുന്നതോടൊപ്പം, സാമൂഹിക സാമ്പത്തിക ആരോഗ്യ തലങ്ങൾ മെച്ചപ്പെടുത്തുന്നതിനും സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. ഈ പഠനത്തിലെ കണ്ടെത്തലുകൾ ഈ പ്രവർത്തനങ്ങൾക്കു കൂടുതൽ ഊർജ്ജമേകും.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻറ് എംപ്ലോയ്മെന്റ്
തിരുവനന്തപുരം, കേരളം